بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 11 ലക്കം 30-31

# ബദർ

വാരിക ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 600

www.akhbarbadrqadian.in

പത്രാധിപർ : എച്ച്.ശംസുദ്ദീൻ

ആക്ടിങ് എഡിറ്റർ: അംനാസ് പി.കെ

2026 ജൂലൈ 23-30 • ഹി.ശം 1405 വഫാ 23-30 • ഹി. ഖ. 1448 സഫർ 8-15

സീറത്തുന്നബി സ്പെഷ്യൽപതിപ്പ്



വിശുദ്ധ ഖുർആനിൽ നിന്ന്:

## സാർവജനീന പ്രവാചകൻ

قُلۡ یٰۤاَیُّہَا النَّاسُ اِنِّیۡ رَسُوۡلُ اللّٰہِ اِلَیۡکُمۡ جَمِیۡعَا ۣالَّذِیۡ لَہٗ مُلۡکُ السَّمٰوٰتِ وَالۡاَرۡضِ ۚ لَاۤ اِلٰہَ اِلَّا ہُوَ یُحۡیٖ وَیُمِیۡتُ ۪ فَاٰمِنُوۡا بِاللّٰہِ وَرَسُوۡلِہِ النَّبِیِّ الۡاُمِّیِّ الَّذِیۡ یُؤۡمِنُ بِاللّٰہِ وَکَلِمٰتِہٖ وَاتَّبِعُوۡہُ لَعَلَّکُمۡ تَہۡتَدُوۡنَ ﴿۱۵۹﴾

(سورۃ الاعراف:159)

പറയുക: 'ഓ മനുഷ്യരേ, സത്യമായും നിങ്ങളെല്ലാവരിലേക്കും (നിയുക്തനായ) അല്ലാഹുവിന്റെ ദൂതനാണു ഞാൻ. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അവനുള്ളതാണ്. അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുക. (അതോടൊപ്പംതന്നെ) അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന നിരക്ഷരപ്രവാചകനായ അവന്റെ ദൂതനിലും (വിശ്വസിക്കുക). നിങ്ങൾ നേർമാർഗം പ്രാപിക്കുന്നതിനായി അദ്ദേഹത്തെ പിന്തുടരുകയും ചെയ്യുക.



ഹദീസ്:

## നന്ദിയുള്ള ദാസൻ

عَنۡ زِیَادٍ قَالَ سَمِعۡتُ الۡمُغِیۡرَۃَ بۡنَ شُعۡبَۃَ رَضِیَ اللّٰہُ عَنۡہُ یَقُوۡلُ: قَامَ النَّبِیُّ صَلَّی اللّٰہُ عَلَیۡہِ وَسَلَّمَ حَتّٰی تَوَرَّمَتۡ قَدَمَاہُ فَقِیۡلَ لَہٗ غَفَرَ اللّٰہُ لَکَ مَا تَقَدَّمَ مِنۡ ذَنۡبِکَ وَمَا تَأَخَّرَ. قَالَ "أَفَلَا أَکُوۡنُ عَبۡدًا شَکُوۡرًا"۔

സിയാദിൽ നിന്ന് നിവേദനം: മുഗീറത്ത് ബ്നു ശുഅ്ബ (റ) പറയുന്നത് ഞാൻ കേട്ടു. നബിതിരുമേനി(സ) രാത്രി നമസ്കാരത്തിൽ (തഹജ്ജുദ്) ദീർഘനേരം നിൽക്കുകയും, അങ്ങനെ അവിടുത്തെ കാൽപാദങ്ങൾ നീരുവീർത്ത് പൊട്ടുകയും ചെയ്യുമായിരുന്നു. ഇതുകണ്ടപ്പോൾ, അല്ലാഹു അവിടുത്തെ മുൻകാലങ്ങളും വരുംകാലങ്ങളുമായ എല്ലാ പാപങ്ങളും പൊറുത്തുതന്നതല്ലേ, പിന്നെന്തിനാണ് ഇത്രയധികം കഷ്ടപ്പെട്ട് ആരാധിക്കുന്നത് എന്ന് ചോദിക്കപ്പെട്ടു. അതിന് പ്രവാചകൻ (സ) നല്കിയ മറുപടി ഇതായിരുന്നു: ഞാൻ അല്ലാഹുവിന് നന്ദിയുള്ള ഒരു ദാസനായിരിക്കേണ്ടേ

(صحیح بخاری، کتاب التفسیر ، باب لِیَغۡفِرَ لَکَ اللّٰہُ مَا تَقَدَّمَ ، حدیث نمبر 4837)



ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ പാഠങ്ങൾ:


## നബിതിരുമേനി(സ)ക്ക് സർവ പ്രവാചകരേക്കാളും ഉപരിയായി സ്ഥാനമുണ്ടെന്ന് വിശ്വസിക്കുക എന്നത് എന്റെ വിശ്വാസത്തിന്റെ അവിഭാജ്യ ഘടകമാണ്.

നബിതിരുമേനി(സ)യെ മാറ്റിനിറുത്തി മുൻകടന്നു പോയ എല്ലാ പ്രവാചകന്മാരും ഒന്നിച്ചുചേർന്ന്, നബിതിരുമേനി(സ) നിർവഹിച്ച മഹത്തായ ദൗത്യവും പരിഷ്കരണവും നടപ്പിലാക്കാൻ ശ്രമിച്ചാലും അത് ഒരിക്കലും അവർക്ക് സാധ്യമാകുമായിരുന്നില്ല എന്നാണ് എന്റെ മതം. നമ്മുടെ പ്രവാചകന് ലഭിച്ച ആ ഹൃദയവിശാലതയോ ആ ശക്തിയോ അവർക്ക് ഉണ്ടായിരുന്നില്ല. ആരെങ്കിലും നഊദുബില്ലാഹ് ഇതിനെ പ്രവാചകന്മാരോടുള്ള അനാദരവായി കാണുന്നുവെങ്കിൽ, അവർ അജ്ഞത നിമിത്തം എന്റെ മേൽ ആരോപണം ഉന്നയിക്കുകയാണ് ചെയ്യുന്നത്. പ്രവാചകന്മാരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക എന്നത് എന്റെ വിശ്വാസത്തിന്റെ ഭാഗമാണെന്ന് ഞാൻ വിശ്വസിക്കുന്നു. എന്നാൽ, എല്ലാ പ്രവാചകരേക്കാളും ഉപരിയായി നബിതിരുമേനി(സ)ക്ക് സ്ഥാനമുണ്ടെന്ന് വിശ്വസിക്കുന്നത് എന്റെ വിശ്വാസത്തിന്റെ ഏറ്റവും വലിയ ഭാഗമാണ്, അത് എന്റെ സിരകളിൽ അലിഞ്ഞുചേർന്ന സത്യവുമാണ്. എന്റെ മനസ്സിൽ നിന്ന് അത് എടുത്തുമാറ്റുക എന്നത് എന്റെ കഴിവിന് അതീതമാണ്. ദൗർഭാഗ്യവാന്മാരും ഉൾക്കാഴ്ചയില്ലാത്തവരുമായ എതിരാളികൾക്ക് എന്തും പറയാം. നമ്മുടെ പ്രവാചകൻ (സ) ചെയ്ത ആ മഹത്തായ ദൗത്യം ഒറ്റയ്ക്കോ ഒന്നിച്ചോ മറ്റാർക്കും ചെയ്യാൻ സാധിക്കുമായിരുന്നില്ല. ഇത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. (അല്ലാഹുവിന്റെ അനുഗ്രഹമാണിത്, താൻ ഉദ്ദേശിക്കുന്നവർക്ക് അവൻ അത് നല്കുന്നു.) *(മൽഫൂസാത്ത് ഭാഗം: 2, പേജ്: 174)*

**അഹ്മദിയ്യാ വാർത്ത**

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ്) അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ ഹുസൂർ തിരുമനസ്സിന്റെ ആയുരാരോഗ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം ഉണ്ടാകുന്നതിനും ദുആ ചെയ്തു കൊണ്ടിരിക്കുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

തഫ്സീർ:
ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ]



## തൗഹീദ് (ഏകദൈവ വിശ്വാസം) സ്ഥാപിക്കുന്നതിനായി റസൂൽ കരീം(സ) നല്കിയ അധ്യാപനം

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്, ഖലീഫത്തുൽ മസീഹ് രണ്ടാമൻ (റ) പ്രസ്താവിക്കുന്നു:

തൗഹീദ് സ്ഥാപിക്കുന്നതിനായി റസൂൽ കരീം (സ) മുന്നോട്ടുവച്ച ആദ്യത്തെ കാര്യം, തൗഹീദുമായി ഇതിന് എന്ത് ബന്ധമാണുള്ളതെന്ന് ഇന്നുവരെ ലോകം മനസ്സിലാക്കിയിട്ടില്ലാത്ത ഒരു ആശയമായിരുന്നു. ആ ആശയം ഇതാണ്: അല്ലാഹുവിൽ നിന്ന് ജ്ഞാനം ലഭിച്ചതിനെത്തുടർന്ന്, ലോകമെമ്പാടും പ്രവാചകന്മാർ വന്നിട്ടുണ്ടെന്ന് റസൂൽ കരീം (സ) പ്രഖ്യാപിച്ചു. ബാഹ്യദൃഷ്ട്യാ ഇതിന് തൗഹീദുമായി യാതൊരു ബന്ധവുമില്ലെന്ന് തോന്നാമെങ്കിലും, വാസ്തവത്തിൽ ഇക്കാര്യം അംഗീകരിക്കാതെ തൗഹീദ് ഒരിക്കലും സ്ഥാപിക്കപ്പെടുകയില്ല എന്നതാണ് സത്യം. ഈജിപ്ത്, ഇറാൻ, ഇന്ത്യ, ചൈന, ജപ്പാൻ, യൂറോപ്പ്, അമേരിക്ക തുടങ്ങിയ നാടുകളിലെല്ലാം അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചിട്ടുണ്ട് എന്ന് അംഗീകരിക്കാതെ തൗഹീദ് പൂർണമാകുകയില്ല. റസൂൽ കരീം (സ) ഈ വിഷയത്തിന് വളരെയധികം ഊന്നൽ നല്കിയിട്ടുണ്ട്. ഖുർആനിൽ വന്നിട്ടുണ്ട്:

وَإِنۡ مِّنۡ أُمَّةٍ إِلَّا خَلَا فِيهَا نَذِيرٌ (ഫാത്വിർ: 25)

ഒരു ദൈവിക മുന്നറിയിപ്പുകാരൻ വന്നുകഴിഞ്ഞിട്ടില്ലാത്ത ഒരു സമുദായവുമില്ല.

തുടർന്ന് അല്ലാഹു പറയുന്നു:

وَلَقَدۡ بَعَثۡنَا فِیۡ کُلِّ اُمَّۃٍ رَّسُوۡلًا (അന്നഹ്ൽ: 37)

നാം ഓരോ സമുദായത്തിലും ഓരോ ദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്.

തൗഹീദിനെക്കുറിച്ച് പരാമർശിക്കുമ്പോൾ അല്ലാഹു പറയുന്നു:

اَنِ اعۡبُدُوا اللّٰہَ وَاجۡتَنِبُوا الطَّاغُوۡتَ

നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. ദുശ്ശക്തികളെ വർജ്ജിക്കുക.

അതുകൊണ്ട്, പരമസത്യം നമ്മുടെ ഇടയിൽ മാത്രമേ വന്നിട്ടുള്ളൂ, ബാക്കി ലോകത്തെ മുഴുവൻ ദൈവം കൈവിട്ടു കളഞ്ഞു എന്ന് പറയുന്ന സിദ്ധാന്തം തെറ്റാണെന്ന് റസൂൽ കരീം (സ) ലോകത്തിന് മുന്നിൽ സമർത്ഥിച്ചു. പ്രവാചകന്മാരും റസൂൽമാരും വരാത്ത ഒരു സമുദായവും കഴിഞ്ഞുപോയിട്ടില്ല എന്നതാണ് വാസ്തവം.

*(ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്, ഖലീഫത്തുൽ മസീഹ് അസ്സാനി (റ), 1929 ജൂൺ 2ന് ഖാദിയാനിൽ നടന്ന ജൽസ സീറത്തുന്നബിയിൽ ചെയ്ത പ്രസംഗത്തിൽ നിന്ന്)*

**ഈ ലക്കത്തിൽ:**


- **ഖുത്ബ ജുമുഅ:** 2026 ജൂൺ 05, ജൂൺ 12
- **ലേഖനം:** നബി തിരുമേനി(സ)യുടെ അധ്യാപനങ്ങളുടെയും ഉദാത്ത മാതൃകയുടെയും വെളിച്ചത്തിൽ മതസഹിഷ്ണുതയും ആവിഷ്കാര സ്വാതന്ത്ര്യവും
- **ലേഖനം :** വ്യക്തിയിൽ നിന്ന് സമൂഹത്തിലേക്കുള്ള സമഗ്രമായ പരിഷ്കരണ സംവിധാനം
- **ലേഖനം :** നബി തിരുമേനി(സ): മാനുഷിക പുരോഗതിയുടെ സുസ്ഥിര മാതൃക
- സീറത്തുന്നബി(സ)
- സീറത്തുൽ മഹ്ദി(അ)


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്, ഖാദിയാൻ

لَآاِلٰہَ اِلَّا اللّٰہُ مُحَمَّدٌ رَّسُوْلُ اللّٰہِ

**ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്‌മൂദ് അഹ്മദ്, ഖലീഫത്തുൽ മസീഹ് അസ്സാനി (റ), 1929 ജൂൺ 2ന് ഖാദിയാനിൽ നടന്ന ജൽസ സീറത്തുന്നബിയിൽ ചെയ്ത പ്രസംഗത്തിൽ നിന്ന്)**

**എഡിറ്റോറിയൽ**

# തിരുനബി ചരിത്രത്തിൽ നിന്നുള്ള വിശ്വാസവർദ്ധകമായ സ്മരണകൾ

അഞ്ചാം ഖിലാഫത്തിന്റെ ഈ അനുഗൃഹീത കാലഘട്ടം, നബിനായകർ(സ)യുടെയും അവിടുത്തെ പരിശുദ്ധരായ സഹാബികളുടെയും മനോഹരമായ സ്മരണകൾ ചർച്ച ചെയ്യുന്ന കാര്യത്തിൽ അതീവ പ്രാധാന്യമർഹിക്കുന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ (അയ്യദഹുല്ലാഹു) നബിതിരുമേനിയുടെ സഹാബികളുടെ വിശ്വാസോദ്ദീപകമായ സംഭവങ്ങൾ വിവരിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ ത്യാഗങ്ങളുടെ ഹൃദ്യമായ ആ ചരിത്രങ്ങൾ ഓർമ്മിപ്പിക്കുന്നതിന്റെ ഉദ്ദേശ്യം, നമ്മൾ അഹ്മദികളും നമ്മുടെ ജീവിതത്തിൽ ആത്മീയമായ പരിവർത്തനങ്ങൾ വരുത്തുകയും സഹാബികളുടെ പാത പിന്തുടരാൻ ശ്രമിക്കുകയും ചെയ്യുക എന്നതാണ്.

നബിതിരുമേനി(സ)യുടെ പ്രവചനപ്രകാരം, ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കാലഘട്ടവും സഹാബികളുടെ കാലഘട്ടത്തിന് തുല്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രസ്താവിക്കുന്നു:

'മസീഹ് മൗഊദിനോടൊപ്പമുള്ള ഈ ജമാഅത്തിന്, സഹാബികളുടെ സംഘത്തോട് ചേരാനുള്ള പദവി അല്ലാഹു നല്കിയിട്ടുണ്ട്. വ ആഖരീന മിൻഹും ലമ്മാ യൽഹഖൂ ബിഹിം (ഖുർആൻ 62:4) എന്ന സൂക്തം മസീഹ് മൗഊദിന്റെ ജമാഅത്തിനെക്കുറിച്ചാണെന്ന് മുഫസ്സിരീങ്ങൾ അംഗീകരിച്ചിട്ടുണ്ട്. ഇവർ യഥാർത്ഥത്തിൽ സഹാബികളുടെ ജമാഅത്ത് തന്നെയാണ്.'

അദ്ദേഹം കൂടുതൽ വ്യക്തമാക്കുന്നു:

'സഹാബികളുടെ ജമാഅത്ത് എന്നത് മുൻപ് കഴിഞ്ഞുപോയവർ മാത്രമാണെന്ന് കരുതരുത്. മറിച്ച്, ഖുർആനിൽ അല്ലാഹു പരാമർശിച്ച മറ്റൊരു സംഘം കൂടിയുണ്ട്. അഹ്മദിന്റെ (മസീഹ് മൗഊദിന്റെ) പ്രതിരൂപത്തോടൊപ്പമുള്ള അവരും സഹാബികളിൽ ഉൾപ്പെടുന്നവരാണ്.' *(തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്, സൂറത്തുൽ ജുമുഅ, പേജ് 140)*

ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ കാലഘട്ടത്തിൽ ആ സഹാബികളുടെ ആത്മീയ പരിശീലനം നടത്തി. അവിടുത്തേക്ക് ശേഷം അദ്ദേഹത്തിന്റെ ഖലീഫമാർ ആ ദൗത്യം നിർവഹിച്ചുകൊണ്ടിരിക്കുന്നു. അഞ്ചാം ഖിലാഫത്തിന്റെ ഈ അനുഗൃഹീത കാലഘട്ടം മസീഹ് മൗഊദിന്റെ കാലഘട്ടത്തിൽ നിന്ന് ദൂരം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത്, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ (അ) നബിതിരുമേനിയുടെ സഹാബികളുടെ അവിസ്മരണീയമായ ത്യാഗങ്ങൾ വിവരിച്ചുകൊണ്ട് നമ്മിലും അതേ ആത്മീയ ചൈതന്യം ഉണർത്താൻ ശ്രമിക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രസ്താവിക്കുന്നു:

'**ആഖരീന മിൻഹും** എന്ന സൂക്തത്തിൽ മറ്റൊരു സൂചനയുമുണ്ട്. മസീഹ് മൗഊദിന്റെ ജമാഅത്തിന് സഹാബികളുടെ ജമാഅത്തിനോട് സാമ്യമുള്ളതുപോലെ, ഈ ജമാഅത്തിന്റെ നേതാവായ വ്യക്തിയും പ്രതിച്ഛായാ രൂപത്തിൽ നബിതിരുമേനിയോട് സാമ്യമുള്ളവനായിരിക്കും. വാഗ്ദത്ത മഹ്ദിയുടെ സവിശേഷതയെ കുറിച്ച് നബിതിരുമേനി (സ) തന്നെ പറഞ്ഞിട്ടുള്ളത് അദ്ദേഹം തന്നെപ്പോലെ ആയിരിക്കുമെന്നാണ്.' *(അയ്യാമുസ്സുൽഹ്, തഫ്സീർ സൂറത്തുൽ ജുമുഅ, പേജ് 132)*

ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹു) 2018 മാർച്ച് 9ന് നടത്തിയ ഖുതുബയിൽ സഹാബികളുടെ ത്യാഗങ്ങളെക്കുറിച്ച് ഇപ്രകാരം പരാമർശിച്ചു:

സത്യസന്ധതയും വിശ്വസ്തതയും ആത്മാർത്ഥതയും കാണിച്ച അവരുടെ മാതൃകകൾ കണ്ട് മനുഷ്യൻ അത്ഭുതപ്പെട്ടുപോകും. നബിതിരുമേനി(സ)യുടെ ദിവ്യമായ പ്രഭാവം അവരുടെ സ്നേഹത്തിന്റെ ദിശ തന്നെ മാറ്റിമറിച്ചുമുമ്പ് സ്നേഹത്തിന്റെ ദിശ വേറെ ഭാഗത്തേക്കായിരുന്നു. ലോകത്തിൽ നിന്ന് ദൈവത്തിലേക്ക് അവരുടെ സ്നേഹം തിരിച്ചുവിട്ടു. ആ സ്നേഹത്തിന് ലോകത്ത് മുമ്പൊരു ഉദാഹരണവുമില്ലാത്ത ഉന്നതി നല്കി. മുൻകഴിഞ്ഞ പ്രവാചകന്മാരുടെ കാലഘട്ടത്തിൽ പോലും ഇത്തരം ത്യാഗങ്ങളുടെ ഉദാഹരണങ്ങൾ കാണാനില്ലെന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) വളരെ മനോഹരമായി വിവരിച്ചിട്ടുണ്ട്. സഹാബികൾ തങ്ങളുടെ എല്ലാ ഭൗതിക ആഗ്രഹങ്ങളിൽ നിന്നും മുക്തരും അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ചുകൊണ്ട് ജീവിച്ചവരുമായിരുന്നു. ഇത്തരം അവസ്ഥയിൽ അല്ലാഹു അളവറ്റ നിലയിൽ അനുഗ്രഹിക്കുന്നതാണ്. സഹാബികളുടെ ജീവിതത്തിൽ നമ്മൾ ഇത് കാണുന്നു.' *(ബദർ, 5/12 ഏപ്രിൽ 2018)*

ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അ) വർഷങ്ങളായി സഹാബികളുടെ ചരിത്രം വിവരിക്കുന്നത്, അല്ലാഹു നമ്മളെയും സഹാബികൾക്ക് സദൃശരയാക്കിയതുകൊണ്ടാണ്. അതിനാൽ, സഹാബികളിലുണ്ടായിരുന്ന അതേ ആത്മാർത്ഥതയും ത്യാഗമനോഭാവവും നമ്മളിലും ഉണ്ടാവണം. നബിതിരുമേനി(സ)യോട് സഹാബികൾക്കുണ്ടായിരുന്ന അതേ അഗാധമായ പ്രണയവും സ്നേഹവും നമ്മുടെ ഹൃദയങ്ങളിലും ഉണ്ടാവണം. ആ പ്രണയത്തിൽ വിവശരായിക്കൊണ്ടാണ് അവർ ദൈവമാർഗത്തിൽ തങ്ങളുടെ ജീവിതം ബലിയർപ്പിച്ചിരുന്നത്.

അൽഹംദുലില്ലാഹ്, അഹ്മദിയ്യാ ജമാഅത്തിലും സഹാബികളുടെ പാത പിന്തുടർന്ന്, തങ്ങളുടെ ഇമാമിന്റെ ആഹ്വാനത്തിന് ഉത്തരം നല്കി ത്യാഗത്തിന്റെ അവിസ്മരണീയമായ മാതൃകകൾ സൃഷ്ടിക്കുന്ന അനേകം പേരുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രസ്താവിക്കുന്നു:

'ആഖരീന മിൻഹും എന്ന് പറഞ്ഞ് അല്ലാഹു ഈ ജമാഅത്തിനെ സഹാബികളോട് ചേർക്കുമ്പോൾ, സഹാബികളിലുണ്ടായിരുന്ന അതേ ആത്മാർത്ഥതയും വിശ്വസ്തതയും ഇവരിൽ ഉണ്ടാവണം. സഹാബികൾ എന്താണ് ചെയ്തത്? അല്ലാഹുവിന്റെ മഹത്വം കണ്ടപ്പോൾ ആ പാത അവർ സ്വീകരിച്ചു. ഏതുവരെയെന്നാൽ ഈ മാർഗത്തിൽ അവർ സ്വജീവൻ സമർപ്പിച്ചു. തങ്ങളുടെ ഭാര്യമാർ വിധവകളാകുമെന്നും മക്കൾ അനാഥരാകുമെന്നും പരിഹാസങ്ങൾ ഏൽക്കേണ്ടി വരുമെന്നും അറിഞ്ഞിട്ടും അവർ ഒട്ടും ഭയപ്പെട്ടില്ല. എല്ലാം സഹിച്ചു, പക്ഷേ അല്ലാഹുവിലും അവന്റെ റസൂലിലുമുള്ള വിശ്വാസം പ്രകടിപ്പിക്കുന്നതിൽ നിന്ന് അവർ പിന്മാറിയില്ല. വാസ്തവത്തിൽ, അവരുടെ വിശ്വാസം വളരെ ശക്തമായിരുന്നു. അതിന് സമാനതകളില്ല.'

*(അൽ ഹക്കം വാല്യം 6, നമ്പർ 40, 10 നവംബർ 1902, പേജ് 3)*

*(തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്, സൂറത്തുൽ ജുമുഅ, പേജ് 150)*

അതുകൊണ്ട്, ഹദ്റത്ത് അമീറുൽ മുഅ്മിനീൻ നടത്തുന്ന ആ ഖുതുബകൾ ശ്രദ്ധാപൂർവ്വം ശ്രവിക്കുകയും വായിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. നബിതിരുമേനി(സ)യുടെ സഹാബികളുടെ ത്യാഗങ്ങളുടെ ഹൃദ്യമായ സംഭവങ്ങൾ അതിൽ വിവരിക്കുന്നുണ്ട്. നമുക്കും അതേ മാതൃകകൾ നമ്മുടെ ജീവിതത്തിൽ പകർത്താൻ സാധിക്കണം. കാരണം, മസീഹ് മൗഊദിൽ വിശ്വസിച്ചതിലൂടെ നമ്മൾ സഹാബികളുടെ സംഘത്തിൽ ഉൾപ്പെട്ടിരിക്കുകയാണ്. ആ അർത്ഥത്തിൽ, അവരുടെ അതേ ത്യാഗങ്ങൾ നമ്മെയും വിളിച്ചുകൊണ്ടിരിക്കുന്നു. ഖിലാഫത്തിന്റെ തണലിൽ ലോകമെമ്പാടുമുള്ള നമ്മുടെ സഹോദരങ്ങൾ ഇത്തരം ത്യാഗങ്ങൾ കാഴ്ചവെച്ചുകൊണ്ടിരിക്കുകയുമാണ്. അല്ലാഹു നമ്മൾക്കെല്ലാവർക്കും അതിനുള്ള തൗഫീഖ് നൽകട്ടെ. ആമീൻ.

കാലത്തിന്റെ മസീഹിതാ ലോകത്ത് ആഗതനായിരിക്കുന്നു,
അല്ലാഹു വാഗ്ദാനം ചെയ്ത നാളുകൾ വന്നണഞ്ഞിരിക്കുന്നു.

ശേഷം പേജ് 15ൽ

# ഖുത്ബ ജുമുഅ

2026 ജൂൺ 5, 1405 ഇഹ്സാൻ 5
മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ

## ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വിനയത്തിന്റെയും താഴ്മയുടെയും സംഭവങ്ങളും തത്സംബന്ധമായി ജമാഅത്തംഗങ്ങളോടുള്ള അദ്ദേഹത്തിന്റെ ഉപദേശനിർദേശങ്ങളും

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ, സൂറഃ ഫാതിഹ എന്നിവയുടെ പാരായണത്തിന് ശേഷം ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹു) പ്രതിപാദിച്ചു:

**കഴിഞ്ഞ ഖുതുബയിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വിനയത്തിന്റെയും താഴ്മയുടെയും സംഭവങ്ങൾ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഉപദേശങ്ങൾ വിവരിച്ചിരുന്നു. ഇന്നും ഇതേ പശ്ചാത്തലത്തിൽ ചില സംഭവങ്ങളും അദ്ദേഹത്തിന്റെ ഉപദേശങ്ങളും സമർപ്പിക്കാം.**

ഹദ്റത്ത് ശൈഖ് മുഹമ്മദ് ഇസ്മാഈൽ സാഹിബ് പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഉത്തമ സ്വഭാവത്തിന്റെ അവസ്ഥ ഇപ്രകാരമായിരുന്നു, ഖാദിയാനിലെ ഏത് ആളുകളാണോ എല്ലാ സമയത്തും അദ്ദേഹത്തിനെതിരെ ശത്രുത ചെയ്യുന്നതിൽ മുഴുകിയിരുന്നത്, ഒരവസരവും പാഴാക്കാതിരുന്നിരുന്നത്, അവരും അദ്ദേഹത്തിന്റെ പടിവാതിൽക്കൽ വന്ന് മുട്ടുമ്പോൾ ഞാൻ കാണാറുണ്ടായിരുന്ന രംഗം ഇപ്രകാരമാണ്; അദ്ദേഹം നഗ്നപാദനായിത്തന്നെ വരുന്നു. കണ്ടയുടനെ അതീവ വാത്സല്യത്തോടും കാരുണ്യത്തോടും കൂടി അവരുടെ സലാമിന് മറുപടി നല്കി സുഖം തന്നെയല്ലേ എന്ന് ചോദിക്കുകയും അവരുടെ വീട്ടിലെ എല്ലാവരുടെയും വിശേഷങ്ങൾ അന്വേഷിച്ച ശേഷം അവർ വന്ന കാര്യം തിരക്കുകയും ചെയ്യുന്നു. ആഗതർ തങ്ങളുടെ ആവശ്യം സമർപ്പിക്കുമ്പോൾ, എത്ര ആവശ്യമുണ്ട് എന്ന് ചോദിക്കുകയും അവരുടെ ആവശ്യത്തേക്കാൾ കൂടുതൽ കൊണ്ടുവന്ന് നല്കുകയും ചെയ്യുന്നു. പോരാത്തതിന് ഇനിയും ആവശ്യമുണ്ടെങ്കിൽ തരാവുന്നതാണ് എന്നും അറിയിക്കുന്നു.

*റവായാത്ത് അസ്ഹാബെ അഹ്മദ്, വാള്യം 2, പേജ് 395-396*

**ശത്രുക്കളോടും അദ്ദേഹം അങ്ങേയറ്റം നല്ല പെരുമാറ്റമായിരുന്നു കാഴ്ച്ച വച്ചിരുന്നത്. അവരോടും എപ്പോഴും വിനയത്തോടെയാണ് പെരുമാറിയത്. ഒരിക്കലും അഹങ്കാരം കാണിച്ചില്ല.**

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് പറയുന്നു, അദ്ദേഹം മുൻശി സഫർ അഹ്മദ് സാഹിബിൽ നിന്ന് ഇപ്രകാരം ഒരു നിവേദനം കേട്ടിട്ടുണ്ട്, മൗലവി ശേർ അലി സാഹിബ് അദ്ദേഹത്തോട് പറഞ്ഞിരുന്നു, ഒരിക്കൽ മീരാൻ ബക്ഷ് സോദായി എന്ന മാനസികമായി വൈകല്യമുള്ള ഒരു മനുഷ്യനുണ്ടായിരുന്നു. വലിയ മസ്ജിദിൽ നിന്ന് വരുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ പേരെടുത്ത് വിളിച്ചു. വളരെ അവിവേകത്തോടെയാണ് പേര് വിളിച്ചത്, എന്തായാലും ബുദ്ധിയില്ലായിരുന്നു അയാൾക്ക്. അങ്ങനെ പേര് വിളിക്കാനേ അറിയുമായിരുന്നുള്ളു. അദ്ദേഹം പറഞ്ഞു, ഓയ് ഗുലാം അഹ്മദ്. അദ്ദേഹം ആ നിമിഷം തന്നെ അവിടെ നിന്നു, എന്നിട്ടു പറഞ്ഞു, ജി. അദ്ദേഹത്തിന് ഒട്ടും വിഷമം തോന്നിയില്ല, പറഞ്ഞു, ജി, എന്താണ് കാര്യം? അയാൾ പറഞ്ഞു, സലാം തേ ആഖ്യാ കർ. അതായത് പഞ്ചാബിയിൽ അയാൾ പറഞ്ഞു, ആദ്യം സലാം ചെയ്യ്. അയാൾ തന്നെ സ്വയം ഒരു ഓഫീസറായി കരുതിയിരുന്നു. പാവം. അദ്ദേഹം പറഞ്ഞു, അസ്സലാമു അലൈകും. അപ്പോൾ അയാൾ പറഞ്ഞു, മാലാ അദാ കരോ. ജന്മികളുടെ ഇടയിൽ അവിടെ മാലാ അദാ ചെയ്യുക എന്നാൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള ഒരു നികുതിയാണ്. എന്തായാലും അദ്ദേഹം അയാളുടെ വാക്ക് കേട്ട് പോക്കറ്റിൽ നിന്ന് തൂവാല എടുത്ത് അതിൽ നിന്ന് നാലണയോ എട്ടണയോ അയാൾക്ക് നല്കി, അയാൾ സന്തോഷവാനായി തിരിച്ചുപോയി ഘോടിയാൻ പാടാൻ തുടങ്ങി, ഘോടിയാൻ എന്നാൽ സ്തുതിഗീതങ്ങളാണ്.

*സീറത്തുൽ മഹ്ദി, വാള്യം 1, നിവേദനം 805, പേജ് 734*

**മാനസിക വൈകല്യമുള്ള ഒരാളുടെ വാക്കുകളിൽ പോലും അദ്ദേഹം ഒരിക്കലും നീരസം പ്രകടിപ്പിച്ചില്ല, അയാൾക്കുവേണ്ടിയും എഴുന്നേറ്റു നിൽക്കുമായിരുന്നു.**

മാസ്റ്റർ നദീർ ഹുസൈൻ സാഹിബ് പറയുന്നു, എപ്പോഴൊക്കെ എന്റെ പിതാവിനൊപ്പം ഖാദിയാനിൽ മസീഹ് മൗഊദിന്റെ അടുക്കൽ ഞാൻ വരികയും ഹുസൂർ(ഹദ്റത്ത് മസീഹ് മൗഊദ്) നെ വിവരം അറിയിക്കുകയും ചെയ്തോ, ഹകീം മർഹം ഈസാ സാഹിബ് വന്നിട്ടുണ്ടെന്ന്, അപ്പോഴൊക്കെ ഞാൻ കണ്ടിട്ടുള്ളത് വിവരം ലഭിച്ചയുടൻ ഹുസൂർ പെട്ടെന്ന് പുറത്തേക്ക് എഴുന്നള്ളുകയും ആ സമയത്ത് കഴിക്കാൻ എന്തെങ്കിലും നല്കുകയും ചെയ്യുമായിരുന്നു, ചിലപ്പോൾ ആദ്യം തന്നെ സ്വയം പോയി ഭക്ഷണം എടുത്തു കൊണ്ടുവരുമായിരുന്നു. അദ്ദേഹം എഴുതുന്നു:

**ഹുസൂർ(അ) അത്രയും ഭവ്യതയോടെയാണ് അതിഥികളെ സ്വീകരിച്ചിരുന്നത്. ചില സമയങ്ങളിൽ ഞാൻ അദ്ദേഹത്തെ കണ്ടിട്ടുണ്ട്, അദ്ദേഹത്തിന്റെ കയ്യിൽ പേനയുണ്ടാകും, ചിലപ്പോൾ ഹുസൂർ നഗ്നപാദനായി വരും.**

വീടിന്റെ മുറിയിൽ ഇരിക്കുകയാണെങ്കിൽ അതുപോലെ തന്നെ പുറത്തേക്ക് വരും വാതിൽ മുട്ടുമ്പോൾ. ചിലപ്പോൾ മസ്ജിദിൽ ആയിരിക്കുകയും ഏതെങ്കിലും അതിഥി വരുകയും ചെയ്താൽ അദ്ദേഹം മിക്കവാറും ആഗതനോട് എഴുന്നേറ്റ് ഹസ്തദാനം ചെയ്യുമായിരുന്നു. ഹുസൂർ ആരോടെങ്കിലും മറ്റെന്തെങ്കിലും സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ആരെങ്കിലും വന്ന് അദ്ദേഹത്തിന്റെ അടുത്തിരുന്ന് ഹസ്തദാനം ചെയ്താൽ അദ്ദേഹം പെട്ടെന്ന് ആഗതന്റെ നേർക്ക് ശ്രദ്ധ തിരിക്കുകയും കുശലാന്വേഷണങ്ങൾ നടത്തുകയും ചെയ്യുമായിരുന്നു. ചുരുക്കത്തിൽ

**അദ്ദേഹം അങ്ങേയറ്റത്തെ വിനയത്തോടെയാണ് സന്ദർശകരെ സ്വീകരിച്ചിരുന്നത്.**

ഹദ്റത്ത് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ് പറയുന്നു, എനിക്ക് ഓർമ്മയുണ്ട് ഒരിക്കൽ ഞാൻ ലാഹോറിൽ നിന്ന് ഖാദിയാനിൽ വന്നിട്ടുണ്ടായിരുന്നു. മിക്കവാറും 1897-ലോ 98-ലോ ഉള്ള സംഭവമായിരിക്കും. ഹുസൂർ മസ്ജിദ് മുബാറക്കിൽ എന്നെ ഇരുത്തി. ചെറിയ മസ്ജിദ് ആയിരുന്നു അന്ന്. പറഞ്ഞു, ഇരിക്കൂ, ഞാൻ ഭക്ഷണം എടുത്തുകൊണ്ടുവരാം. ഇത് പറഞ്ഞ് അദ്ദേഹം അകത്തേക്ക് എഴുന്നള്ളി, ഏതെങ്കിലും സേവകന്റെ കയ്യിൽ ഭക്ഷണം കൊടുത്തയക്കുമെന്നാണ് ഞാൻ വിചാരിച്ചത്, എന്നാൽ ഏതാനും മിനിറ്റുകൾക്ക് ശേഷം ജനൽ തുറന്നപ്പോൾ ഞാൻ എന്താണ് കാണുന്നത്, എനിക്ക് വേണ്ടി സ്വന്തം കൈകൊണ്ട് തന്നെ വലിയ പ്ലേറ്റിൽ ട്രേയിൽ ഭക്ഷണമെടുത്ത് കൊണ്ടുവന്നിരിക്കുന്നു. എന്നെ നോക്കി പറഞ്ഞു, താങ്കൾ ഭക്ഷണം കഴിക്കൂ, ഞാൻ വെള്ളം കൊണ്ടുവരാം.

**അപ്പോൾ ഞാൻ വികാരഭരിതനാകുകയും നിയന്ത്രണം വിട്ട എന്റെ കണ്ണു നിറഞ്ഞൊഴുകുകയും ചെയ്തു. നമ്മുടെ നേതാവും വഴികാട്ടിയുമായിരുന്ന ആ മഹാത്മാവ് നമ്മെ ഇങ്ങനെ സേവിക്കുമ്പോൾ, നാം പരസ്പരം എത്രമാത്രം സേവിക്കേണ്ടതുണ്ട്.**

*ദിക്റെ ഹബീബ്, പേജ് 258*

അദ്ദേഹത്തിന്റെ താഴ്മയുടെയും വിനയത്തിന്റെയും ഒരു നിവേദനം ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് മാഈ ഭോലി (മാഈ ജിവാൻ) എന്ന ഒരു സ്ത്രീയുടെ വിവരണം ഉദ്ധരിച്ചുകൊണ്ട് പറഞ്ഞു. അവർ വിവരിച്ചു, ഒരിക്കൽ ഹുസൂർ(ഹദ്റത്ത് മസീഹ് മൗഊദ്) വന്നപ്പോൾ ഞാൻ പുതിയ ഗോതമ്പ് വറുത്ത് ഗ്രാമത്തിലേക്ക് കൊണ്ടുപോയി. അവർ പോയ അദ്ദേഹത്തിന്റെ ആ ഗ്രാമത്തിൽ. അദ്ദേഹം തന്റെ കൂടെയുള്ളവർക്ക് അത് വീതിച്ചു നല്കി. സ്വയം രുചിച്ചു നോക്കുകയും സന്തോഷിക്കുകയും ചെയ്തു. ഹുസൂർ നടക്കാൻ വരുമ്പോഴൊക്കെ ഞങ്ങളുടെ കെട്ടുറപ്പില്ലാത്ത മസ്ജിദിൽ വന്ന് ഇശ്റാഖ് നമസ്കാരം നിർവഹിക്കുമായിരുന്നു. ഞങ്ങൾ സാഗും(ചീര) റൊട്ടിയും സമർപ്പിച്ചാൽ ഹുസൂർ അലൈഹിസ്സലാം ഒരിക്കലും വിഷമം വിചാരിക്കുകയോ വെറുപ്പ് കാണിക്കുകയോ ഇല്ലായിരുന്നു, മറിച്ച് വലിയ സന്തോഷത്തോടെ അതിഥി സൽക്കാരം സ്വീകരിക്കുമായിരുന്നു.

*സീറത്തുൽ മഹ്ദി, വാള്യം 2, നിവേദനം 1318, പേജ് 202*

ഹദ്റത്ത് മുൻശി സഫർ അഹ്മദ് സാഹിബ് കപൂർത്തലവി ഒരു സംഭവം പ്രസ്താവിക്കുന്നു, ഹദ്റത്ത് സാഹിബ് എവിടെയും തുറന്ന വാതിലോടുകൂടി ഒരിക്കലും ഇരിക്കാറില്ലായിരുന്നു, വാതിൽ തുറന്നിട്ടുകൊണ്ട് ഇരിക്കാറില്ലായിരുന്നു, മറിച്ച് എപ്പോഴും വാതിൽ അകത്തുനിന്ന് പൂട്ടിയിട്ടാണ് ഇരുന്നിരുന്നത്. അദ്ദേഹം പറയുന്നു, ഹദ്റത്ത് സാഹിബ്സാദ മിയാൻ മഹ്മൂദ് അഹ്മദ് സാഹിബ് കുറച്ചു സമയത്തിന് ശേഷം വന്ന് പറയും, അബ്ബാ വാതിൽ തുറക്കൂ, ഹുസൂർ എഴുന്നേറ്റ് തുറന്നു കൊടുക്കും. ഞാൻ ഒരിക്കൽ തിരുസമക്ഷത്തിൽ ഹാജരായി. ഹുസൂർ പായയിൽ ഇരിക്കുകയായിരുന്നു. എന്നെ കണ്ട് അദ്ദേഹം കട്ടിൽ എടുത്ത് അകത്തേക്ക് ചുമന്നുകൊണ്ടുപോയി. ഞാൻ പറഞ്ഞു, ഹുസൂർ, ഞാൻ എടുത്തുകൊള്ളാം. അദ്ദേഹം പറഞ്ഞു, ഭാരം കൂടുതലാണ്, താങ്കൾക്ക് എടുക്കാൻ കഴിയില്ല,

താങ്കൾ കട്ടിലിൽ ഇരിക്കൂ. കട്ടിൽ എടുത്ത് അവിടെ കൊണ്ടുപോയി ഹുസൂർ അദ്ദേഹത്തെ ഇരുത്തി, സ്വന്തം കാര്യം ഇപ്രകാരം പറഞ്ഞു, എനിക്ക് ഇവിടെ താഴെയാണ് ആശ്വാസം, ഞാൻ താഴെ ഇരിക്കാം, താങ്കൾ കട്ടിലിൽ ഇരിക്കൂ. അദ്ദേഹം പറയുന്നു, ആദ്യം ഞാൻ വിസമ്മതിച്ചു, എന്നാൽ അദ്ദേഹം പറഞ്ഞു, താങ്കൾ മടി കൂടാതെ ഇരിക്കൂ. ശേഷം ഞാൻ ഇരുന്നു. എനിക്ക് ദാഹം തോന്നിയിരുന്നു. ഞാൻ കുടങ്ങളുടെ നേർക്ക് നോക്കിയപ്പോൾ അവിടെ വെള്ളം കുടിക്കാൻ പാത്രമൊന്നും കണ്ടില്ല. ഹുസൂർ എന്നെ നോക്കി പറഞ്ഞു, താങ്കൾക്ക് ദാഹിക്കുന്നുണ്ടോ? ഞാൻ വെള്ളം കൊണ്ടുവരാം. എന്നിട്ട് താഴെ അന്തഃപുരത്തിൽ പോയി ഹുസൂർ ഗ്ലാസ് കൊണ്ടുവന്നു. തുടർന്ന് പറഞ്ഞു, ഒരല്പം നിൽക്കൂ, വീണ്ടും താഴേക്ക് പോയി, അവിടെ നിന്ന് രണ്ട് കുപ്പി ശർബത്ത് കൊണ്ടുവന്നു, അത് മണിപ്പൂരിൽ നിന്ന് ആരോ അയച്ചതായിരുന്നു. അദ്ദേഹം പറയുന്നു, വളരെ രുചികരമായ ശർബത്ത് ആയിരുന്നു. പറഞ്ഞു, ഈ കുപ്പികൾ എടുക്കാതെ വച്ചിട്ട് ഒരു പാട് ദിവസമായി, കാരണം ഞങ്ങളുടെ നിയ്യത്ത് ആദ്യം ഏതെങ്കിലും സ്നേഹിതന് കുടിപ്പിച്ചിട്ട് പിന്നീട് സ്വയം കുടിക്കാമെന്നായിരുന്നു. ഇന്ന് ഓർമ്മ വന്നു. അങ്ങനെ ഹുസൂർ ഗ്ലാസിൽ ശർബത്ത് ഉണ്ടാക്കി എനിക്ക് നൽകി. തനിക്ക് ലഭിച്ച ആ സമ്മാനത്തെ കുറിച്ച് ഹുസൂർ പറഞ്ഞു, ആദ്യം ഞാൻ ഏതെങ്കിലും സ്നേഹിതന് കുടിപ്പിക്കും എന്നിട്ടേ സ്വയം കുടിക്കുകയുള്ളു. അദ്ദേഹം പറയുന്നു, ഞാൻ പറഞ്ഞു ആദ്യം ഹുസൂർ ഇതിൽ നിന്ന് ഒരല്പം കുടിക്കൂ. ഗ്ലാസിൽ ശർബത്ത് ഉണ്ടാക്കി നല്കിയപ്പോൾ അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ് (അ)നോട് പറഞ്ഞു, താങ്കൾ ആദ്യം കുടിക്കൂ പിന്നീട് ഞാൻ കുടിക്കാം. അദ്ദേഹം ഒരു ഇറക്ക് കുടിച്ച് എനിക്ക് നല്കി, ഞാൻ അത് കുടിച്ചു. ഞാൻ ശർബത്തിനെ പ്രശംസിച്ചു. ഹുസൂർ പറഞ്ഞു, ഒരു കുപ്പി താങ്കൾ കൊണ്ടുപൊയ്ക്കൊള്ളൂ, ഒരെണ്ണം പുറത്തുള്ള സ്നേഹിതന്മാർക്ക് കുടിക്കാൻ നൽകൂ. ഹുസൂർ ആ രണ്ട് കുപ്പികളിൽ നിന്ന് ആ ഒരു ഇറക്ക് മാത്രമായിരിക്കും കുടിച്ചത്. ഞാൻ ഹുസൂറിന്റെ കല്പന അനുസരിച്ച് കുപ്പികളുമായി തിരിച്ചുപോന്നു.

*അസ്ഹാബെ അഹ്മദ്, വാല്യം 4, പേജ് 168-169*

അതുപോലെ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് പറയുന്നു, അഹ്മദ് ജാൻ സാഹിബിന്റെ മകൾ ആയിശ സാഹിബ വിവരിച്ചു, 1906-ൽ എന്റെ മാതാവ് മരണപ്പെട്ടപ്പോൾ എന്നെ അമ്മാ ജി, ഹദ്റത്ത് ഖലീഫത്തുൽ അവ്വലിന്റെ പത്നി, തന്റെ വീട്ടിലേക്ക് കൊണ്ടുപോയി. പ്രാതൽ ഒക്കെ കഴിപ്പിച്ചു. പിന്നീട് നാലഞ്ച് ദിവസത്തിന് ശേഷം ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ എന്നെ തന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുവന്നു. ഇപ്പോൾ അമ്മാ ജാൻ ഉള്ള സ്ഥലത്ത്, ഈ സ്ഥലം മുകളിൽ അടുക്കളയുള്ള ഭാഗത്താണ് അമ്മാ ജാൻ തന്റെ വീട്ടിൽ വച്ച് തല കഴുകിപ്പിച്ചു തരികയായിരുന്നു, ഒരു സ്ത്രീ എന്റെ തലയിൽ വെള്ളമൊഴിക്കുന്നുണ്ടായിരുന്നു. അമ്മാ ജാൻ മാതാവ് മരണപ്പെട്ട ആ പെൺകുട്ടിയുടെ തല കഴുകുകയായിരുന്നു. അവർ പറയുന്നു, ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ എന്റെ തലയിൽ സോപ്പ് തേക്കുകയും കഴുകുകയും ചെയ്യുകയായിരുന്നു. ആ സ്ത്രീ കൂടുതൽ വെള്ളമൊഴിച്ചു കളയുമായിരുന്നു. ഹുസൂർ അലൈഹിസ്സലാം ആ സ്ഥലത്ത് ഉലാത്തുകയായിരുന്നു. അദ്ദേഹം അത് കണ്ടപ്പോൾ ആ സ്ത്രീയുടെ കയ്യിൽ നിന്ന് കിണ്ടി വാങ്ങി എന്റെ തലയിൽ വെള്ളമൊഴിക്കാൻ തുടങ്ങി. പതുക്കെ പതുക്കെ വെള്ളമൊഴിച്ചു തരുന്നുണ്ടായിരുന്നു. ഹദ്റത്ത് അമ്മാ ജാൻ മുടി ചീകി കൊടുക്കുന്നുമുണ്ടായിരുന്നു. ഹുസൂർ പറയുമായിരുന്നു, ഇങ്ങനെ ചെയ്താൽ പേനുകൾ പൊയ്ക്കൊള്ളും.

*സീറത്തുൽ മഹ്ദി, വാല്യം 2, നിവേദനം 1509, പേജ് 285)*

തലയിൽ മിക്കവാറും പേനുകൾ ഉണ്ടായിട്ടുണ്ടാകാം. ഒരുപാട് നാളായി അവരുടെ മാതാവ് രോഗിണിയായിരുന്നു പിന്നീട് മരണപ്പെട്ടു. ശ്രദ്ധിക്കാൻ ആരുമുണ്ടായിരുന്നില്ല. എന്തായാലും ആ കാരണം കൊണ്ട് പേനുകൾ ഉണ്ടായതായിരിക്കാം അല്ലെങ്കിൽ ആ പ്രദേശങ്ങളിൽ അങ്ങനെ തന്നെ ഉണ്ടാകാറുള്ളതായിരിക്കാം, എന്തായാലും ഹുസൂർ പറഞ്ഞു, ഇങ്ങനെ തല കഴുകൂ, ഇങ്ങനെ ചീകിക്കൊണ്ടിരിക്കൂ, പേനുകൾ പൊയ്ക്കൊള്ളും.

**വീട്ടുജോലികളിൽ സഹായിക്കുന്നതിൽ അദ്ദേഹത്തിന് യാതൊരു നാണക്കേടും തോന്നിയിരുന്നില്ല.**

മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ് പറയുന്നു, ഒരിക്കൽ ഞാൻ വുളൂ ചെയ്യുന്നതിനായി വെള്ളം അന്വേഷിച്ച് കിണ്ടിയും കൈയിലേന്തി മസ്ജിദ് മുബാറക്കിൽ നിന്ന് ഹദ്റത്ത് സാഹിബിന്റെ അകത്തെ വീടുകളിലേക്ക് പോകുന്ന ആ വാതിലിനുള്ളിലേക്ക് കടന്നു, അവിടെ ഹദ്റത്ത് സാഹിബിന്റെ ഏതെങ്കിലും സേവകന് കിണ്ടി നല്കി ഉള്ളിൽ നിന്ന് വെള്ളം വരുത്തിക്കാമെന്നു കരുതി. യാദൃച്ഛികമായി ഉള്ളിൽ നിന്ന് ഹദ്റത്ത് സാഹിബ്(മസീഹ് മൗഊദ്) എഴുന്നള്ളി വന്നു, ഞാൻ നിൽക്കുന്നത് കണ്ട് ചോദിച്ചു, താങ്കൾക്ക് വെള്ളം വേണമെന്നുണ്ടോ? ഞാൻ പറഞ്ഞു, അതേ ഹുസൂർ. ഹുസൂർ എന്റെ കൈയിൽ നിന്ന് കിണ്ടി വാങ്ങികൊണ്ടു പറഞ്ഞു, ഞാൻ കൊണ്ടുവന്നു തരാം, സ്വയം ഉള്ളിൽ നിന്ന് വെള്ളമൊഴിച്ചു കൊണ്ടുവന്ന് എനിക്ക് നല്കി.

*ദികറെ ഹബീബ്, പേജ് 257-258*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് പറയുന്നു, മർഹൂമും മഗ്ഫൂറുമായ ബഹുമാന്യ ഡോക്ടർ ഖലീഫ റശീദുദ്ദീൻ സാഹിബിന്റെ പത്നി ബഹുമാന്യ മുറാദ് ഖാത്തൂൻ സാഹിബ വിവരിച്ചു: ഒരിക്കൽ ഹദ്റത്ത് ഉമ്മുൽ മുഅ്മിനീനും എല്ലാവരും കൂടി ചേർന്ന് മാമ്പഴം കഴിച്ചു. മാമ്പഴക്കാലമായിരുന്നു. മൂഞ്ചി കുടിക്കുന്ന മാമ്പഴങ്ങളായിരുന്നു ആ കാലത്ത് കൂടുതൽ. അപ്പോൾ മുറ്റത്ത് തൊലികളുടെയും അണ്ടികളുടെയും രണ്ട് മൂന്ന് കൂമ്പാരങ്ങൾ ഉണ്ടായി. ധാരാളം സ്ത്രീകൾ ഇരിക്കുന്നുണ്ടായിരുന്നു. അതിൽ ഒരുപാട് ഈച്ചകളും വരാൻ തുടങ്ങി. അവർ സംസാരിക്കുന്നതിൽ മുഴുകിപ്പോയി. ശുചിത്വത്തെക്കുറിച്ച് ആ സമയത്ത് ശ്രദ്ധ വന്നില്ല. അവർ പറയുന്നു: ആ സമയത്ത് ഞാനും അവിടെ ഇരിക്കുന്നുണ്ടായിരുന്നു, ചില സേവകമാരും ജോലി ചെയ്യുന്നവരും പരിചരിക്കുന്നവരുമായ സ്ത്രീകളും അവിടെ ഉണ്ടായിരുന്നു. ഇതിനിടയിൽ ഹദ്റത്ത് മസീഹ് മഊദ്(അ) വരുകയും ഇത് കണ്ടപ്പോൾ സ്വയം ഒരു കിണ്ടിയിൽ ഫിനൈൽ ഒഴിച്ച് മുറ്റത്തെ തൊലിക്കൂട്ടങ്ങളിലെല്ലാം സ്വന്തം കൈകൊണ്ട് ഒഴിച്ചു, ഈച്ചകളൊക്കെ ഒഴിഞ്ഞുപോവാനും അഴുക്ക് വൃത്തിയാവാനും വേണ്ടി. ദുർഗന്ധം വമിക്കാതിരിക്കാൻ.

*സീറത്തുൽ മഹ്ദി, വാല്യം 2, നിവേദനം 1470, പേജ് 261*

**അഴുക്കുകൾ വേഗത്തിൽ വൃത്തിയാക്കണമെന്ന് ആരോടും ഒന്നും പറയുന്നതിന് പകരം സ്വന്തം പ്രവൃത്തിയിലൂടെ തന്നെ കാണിച്ചു തന്നു. അദ്ദേഹത്തിന്റെ വിനയം ദൃശ്യമാകുന്നതോടൊപ്പം തന്നെ ആരോഗ്യസംരക്ഷണത്തോടുള്ള ശ്രദ്ധയും ഇതിൽ കാണാൻ സാധിക്കുന്നുണ്ട്.**

ലാഹോറിലെ ചില പ്രമുഖർ അടങ്ങിയ ഒരു പ്രതിനിധിസംഘം, അതിൽ ഡോക്ടർ അല്ലാമാ ഇഖ്ബാലും സർ ശഹാബുദ്ദീനും മറ്റും ഉൾപ്പെട്ടിട്ടുണ്ടായിരുന്നു, ഹദ്റത്ത് അഖ്ദസിനെ സന്ദർശിക്കുന്നതിനായി വന്നു. ആ കൂടിക്കാഴ്ചയുടെ അവസ്ഥ വിവരിച്ചുകൊണ്ട് ബാബു ഗുലാം മുഹമ്മദ് സാഹിബ് (റ) പറയുന്നു, രാത്രി ഭക്ഷണം കഴിച്ചതിന് ശേഷം കട്ടിലുകൾ വിതരണം ചെയ്തപ്പോൾ ഞാൻ ശക്തവും വലുതുമായ ഒരു കട്ടിൽ എടുത്തു, എന്നാൽ ചൗധരി ശഹാബുദ്ദീൻ സാഹിബ് - പിന്നീട് സർ ശഹാബുദ്ദീൻ എന്ന് വിളിക്കപ്പെട്ടയാൾ - എന്റെ കിടക്ക അവിടെ നിന്ന് മാറ്റി എന്റെ കട്ടിൽ കൈക്കലാക്കി. ഹദ്റത്ത് സാഹിബ് വന്ന് ആർക്കെങ്കിലും എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ എന്ന് ഓരോരുത്തരോടും ചോദിച്ചറിഞ്ഞു. ഓരോരുത്തരും പറഞ്ഞു, ഹുസൂർ എനിക്ക് യാതൊരു ബുദ്ധിമുട്ടുമില്ല. എന്നാൽ എന്റെ അടുത്ത് എത്തിയപ്പോൾ ഞാൻ പ്രയാസപ്പെട്ട് നിൽക്കുകയായിരുന്നു. കാരണം എന്റെ കട്ടിൽ ചൗധരി ശഹാബുദ്ദീൻ സാഹിബ് കൈക്കലാക്കിയിരുന്നു. ഞാൻ പറഞ്ഞു: ഹുസൂർ എന്റെ കട്ടിൽ ചൗധരി ശഹാബുദ്ദീൻ പിടിച്ചെടുത്തു, ഞാൻ എവിടെ കിടന്നുറങ്ങും എന്ന് ആലോചിച്ച് വിഷമിക്കുകയാണ്. പറഞ്ഞു: നിൽക്കൂ ഞാൻ താങ്കൾക്ക് വേണ്ടി കട്ടിൽ കൊണ്ടുവരാം. അദ്ദേഹം പറയുന്നു: അങ്ങനെ ഹദ്റത്ത് സാഹിബ് അവിടെനിന്നും പോയി. ഒട്ടേറെ സമയം കഴിഞ്ഞിട്ടും കട്ടിൽ വന്നില്ല. ഞാൻ ഹുസൂറിന്റെ വീടിന്റെ മുറ്റത്തെ വാതിലിലൂടെ ഉള്ളിലേക്ക് നോക്കിയപ്പോൾ എന്താണ് കാണുന്നത്, ഒരാൾ വേഗം വേഗം കട്ടിൽ നെയ്യുകയാണ്, ഹുസൂർ അദ്ദേഹത്തിന്റെ അടുത്തിരുന്ന് വിളക്ക് കൈയിലേന്തി ലൈറ്റ് കാണിച്ച് അദ്ദേഹത്തിന് വെളിച്ചം നൽകുകയാണ്. ഹുസൂറിന്റെ ഈ അവസ്ഥ കണ്ട് എനിക്ക് വല്ലാതെ ലജ്ജ തോന്നി. ഞാൻ മുന്നോട്ട് നടന്നു. വാതിൽ തുറന്നുതന്നെ കിടക്കുകയായിരുന്നു, ഞാൻ അണപ്പിച്ചു, ഹുസൂർ വിളക്ക് എന്റെ കൈയിൽ തന്നേക്കൂ. ഈ ലൈറ്റ് എനിക്ക് തന്നേക്കൂ. എന്നാൽ ഹുസൂർ പറഞ്ഞു: ഇനി ഇപ്പോൾ ഒരു വരി മാത്രമേ ബാക്കിയുള്ളൂ.

**ഹുസൂറിന്റെ ഈ സ്വഭാവം കണ്ട് എന്നിൽ എത്രമാത്രം സ്വാധീനമുണ്ടായെന്നാൽ എന്റെ കണ്ണീർ**

• ഹദീഥുന്നബ്‌വി •

"അക്‌രിമൂ ഔലാദക്കും."
നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്‌വി •

"അൽഅമാനത്തു ഇസ്സുൻ."
വിശ്വസ്തത അന്തസ്സാണ്.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

**ധാരധാരയായിറങ്ങി. ആ സമയത്ത് ഞാൻ ഹുസൂറിന്റെ പാവന മുഖത്തേക്ക് നോക്കി പറയുകയായിരുന്നു. "ഈ മുഖം ഒരു വ്യാജന്റേതാവാൻ ഒരിക്കലും തരമില്ല."**

*ലാഹോർ താരിഖെ അഹ്മദിയ്യത്ത്, പേജ് 217–218*

അദ്ദേഹത്തിന്റെ സേവകൻ മർഹൂം മിർസാ ഇസ്മാഈൽ ബേഗിന്റെ സാക്ഷ്യമുണ്ട്, ഹദ്റത്ത് അഖ്ദസ് തന്റെ വന്ദ്യപിതാവിന്റെ കല്പനപ്രകാരം ദൈവനിയുക്തനാകുന്നതിന് മുമ്പ് കേസുകളുടെ നടത്തിപ്പിനായി പോകുമ്പോൾ സവാരിക്കായി ഒരു കുതിരയും കൂടെയുണ്ടാകുമായിരുന്നു, ഞാനും സാധാരണയായി കൂടെയുണ്ടാകുമായിരുന്നു. എന്നാൽ അദ്ദേഹം നടക്കാൻ തുടങ്ങുമ്പോൾ കാൽനടയായിത്തന്നെ നടക്കുകയും എന്നെ കുതിരപ്പുറത്ത് കയറ്റി ഇരുത്തുകയും ചെയ്യുമായിരുന്നു. സേവകനായിരുന്നയാളെ കുതിരപ്പുറത്ത് ഇരുത്തുകയും അദ്ദേഹം കാൽനടയായി നടക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹം പറയുന്നു: ഞാൻ പലവട്ടം വിസമ്മതിക്കുകയും അപേക്ഷിക്കുകയും ചെയ്യുമായിരുന്നു: ഹുസൂർ എനിക്ക് ലജ്ജ തോന്നുന്നു. അദ്ദേഹം പറയുമായിരുന്നു: നമുക്ക് നടന്നു പോവാൻ ലജ്ജ തോന്നാത്ത സ്ഥിതിക്ക് താങ്കൾക്ക് സവാരി ചെയ്യാൻ എന്തുകൊണ്ട് ലജ്ജ തോന്നണം? ഹദ്റത്ത് സാഹിബ് ഖാദിയാനിൽ നിന്ന് പുറപ്പെടുമ്പോൾ എപ്പോഴും ആദ്യം എന്നെയാണ് കയറ്റിയിരുത്തിയിരുന്നത്. പകുതിയോ അതിൽ കുറവോ കൂടുതലോ ദൂരം പിന്നിടുമ്പോൾ ഞാൻ താഴെയിറങ്ങുകയും അദ്ദേഹം കയറുകയും ചെയ്യുമായിരുന്നു. ഇതുപോലെതന്നെ കോടതിയിൽ നിന്ന് മടങ്ങുമ്പോഴും ആദ്യം എന്നെ കയറ്റിയിരുത്തുകയും പിന്നെ അദ്ദേഹം കയറുകയും ചെയ്യുമായിരുന്നു. അദ്ദേഹം കയറുമ്പോൾ കുതിര ഏത് വേഗതയിലാണോ നടക്കുന്നത് അതേ വേഗതയിൽത്തന്നെ നടക്കാൻ അനുവദിക്കുമായിരുന്നു, ഞാൻ ഒപ്പം നടക്കുമ്പോൾ എനിക്ക് ബുദ്ധിമുട്ടാവാതിരിക്കാൻ വേണ്ടിയായിരുന്നു അത്.

*അബ്ദുൽ ഖാദിർ സാബിഖ് സൗദഗർ മൽ, ഹയാത്തെ ത്വയ്യിബ, പേജ് 16*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് പറയുന്നു: മൗലവി ശേർ അലി സാഹിബ് എന്നോട് വിവരിച്ചു: ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് മൗലവി മുഹമ്മദ് അലി സാഹിബിൽ നിന്ന് എന്തെങ്കിലും കാര്യം ചോദിച്ചറിയേണ്ടതുണ്ടായിരുന്നപ്പോൾ, അദ്ദേഹം തന്റെ അടുക്കലേക്ക് വിളിക്കുന്നതിന് പകരം സ്വയം മൗലവി സാഹിബിന്റെ കൊച്ചുമുറിയിലേക്ക്; ചെറിയ മുറിയായിരുന്നു അത്, വരുമായിരുന്നു. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് പറയുന്നു: ഞാൻ വ്യക്തമാക്കാം, ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജീവിതകാലത്ത് മൗലവി മുഹമ്മദ് അലി സാഹിബ് അദ്ദേഹത്തിന്റെ വീടിന്റെ ഒരു ഭാഗത്തായിരുന്നു താമസിച്ചിരുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ വീടിന്റെ ഒരു മുറി മൗലവി മുഹമ്മദ് അലി സാഹിബിന് നല്കിയിട്ടുണ്ടായിരുന്നു. ഒരു മുറി. അദ്ദേഹത്തിന്റെ ജോലി ചെയ്യുന്ന ഓഫീസ് മസ്ജിദ് മുബാറക്കിന്റെ കിഴക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്ന ആ കൊച്ചുമുറിയിലായിരുന്നു.

*സീറത്തുൽ മഹ്ദി, വാല്യം 1, നിവേദനം 394, പേജ് 357*

അവിടെ ഹദ്റത്ത് മസീഹ് മൗഊദ് (അ) സ്വയം അദ്ദേഹത്തിന്റെ അടുക്കലേക്ക് പോകുമായിരുന്നു. കഷ്ടമെന്നു പറയട്ടെ, മൗലവി സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വിനയത്തിൽ നിന്ന് ഉൾക്കൊള്ളേണ്ടിയിരുന്ന പാഠം ഉൾക്കൊണ്ടില്ല. ഒടുവിൽ അഹംഭാവം അദ്ദേഹത്തിന് നാശം വരുത്തിവച്ചു.

അൽഹക്കം എഡിറ്റർ

**ഹദ്റത്ത് മസീഹ് മൗഊദിന്റെ എളിമ**

എന്ന വിഷയത്തെ കുറിച്ച് എഴുതുന്നു: അദ്ദേഹം നടക്കാൻ ഇറങ്ങുമ്പോൾ ആരും മുന്നോട്ട് പോകരുത് എന്ന തരത്തിലുള്ള യാതൊരു നിഷ്കർഷയുമുണ്ടാകാറില്ല. മറിച്ച് പലപ്പോഴും പൊടിപടലങ്ങൾ ഉയരുന്നുണ്ടെന്നും ഹദ്റത്ത് അഖ്ദസ് പിന്നിലാണെന്നും സഹാബിവര്യന്മാർ ചിന്താധീനരാകാറുണ്ട്. നടക്കുമ്പോൾ മണ്ണ് പറക്കുമായിരുന്നു. മണ്ണിട്ട റോഡുകളായിരുന്നു അന്ന്. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരിക്കലും ഇങ്ങനെയുള്ള ചിന്തയൊന്നും വച്ചുപുലർത്തിയില്ല. പലപ്പോഴും ഇപ്രകാരം സംഭവിക്കാറുണ്ട്. പിന്നിൽ നിന്ന് ആളുകൾ നടന്നു വരുകയും ഹുസൂറിന് തട്ടുകയോ ചെരുപ്പ് ഊരിപ്പോവുകയോ ചെയ്യും. അതായത് ആരുടെയെങ്കിലും കാൽ തട്ടുകയോ തട്ടുന്നത് കാരണം വടി താഴെ വീഴുകയോ ചെയ്യും. എന്നാൽ അദ്ദേഹം എന്തെങ്കിലും വിഷമം പ്രകടിപ്പിക്കുകയോ ഏതെങ്കിലും പ്രത്യേക രീതി ഇഷ്ടപ്പെടുകയോ ചെയ്തതായി ആരും കണ്ടിട്ടോ കേട്ടിട്ടോ ഉണ്ടാകില്ല. നിങ്ങൾക്ക് ബോധമില്ലേ എന്ന് ചോദിച്ചില്ല. മസ്ജിദിൽ പലതവണ ഇപ്രകാരം ഉണ്ടായിട്ടുണ്ട്. ഹുസൂർ സ്വഹാബികളുടെ കൂട്ടത്തിൽ ഇരിക്കുകയായിരിക്കും. അപ്പോൾ ഏതെങ്കിലും അപരിചിതൻ വരികയും അദ്ദേഹം മുന്നോട്ട് ചെന്ന് മൗലാനാ മൗലവി അബ്ദുൽ കരീം സാഹിബിനോടോ ഹദ്റത്ത് ഹകീമുൽ ഉമ്മത്തിനോടോ(ഒന്നാം ഖലീഫ) ആദ്യം ഹസ്തദാനം ചെയ്യുകയും. ആ രണ്ട് മഹാത്മാക്കളിലൊരാളെ ആയിരിക്കും ഹദ്റത്ത് മസീഹ് മഊദായി കരുതിയത്. അപ്പോൾ ആ മഹാത്മാക്കൾ സ്വയം ആളുകൾക്ക് തിരുത്തികൊടുക്കുമായിരുന്നു. ഹദ്റത്ത് സാഹിബ് ഇതാണെന്ന് കാണിച്ചുകൊടുക്കുമായിരുന്നു. ചുരുക്കത്തിൽ

**അദ്ദേഹം തന്റെ യജമാനനായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ നബി തിരുമേനി(സ)യുടെ പ്രവൃത്തിയാണ് എപ്പോഴും പിന്തുടർന്നിരുന്നത്. ആ (വിനയത്തിന്റെ) മാതൃക തന്നെയാണ് അദ്ദേഹവും കാണിച്ചുതന്നത്.**

*മൽഫൂസാത്ത്, 2022, വാല്യം 2, പേജ് 270, അടിക്കുറിപ്പ്*

ഡോക്ടർ ബശാറത്ത് അഹ്മദ് സാഹിബിന്റെ ഒരു നിവേദനമുണ്ട്: മാലേർകോട്ലയിലെ നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിന്റെ ഭാര്യ വഫാത്തായി. ഹദ്റത്ത് അഖ്ദസ് മയ്യത്തിന്റെ കൂടെ ഖബർസ്ഥാനിലേക്ക് പോയി. മയ്യത്ത് നമസ്കാരം സ്വയം നമസ്കരിപ്പിച്ചു, ഖബർ അപ്പോൾ തയ്യാറായിട്ടുണ്ടായിരുന്നില്ല. ഞാനും മയ്യത്തിന്റെ കൂടെയുണ്ടായിരുന്നു. ആളുകൾ ഖബർ നോക്കുന്നതിൽ മുഴുകി. അദ്ദേഹം പറയുന്നു, ഞാനും ആ ഭാഗത്തേക്ക് ശ്രദ്ധ തിരിച്ചു. അല്പം കഴിഞ്ഞപ്പോൾ നോക്കുമ്പോൾ ഹദ്റത്ത് സാഹിബ് അവിടെയില്ല. അവിടെ ഉണ്ടായിരുന്നില്ല. പരിഭ്രമിച്ച് അങ്ങുമിങ്ങും നോക്കിയപ്പോൾ തോട്ടത്തിൽ ഒരിടത്ത് തനിച്ച് മണ്ണിൽ ഇരിക്കുന്നത് കണ്ണിൽ പെട്ടു. ഞാൻ വേഗം ഒരു മരത്തിന്റെ ചുവട്ടിൽ വെളുത്ത വിരിപ്പ് വിരിക്കുകയും ഹദ്റത്തിനോട് ചെന്ന് ഇപ്രകാരം അഭ്യർഥിക്കുകയും ചെയ്തു, ഇവിടെ വെയിലാണ്, അവിടെ മരത്തിന്റെ തണലിലേക്ക് എഴുന്നള്ളിയാലും. അദ്ദേഹം പറഞ്ഞു അതെ അത് ശരി തന്നെ. അദ്ദേഹം മരത്തണലിൽ ആ വിരിപ്പിൽ ഇരുന്നു. തൊട്ടടുത്തു തന്നെ ഞാനും ഇരുന്നു. അദ്ദേഹം പറയുന്നു: അല്പം കഴിഞ്ഞപ്പോൾ ഹദ്റത്ത് സാഹിബ് മരത്തിന്റെ ചുവട്ടിൽ ഇരിക്കുന്നത് കണ്ട് ആളുകൾ അങ്ങോട്ട് വരാൻ തുടങ്ങി. അപ്പോൾ ആര് വന്നാലും ഹദ്റത്ത് അഖ്ദസ് അദ്ദേഹത്തോട് പറയും: വരൂ വരൂ ഇവിടെ ഇരിക്കൂ. സ്വയം പുറകോട്ട് നീങ്ങുകയും ചെയ്യും. വരുന്നയാളെ വിരിപ്പിൽ ഇരുത്തുകയും ചെയ്യും. ആളുകൾ വന്നുകൊണ്ടേയിരുന്നു. ഹദ്റത്ത് സാഹിബ് പുറകോട്ട് നീങ്ങി ആളുകളെ വിരിപ്പിൽ ഇരുത്തിക്കൊണ്ടേയിരുന്നു.

**അങ്ങനെ അധിക സമയം കഴിഞ്ഞില്ല, ഞാൻ നോക്കുമ്പോൾ ഹദ്റത്ത് സാഹിബ് മണ്ണിലും ശിഷ്യന്മാർ എല്ലാവരും വിരിപ്പിലും ഇരിക്കുന്നതായാണ് കാണാനായത്.**

വരുന്നവർക്ക് ദർശനത്തിനും കൂടിക്കാഴ്ചക്കുമുള്ള ആഗ്രഹവും ആവേശവും കാരണം എന്താണ് സംഭവിക്കുന്നതെന്ന് കാണാൻ കഴിഞ്ഞില്ല. ഹദ്റത്ത് സാഹിബ് താഴെയായിപ്പോയെന്നും ഞങ്ങൾ വിരിപ്പിൽ ഇരിക്കുകയാണെന്നും മനസ്സിലായില്ല. എന്നാൽ അദ്ദേഹം പറയുന്നു:

**''ഞാൻ ഇത് കാണുന്നുണ്ടായിരുന്നു. ഉള്ളം നൊമ്പരപ്പെടുന്നുണ്ടായിരുന്നു. അതോടൊപ്പം തന്നെ ഈമാൻ വർദ്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു. അല്ലാഹു എന്ത് പദവിയാണ് നൽകിയിട്ടുള്ളത്. അദ്ദേഹത്തിന് എത്രമാത്രം വിനയവും താഴ്മയുമാണുള്ളത്."**

*മുജദ്ദിദെ അഅ്ളം, വാല്യം 2, പേജ് 1293–1294*

ഹദ്റത്ത് അബ്ദുല്ലാഹ് ആഥിമുമായിട്ടുള്ള വാദപ്രതിവാദം അമൃതസറിൽ നടന്നിരുന്ന ആ ദിവസങ്ങളിലെ ഒരു സംഭവം മുൻശി സഫർ അഹ്മദ് സാഹിബ് വിവരിക്കുന്നു: മിക്കവാറും കരീം ബക്ഷ് എന്നൊരു പ്രമുഖന്റെ കോട്ടേജിലാണ് ഞങ്ങൾ താമസിച്ചിരുന്നത്. അപ്പോൾ കർണൽ അൽത്താഫ് അലി ഖാൻ ഞങ്ങളോടൊപ്പം ചേരുകയും ഹദ്റത്ത് സാഹിബുമായി തനിയെ ഒരു ഏകാന്ത കൂടിക്കാഴ്ച നടത്താൻ താൻ ആഗ്രഹിക്കുന്നു എന്ന് എന്നോട് പറയുകയും ചെയ്തു. കർണൽ സാഹിബ് കോട്ടും പാന്റും ധരിക്കുകയും താടിയും മീശയും വടിക്കുകയും ചെയ്തിരുന്നു. ക്ലീൻ ഷേവ് ആയിരുന്നു. ഞാൻ പറഞ്ഞു: താങ്കൾ അകത്തേക്ക് പൊയ്ക്കൊള്ളുക, പുറത്തുനിന്ന് ഞങ്ങൾ ആരെയും അകത്തേക്ക് കടത്തിവിടുകയില്ല. അങ്ങനെ കർണൽ സാഹിബ് അകത്തേക്ക് പോകുകയും അരമണിക്കൂറോളം അവിടെ ഹദ്റത്ത് സാഹിബിന്റെ അടുത്ത് ഏകാന്തതയിൽ ചെലവഴിക്കുകയും ചെയ്തു. കർണൽ സാഹിബ് പുറത്തേക്ക് വന്നപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. കണ്ണുകളിൽ നിന്ന് കണ്ണീർ വാർന്നൊഴുകുകയായിരുന്നു. ഞാൻ അദ്ദേഹത്തോട് ചോദിച്ചു: അങ്ങ് എന്താണ് സംസാരിച്ചത്. എന്തുകൊണ്ടാണ് ഈ ഒരു അവസ്ഥയുണ്ടായത്? അദ്ദേഹം പറയാൻ തുടങ്ങി: ഞാൻ അകത്തേക്ക് ചെന്നപ്പോൾ ഹദ്റത്ത് സാഹിബ് തന്റെ ചിന്തകളിൽ മുഴുകി ഒരു പായയിൽ ഇരിക്കുകയായിരുന്നു, എന്നാൽ പായയിൽ അദ്ദേഹത്തിന്റെ ഒരു മുട്ട് മാത്രമായിരുന്നു ഉണ്ടായിരുന്നത്, ബാക്കി ഭാഗം നിലത്തായിരുന്നു. ഞാൻ പറഞ്ഞു: ഹുസൂർ നിലത്താണ് ഇരിക്കുന്നത്. അപ്പോൾ ഞാൻ പായയിൽ ഇരിക്കാൻ ഇഷ്ടപ്പെടുന്നില്ലായിരിക്കും എന്നാണ് ഹുസൂർ വിചാരിച്ചത്. അതുകൊണ്ട് ഹുസൂർ തന്റെ തലപ്പാവ് പായയിൽ വിരിച്ചുതന്നു. തന്റെ കൈവശമുണ്ടായിരുന്ന

**• ഹദീഥുന്നബ്വി ﷺ •**

**"തഅല്ലമുൽയഖീന."**
**ദൃഢജ്ഞാനം ആർജിക്കുവിൻ.**

ത്വാലിബെ ദുആ
**LATE P.V.SAINAB AND FAMILY**
KARULAI, MALAPPURAM

തുണി അല്ലെങ്കിൽ തലപ്പാവിന്റെ ഭാഗം തലപ്പാവ് അഴിച്ചിട്ട്, അതിനെയും തുണി എന്ന് പറയാം, ഏതായാലും നിലത്ത് വിരിച്ചു എന്നിട്ട് കർണൽ സാഹിബിനോട് പറഞ്ഞു: അങ്ങ് ഇവിടെ ഇരുന്നാലും, ഒരുപക്ഷേ അങ്ങേക്ക് പായയിൽ ഇരിക്കാൻ താല്പര്യമില്ലെങ്കിൽ ഇതാ ഞാൻ ഇവിടെ തുണി വിരിച്ചു തരാം. ഇതിൽ ഇരുന്നോളൂ. തന്റെ തലയിൽ നിന്ന് തുണി അഴിച്ചുമാറ്റി. ഈ അവസ്ഥ കണ്ട് കർണൽ സാഹിബ് പറയുന്നു: എന്റെ കണ്ണീർ പൊടിഞ്ഞു. ഞാൻ പറഞ്ഞു: ഞാൻ വിദേശത്ത് വെച്ച് ജ്ഞാനസ്നാനം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും; അതായത് ക്രിസ്തുമതം സ്വീകരിച്ചിട്ടുണ്ടെങ്കിലും, ഹുസൂറിന്റെ തലപ്പാവിലിരിക്കാൻ മാത്രം ഞാൻ നന്ദികെട്ടവനല്ല. ഹുസൂർ പറഞ്ഞു: യാതൊരു കുഴപ്പവുമില്ല, ഒരു വിരോധവുമില്ല. താങ്കൾ യാതൊരു മടിയും കൂടാതെ ഇരുന്നോളൂ. ഏതായാലും അദ്ദേഹം പറയുന്നു ഞാൻ തലപ്പാവ് കൈകൊണ്ട് മാറ്റി പായയിൽ ഇരുന്നു, എന്നിട്ട് എന്റെ അവസ്ഥകൾ വിവരിക്കാൻ തുടങ്ങി: ഞാൻ മദ്യം ധാരാളം കുടിക്കാറുണ്ട്. മറ്റു പാപങ്ങളും ചെയ്യാറുണ്ട്. അല്ലാഹുവിന്റെയും നബിയുടെയും നാമം പോലും എനിക്കറിയില്ല. എന്നാൽ ഞാൻ താങ്കളുടെ മുന്നിൽ ഈ സമയം ക്രിസ്തുമതത്തിൽ നിന്ന് തൗബ ചെയ്ത് മുസ്ലിമാകുന്നു. ഇതെല്ലാം ഉണ്ടായിരുന്നിട്ടും ഞാൻ ക്രിസ്ത്യാനിയായി മാറിയിരുന്നു. എന്നാൽ ഇപ്പോൾ താങ്കളുടെ ഈ അവസ്ഥ കണ്ടിട്ടും താങ്കളുടെ വാക്കുകൾ കേട്ടിട്ടും ഞാൻ മുസ്ലിമാകുന്നു. പക്ഷെ എന്നെ ബാധിച്ചിട്ടുള്ള ഈ തിന്മകൾ ഉപേക്ഷിക്കുക എന്നത് പ്രയാസകരമായി തോന്നുന്നു.

**ഹുസൂർ(അ) പ്രസ്താവിച്ചു: ഇസ്തിഗ്ഫാർ അധികമായി ചൊല്ലുക. അഞ്ചുനേര നമസ്കാരം ഒരു ശീലമാക്കുക. ഇതാണ് ഔഷധം; തിന്മകൾ ഉണ്ടാകുകയും മനുഷ്യൻ ദീനിൽ നിന്ന് അകലുകയും ചെയ്താൽ അവൻ ഇസ്തിഗ്ഫാർ ധാരാളമായി ചൊല്ലുകയും നമസ്കാരങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യണം.**

അദ്ദേഹം പറയുന്നു: ഞാൻ ഹുസൂറിന്റെ അടുത്തിരിക്കുന്നിടത്തോളം സമയം എന്റെ അവസ്ഥ മാറിമറിഞ്ഞു കൊണ്ടിരുന്നു, ഞാൻ കരഞ്ഞു കൊണ്ടേയിരുന്നു. ആ അവസ്ഥയിൽ തന്നെ ഞാൻ ഇസ്തിഗ്ഫാറും നമസ്കാരവും തീർച്ചയായും നിർവഹിച്ചു കൊള്ളാം എന്ന് കരാർ ചെയ്തു. ഇതാണ് ഞാൻ കരാർ ചെയ്തത്. അദ്ദേഹത്തിന്റെ അനുവാദം വാങ്ങി ഞാൻ മടങ്ങി. ആ സ്വാധീനം എന്റെ ഹൃദയത്തിൽ ഇതുവരെയും ഉണ്ട്. ഈ കർണൽ സാഹിബ് ആ വാദപ്രതിവാദത്തിൽ പങ്കെടുക്കുകയും ക്രിസ്ത്യാനികളുടെ ഭാഗത്ത് ഇരിക്കുകയും ചെയ്തിരുന്ന ആളായിരുന്നു, എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിന്റെ പ്രകൃതം നല്ലതായിരുന്നു. അതുകൊണ്ട് അത് സ്വാധീനിക്കുകയും അദ്ദേഹം വീണ്ടും ഇസ്ലാം സ്വീകരിക്കുകയും ചെയ്തു.

*അസ്ഹാബെ അഹ്മദ്, വാല്യം 4, പേജ് 150-151*

മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി വിവരിക്കുന്നു: ഇത് 1896-ലോ അല്ലെങ്കിൽ മിക്കവാറും ആ സമയത്തോ നടന്ന സംഭവമാണ്, കാരണം 1900-ലാണ് അദ്ദേഹം ഈ വിവരണം പ്രസിദ്ധീകരിച്ചത്. നാല് വർഷം മുമ്പുള്ള കാര്യമാണ് പറയുന്നത്: അദ്ദേഹത്തിന്റെ വീട്ടുകാർ ലുധിയാനയിലേക്ക് പോയിരിക്കുകയായിരുന്നു. ജൂൺ മാസമായിരുന്നു, വീടിന്റെ ഉൾഭാഗം പുതിയതായി പണിതതേ ഉണ്ടായിരുന്നുള്ളൂ. ഉച്ചസമയത്ത് അവിടെ ഒരു കട്ടിൽ ഇട്ടിട്ടുണ്ടായിരുന്നു. ഞാൻ അതിൽ കിടന്നു. ഹദ്റത്ത് സാഹിബ് ഉലാത്തുകയായിരുന്നു.

**ഞാൻ ഒരു തവണ ഉണർന്നപ്പോൾ അദ്ദേഹം തറയിൽ എന്റെ കട്ടിലിന് താഴെ കിടക്കുകയായിരുന്നു. ഞാൻ ആദരവോടെ പരിഭ്രമിച്ച് എഴുന്നേറ്റിരുന്നു. അദ്ദേഹം വലിയ സ്നേഹത്തോടെ ചോദിച്ചു: താങ്കൾ എന്തിനാണ് എഴുന്നേറ്റത്? ഞാൻ ബോധിപ്പിച്ചു: താങ്കൾ താഴെ കിടക്കുമ്പോൾ ഞാൻ എങ്ങനെ മുകളിൽ ഉറങ്ങും. പുഞ്ചിരിച്ചുകൊണ്ട് പ്രസ്താവിച്ചു: ഞാൻ താങ്കൾക്ക് കാവൽ നിൽക്കുകയായിരുന്നു. ഈ കുട്ടികൾ ബഹളം വെക്കുന്നുണ്ടായിരുന്നു. താങ്കളുടെ ഉറക്കത്തിന് ഭംഗം വരാതിരിക്കാൻ ഞാൻ അവരെ തടയുകയായിരുന്നു.**

*ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി ഇർഫാനി (റ), സീറത് ഹദ്റത്ത് മസീഹെ മൗഊദ് (അ), പേജ് 147*

ഹദ്റത്ത് മുൻശി ഇമാം ദീൻ സാഹിബ് തന്റെ ബൈഅത്തിന്റെ സമയത്തെ ദൃശ്യം വിവരിക്കുന്നു: ഞാൻ 1894-ൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ തൃക്കരങ്ങളിൽ ബൈഅത്ത് ചെയ്തു. മഗ്രിബ് നമസ്കാര സമയം വരെ എന്റെ സഹോദരൻ മുൻശി അബ്ദുൽ അസീസ് സാഹിബും സഹോദരൻ ജമാൽ ദീൻ സാഹിബ് സീഖ്വാനിയും എന്നോടൊപ്പമുണ്ടായിരുന്നു. നമസ്കാരത്തിൽ നിന്ന് വിരമിച്ച ശേഷം മുൻശി സാഹിബ് എന്നിലേക്ക് വിരൽ ചൂണ്ടി ഹദ്റത്ത് അഖ്ദസിന്റെ സന്നിധിയിൽ അപേക്ഷിച്ചു: ഹുസൂർ ഇദ്ദേഹത്തിന്റെ ബൈഅത്ത് സ്വീകരിച്ചാലും. ഹുസൂർ പ്രസ്താവിച്ചു: അകത്തേക്ക് വരുക. ഞാൻ ഒറ്റയ്ക്ക് ബൈത്തുൽ ഫിക്റിലേക്ക് ചെന്നപ്പോൾ ഹുസൂർ ഒരു കട്ടിലിന്റെ കാൽഭാഗത്തിരുന്ന് എന്നോട് കട്ടിലിന്റെ തലഭാഗത്ത് ഇരിക്കാൻ നിർദേശിച്ചു. ആദ്യം ഞാൻ മടിച്ചു, എന്നാൽ ഹുസൂർ വീണ്ടും നിർദേശിച്ചപ്പോൾ ഞാൻ അവിടെ ഇരുന്നു. അതിനുശേഷം ഹുസൂർ ബൈഅത്ത് എടുത്തു.

**ഹുസൂറിന്റെ ഈ പെരുമാറ്റം കണ്ട് ഞാൻ അത്ഭുതപ്പെട്ടുപോയി. തന്റെ ഒപ്പമിരിക്കാൻ പോലും ആരെയും അനുവദിക്കാത്ത പീർമാർ എവിടെ? ഒരു നിസ്സാരനായ സേവകനെ കട്ടിലിന്റെ തലഭാഗത്ത് അതിന്റെ നല്ല ഭാഗത്ത് ഇരുത്തുന്ന അല്ലാഹുവിന്റെ മസീഹ് മഊദ് എവിടെ?**

എന്റെ സഹോദരൻ മുൻശി അബ്ദുൽ അസീസ് സാഹിബ് മുറിക്കുള്ളിൽ പ്രവേശിച്ചിരുന്നില്ലെങ്കിലും പുറത്തുനിന്ന് ഈ കാഴ്ച അദ്ദേഹം കാണുന്നുണ്ടായിരുന്നു.

*അസ്ഹാബെ അഹ്മദ്, വാല്യം 1, പേജ് 112*

ഹദ്റത്ത് മുൻശി സഫർ അഹ്മദ് സാഹിബ് പറയുന്നു: ഒരിക്കൽ മർഹൂം മുൻശി അറോറ സാഹിബും ഞാനും ലുധിയാനയിൽ ഹുസൂറിന്റെ സന്നിധിയിൽ ചെന്ന് ഹുസൂർ എപ്പോഴെങ്കിലും കപൂർത്തലയിലേക്ക് എഴുന്നള്ളേണമെന്ന് അപേക്ഷിച്ചു. ആ ദിവസങ്ങളിൽ കപൂർത്തലയിൽ റെയിൽവേ വന്നിട്ടുണ്ടായിരുന്നില്ല. നാം തീർച്ചയായും എപ്പോഴെങ്കിലും വരാം എന്ന് ഹുസൂർ വാക്കുതന്നു. അതിനുശേഷം അധികം വൈകാതെ തന്നെ ഹുസൂർ യാതൊരു മുന്നറിയിപ്പുമില്ലാതെ ഒരു ദിവസം കപൂർത്തലയിൽ എഴുന്നള്ളി. ഒരു കുതിരവണ്ടിയിൽ നിന്ന് ഇറങ്ങി കപൂർത്തലയിലെ ഖാൻ എന്ന സ്ഥലത്തിന് അടുത്തുള്ള ഫത്ഹ് വാലി മസ്ജിദിലേക്ക് എഴുന്നള്ളി. ഫത്ഹ് വാലി മസ്ജിദ് ആയിരുന്നു അത്. ഹാഫിസ് ഹാമിദ് അലി സാഹിബ് ഒപ്പമുണ്ടായിരുന്നു. മസ്ജിദിൽ നിന്ന് ഹുസൂർ അവിടുത്തെ മുല്ലയെ അയച്ചു. അദ്ദേഹം അനഹ്മദിയായിരുന്നു. മുൻശി അറോറ സാഹിബിനെയോ മുൻശി സഫർ അഹ്മദ് സാഹിബിനെയോ ഞങ്ങൾ വന്ന വിവരം അറിയിക്കുക. അദ്ദേഹം പറയുന്നു: ഞാനും മുൻശി അറോറ സാഹിബും കച്ചേരിയിലായിരുന്നു. കോടതിയിൽ ജോലി ചെയ്യുകയായിരുന്നു. സ്റ്റെനോഗ്രാഫർമാരായിരുന്നു. അപ്പോൾ മുല്ല വന്ന് മിർസാ സാഹിബ് മസ്ജിദിൽ എഴുന്നള്ളിയിരിപ്പുണ്ട്. വിവരം അറിയിക്കാൻ അദ്ദേഹം എന്നെ അയച്ചതാണ് എന്ന് വിവരം അറിയിച്ചു. മുൻശി അറോറ സാഹിബ് വളരെ അത്ഭുതത്തോടും ദേഷ്യത്തോടും കൂടിയ ഭാവത്തിൽ പഞ്ചാബിയിൽ പറഞ്ഞു: നോക്കൂ, നിങ്ങളുടെ മസ്ജിദിൽ വന്നിട്ടാണോ മിർസാ സാഹിബ് താമസിക്കുന്നത്? നിങ്ങളുടെ മസ്ജിദിൽ വന്ന് മിർസാ സാഹിബ് താമസിക്കുകയോ? ഇതെങ്ങനെ സംഭവിക്കാനാണ്. കള്ളം പറയാതിരിക്കൂ. അപ്പോൾ ഞാൻ പറഞ്ഞു: നമ്മൾ ഒന്ന് പോയി നോക്കേണ്ടതുണ്ട്. മുൻശി സഫർ സാഹിബ് പറഞ്ഞു. തുടർന്ന് മുൻശി സാഹിബ് പെട്ടെന്ന് തന്നെ തലപ്പാവ് കെട്ടി എന്നോടൊപ്പം നടന്നു. മസ്ജിദിൽ ചെന്ന് നോക്കിയപ്പോൾ ഹുസൂർ തറയിൽ കിടക്കുകയായിരുന്നു. ഹാഫിസ് ഹാമിദ് അലി സാഹിബ് പാദങ്ങൾ തിരുമ്മി കൊടുക്കുകയായിരുന്നു. അടുത്ത് ഒരു പാത്രവും സ്പൂണും വച്ചിട്ടുണ്ടായിരുന്നു, അതിൽ നിന്ന് മനസ്സിലായത് ഒരുപക്ഷേ അങ്ങ് പാൽ കുടിച്ചിട്ടുണ്ടാകാം അല്ലെങ്കിൽ എന്തെങ്കിലും റൊട്ടി അതിൽ മുക്കി കഴിച്ചിട്ടുണ്ടാകാം എന്നാണ്. മുൻശി അറോറ സാഹിബ് ബോധിപ്പിച്ചു: ഹുസൂർ ഈ ഭാഗത്തേക്ക് എഴുന്നള്ളാൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഞങ്ങളെ അറിയിക്കാമായിരുന്നു. ഞങ്ങൾ കർത്താർപൂർ സ്റ്റേഷനിൽ ഹാജരാകുമായിരുന്നു. ഹുസൂർ മറുപടി നല്കി: വിവരം അറിയിക്കേണ്ട കാര്യമെന്തുണ്ട്? നാം താങ്കളോട് ഒരു വാഗ്ദാനം ചെയ്തിരുന്നു. അത് പൂർത്തിയാക്കേണ്ടതുണ്ടായിരുന്നു, അത് പൂർത്തിയാക്കിയെന്നു മാത്രം.

*അസ്ഹാബെ അഹ്മദ്, വാല്യം 4, പേജ് 141-142*

ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രസ്താവിക്കുന്നു:

എന്റെ അവസ്ഥ ഇപ്രകാരമാണ്, ആർക്കെങ്കിലും വിഷമം ഉണ്ടാകുകയും ഞാൻ നമസ്കാരത്തിൽ മുഴുകിയിരിക്കുകയുമാണെങ്കിൽ എന്റെ കാതിൽ അയാളുടെ ശബ്ദം എത്തിയാൽ ഞാൻ ആഗ്രഹിക്കുന്നത് നമസ്കാരം മുറിച്ചിട്ടാണെങ്കിലും അയാൾക്ക് ആശ്വാസം എത്തിക്കാൻ സാധിക്കുമെങ്കിൽ ആശ്വാസം എത്തിക്കാനാണ്. സാധ്യമാകുന്നിടത്തോളം സഹതാപം കാണിക്കാനാണ്.

**ഏതെങ്കിലും സഹോദരന്റെ മുസീബത്തിലും പ്രയാസത്തിലും കൂടെ നിൽക്കാതിരിക്കുന്നത് സ്വഭാവ മര്യാദകൾക്ക് വിരുദ്ധമാണ്. നിങ്ങൾക്ക് അയാൾക്ക് വേണ്ടി ഒന്നും ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ കുറഞ്ഞപക്ഷം ദുആയെങ്കിലും ചെയ്യുക. സ്വന്തക്കാരുടെ കാര്യം പോട്ടെ, ഞാൻ പറയുന്നത് അന്യരോടും ഹിന്ദുക്കളോടും പോലും ഉത്തമ സ്വഭാവത്തിന്റെ മാതൃക കാണിക്കുകയും അവരോട് സഹതാപം കാണിക്കുകയും ചെയ്യണമെന്നാണ്. ഉദാസീനമായ പ്രകൃതം ഒരിക്കലും ഉണ്ടാകാൻ പാടില്ല.**

ഇത് വെറുമൊരു ഉപദേശം മാത്രമല്ല, മറിച്ച് അദ്ദേഹത്തിന്റെ എത്രയൊക്കെ സംഭവങ്ങൾ കേൾപ്പിച്ചു തന്നുവോ, സ്വയം അദ്ദേഹത്തിന്റെ രീതിയും ഇതുതന്നെയായിരുന്നു. അദ്ദേഹം തുടർന്ന് എഴുതുന്നു,

ഒരിക്കൽ ഞാൻ പുറത്ത് നടക്കാൻ പോകുകയായിരുന്നു. അബ്ദുൽ കരീം സാഹിബ് എന്നൊരു റവന്യൂ ഉദ്യോഗസ്ഥൻ എന്റെ കൂടെയുണ്ടായിരുന്നു. അദ്ദേഹം ഒരല്പം മുന്നിലായിരുന്നു. ഞാൻ പിന്നിലും. വഴിയിൽ വച്ച് എഴുപതോ എഴുപത്തഞ്ചോ വയസ്സ് പ്രായമുള്ള ഒരു വൃദ്ധയായ ദരിദ്രയെ കണ്ടുമുട്ടി. അവർ ഒരു കത്ത് വായിച്ചു തരുന്നതിനായി ആ റവന്യൂ ഉദ്യോഗസ്ഥനോട് ആവശ്യപ്പെട്ടു. എന്നാൽ അദ്ദേഹം അവരെ ആട്ടിപ്പായിച്ചു കളഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രസ്താവിക്കുന്നു: അത് എന്റെ ഹൃദയത്തിൽ ഒരു നോവായി തോന്നി. ഞാൻ മുന്നോട്ട് അവരുടെ അടുക്കലേക്ക് ചെന്നപ്പോൾ അവർ ആ കത്ത് എനിക്ക് നല്കി. ഞാൻ അത് വാങ്ങി അവിടെ നിന്നു. അത് വായിച്ച് നന്നായി മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തു. അതിൽ റവന്യൂ ഉദ്യോഗസ്ഥന് ഒരുപാട് ലജ്ജിക്കേണ്ടി വന്നു. കാരണം അവിടെ നിൽക്കേണ്ടി വരികയും ചെയ്തു

പുണ്യം ലഭിച്ചതുമില്ല.

*മൽഫൂസാത്ത്, വാള്യം 2, പേജ് 176–177*

വിനയത്തോടെ കത്ത് വായിച്ചു കൊടുത്തിരുന്നെങ്കിൽ നന്നായിരുന്നു. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് പറയുന്നു

**ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്നെ കാണാൻ വരുന്നവരെ നോക്കി പുഞ്ചിരി തൂകുമായിരുന്നു. അദ്ദേഹത്തിന്റെ പുഞ്ചിരി കണ്ട് സന്ദർശകന്റെ എല്ലാ ക്ലേശങ്ങളും അതായത് പ്രയാസങ്ങളും നീങ്ങിപ്പോകുമായിരുന്നു.ഓരോ അഹമദിക്കും അദ്ദേഹത്തിന്റെ സദസ്സിൽ ചെന്നാൽ ഹൃദയത്തിലെ എല്ലാ ദുഃഖങ്ങളും കഴുകിപ്പോകിയ പ്രതീതയായിരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ പുഞ്ചിരിക്കുന്ന മുഖത്തേക്ക് കണ്ണ് പതിഞ്ഞാൽ ശരീരം മുഴുവൻ സന്തോഷത്തിന്റെ ഒരു തരംഗം ഉളവാകുമായിരുന്നു. ഒരു നിസ്സാരനായ വ്യക്തിയുടെ വാക്കുപോലും ശ്രദ്ധയോടെ കേൾക്കുകയും അതീവ സ്നേഹത്തോടെ മറുപടി നല്കുകയും ചെയ്യുക എന്നത് അദ്ദേഹത്തിന്റെ ശീലമായിരുന്നു. ഓരോ മനുഷ്യനും സ്വന്തം നിലയ്ക്ക് ചിന്തിച്ചിരുന്നത് ഹദ്റത്ത് സാഹിബിന് എന്നോട് തന്നെയാണ് ഏറ്റവും കൂടുതൽ സ്നേഹമെന്നാണ്. ചില ആളുകൾ - മസീഹ് മൗഊദിന്റെ സദസ്സിന്റെ മര്യാദകൾ അറിയാത്ത മനുഷ്യർ - പ്രവാചകന്മാരുടെ സദസ്സിന്റെ മര്യാദകൾ അറിയാത്ത സാധാരണക്കാരായ ആളുകൾ വളരെ സമയം തങ്ങളുമായി ബന്ധമില്ലാത്ത കഥകൾ കേൾപ്പിച്ചുകൊണ്ടേയിരിക്കുമായിരുന്നു. ഹദ്റത്ത് സാഹിബ് നിശ്ശബ്ദനായി ഇരുന്ന് കേട്ടുകൊണ്ടേയിരിക്കുമായിരുന്നു. ഒരിക്കലും ആരോടും മതിയാക്കൂ എന്ന് പറയില്ലായിരുന്നു.**

*സീറത്തുൽ മഹ്ദി, വാള്യം 1, നിവേദനം 247, പേജ് 227*

ഒരു മനുഷ്യൻ ഹദ്റത്ത് സാഹിബിന്റെ തിരുസമക്ഷത്തിൽ വന്നു, അദ്ദേഹം തല താഴോട്ട് കുനിച്ച് അദ്ദേഹത്തിന്റെ പാദങ്ങളിൽ വയ്ക്കാൻ ആഗ്രഹിച്ചു. ഹദ്റത്ത് കൈകൊണ്ട് അദ്ദേഹത്തിന്റെ തല മാറ്റിക്കൊണ്ടു പറഞ്ഞു. ഈ രീതി അനുവദനീയമല്ല. അസ്സലാമു അലൈക്കും പറയുകയും ഹസ്തദാനം ചെയ്യുകയുമാണ് വേണ്ടത്.

ഹദ്റത്ത് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ് എഴുതുന്നു: കാശ്മീരിൽ നിന്ന് ഒരു അഹ്മദി നല്ല പൊക്കമുള്ള പാവപ്പെട്ട മനുഷ്യൻ അതീവ ഇഖ്ലാസോടുകൂടി തന്റെ ഗ്രാമത്തിൽ നിന്ന് ഖാദിയാൻ വരെ വഴി മുഴുവൻ കാൽനടയായി നടന്ന് വരുമായിരുന്നു. അദ്ദേഹത്തിന്റെ പേര് മിക്കവാറും അഖൽജൂ എന്നായിരുന്നു, അദ്ദേഹം ഒരിക്കൽ ഖാദിയാനിൽ വന്നിട്ടുണ്ടായിരുന്നു, ആ സമയത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു ദിവസം രാവിലെ നടക്കാൻ പോകുന്നതിനായി പുറത്തേക്ക് എഴുന്നള്ളി. ചൗക്കിൽ ആ കാശ്മീരിയും നിൽക്കുന്നുണ്ടായിരുന്നു, അദ്ദേഹം ഹദ്റത്ത് സാഹിബിനെ കണ്ടപ്പോൾ സ്നേഹാധിക്യത്താൽ കരഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ പാദങ്ങളിൽ തല വച്ചു. അദ്ദേഹം കുനിഞ്ഞ് അദ്ദേഹത്തെ എഴുന്നേൽപ്പിച്ചുകൊണ്ട് പറഞ്ഞു, ഇത് അനുവദനീയമല്ല, മനുഷ്യനെ സജ്ദ ചെയ്യരുത്.

*ദിക്റെ ഹബീബ്, പേജ് 162*

അതായത് യാതൊരു വ്യക്തിയെയും ഒരിക്കലും സജ്ദ ചെയ്യരുത്, പാദങ്ങളിൽ കുനിയരുത്.

ഇതുപോലെ ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി എഴുതുന്നു, ഒരിക്കൽ ഒരു മനുഷ്യൻ - ദുനിയാവിലെ ഫക്കീർമാരുടെയും ദർഗാ പരിപാലകരുടെയും അതീവ പ്രേമിയായിരുന്നു. അവരുടെ സദസ്സുകളിൽ ഇരിക്കുന്നത് ശീലമായി മാറിയിട്ടുണ്ടായിരുന്നു. പീർമാരുടെയും സജ്ജാദ നശീൻമാരുടെയും(സൂഫി പീഠാധിപന്മാരുടെയും) സദസ്സുകളുടെ ശീലമുണ്ടായിരുന്നു അദ്ദേഹത്തിന്. അദ്ദേഹം പറയുന്നു: അദ്ദേഹം ഞങ്ങളുടെ മസ്ജിദിൽ വന്നു. ആളുകൾ സ്വാതന്ത്ര്യത്തോടെ ഹുസൂറിനോട് സംസാരിക്കുന്നത് കണ്ട് അദ്ദേഹം അത്ഭുതപ്പെട്ടുപോയി. ഹുസൂറിനോട് പറഞ്ഞു: താങ്കളുടെ മസ്ജിദിൽ മര്യാദയില്ല. പീർമാരുടെ സദസ്സിൽ നിന്ന് എഴുന്നേറ്റു വന്ന ആ മനുഷ്യൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് പറയാൻ തുടങ്ങി: താങ്കളുടെ മസ്ജിദിൽ യാതൊരു മര്യാദയുമില്ല. ആളുകൾ യാതൊരു സങ്കോചവുമില്ലാതെ ഇരിക്കുകയാണ്. ഭയമില്ലാതെയും ധൈര്യത്തോടെയും ഇരിക്കുകയാണ്. താങ്കളോട് സംസാരിക്കുകയും ചെയ്യുന്നു, അതായത് ആദരവും ബഹുമാനവും നൽകുന്നില്ല താങ്കൾക്ക്.

**ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രസ്താവിച്ചു: ആളുകൾ എന്നെ വന്യമൃഗത്തെപ്പോലെ ഭയപ്പെടുന്ന തരത്തിൽ ഞാൻ അത്രയും കഠിന സ്വഭാവക്കാരനും ഭയാനകനുമായി ഇരിക്കുക എന്നത് എന്റെ രീതി അല്ല. ഞാൻ വിഗ്രഹമാകുന്നതിനെ കഠിനമായി വെറുക്കുന്നു. ഞാൻ വിഗ്രഹാരാധനയെ തകർക്കാനാണ് വന്നിട്ടുള്ളത്. അല്ലാതെ ഞാൻ സ്വയം വിഗ്രഹമാവാനും ആളുകൾ എന്നെ പൂജിക്കാനുമല്ല. അല്ലാഹു നന്നായി അറിയുന്നു. ഞാൻ എനിക്ക് മറ്റുള്ളവരേക്കാൾ ഒട്ടും മുൻഗണന നല്കുന്നില്ല. എന്റെ അടുക്കൽ അഹങ്കാരിയേക്കാൾ വലിയ വിഗ്രഹാരാധകനും അശുദ്ധനും വേറെയില്ല. അഹങ്കാരി യാതൊരു ദൈവത്തെയും ആരാധിക്കുന്നില്ല, മറിച്ച് അവൻ സ്വന്തത്തെത്തന്നെയാണ് ആരാധിക്കുന്നത്.**

*ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി ഇർഫാനി (റ), സീറത്ത് ഹദ്റത്ത് മസീഹെ മൗഊദ് (അ), പേജ് 314*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് പറയുന്നു: മുൻശി സഫർ അഹ്മദ് സാഹിബിന്റെ ഒരു നിവേദനമാണ്. അദ്ദേഹം പറയുന്നു: ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഡൽഹിയിൽ നിന്ന് മടങ്ങുമ്പോൾ അമൃതസറിൽ ഇറങ്ങി. ഹദ്റത്ത് ഉമ്മുൽ മുഅ്മിനീനും കൂടെയുണ്ടായിരുന്നു. ഹുസൂർ ഒരു സാഹിബ്സാദയെ - മിക്കവാറും മിയാൻ ബശീർ അഹ്മദ് സാഹിബായിരുന്നു - മടിയിൽ എടുക്കുകയും ഭാരമുള്ള ഒരു ബാഗ് മറുഭാഗത്ത് എടുക്കുകയും ചെയ്തു. അതായത് ഒരു വശത്ത് കുട്ടിയെടുത്തു മറുവശത്ത് ബാഗെടുത്തു. എന്നോട് പറഞ്ഞു: താങ്കൾ പാൻദാൻ(മുറുക്കാൻ പെട്ടി) എടുത്തുകൊള്ളു. അദ്ദേഹവും കൂടെയുണ്ടായിരുന്നു, അദ്ദേഹത്തോട് പറഞ്ഞു പാൻദാൻ താങ്കൾ എടുത്തുകൊള്ളു. ചെറിയ ഒന്നായിരുന്നു അത്. ഞാൻ പറഞ്ഞു ഹുസൂർ എനിക്ക് ഈ ബാഗ് തന്നേക്കൂ. അദ്ദേഹം പ്രതിവചിച്ചു: ഇല്ല, ഒന്ന് രണ്ട് വട്ടം ഞാൻ പറഞ്ഞിട്ടും ഹുസൂർ അതുതന്നെയാണ് പറഞ്ഞത്, എന്തായാലും ഞാൻ പാൻദാൻ എടുക്കുകയും ഞങ്ങൾ നടക്കാൻ തുടങ്ങുകയും ചെയ്തു. അത്രയും സമയം കൊണ്ട് സ്റ്റേഷനിലുണ്ടായിരുന്ന രണ്ട് മൂന്ന് യുവാക്കളായ ഇംഗ്ലീഷുകാർ എന്നോട് പറഞ്ഞു: ഹുസൂറിനോട് പറയൂ ഒരല്പം നിൽക്കാൻ. അങ്ങനെ ഞാൻ അപേക്ഷിച്ചു: ഹുസൂർ ഇവർ ആഗ്രഹിക്കുന്നത് ഹുസൂർ ഒരല്പം നിൽക്കണമെന്നാണ്. ഹുസൂർ നിന്നു, ഇംഗ്ലീഷുകാരായിരുന്നു അവിടെ സ്റ്റേഷനിൽ. അവർ ആ അവസ്ഥയിൽത്തന്നെ ഹുസൂറിന്റെ ഫോട്ടോ എടുത്തു. ഒരു കുട്ടിയെയും എടുത്തിട്ടുണ്ടായിരുന്നു സാധനങ്ങളും എടുത്തിട്ടുണ്ടായിരുന്നു. അവർ ചിത്രം എടുത്തു. അവർ ചിത്രം എടുക്കാൻ ആഗ്രഹിച്ചിരുന്നു. ഹുസൂർ ഇത്രയും ലാളിത്യത്തിലായിരുന്നിട്ടും ആ ആളുകൾ ഹുസൂറിന്റെ വ്യക്തിത്വത്തിൽ സ്വാധീനിക്കപ്പെടുകയും അവർ പറയുകയും ചെയ്തു ഞങ്ങൾ ആഗ്രഹിക്കുന്നത് ഈ പുണ്യപുരുഷന്റെ ചിത്രം എടുക്കാനാണ് എന്ന്.

*സീറത്തുൽ മഹ്ദി, വാള്യം 2, പേജ് 58–59, നിവേദനം 1073*

ഹദ്റത്ത് മലിക് മൗലാ ബക്ഷ് സാഹിബ് പ്രസ്താവിക്കുന്നു: മിയാൻ ജാൻ മുഹമ്മദ് എന്ന പേരുള്ള ഒരു സാഹിബ് അമൃതസറിൽ ഞങ്ങളുടെ വീടിന് മുന്നിലായിരുന്നു താമസിച്ചിരുന്നത്, അദ്ദേഹം അതീവ വാചാലനായിരുന്നു. ഹദ്റത്ത് അഖ്ദസിന്റെ സുർമാ ചശ്മേ ആര്യ എന്ന പുസ്തകം പ്രായോഗികമായി മനപ്പാഠമാക്കിയ ആളായിരുന്നു അദ്ദേഹം. നിരക്ഷരനായിരുന്നിട്ടും ആര്യന്മാരോട് നന്നായി സംവാദം നടത്തുമായിരുന്നു. അദ്ദേഹത്തിന് മറാഖിന്റെ രോഗം ബാധിച്ചു, ഡിപ്രഷനും ഭ്രാന്തമായ അവസ്ഥയും ഉണ്ടാകുമായിരുന്നു. ആര് കണ്ടുമുട്ടിയാലും തന്റെ രോഗവിവരങ്ങൾ വലിയ രീതിയിൽ നീട്ടിപ്പരത്തി ഒട്ടേറെ സമയം നിർത്തി കേൾപ്പിക്കുമായിരുന്നു. ആളുകൾ അദ്ദേഹത്തിന്റെ വാക്കുകൾ കേട്ട് കേട്ട് മടുത്തുതുടങ്ങുകയും സംസാരിക്കുന്നത് കേൾക്കുന്നതിൽ നിന്ന് ഒഴിഞ്ഞുമാറാൻ ആരംഭിക്കുകയും ചെയ്തു. ആരോ അദ്ദേഹത്തോട് പറഞ്ഞു, താങ്കൾ ഖാദിയാനിൽ പോവുകയും ഹദ്റത്ത് മൗലവി ഹകീം നൂർ ദീൻ സാഹിബിൽ നിന്ന് ചികിത്സ തേടുകയും ചെയ്യൂ. അദ്ദേഹം പറഞ്ഞു, അദ്ദേഹം വലിയ മനുഷ്യനാണ്, എന്റെ കഥയൊക്കെ എപ്പോഴാണ് കേട്ടിരിക്കുക. അദ്ദേഹം പറയുന്നു, ഹദ്റത്ത് ഖലീഫത്തുൽ അവ്വൽ എപ്പോഴാണ് എന്റെ കഥ കേൾക്കുക, വളരെ നീണ്ട കഥയാണ്. ആ വ്യക്തി പറഞ്ഞു, ഇല്ല അദ്ദേഹം അതീവ സദ്ഗുണമുള്ള മനുഷ്യനാണ്. തീർച്ചയായും താങ്കളുടെ വാക്കുകൾ കേൾക്കും. അങ്ങനെ ആ സാഹിബ് ഖാദിയാനിൽ വന്നു. യാദൃച്ഛികമായി ഇപ്രകാരം സംഭവിച്ചു, അദ്ദേഹം കുതിരവണ്ടിയിൽ നിന്ന് ചെന്ന് ഇറങ്ങിയപ്പോൾ ആ സമയത്ത് ഹദ്റത്ത് അഖ്ദസ് സേവകന്മാരോടൊപ്പം നടക്കാൻ പോയി തിരിച്ചു വരികയായിരുന്നു. കുതിരവണ്ടിക്കാരൻ പറഞ്ഞു, അതാ ഹദ്റത്ത് മിർസാ സാഹിബ് വരുന്നുണ്ട്. പിന്നെ ഒന്നും നോക്കിയില്ല ആ സാഹിബ് കുതിരവണ്ടിയിൽ നിന്നിറങ്ങി ടാംഗയിൽ നിന്നിറങ്ങി നേരെ ചെന്ന് കൈകൊടുക്കുകയും തന്റെ രോഗവിവരങ്ങൾ തന്റെ മറാഖിന്റെ അവസ്ഥയിൽ വിവരിക്കാൻ തുടങ്ങുകയും ചെയ്തു പരിഭ്രമത്തോടെ എങ്ങനെയൊക്കെയാണോ വ്യക്തമാക്കുന്നത്. നീണ്ട നീണ്ട കഥകൾ വിവരിക്കാൻ തുടങ്ങി. കഥ എത്രത്തോളം നീണ്ടുപോയെന്നാൽ എല്ലാ ആളുകളും മടുത്തിട്ട് അവിടെനിന്നുപോയി, എന്നാൽ ഹദ്റത്ത് അഖ്ദസ് ശാന്തനായി അവിടെ നിന്ന് അദ്ദേഹത്തിന്റെ കൈയിൽ കൈകോർത്ത് എല്ലാം കേട്ടുകൊണ്ടേയിരുന്നു. ഒടുവിൽ മിയാൻ ജാൻ മുഹമ്മദ് സാഹിബ് രോഗിയായിരുന്ന ആ വ്യക്തി സ്വയം തന്നെ പറഞ്ഞു, ഇപ്പോൾ എന്റെ വായ വരണ്ടുപോയി എനിക്ക് ഇനി സംസാരിക്കാൻ കഴിയില്ല. ഞാൻ ഇത്രയും സമയം സംസാരിച്ചുകൊണ്ടേയിരുന്നു താങ്കൾ കേട്ടുകൊണ്ടുമിരിക്കുന്നു. അതിൽ ഹുസൂർ പ്രസ്താവിച്ചു, വളരെ നല്ലത് താങ്കൾ അതിഥി മന്ദിരത്തിലേക്ക് പോവുക, എന്തെങ്കിലും കഴിക്കുകയോ കുടിക്കുകയോ ചെയ്യുക, പിന്നീട് മൗലവി സാഹിബിനോട് അതായത് ഹദ്റത്ത് ഹകീം മൗലവി നൂർ ദീൻ സാഹിബിനോട് വിവരങ്ങൾ ബോധിപ്പിച്ച് അദ്ദേഹത്തിൽ നിന്ന് മരുന്ന് വാങ്ങിക്കൊള്ളുക. അങ്ങനെ ഈ സാഹിബ് പുതുജീവൻ കൈവരിച്ച് മൗലവി സാഹിബിന്റെ തിരുസമക്ഷത്തിൽ ഹാജരാവുകയും ഹദ്റത്ത് ഹകീം നൂർ ദീൻ സാഹിബിന്റെ തിരുസമക്ഷത്തിൽ ആ നീണ്ട കഥ വീണ്ടും ആരംഭിക്കുകയും ചെയ്തു. ഹദ്റത്ത് മൗലവി സാഹിബ് പെട്ടെ

ന്ന് കുറിപ്പടി എഴുതി നൽകി, ഒരല്പം വിവരിച്ചപ്പോൾത്തന്നെ അദ്ദേഹത്തിന് മനസ്സിലായിരുന്നു അദ്ദേഹം ഹകീം ആയതുകൊണ്ട് എന്താണ് രോഗമെന്ന്. കുറിപ്പടി എഴുതി നൽകിയിട്ട് പറഞ്ഞു, എനിക്ക് താങ്കളുടെ രോഗം മനസ്സിലായിട്ടുണ്ട് അതിന്റെ കഥ കേൾക്കേണ്ടതില്ല. അദ്ദേഹം കുറിപ്പടി വാങ്ങിയെങ്കിലും പറയുകയുണ്ടായി, **മൗലവി നൂർ ദീൻ സാഹിബ് വലിയ സദ്ഗുണമുള്ളയാളാണെന്ന് ആളുകൾ പറഞ്ഞിരുന്നു എന്നാൽ ഹദ്റത്ത് മിർസാ സാഹിബിന്റെ സ്വഭാവവും** അദ്ദേഹത്തിന്റെ സ്വഭാവവും തമ്മിൽ എന്ത് താരതമ്യം? ഇതിന്റെ സ്വാധീനം അദ്ദേഹത്തിൽ എത്രമാത്രം ഉണ്ടായിയെന്നാൽ അദ്ദേഹം ബൈഅത്ത് ചെയ്തു.

മുൻപ് ബൈഅത്ത് ചെയ്തിട്ടുണ്ടായിരുന്നില്ല ഇതിനാൽ അദ്ദേഹം ബൈഅത്ത് ചെയ്തു. ഈ സംഭവം അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ മർഹൂം ഡോക്ടർ ഇബാദുല്ലാഹ് സാഹിബ് എന്നെ കേൾപ്പിച്ചതാണെന്ന് അദ്ദേഹം പറയുന്നു, അദ്ദേഹം ഇത് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

*അസ്ഹാബെ അഹ്മദ്, വാല്യം 1, പേജ് 143-144*

ഇതുപോലെ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു, മാസ്റ്റർ അല്ലാഹ് ദിത്താ സാഹിബ് ഒരു എഴുത്തിലൂടെ വിവരിച്ചിട്ടുണ്ട്, ഒരിക്കൽ ലാഹോറിൽ അഹ്മദിയ്യ ബിൽഡിങ്സിൽ ഹുസൂർ എഴുന്നള്ളിയിരിക്കുമ്പോൾ ശർഖ്പൂർ ഭേനിയിൽ നിന്ന് മുസ്തഖീം എന്ന പേരുള്ള വയോധികനും അശക്തനുമായ ഒരു മനുഷ്യൻ ഹുസൂറിന്റെ തിരുസമക്ഷത്തിൽ ദർശനത്തിനായി വന്നു. സ്നേഹിതന്മാരുടെ കൂട്ടത്തിനിടയിൽ അദ്ദേഹത്തിന് ഹുസൂറിന്റെ അടുക്കലേക്ക് എത്താൻ കഴിഞ്ഞില്ല, അദ്ദേഹം ഉച്ചത്തിൽ പറഞ്ഞു ഹുസൂർ ഞാൻ ദർശനത്തിനായി വന്നതാണ്. ഹുസൂർ പറഞ്ഞു, ബാബാ ജിയെ മുന്നോട്ട് വരാൻ അനുവദിക്കൂ. പ്രായമുള്ള മനുഷ്യനായിരുന്നു എന്നാൽ അദ്ദേഹത്തിന് നന്നായി എഴുന്നേൽക്കാൻ കഴിയുമായിരുന്നില്ല, അതിൽ ഹുസൂർ പറഞ്ഞു, ബാബാ ജിയെ ബുദ്ധിമുട്ടിക്കരുത്, പിന്നീട് ഹുസൂർ സ്വയം എഴുന്നേറ്റ് അദ്ദേഹത്തിന്റെ അടുക്കൽ ചെന്ന് ഇരുന്നു.

*സീറത്തുൽ മഹ്ദി, വാല്യം 1, നിവേദനം 740, പേജ് 672*

ഇതുപോലെ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ഹദ്റത്ത് ഡോക്ടർ മീർ മുഹമ്മദ് ഇസ്മാഈൽ സാഹിബിന്റെ നിവേദനം വിവരിക്കുന്നു, ഹദ്റത്ത് മസീഹ് മൗഊദ് (അ) ഏതാനും സേവകന്മാരോടൊപ്പം ബാബാനാക്ക് സാഹിബിന്റെ ചോല (തിരുവസ്ത്രം) കാണുന്നതിനായി ഡേരാ ബാബാ നാനാക്കിലേക്ക് എഴുന്നള്ളിയപ്പോൾ അവിടെ ഒരു പേരാൽ മരത്തിന്റെ ചുവട്ടിൽ ചില തുണികൾ വിരിച്ച് ജമാഅത്തിലെ ആളുകൾ ഹുസൂറിനോടൊപ്പം ഇരുന്നു. മൗലവി മുഹമ്മദ് അഹ്സൻ സാഹിബും കൂടെയുണ്ടായിരുന്നു. ഗ്രാമത്തിലെ ആളുകൾ ഹുസൂർ വന്ന വിവരമറിഞ്ഞ് അവിടെ ഒത്തുകൂടാൻ തുടങ്ങി, അപ്പോൾ അവരിൽ ആദ്യം വന്ന ഏതാനും ആളുകൾ മൗലവി മുഹമ്മദ് അഹ്സൻ സാഹിബിനെ മസീഹ് മഊദായി കരുതി അദ്ദേഹത്തോട് ഹസ്തദാനം ചെയ്തുപോയി. മൂന്ന് നാല് ആളുകൾ ഹസ്തദാനം ചെയ്തതിന് ശേഷം അവർക്ക് അബദ്ധം പറ്റിയതാണെന്ന് മനസ്സിലാക്കപ്പെട്ടു. അതിനുശേഷം മൗലവി മുഹമ്മദ് അഹ്സൻ സാഹിബ് തന്നോട് ഹസ്തദാനം ചെയ്യുന്ന അങ്ങനെയുള്ള ഓരോ വ്യക്തിയെയും ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇതാണെന്ന് വ്യക്തമാക്കിക്കൊണ്ട് ഹുസൂറിന്റെ നേർക്ക് ശ്രദ്ധ തിരിപ്പിച്ചു കൊടുക്കുമായിരുന്നു.

*സീറത്തുൽ മഹ്ദി, വാല്യം 1, നിവേദനം 401, പേജ് 307*

ഹദ്റത്ത് ശൈഖ് അബ്ദുൽ ഖാദിർ സാഹിബ് എഴുതുന്നു, അദ്ദേഹത്തിന്റെ വലിയ മകൻ ഹദ്റത്ത് മിർസാ സുൽത്താൻ അഹ്മദ് സാഹിബ് മർഹൂം പ്രസ്താവിക്കുമായിരുന്നു:

**എന്റെ പിതാവ് തന്റെ ജീവിതം ഒരു മുഗളിനെപ്പോലെയല്ല നയിച്ചത്. അദ്ദേഹം പ്രഭുകുടുംബാംഗമായിരുന്നു, മുഗളായിരുന്നു, എങ്കിലും ഒരു ദർവേശിനെപ്പോലെയാണ് ജീവിതം നയിച്ചത്.**

ഖാദിയാനിലെ കൻഹയ്യാ ലാൽ എന്ന പണമിടപാടുകാരന്റെ നിവേദനം ഇപ്രകാരമാണ്, ഒരിക്കൽ ഹദ്റത്ത് മിർസാ സാഹിബിന് സ്വയം ബട്ടാലയിലേക്ക് പോകേണ്ടതുണ്ടായിരുന്നു, അദ്ദേഹം എന്നോട് ഒരു ടാംഗ ഏർപ്പാടാക്കാൻ പറഞ്ഞു. ഹദ്റത്ത് പുഴയുടെ അടുത്ത് എത്തിയപ്പോൾ വീട്ടിൽ എന്തോ ഒരു സാധനം മറന്നുവെച്ച കാര്യം ഓർമ്മവന്നു. ടാംഗക്കാരനെ അവിടെ നിർത്തി അദ്ദേഹം കാൽനടയായി തിരിച്ചുപോന്നു. പാലത്തിൽ വെച്ച് ടാംഗക്കാരന് മറ്റ് യാത്രക്കാരെ ലഭിക്കുകയും അവൻ ബട്ടാലയിലേക്ക് തിരിക്കുകയും ചെയ്തു. മിർസാ സാഹിബ് മിക്കവാറും കാൽനടയായിത്തന്നെയായിരിക്കണം ബട്ടാലയിലേക്ക് പോയത്, അതിനാൽ ഞാൻ ടാംഗക്കാരനെ വിളിച്ചുവരുത്തി അടിക്കുച്ചുകൊണ്ട് പറഞ്ഞു, ദുഷ്ടാ ഇത് മിർസാ നിസാം ദീൻ ആയിരുന്നെങ്കിൽ നിനക്ക് മൂന്ന് ദിവസം അവിടെ ഇരിക്കേണ്ടി വന്നാലും നീ ഇരിക്കുമായിരുന്നു, എന്നാൽ ഇദ്ദേഹം നല്ലവനും സാധുപ്രകൃതമുള്ളവനുമായ മനുഷ്യനായതുകൊണ്ട് നീ ഇദ്ദേഹത്തെ ഉപേക്ഷിച്ചുപോയി. അദ്ദേഹം പറയുന്നു, എന്തായാലും മിർസാ സാഹിബിന് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് ഇതിനെക്കുറിച്ച് വിവരം ലഭിച്ചപ്പോൾ അദ്ദേഹം എന്നെ വിളിച്ചുവരുത്തി പറഞ്ഞു, അവൻ എനിക്ക് വേണ്ടി എങ്ങനെ കാത്തിരിക്കാനായിരുന്നു. അവന് കൂലി ലഭിച്ചു അവൻ പോയി, താങ്കൾ എന്തിനാണ് അവനോട് അതിക്രമം കാണിച്ചത്.

*ഹയാത്തെ ത്വയ്യിബ, പേജ് 15-16*

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഉപദേശിച്ചുകൊണ്ട് പ്രസ്താവിക്കുന്നു:

ഓരോ വ്യക്തിയും തഹജ്ജുദിനായി എഴുന്നേൽക്കാൻ ശ്രമിക്കേണ്ടതുണ്ട്, അഞ്ചുസമയത്തെ നമസ്കാരങ്ങളിൽ ഖുനൂത് ഉൾപ്പെടുത്തുകയും വേണം. അല്ലാഹുവിനെ കോപിപ്പിക്കുന്ന എല്ലാത്തരം കാര്യങ്ങളിൽ നിന്നും തൗബ ചെയ്യുക. തൗബ കൊണ്ട് അർത്ഥമാക്കുന്നത് ഈ എല്ലാ തിന്മകളെയും അല്ലാഹുവിന്റെ അപ്രീതിക്കുള്ള കാരണങ്ങളെയും ഉപേക്ഷിച്ച് ഒരു സത്യാവസ്ഥയിലുള്ള മാറ്റം വരുത്തുകയും മുന്നോട്ട് ചുവടുവെക്കുകയും തഖ്‌വ സ്വീകരിക്കുകയുമാണ്. സ്വഭാവശുദ്ധി വരുത്തുക. അതിലും അല്ലാഹുവിന്റെ കാരുണ്യമുണ്ടാകും. മാനുഷിക ശീലങ്ങളെ സൽസ്വഭാവമുള്ളതാക്കി മാറ്റുക. കോപിക്കരുത്, വിനയവും താഴ്മയും അതിന് പകരമായി വരണം. സ്വഭാവത്തിന്റെ നന്മയോടൊപ്പം തന്റെ കഴിവിനനുസരിച്ച് സ്വദഖ നൽകുന്നതും ശീലമാക്കുക.

*മൽഫൂസാത്ത്, വാല്യം 1, പേജ് 215*

ഇപ്രകാരം വിവിധ കാര്യങ്ങൾ ജമാഅത്തിനോട് അദ്ദേഹം ഉപദേശിച്ചു. പിന്നീട് അദ്ദേഹം പ്രസ്താവിക്കുന്നു:

**തഖ്‌വയുള്ളവർക്കുള്ള ഒരു നിബന്ധന അവർ തങ്ങളുടെ ജീവിതം ദാരിദ്ര്യത്തിലും വിനയത്തിലും നയിക്കണമെന്നാണ്. ഇത് തഖ്‌വയുടെ ഒരു ശാഖയാണ്. ദാരിദ്ര്യത്തിലും വിനയത്തിലും ജീവിതം നയിക്കുക എന്നത് തഖ്‌വയുടെ ശാഖയാണ്, അതിലൂടെയാണ് നാം അനാവശ്യമായ കോപത്തോട് പോരാടേണ്ടത്. വലിയ ആരിഫീങ്ങൾക്കും(ജ്ഞാനികൾക്കും) സിദ്ദീഖീങ്ങൾക്കും ഏറ്റവും ഒടുവിലത്തെയും കഠിനമേറിയതുമായ ഘട്ടം കോപത്തിൽ നിന്ന് രക്ഷപ്പെടുക എന്നത് തന്നെയാണ്.**

അഹങ്കാരവും ആത്മവിശ്വാസക്കുറവും കോപത്തിൽ നിന്നാണ് ഉണ്ടാകുന്നത്, അതുപോലെതന്നെ കോപം സ്വയം അഹങ്കാരത്തിന്റെയും ആത്മവിശ്വാസക്കുറവിന്റെയും ഫലമാണ്, കാരണം മനുഷ്യൻ തന്റെ മനസ്സിന് മറ്റുള്ളവരേക്കാൾ മുൻഗണന നൽകുന്ന സമയത്താണ് കോപമുണ്ടാകുന്നത്. **എന്റെ ജമാഅത്തിലുള്ളവർ പരസ്പരം ഒന്നിനെ ചെറുതോ വലുതോ ആയി കാണാനോ പരസ്പരം അഹങ്കാരം കാണിക്കാനോ അവഹേളനത്തോടെ നോക്കാനോ ഞാൻ ആഗ്രഹിക്കുന്നില്ല. ആരാണ് വലിയവനെന്നും ആരാണ് ചെറിയവനെന്നും അല്ലാഹുവിനറിയാം. ഇത് ഒരുതരം നിന്ദിക്കലാണ്, ആരുടെ ഉള്ളിലാണോ നിന്ദ്യതയുള്ളത്, ഈ നിന്ദ്യത ഒരു വിത്തുപോലെ വളർന്ന് അവന്റെ നാശത്തിന് കാരണമായിത്തീരുമെന്ന് ഭയപ്പെടേണ്ടതുണ്ട്. ചില മനുഷ്യർ വലിയവരെ കാണുമ്പോൾ വലിയ ആദരവോടെയാണ് പെരുമാറുന്നത്, എന്നാൽ വലിയവൻ എന്നാൽ ഒരു ദരിദ്രന്റെ വാക്ക് വിനയത്തോടെ കേൾക്കുന്നവനാണ്. അവന്റെ മനം കുളിർപ്പിക്കുന്നവനാണ്. അവന്റെ വാക്കിനെ ബഹുമാനിക്കുന്നവനാണ്, വിഷമമുണ്ടാക്കുന്ന യാതൊരു പരിഹാസവാക്കും മുഖത്തുനോക്കി പറയാത്തവനാണ്.**

അല്ലാഹുപറയുന്നു:

وَلَا تَنَابَزُوْا بِالْاَلْقَابِ ؕ بِئْسَ الِاسْمُ الْفُسُوْقُ بَعْدَ الْاِيْمَانِ ۚ
وَمَنْ لَّمْ يَتُبْ فَاُولٰٓئِكَ هُمُ الظّٰلِمُوْنَ

ഇതിന്റെ അർത്ഥം ഇതാണ്. പരസ്പരം മോശം പേരുകൾ വിളിച്ച് ആക്ഷേപിക്കരുത്. ഈമാൻ കൊണ്ടുവന്നതിന് ശേഷം ഈ ഫിസ്ഖിന്റെ(അധാർമികത) കറ വളരെ മോശം കറയാണ്. ആര് തൗബ ചെയ്തില്ലയോ അവർ തന്നെയാണ് അക്രമികൾ.

*വിശുദ്ധ ഖുർആൻ, 49:12*

ഇതിന്റെ വിശദീകരണം നൽകിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രസ്താവിക്കുന്നു: പരസ്പരം പരിഹാസപ്പേരുകൾ വിളിക്കരുത്, പേരുകൾ ഇടരുത്. ഈ പ്രവൃത്തി ഫാസിഖീങ്ങളുടെയും ഫാജിറീങ്ങളുടെയും(അധർമികളും അസാന്മാർഗികരുമായവർ) ആണ്. ഏതൊരു വ്യക്തിയാണോ മറ്റൊരാളെ പരിഹസിക്കുന്നത്, അവൻ സ്വയം അതിൽ അകപ്പെടുന്നത് വരെ മരണപ്പെടുകയില്ല.

**നിങ്ങളുടെ സഹോദരന്മാരെ നിസ്സാരരായി കാണരുത്. നാളെ എല്ലാവരും ഒരേ ഉറവയിൽ നിന്നാണ് വെള്ളം കുടിക്കുന്നത് എന്നതിനാൽ ആരുടെ വിധിയിലാണ് കൂടുതൽ വെള്ളം ഉള്ളതെന്ന് ആർക്കറിയാം. ആദരണീയനും ബഹുമാന്യനുമാകാൻ യാതൊരു ലൗകിക തത്വങ്ങൾക്കും കഴിയില്ല. ആരാണോ മുത്തഖി അവനാണ് അല്ലാഹുവിന്റെ അടുക്കൽ വലിയവൻ.**

اِنَّ اَكْرَمَكُمْ عِنْدَ اللّٰهِ اَتْقٰكُمْ ؕ اِنَّ اللّٰهَ عَلِيْمٌ خَبِيْرٌ

അല്ലാഹുവിന്റെ അടുക്കൽ നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും കൂടുതൽ തഖ്‌വയുള്ളവൻ തന്നെയാണ്. അല്ലാഹു തീർച്ചയായും എല്ലാം അറിയുന്നവനും സൂക്ഷ്മജ്ഞനുമാണ്. വിശുദ്ധ ഖുർആൻ, 49:14

*മൽഫൂസാത്ത്, വാല്യം 1, പേജ് 35-36*

**അല്ലാഹു നമുക്ക് യഥാർത്ഥ രീതിയിൽ വിനയവും താഴ്മയും സ്വായത്തമാക്കാൻ തൗഫീഖ് നൽകി അനുഗ്രഹിക്കുമാറാകട്ടെ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബൈഅത്തിൽ വന്ന് നാം യഥാർത്ഥ ഇസ്ലാമിന്റെ അധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നവരും അതിന്റെ അവകാശം പൂർത്തീകരിക്കുന്നവരുമായിത്തീരുമാറാകട്ടെ.**

(അനസ്. പി.കെ)

# ഖുത്വ്ബ ജുമുഅ

2026 ജൂൺ 12, 1405 ഇഹ്സാൻ 12
മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ

# നബി തിരുമേനി(സ)യുടെ ഉദാരതയുടെയും ദാനശീലത്തിന്റെയും അതുല്യ മാതൃക

ഖുത്‌ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ, സൂറഃ ഫാതിഹ എന്നിവയുടെ പാരായണത്തിന് ശേഷം ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹു) പ്രതിപാദിച്ചു:

اَلَّذِيْنَ يُنْفِقُوْنَ اَمْوَالَهُمْ بِالَّيْلِ وَالنَّهَارِ سِرًّا وَّ عَلَانِيَةً فَلَهُمْ اَجْرُهُمْ عِنْدَ رَبِّهِمْ

وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُوْنَ- (2:275)

وَفِيْٓ اَمْوَالِهِمْ حَقٌّ لِّلسَّآئِلِ وَالْمَحْرُوْمِ-

(51:20)

ഞാൻ ആദ്യം പാരായണം ചെയ്ത ആയത്ത് സൂറത്തുൽ ബഖറയിൽ നിന്നുള്ളതാണ്. അതിന്റെ തർജമ ഇപ്രകാരമാണ്, രാവും പകലും രഹസ്യമായും പരസ്യമായും തങ്ങളുടെ ധനം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവ് ചെയ്തുകൊണ്ടിരിക്കുന്നവർ ആരോ അവർക്ക് അവരുടെ റബ്ബിന്റെ അടുക്കൽ അവരുടെ പ്രതിഫലം സുരക്ഷിതമായിരിക്കുന്നു, അവർക്ക് യാതൊരു ഭയവും ഉണ്ടാകുകയില്ല, അവർ ദുഃഖിക്കുകയുമില്ല. രണ്ടാമത്തെ ആയത്ത് അദ്ദാരിയാത്ത് എന്ന സൂറത്തിൽ നിന്നുള്ളതാണ്. സൂറത്തുൽ അദ്ദാരിയാത്തിൽ അല്ലാഹു പറയുന്നു, എന്നാൽ അവരുടെ ധനങ്ങളിൽ ചോദിക്കുന്നവർക്കും ചോദിക്കാൻ സാധിക്കാത്തവർക്കും അവകാശമുണ്ട്.

**ഇന്ന് ഞാൻ നബി തിരുമേനി(സ)യുടെ ഉദാരതയുടെയും ദാനശീലത്തിന്റെയും മാതൃകയെക്കുറിച്ച് ചില നിവേദനങ്ങൾ വിവരിക്കുന്നതാണ്.** ഈ കാര്യത്തെക്കുറിച്ച് എപ്രകാരമാണ് അദ്ദേഹം ആവർത്തിച്ചാവർത്തിച്ച് സത്യവിശ്വാസികളെ ഉണർത്തിയത് എന്നും അതുപോലെ അദ്ദേഹത്തിന്റെ സ്വന്തം കർമമാതൃക എന്തായിരുന്നു എന്നുമാണ് ഈ നിവേദനങ്ങളിൽ നിന്ന് മനസ്സിലാകുന്നത്. ഞാൻ പാരായണം ചെയ്ത ഈ ആയത്തുകൾ ഞാൻ പറഞ്ഞതുപോലെ അവയിലും മറ്റ് നിരവധി ആയത്തുകളിലും അല്ലാഹു ഹുഖൂഖുല്ലാഹ്, ഹുഖൂഖുൽ ഇബാദ് അതായത് അല്ലാഹുവിനോടും അവന്റെ ദാസന്മാരോടുമുള്ള കടമകൾ നിറവേറ്റാനും, ദീനീ ആവശ്യങ്ങളും അഗതികളുടെ ആവശ്യങ്ങളും പൂർത്തിയാക്കാനും ശ്രദ്ധ തിരിച്ചിട്ടുണ്ട്, ഈ നിർദ്ദേശത്തിന് കീഴിൽ നബി തിരുമേനി(സ) യഥാർഥ സത്യവിശ്വാസികളെയും ഈ ഭാഗത്തേക്ക് ശ്രദ്ധ തിരിക്കുകയും എല്ലാറ്റിലുമുപരി സ്വന്തം മാതൃക സമർപ്പിക്കുകയും അല്ലാഹുവിന്റെ കല്പനകളുടെ പ്രായോഗിക ചിത്രം സ്വന്തം ഉദാത്തമാതൃകയിലൂടെ നമുക്ക് കാണിച്ചുതരികയും ചെയ്തു.

**അതുകൊണ്ട് ഈ ഒരു സ്വഭാവഗുണം, എന്ന് മാത്രമല്ല മറിച്ച് അദ്ദേഹത്തിന്റെ ജീവിതത്തിലെ ഓരോ നിമിഷവും ഖുർആന് അനുസൃതമായിരുന്നു. അതുകൊണ്ടാണ് ഹദ്റത്ത് ആയിശ അദ്ദേഹത്തിന്റെ ഗുണങ്ങളെക്കുറിച്ച്**

كَانَ خُلُقُهُ الْقُرْآن

**എന്ന് വിവരിച്ചത്. അതായത് അദ്ദേഹത്തിന്റെ സ്വഭാവഗുണങ്ങൾ ഖുർആന് കൃത്യമായി അനുഗുണമായിരുന്നു.**

*മുസ്നദ് അഹ്മദ് ബിൻ ഹൻബൽ, വാല്യം 8, ഹദീസ് 25108, മക്തബ അൽഅ്ലമുൽ-കുതുബ്, ബെയ്റൂത് 1998, പേജ് 144*

അപ്പോൾ ഏത് സ്വഭാവം എടുത്താലും അദ്ദേഹം അതിന്റെ ഏറ്റവും ഉയർന്ന മാതൃകയായിരുന്നു. അതിനേക്കാൾ വലിയ മറ്റൊരു മാതൃകയും സമർപ്പിക്കാൻ സാധ്യമല്ല. ഏതായാലും ഞാൻ പറഞ്ഞതുപോലെ ഇന്ന് അദ്ദേഹത്തിന്റെ ദാനശീലത്തിന്റെയും ഉദാരതയുടെയും സ്വഭാവത്തെക്കുറിച്ച് ഈ പശ്ചാത്തലത്തിലുള്ള നിവേദനങ്ങൾ ആയിരിക്കും ഇവിടെ സമർപ്പിക്കുക.

ഹദ്റത്ത് അനസ് രിവായത്ത് ചെയ്യുന്നു, നബി തിരുമേനി(സ) ഈ വചനങ്ങളോടെ ദുആ ചെയ്യാറുണ്ടായിരുന്നു,

اَللّٰهُمَّ اِنِّيْ اَعُوْذُبِكَ مِنَ الْبُخْلِ وَالْكَسَلِ وَاَرْذَلِ الْعُمُرِ وَعَذَابِ الْقَبْرِ وَفِتْنَةِ الْمَحْيَا وَالْمَمَاتِ-

**അതായത് അല്ലാഹുവേ, ഞാൻ പിശുക്കിൽ നിന്നും അലസതയിൽ നിന്നും ഏറ്റവും മോശമായ പ്രായത്തിൽ നിന്നും ഖബറിലെ അദാബിൽ നിന്നും ജീവിതത്തിന്റെയും മരണത്തിന്റെയും ഫിത്നയിൽ നിന്നും നിന്നോട് കാവൽ തേടുന്നു.**

*സഹീഹ് മുസ്ലിം (ഉറുദു പരിഭാഷ), വാല്യം14, കിതാബ് അദ്ദിക്ര് വ അദ്ദുആ വ അത്തൗബ, ഹദീസ് 4865, നൂർ ഫൗണ്ടേഷൻ, പേജ് 79*

അതുപോലെ ഈ കാര്യത്തിൽ ഈ ഒരു ദുആയുമുണ്ട്. ഹദ്റത്ത് അനസിൽ നിന്ന് തന്നെയുള്ള നിവേദനമാണ്, അദ്ദേഹം പറയുന്നു നബി തിരുമേനി(സ) ഇപ്രകാരം ദുആ ചെയ്യാറുണ്ടായിരുന്നു:

اَللّٰهُمَّ إِنِّي أَعُوذُبِكَ مِنَ الْهَمِّ وَالْحَزَنِ وَالْعَجْزِ وَالْكَسَلِ وَالْجُبْنِ وَالْبُخْلِ وَضَلَعِ الدَّيْنِ وَغَلَبَةِ الرِّجَالِ-

**അതായത് അല്ലാഹുവേ, ഞാൻ നിന്നോട് കാവൽ തേടുന്നു. ചിന്താധീനതയിൽ നിന്നും ദുഃഖത്തിൽ നിന്നും അശക്ത അവസ്ഥയിൽ നിന്നും അലസതയിൽ നിന്നും ഭീരുത്വത്തിൽ നിന്നും പിശുക്കിൽ നിന്നും കടത്തിന്റെ ആധിക്യത്തിൽ നിന്നും മനുഷ്യരുടെ പ്രബലതയിൽ നിന്നും.**

*സഹീഹ് ബുഖാരി (ഉറുദു പരിഭാഷ), വാല്യം 15, കിതാബുദ്ദഅ്വത്, ഹദീസ് 6369, നസാറത്ത് ഇശാഅത്ത്, പേജ് 109*

അതുപോലെ അല്ലാഹുവിന്റെ മാർഗത്തിലും ദാസന്മാരെ സഹായിക്കുന്ന കാര്യത്തിലും അദ്ദേഹം സത്യവിശ്വാസികളെ ഇപ്രകാരം ഗുണദോഷിച്ചു, ഹദ്റത്ത് അസ്മാഅ് (റ) നിവേദനം ചെയ്യുന്നു നബി തിരുമേനി(സ) എന്നോട് പറഞ്ഞു: സഞ്ചി കെട്ടിവെക്കരുത്. തുറന്നു വയ്ക്കണം. അല്ലാത്തപക്ഷം നിന്നിൽ നിന്നും തടയപ്പെടും. അതായത് ഏതൊന്നിലാണോ നീ നിന്റെ സമ്പത്ത് വച്ചിരിക്കുന്നത് അതിന്റെ വായ മൂടിക്കെട്ടരുത്. ആവശ്യമനുസരിച്ച് ചെലവ് ചെയ്യുകയും മറ്റുള്ളവരെ സഹായിക്കുകയും ചെയ്യുക. മറ്റൊരു നിവേദനത്തിൽ ഈ വാക്കുകളാണുള്ളത്: 'എണ്ണിക്കൊണ്ടിരിക്കരുത്, അല്ലാത്തപക്ഷം അല്ലാഹുവും നിനക്ക് എണ്ണിയെണ്ണിത്തരും.'

*സഹീഹ് ബുഖാരി (ഉറുദു പരിഭാഷ), വാല്യം3, കിതാബുസ്സകാത്ത്, ഹദീസ് 1433, നസാറത്ത് ഇശാഅത്ത്, പേജ് 55–56*

അതായത് അല്ലാഹു നിനക്ക് നല്കിയിട്ടുണ്ടെങ്കിൽ പിന്നീട് നീ അവനോടുള്ള കൃതജ്ഞതയുടെ കടമ നിറവേറ്റുക. ശുക്ർ ചെയ്യുക. എന്നാൽ മറ്റുള്ളവരെ സഹായിക്കുക എന്നതാണ്. അല്ലാഹു നിനക്ക് വർദ്ധിപ്പിച്ച് നല്കും.

ഹദ്റത്ത് അബൂഹുറൈറയിൽ നിന്ന് നിവേദനം, നബി തിരുമേനി(സ) പറഞ്ഞു: **ഉദാരത കാണിക്കുന്നവൻ അല്ലാഹുവിനോട് അടുത്തവനാണ്. സ്വർഗത്തിന് സമീപസ്ഥനാണ്. മനുഷ്യരോട് അടുത്തവനാണ്. നരകത്തിൽ നിന്ന് അകന്നവനാണ്. പിശുക്കൻ അല്ലാഹുവിൽ നിന്ന് അകന്നവനാണ്. സ്വർഗത്തിൽ നിന്ന് അകന്നവനാണ്. മനുഷ്യരിൽ നിന്ന് അകന്നവനാണ്. നരകത്തോട് അടുത്തവനാണ്. ഉദാരത കാണിക്കുന്ന ഒരു വിവരമില്ലാത്തവൻ അല്ലാഹുവിന്റെ പക്കൽ പിശുക്കനായ ആരാധകനേക്കാൾ കൂടുതൽ പ്രിയപ്പെട്ടവനാണ്.**

*ജാമിഅ് തിർമിദി, അബ്വാബുൽ-ബിർറ് വസ്സിലഹ്, ഹദീസ് 1961*

പിശുക്കനായ ഇബാദത്ത് ചെയ്യുന്ന ഒരാൾ ഉണ്ടാകാം തീർച്ചയായും, എന്നാൽ അതിനെതിരായി വിവരമില്ലാത്തവനും എന്നാൽ ഉദാരത കാണിക്കുന്നവനുമായ ഒരാൾ ഉണ്ടെങ്കിൽ അല്ലാഹു അവനെ കൂടുതൽ ഇഷ്ടപ്പെടുന്നു.

അതുപോലെ ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് നിവേദനം ചെയ്തു നബി തിരുമേനി(സ) പറഞ്ഞു: **വഞ്ചകനും പിശുക്കനും ചെയ്ത ഉപകാരം എടുത്തുപറയുന്നവനും സ്വർഗത്തിൽ പ്രവേശിക്കുകയില്ല.** ഇവ മൂന്ന് ഗുണങ്ങളാണ്, വഞ്ചന കാണിക്കുന്ന മനുഷ്യൻ, ലുബ്ധനായ മനുഷ്യൻ പിശുക്കനായ മനുഷ്യൻ, ഏതു കാര്യത്തിലും മറ്റുള്ളവരോട് കൂടുതൽ ഉപകാരം എടുത്തുപറയുന്നവൻ. ഇവർ സ്വർഗത്തിൽ പ്രവേശിക്കുകയില്ല.

*ജാമിഅ് തിർമിദി, അബ്വാബുൽ-ബിർറ് വ അസ്സിലഹ്, ഹദീസ് 1963*

അതുപോലെ ഒരു നിവേദനമുണ്ട്, ഹദ്റത്ത് അബൂഹുറൈറ നിവേദനം ചെയ്തു. റസൂലുല്ലാഹ് (സ) പറഞ്ഞു: **സത്യവിശ്വാസി നിഷ്കളങ്കനും ഉദാരമതിയുമാണ്, ഫാജിർ(അധർമി) വഞ്ചകനും നീചനുമാണ്.**

*ജാമിഅ് തിർമിദി, അബ്വാബുൽ-ബിർറ് വസ്സിലഹ്, ഹദീസ് 1964*

നിഷ്കളങ്കൻ എന്നതുകൊണ്ട് ബുദ്ധി കുറഞ്ഞവൻ എന്ന് അർത്ഥമാ

ക്കുന്നില്ല. ചില ആളുകൾ നമ്മുടെ ഭാഷയിൽ മനസ്സിലാക്കുന്നത് നിഷ്കളങ്കൻ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് പൊട്ടൻ എന്നാണ്. മറിച്ച് സത്യവിശ്വാസികളെക്കുറിച്ച് വന്നിരിക്കുന്നത് വിവേകത്തിൽ വളരെ മുന്നിലായിരിക്കും എന്നാണ്. സത്യവിശ്വാസിയുടെ വിവേകത്തിനും വലിയ പ്രാധാന്യമുണ്ട്.

*ജാമിഅ് തിർമിദി, കിതാബുത്തഫ്സീറുൽ-ഖുർആൻ, ഹദീസ് 3127*

അതിനെക്കുറിച്ച് ജാഗ്രത പുലർത്തണം. അവിടെ അർത്ഥം വഴക്കുകളിൽ നിന്ന് രക്ഷപ്പെടുന്നവൻ, ദാനി, വളരെ വിശാലമനസ്കൻ, ജനപ്രിയൻ, ആദരണീയൻ എന്നെല്ലാമാണ്. **അപ്പോൾ ഇതാണ് സത്യവിശ്വാസിയുടെ അടയാളം. ഇത് നമുക്ക് സ്വയം വിലയിരുത്താനുള്ള ഒരു നിലവാരമാണ്.**

ഒരു നിവേദനത്തിൽ മുത്റഫ് തന്റെ പിതാവിൽ നിന്ന് നിവേദനം ചെയ്യുന്നു, ഞാൻ നബി തിരുമേനി(സ)യുടെ അടുക്കൽ വന്നു. അപ്പോൾ അദ്ദേഹം അൽഹാകുമുത്തകാഥുർ പാരായണം ചെയ്യുകയായിരുന്നു. അദ്ദേഹം പറഞ്ഞു: ആദമിന്റെ സന്തതി(മനുഷ്യൻ) എന്റെ ധനം എന്റെ ധനം എന്ന് പറയുന്നു. അതായത് മനുഷ്യൻ, ധനവാൻ പറയുന്നു: ഇത് എന്റെ ധനമാണ് എന്റെ ധനമാണ്. അദ്ദേഹം പറഞ്ഞു: **അല്ലയോ മനുഷ്യാ, നിന്റെ ധനം എന്നാൽ നീ തിന്നുകയും തീർക്കുകയും ചെയ്തതോ, ധരിച്ച് പഴയതാക്കിയതോ അല്ലെങ്കിൽ സദഖ ചെയ്യുകയും മുന്നോട്ട് അയക്കുകയും ചെയ്തതോ മാത്രമാണ്.**

*സഹീഹ് മുസ്ലിം (ഉറുദു പരിഭാഷ), വാല്യം 15, ഹദീസ് 5244, നൂർ ഫൗണ്ടേഷൻ, പേജ് 155*

അപ്പോൾ നിങ്ങളുടെ ധനം എന്നാൽ നിങ്ങൾ ചെലവു ചെയ്തതാണ്. എന്നാൽ ഉത്തമമായ ധനം നിങ്ങൾ സദഖ ചെയ്തതും അത് അല്ലാഹുവിന്റെ തിരുസന്നിധിയിൽ സമർപ്പിച്ചതുമാണ്. അവന്റെ ദാസന്മാരോടുള്ള കടമ നിറവേറ്റാൻ സമർപ്പിച്ചതുമാണ്. അവന്റെ മാർഗത്തിൽ ചെലവു ചെയ്തതുമാണ്, ഈ ധനം നിങ്ങൾക്ക് പരലോകത്തിൽ പല മടങ്ങായി തിരികെ ലഭിക്കും. അതുകൊണ്ടാണ് അല്ലാഹു പറഞ്ഞത്, അവർക്ക് യാതൊരു ഭയവും ഉണ്ടാകുകയില്ല. ആയത്തിൽ പറഞ്ഞതുപോലെ, അവർ വ്യസനിക്കുകയുമില്ല. കാരണം അവർ ചെയ്ത ആ ത്യാഗങ്ങൾ, അവർ കാണിച്ച ഉദാരത, സ്വന്തം ധനം മറ്റുള്ളവർക്കായി വ്യയം ചെയ്തത് അത് അവർക്ക് പരലോകത്തിൽ ലഭിക്കും. ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ് പറയുമായിരുന്നു നബി തിരുമേനി(സ) പറയുകയുണ്ടായി: രണ്ട് കാര്യങ്ങളിൽ മാത്രമേ അസൂയപ്പെടാൻ അനുവാദമുള്ളൂ. ഒന്ന് അല്ലാഹു ധനം നല്കുകയും പിന്നീട് അതിനെ അനുയോജ്യമായ സ്ഥലത്ത് നിർലോഭം ചെലവു ചെയ്യാനുള്ള ശക്തി നല്കുകയും ചെയ്ത വ്യക്തി. രണ്ട് അല്ലാഹു ഹിക്മത്ത്(യുക്തിദീക്ഷ) നല്കുകയും അങ്ങനെ അവൻ അതിനനുസരിച്ച് തീരുമാനങ്ങൾ എടുക്കുകയും പ്രവർത്തിക്കുകയും മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്യുന്ന വ്യക്തി.

*സഹീഹ് ബുഖാരി (ഉറുദു പരിഭാഷ), വാല്യം 1, കിതാബുൽ-ഇൽമ്, ഹദീസ് 73, നസാറത്ത്-ഇശാഅത്ത്, പേജ് 144-145*

പിന്നെ ഒരവസരത്തിൽ തിരുനബി(സ) ചെയ്ത ഉപദേശമിതാണ്, ഹദ്റത്ത് അബു ഉമാമ പറയുന്നു റസൂലുല്ലാഹ് (സ) ഉദ്ബോധിപ്പിച്ചു: അല്ലയോ ആദമിന്റെ മകനേ, നിന്റെ ആവശ്യത്തിൽ അധികമുള്ള ധനം ചെലവു ചെയ്യുന്നത് നിനക്ക് ഉത്തമമാണ്. നിനക്ക് നല്കിയിട്ടുള്ള ധനം ഏതൊന്നാണോ, അല്ലാഹു നല്കിയതിൽ നിന്ന് സ്വന്തം ആവശ്യങ്ങൾ തീർച്ചയായും പൂർത്തിയാക്കിക്കൊള്ളുക. എന്നാൽ അതിനേക്കാൾ അധികമുള്ള ധനം ചെലവു ചെയ്യുക, അത് നീ തടഞ്ഞുവെക്കുന്നത് നിനക്ക് ദോഷമാണ്. ആവശ്യാനുസരണം സൂക്ഷിച്ചുവയ്ക്കുന്നതിൽ നിനക്ക് കുറ്റമൊന്നുമില്ല. അതിനെ കുറിച്ച് നീ പൂർത്തിയാക്കിയ ആ ആവശ്യത്തിന് എന്തുകൊണ്ടാണ് ധനം സൂക്ഷിച്ചുവച്ചത് എന്ന് നിന്നോട് ചോദിക്കപ്പെടുകയില്ല. നീ നിന്റെ സംരക്ഷണ ചുമതലയിലുള്ളവരിൽ നിന്നാണ് ചെലവാക്കി തുടങ്ങേണ്ടത്. ചെലവു ചെയ്യേണ്ട രീതി എന്തെന്നാൽ നിന്റെ ഉത്തരവാദിത്വങ്ങൾ എന്താണോ, നിന്റെ മക്കളാണ്, നിന്റെ ഭാര്യയും കുട്ടികളുമാണ്, നിന്റെ ദരിദ്രരായ ബന്ധുക്കളാണ് അല്ലെങ്കിൽ ആരുടെയൊക്കെ സംരക്ഷണം നിനക്ക് ചുമതലപ്പെട്ടിരിക്കുന്നുവോ അവർ നിന്റെ ധനത്തിൽ നിന്ന് സഹായം ലഭിക്കാൻ ഏറ്റവും ആദ്യത്തെ അവകാശികളാണ്. തുടർന്ന് പറഞ്ഞു: **മുകളിലെ കൈ താഴത്തെ കൈയേക്കാൾ ഉത്തമമാണ്.**

*സഹീഹ് മുസ്ലിം (ഉറുദു പരിഭാഷ), വാല്യം 4, കിതാബുസ്സകാത്ത്, ഹദീസ് 1704, നൂർ ഫൗണ്ടേഷൻ, പേജ് 209*

ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ് പറഞ്ഞു, നബി തിരുമേനി(സ) ചോദിച്ചു നിങ്ങളിൽ ആർക്കാണ് സ്വന്തം അനന്തരാവകാശിയുടെ ധനം സ്വന്തം ധനത്തേക്കാൾ കൂടുതൽ പ്രിയപ്പെട്ടതായിട്ടുള്ളത്? അങ്ങനെ വല്ല വ്യക്തിയും ഉണ്ടോ? എന്റെ അനന്തരാവകാശിക്ക് ഞാൻ നല്കുന്ന ധനം എനിക്ക് ഞാൻ എന്റെ അടുക്കൽ സൂക്ഷിച്ചുവച്ചിരിക്കുന്ന അല്ലെങ്കിൽ സ്വന്തത്തിനുമേൽ ചെലവു ചെയ്തുകൊണ്ടിരിക്കുന്ന ധനത്തേക്കാൾ കൂടുതൽ പ്രിയപ്പെട്ടതാണ് എന്ന് പറയുന്ന ആരെങ്കിലുമുണ്ടോ? ആളുകൾ പറഞ്ഞു യാ റസൂലല്ലാഹ്, നമ്മളിൽ ആരും തന്നെ സ്വന്തം ധനം കൂടുതൽ പ്രിയപ്പെട്ടതല്ലാത്തവരായിട്ടില്ല. ഏതായാലും നമ്മുടെ പക്കലുള്ളത് നമുക്ക് കൂടുതൽ പ്രിയപ്പെട്ടതാണ്. അദ്ദേഹം പറഞ്ഞു: എങ്കിൽ അവന്റെ ധനം എന്നാൽ അവൻ മുന്നോട്ട് അയച്ചതു മാത്രമാണ്. അവന്റെ അനന്തരാവകാശിയുടെ ധനം എന്നാൽ അവൻ പിന്നിൽ ഉപേക്ഷിച്ചുപോയതുമാണ്.

*സഹീഹ് ബുഖാരി (ഉറുദു പരിഭാഷ), വാല്യം 15, കിതാബുർ-രികാഖ്, ഹദീസ് 6442, നസാറത്ത് ഇശാഅത്ത്, പേജ് 206-207*

ഏതൊന്ന് നീ മുന്നോട്ട് അയച്ചുവോ, അല്ലാഹുവിന്റെ മാർഗത്തിൽ ചെലവു ചെയ്തുവോ, ദരിദ്രരെ സഹായിച്ചുവോ അത് ഏറ്റവും ഉത്തമമാണ്. അതിന്റെ പ്രതിഫലം നിനക്ക് ലഭിക്കും. പരലോകത്തിൽ ലഭിക്കുന്നതാണ്. അല്ലാഹു ഖുർആനിൽ അതാണ് പ്രതിപാദിച്ചിട്ടുള്ളത്.

**ധനം നിർലോഭം ചെലവു ചെയ്യുന്നതിലും അല്ലാഹുവിൽ തവക്കുൽ ചെയ്യുന്നതിലും നബി തിരുമേനി(സ)യുടെ സ്വന്തം കർമമാതൃക എന്തായിരുന്നു** എന്നതിനെക്കുറിച്ച് ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ് വിവരിക്കുന്നു: നബി തിരുമേനി(സ) ബിലാലിന്റെ അടുക്കൽ ആഗതനായി. അപ്പോൾ അദ്ദേഹത്തിന്റെ അടുക്കൽ ഈത്തപ്പഴത്തിന്റെ ഒരു കൂമ്പാരം ഉണ്ടായിരുന്നു. അദ്ദേഹം ചോദിച്ചു ബിലാൽ ഇതെന്താണ്? ഹദ്റത്ത് ബിലാൽ ബോധിപ്പിച്ചു: യാ റസൂലല്ലാഹ്, ഇത് ഞാൻ അങ്ങേക്കായും അങ്ങയുടെ അതിഥികൾക്കായും ശേഖരിച്ചു വച്ചിട്ടുള്ളതാണ്. അദ്ദേഹം പറഞ്ഞു: ഈ ശേഖരത്തിന്മേൽ നരകത്തിന്റെ ചൂടേറിയ ജ്വാല വന്നെത്തുമെന്ന കാര്യത്തെ നീ ഭയപ്പെടുന്നില്ലേ? പിന്നീട് അദ്ദേഹം ബിലാലിനെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: **അല്ലയോ ബിലാൽ, നീ ചെലവു ചെയ്തുകൊണ്ടേയിരിക്കുക, അർശിന്റെ നാഥനായ അല്ലാഹുവുള്ളപ്പോൾ ദാരിദ്ര്യവും വിശപ്പും ഭയപ്പെടരുത്.**

*മുഅ്ജമുൽ-കബീർ, അൽ-ത്വബ്റാനി, വാല്യം 1, ഹദീസ് 1020, മക്തബ ഇബ്ൻ തൈമിയ്യ അൽ-ഖാഹിറ, പേജ് 340*

പിന്നെ അദ്ദേഹത്തിന്റെ സ്വന്തം ഉദാരമാതൃകയെ കുറിച്ചുള്ള മറ്റൊരു ഉദാഹരണമുണ്ട്. ഹദ്റത്ത് ആയിശ(റ) വിവരിക്കുന്നു: അവർ ഒരു ആടിനെ അറുക്കുകയും അതിന്റെ ഇറച്ചി ദരിദ്രർക്കിടയിൽ വിതരണം ചെയ്യുകയും കുറച്ച് വീട്ടിൽ കഴിക്കാനായി സൂക്ഷിക്കുകയും ചെയ്തു. നബി തിരുമേനി(സ) ചോദിച്ചു: എത്രത്തോളം ഇറച്ചി ബാക്കിയുണ്ട്? ഹദ്റത്ത് ആയിശ മറുപടി നല്കി: മുൻകാൽ മാത്രമേ ബാക്കിയുള്ളൂ. ആടിന്റെ മുൻകാലിന്റെ തുടയായിരുന്നു അത്. ഇത് കേട്ടപ്പോൾ നബി തിരുമേനി(സ) പറഞ്ഞു: ഈ മുൻകാലൊഴികെ ഏതൊന്ന് നീ വിതരണം ചെയ്തുവോ ആ സകല ധനവും ബാക്കിയായിരിക്കുന്നു.

കാരണം ഇത് ആർക്കും ഉപകാരപ്പെട്ടില്ല. നമ്മുടെ ഭക്ഷണത്തിനായിട്ടാണ് നീ സൂക്ഷിച്ചിട്ടുള്ളത്. എന്നാൽ ഏതൊന്ന് നീ ചെലവു ചെയ്തുവോ അതുമാത്രമേ പരലോകത്തിൽ ഉപകരിക്കുകയുള്ളൂ.

*ജാമിഅ് തിർമിദി, കിതാബ് സിഫത്തുൽ-ഖിയാമ, ഹദീസ് 2470*

ഹദ്റത്ത് മുആവിയ ഒരുപ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു ഞാൻ നബി തിരുമേനി(സ) ഈപ്രകാരം പറയുന്നത് കേട്ടു: ഞാൻ വെറും വിതരണം ചെയ്യുന്നവൻ മാത്രമാണ്. നൽകുന്നവൻ അല്ലാഹു മാത്രമാണ്.

*സഹീഹ് ബുഖാരി ധഉറുദു പരിഭാഷപ, വാല്യം 15, കിതാബുൽ-ഇൽമ്, ഹദീസ് 71, നസാറത്ത് ഇശാഅത്ത്, പേജ് 206-207*

**ഉദാരതയുടെയും ദാനശീലത്തിന്റെയും ഗുണം റസൂലുല്ലാഹ്(സ)ന്റെ പരിശുദ്ധ വ്യക്തിത്വത്തിൽ പ്രവാചകത്വ നിയോഗത്തിന് മുമ്പും ഏറ്റവും പൂർണമായ രീതിയിൽ ഉണ്ടായിരുന്നു.** അതിന്റെ സാക്ഷ്യം നമ്മൾക്ക് സുപരിചിതമായിട്ടുള്ളതുപോലെ അവിടുത്തെ പരിശുദ്ധ ഭാര്യ ഹദ്റത്ത് ഖദീജ നല്കിയിരുന്നു. റസൂൽ കരീം(സ)ന് ആദ്യത്തെ വഹ്യ്(ദിവ്യബോധനം) ഉണ്ടായപ്പോൾ പരിഭ്രാന്തനായി വീട്ടിൽ വന്നു. അപ്പോൾ ഹദ്റത്ത് ഖദീജ സമാശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു: പരിഭ്രാന്തനാകേണ്ട ആവശ്യമില്ല, അല്ലാഹുവാണ! അല്ലാഹു അങ്ങയെ ഒരിക്കലും അപമാനിതനാക്കുകയില്ല, അങ്ങ് കുടുംബബന്ധം പുലർത്തുന്നു, അശക്തന്റെ ഭാരം ചുമക്കുന്നു, തിരോഭവിച്ച നന്മകൾ അങ്ങ് സ്വായത്തമാക്കുന്നു, അതിഥിസൽക്കാരം നടത്തുന്നു, പ്രയാസഘട്ടങ്ങളിൽ സഹായിക്കുന്നു.

*ദാഇറ മആരിഫ് സീറത് മുഹമ്മദ് റസൂലുല്ലാഹ് (സ), വാല്യം 11, ബസ്മ് ഇഖ്ബാൽ ലാഹോർ, പേജ് 48*

വേറെ ഒരു നിവേദനം ഉണ്ട്. ഹദ്റത്ത് അബൂസഈദ് അൽഖുദ്രി നിവേദനം ചെയ്തു, റസൂലുല്ലാഹ് (സ) പറഞ്ഞു: **രണ്ട് സ്വഭാവങ്ങൾ ഒരു സത്യവിശ്വാസിയിൽ ഒരുമിച്ചുകൂടുകയില്ല. അവ പിശുക്കും ദുസ്വഭാവവുമാണ്.**

*ജാമിഅ് തിർമിദി, അബ്വാബുൽ-ബിർറ് വഅസ്സിലഹ്, ഹദീസ് 1962*

അതായത് സത്യവിശ്വാസി ആരോ അവനിൽ പിശുക്കും ഉണ്ടാകുകയില്ല ദുസ്വഭാവവും ഉണ്ടാകുകയില്ല. ഇതും സ്വയം പരിശോധിക്കാനുള്ള ഒരു മാനദണ്ഡം ആണ്. **പിന്നെ പിശുക്കിൽ നിന്ന് രക്ഷപ്പെടാൻ നിർദേശം നല്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു:** ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലയിൽ നിന്ന് നിവേദനം, റസൂലുല്ലാഹ് (സ) പറഞ്ഞു: അതിക്രമത്തെ ഭയപ്പെടുക, തീർച്ചയായും അതിക്രമം ഖിയാമത്ത് നാളിലെ അന്ധകാരങ്ങളായിരിക്കും, പിശുക്കിനെയും ദുരാഗ്രഹത്തെയും ഭയപ്പെടുക, തീർച്ചയായും പിശുക്ക് നിങ്ങൾക്ക് മുമ്പുള്ളവരെ നശിപ്പിച്ചിട്ടുണ്ട്. ഈ പിശുക്ക് അവരെ പ്രേരിപ്പിച്ചു അങ്ങനെ അവർ രക്തം ചിന്തുകയും ഹറാമായ കാര്യങ്ങളെ ഹലാലാക്കുകയും ചെയ്തു.

*സഹീഹ് മുസ്ലിം (ഉറുദു പരിഭാഷ), വാല്യം 13, കിതാബുൽ-ബിർറ് വസ്സിലഹ്, ഹദീസ് 4661, നൂർ ഫൗണ്ടേഷൻ, പേജ് 242*

ഹദ്റത്ത് അബൂഹുറൈറ വിവരിക്കുന്നു, റസൂലുല്ലാഹ് (സ) പറഞ്ഞു: **ഒരു ദാസന്റെ ഉള്ളിൽ ഒരിക്കലും അല്ലാഹുവിന്റെ മാർഗത്തിലെ പൊടിയും(ജിഹാദ്) നരകത്തിന്റെ പുകയും ഒരുമിച്ചുകൂടുകയില്ല, ഒരു ദാസന്റെ ഹൃദയത്തിൽ ഒരിക്കലും ദുരാഗ്രഹവും പിശുക്കും ഈമാനും ഒരുമിച്ചുകൂടുകയുമില്ല.**

*സുനൻ അന്നസാഈ, കിതാബുൽ-ജിഹാദ്, ഹദീസ് 3112*

മുൻപും ഒരു നിവേദനത്തിൽ വിവരണം ചെയ്യപ്പെട്ടതുപോലെ ദുരാഗ്രഹിയും ലുബ്ധനും പിശുക്കനും ആരോ അവൻ ഒരിക്കലും സത്യവിശ്വാസി ആകുകയില്ല. അപ്പോൾ ഇതാണ് മാനദണ്ഡം. സത്യവിശ്വാസി ആകണമെന്നുണ്ടെങ്കിൽ ദുരാഗ്രഹത്തിൽ നിന്നും രക്ഷപ്പെടേണ്ടിവരും, ലുബ്ധിൽ നിന്നും രക്ഷപ്പെടേണ്ടിവരും. പിശുക്കിൽ നിന്നും രക്ഷപ്പെടേണ്ടിവരും.

ഹദ്റത്ത് അബൂഹുറൈറയിൽ നിന്ന് നിവേദനം, നബി തിരുമേനി(സ) പറഞ്ഞു: മനുഷ്യർ രാവിലെ എഴുന്നേൽക്കുന്ന ഒരു ദിവസവും രണ്ട് മലക്കുകൾ ഇറങ്ങാത്തതായിട്ടില്ല. അവരിൽ ഒരാൾ പറയുന്നു: അല്ലാഹുവേ, ചെലവു ചെയ്യുന്നവന് പകരമായി നല്കേണമേ. രണ്ടാമൻ പറയുന്നു: അല്ലാഹുവേ, പിശുക്കന്റെ ധനം പാഴാക്കിക്കളയേണമേ.

*സഹീഹ് ബുഖാരി (ഉറുദു പരിഭാഷ), വാള്യം 3, കിതാബുസ്സകാത്ത്, ഹദീസ് 1442, നസാറത്ത് ഇശാഅത്ത്, പേജ് 66*

അതായത് ആരാണോ ചെലവു ചെയ്യുന്നത് അദ്ദേഹത്തിന് കൂടുതൽ നല്കുക. ആരാണോ പിശുക്ക് കാണിക്കുന്നത് ലുബ്ധ് കാണിക്കുന്നത് അദ്ദേഹത്തിന്റെ ധനം നശിപ്പിക്കുക. ഈ ദുനിയാവിലും ആ ധനത്തിൽ ബർക്കത്ത് ഉണ്ടാകുകയില്ല, ഇതുതന്നെയാണ് നമ്മൾ കാണുന്നത്. നിരവധി ആളുകൾ ഈ കാര്യം പ്രകടിപ്പിക്കുന്നു. പരലോകത്തിൽ ഈ ധനം അദ്ദേഹത്തിന് യാതൊരു ഫലവും നല്കുകയുമില്ല. അല്ലാഹു ഒരിടത്ത് പറഞ്ഞിട്ടുണ്ട്: അല്ലാഹുവിന്റെ മാർഗത്തിൽ അവനോടുള്ള സ്നേഹത്തിൽ ആരാണോ ചെലവു ചെയ്യുന്നത് അതിന് അവൻ പ്രതിഫലം നല്കുന്നു.

ഹദ്റത്ത് അനസ് ബിൻ മാലിക് നിവേദനം ചെയ്യുന്നു: **റസൂലുല്ലാഹ് (സ) മനുഷ്യരിൽ ഏറ്റവും കൂടുതൽ ഭംഗിയുള്ളവനായിരുന്നു, മനുഷ്യരിൽ ഏറ്റവും കൂടുതൽ ഉദാരമതിയായിരുന്നു, മനുഷ്യരിൽ ഏറ്റവും കൂടുതൽ ധീരനുമായിരുന്നു.**

*സഹീഹ് മുസ്ലിം (ഉറുദു പരിഭാഷ), വാള്യം 12, കിതാബുൽ-ഫദാഇൽ, ഹദീസ് 4252, നൂർ ഫൗഷേൻ, പേജ് 217*

അതുപോലെ ഒരു നിവേദനം ഉണ്ട്. ഹദ്റത്ത് അനസ് നിവേദനം ചെയ്യുന്നു, റസൂലുല്ലാഹ്(സ) പറഞ്ഞു : എല്ലാ ഉദാരമതികളേക്കാളും വലിയ ഉദാരമതിയെക്കുറിച്ച് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ. അദ്ദേഹം തുടർന്നു: **അല്ലാഹു എല്ലാ ഉദാരമതികളേക്കാളും വലിയ ഉദാരമതിയാണ്. ഞാൻ മനുഷ്യരിൽവച്ച് ഏറ്റവും വലിയ ഉദാരമതിയാണ്.**

*മജ്മഉൽ-സവാഇദ്, വാള്യം 8, കിതാബ് അലാമാത് അന്നുബുവ്വ, ഹദീസ് 14178, ദാറുൽ-കുതുബുൽ-ഇൽമിയ്യ, ബെയ്റൂത്, 2001, പേജ് 409*

ദുനിയാവിലെ മനുഷ്യരിൽ ഏറ്റവും കൂടുതൽ ഉദാരത കാണിക്കുന്നവൻ ഞാനാണ്. അതുപോലെ ഹദ്റത്ത് ഇബ്നു അബ്ബാസിൽ നിന്ന് നിവേദനം, റസൂലുല്ലാഹ് (സ) നന്മയുടെ കാര്യത്തിൽ എല്ലാ മനുഷ്യരേക്കാളും ഉദാരമതിയായിരുന്നു, റമളാൻ മാസത്തിൽ അദ്ദേഹം ഏറ്റവും കൂടുതൽ ഉദാരമതിയായിത്തീരുമായിരുന്നു. ജിബ്രീൽ (അ) എല്ലാ വർഷവും റമദാനിൽ അദ്ദേഹത്തെ വന്ന് കാണുമായിരുന്നു. ആ റമദാൻ കഴിഞ്ഞുപോകുന്നതുവരെ റസൂലുല്ലാഹ് (സ) അദ്ദേഹത്തിന് ഖുർആൻ കേൾപ്പിക്കുമായിരുന്നു. ജിബ്രീൽ അദ്ദേഹത്തെ വന്ന് കാണുമ്പോൾ റസൂലുല്ലാഹ് (സ) നന്മയുടെ കാര്യത്തിൽ അതിവേഗം വീശുന്ന കാറ്റിനേക്കാളും വലിയ ഉദാരമതിയാകുമായിരുന്നു.

*സഹീഹ് മുസ്ലിം (ഉറുദു പരിഭാഷ), വാള്യം 12, കിതാബുൽ-ഫദാഇൽ, ഹദീസ് 4254, നൂർ ഫൗഷേൻ, പേജ് 218–219*

കൊടുങ്കാറ്റു പോലെയാണ് അദ്ദേഹം ചെലവും ചെയ്തിരുന്നത്. ഇതേ കാര്യത്തെ ഹദ്റത്ത് മുസ്ലിഹ് മൗഊദ് ഒരു ഖുത്ബയിൽ ഇപ്രകാരം വിവരിച്ചിട്ടുണ്ട്:

അദ്ദേഹം ഉദാരത കാണിക്കുമ്പോൾ അതിന്റെ അങ്ങേയറ്റത്തെ അവസ്ഥയിലായിരുന്നു. എത്രത്തോളമെന്നാൽ അദ്ദേഹം സവിശേഷമായി റമദാനിൽ അതിവേഗം വീശുന്ന കാറ്റിന്റെ രീതിയിൽ ഉദാരത കാണിക്കുമായിരുന്നു എന്ന് സ്വഹാബത്തിന്റെ വിവരണം ഉണ്ട്. പിന്നീട് അതിന്റെ കൂടെത്തന്നെ ലാ തുബദ്ദിർ തബ്ദീറാ എന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി. അതായത് ഉദാരതയെ വെറുതെയും പാഴായും കളയുമായിരുന്നില്ല, അനുയോജ്യമല്ലാത്ത സ്ഥലത്ത് ഉപയോഗിക്കുമായിരുന്നില്ല. ഉദാരത ഉണ്ടായിരുന്നെങ്കിലും, അല്ലാഹുവിന്റെ ഈയൊരു നിർദേശത്തെ മുമ്പിൽ വയ്ക്കുമായിരുന്നു, ധൂർത്ത് കാണിക്കരുത്, കാരണമില്ലാതെ നശിപ്പിക്കരുത് എന്ന്. അല്ലാഹു ധൂർത്ത് കാണിക്കുന്നതിൽ നിന്ന് തടഞ്ഞിട്ടുണ്ട്. ഹാതിം ത്വാഈ ഉദാരവാനായിരുന്നു എന്നാൽ അത് അനുയോജ്യമല്ലാത്ത സ്ഥലത്തായിരുന്നു. ഹാതിം ത്വാഈ വലിയ ഉദാരമതി എന്ന് വിളിക്കപ്പെടുന്നു എന്നാൽ അദ്ദേഹത്തിന്റെ ഉദാരത സന്ദർഭത്തിനും സ്ഥാനത്തിനും അനുസരിച്ചുള്ളതായിരുന്നില്ല, ആലോചനയില്ലാതെയായിരുന്നു, കാരണം അത് പലഹാരക്കാരന്റെ കടയിൽ മുത്തശ്ശന്റെ ഫാത്തിഹ ഓതുന്ന തരത്തിലുള്ള ഉദാരതയായിരുന്നു. ഇതൊരു പഴഞ്ചൊല്ലാണ്. സ്വന്തം ധനം ഒന്നുമായിരുന്നില്ല, പിതാവിന്റെ ധനത്തിന്മേൽ അദ്ദേഹത്തിന് എന്ത് അവകാശം ഉണ്ടായിരുന്നു അത് വിതരണം ചെയ്യാൻ. ഹാതിം ത്വാഈയെക്കുറിച്ച് വരുന്നുണ്ട് അദ്ദേഹത്തിന്റെ സ്വഭാവത്തിൽ കുട്ടിക്കാലം മുതൽക്കേ ഉദാരത ഉണ്ടായിരുന്നു. ഒടുവിൽ അദ്ദേഹത്തിന്റെ പിതാവ് അദ്ദേഹം തന്റെ ധനം മുടിച്ചുകൊണ്ടിരിക്കുന്നത് കണ്ടു. അതുകൊണ്ട് ഒട്ടകങ്ങളെ നോക്കാൻ അദ്ദേഹത്തെ പുറത്തേക്ക് അയച്ചു. ഒരു ദിവസം മൂന്ന് പേർ വന്നിരിക്കുന്നതായി അദ്ദേഹം കണ്ടു. മൂന്ന് വലിയ കവികളായിരുന്നു അവർ. അവർ അദ്ദേഹത്തെ യാത്രയിൽ കണ്ടപ്പോൾ അവരുടെ അതിഥിസൽക്കാരത്തിനായി മൂന്ന് ഒട്ടകങ്ങളെ അറുത്തു. അവർ പറഞ്ഞു ഞങ്ങൾ മൂന്ന് പേരല്ലേ ഉള്ളൂ ഒരു ഒട്ടകം തന്നെ ധാരാളമാണ്. അദ്ദേഹം പറഞ്ഞു ഇല്ല. ഞാൻ ഒന്നുമാത്രമാണ് അറുത്തതെങ്കിൽ ബാക്കി രണ്ടും നിരാലംബരായിപ്പോകും. അപ്പോൾ പിതാവിന്റെ ധനമായിരുന്നു. സൗജന്യമായി കിട്ടിയതായിരുന്നു. അദ്ദേഹം മൂന്ന് ഒട്ടകങ്ങളെയും അവർക്കായി അറുത്തു. ബാക്കി വന്നത് നശിച്ചുപോയിട്ടുണ്ടാകും അല്ലെങ്കിൽ ആർക്കെങ്കിലും നൽകിയിട്ടുണ്ടാകും ഏതായാലും. അപ്പോൾ പിതാവിനും വളരെ മോശമായി തോന്നി. എന്റെ ധനം ഇപ്രകാരം മുടിച്ചുകൊണ്ടിരിക്കുന്നുവല്ലോ. **എന്നാൽ നബി തിരുമേനി(സ)യുടെ അടുക്കൽ വന്നിരുന്ന ധനം അദ്ദേഹത്തിന്റെ സ്വന്തം ധനമായിരുന്നു, ഖുർആനിക നിർദേശത്തിന് അനുസരിച്ച് സന്ദർഭത്തിനും സ്ഥാനത്തിനും അനുസരിച്ചാണ് അദ്ദേഹം ചെലവ് ചെയ്തിരുന്നത്.** ഇവിടെ തിരുനബി(സ) നിർലോഭം ചെലവു ചെയ്യുക എന്ന് പറഞ്ഞ ഹദീസുകളുടെ വിശദീകരണം വന്നിട്ടുണ്ട്. അതിന്റെ അർത്ഥം സന്ദർഭത്തിനും സ്ഥാനത്തിനും അനുസരിച്ച് ചെലവു ചെയ്യുക എന്നാണ്, പിന്നീട് യാതൊരുവിധ മടിയും ഉണ്ടാകരുത്. മൂന്ന് ആളുകൾ കാട്ടിൽ വഴിപോക്കരായി വന്നിരിക്കുന്നു എന്ന് കരുതി മൂന്ന് ഒട്ടകങ്ങളെ അറുക്കുക, പിന്നീട് അതിന്റെ ഇറച്ചി നശിച്ചുപോവുക എന്ന രീതിയിലല്ല. കാരണം വേറെ അവിടെ കഴിക്കാൻ ആളുകളില്ലല്ലോ. തീർച്ചയായും വേറെ ആളുകളെ കാട്ടിൽ കിട്ടിക്കാണില്ല. വല്ലവരും വന്നെങ്കിൽ തന്നെ വളരെ കുറച്ചുപേർ ആയിരിക്കും. എങ്കിലും എന്തായാലും കുറച്ചധികം ഇറച്ചി ബാക്കിവന്ന് നശിച്ചുപോയിട്ടുണ്ടാകും. അതുകൊണ്ട് ഉപകാരം ഒന്നുമില്ല. അപ്പോൾ സന്ദർഭത്തിനും സ്ഥാനത്തിനും അനുസരിച്ച് ചെലവു ചെയ്യണം. അല്ലാഹുവിന്റെ മാർഗത്തിലാണ് ചെലവു ചെയ്യുന്നതെങ്കിൽ സന്ദർഭത്തിനും സ്ഥാനത്തിനും അനുസരിച്ചാണ് ചെലവു ചെയ്യുന്നതെങ്കിൽ പിന്നീട് ഭയപ്പെടാതിരിക്കുക, കാരണം അല്ലാഹുവിന്റെ വാഗ്ദാനമുണ്ട് ആദ്യം കേൾപ്പിച്ച ആയത്തിൽ അല്ലാഹു പറഞ്ഞതുപോലെ അവർക്ക് യാതൊരു ചിന്താധീനതയും ദുഃഖവും ഉണ്ടാകുകയില്ല. ഏതായാലും ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പ്രസ്താവിക്കുന്നു: ഇതിനെതിരായി നബി തിരുമേനി(സ) ഒരു വശത്ത് എത്രത്തോളം ഉദാരമതിയായിരുന്നു. എന്നാൽ വിവരണം ചെയ്യപ്പെട്ടതുപോലെ സ്വഹാബത്ത് പറയുന്നു: റമദാൻ ദിവസങ്ങളിൽ അദ്ദേഹത്തിന്റെ ഉദാരത കാണുമ്പോൾ കാറ്റ് വീശുന്നതുപോലെ തോന്നുമായിരുന്നു, എന്നാൽ അതേസമയം ആലോചിച്ചു മനസ്സിലാക്കി ചെലവു ചെയ്യുമായിരുന്നു.

*(ഖുത്ബത്ത്-ഇ-മഹ്മൂദ്, വാള്യം 18, പേജ് 641)*

ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഉമറിൽ നിന്ന് നിവേദനം, റസൂലുല്ലാഹി (സ) പറഞ്ഞു, തിഹാമ പർവതങ്ങളുടെ അതായത് അറേബ്യയിലെ തീരദേശ പർവതനിരകളുടെയത്ര സ്വർണം എന്റെ പക്കൽ ഉണ്ടായിരുന്നുവെങ്കിൽ ഞാൻ അതെല്ലാം നിങ്ങൾക്കിടയിൽ വിതരണം ചെയ്യുമായിരുന്നു, നിങ്ങൾ എന്നെ വ്യാജനായോ പിശുക്കനായോ കാണുകയില്ല.

*സുബുൽ അൽ-ഹുദാ വ അൽ-റിഷാദ്, വാള്യം, 7, ദാർ-ഉൽ-കുതുബ് അൽ-ഇൽമിയ്യ, ബൈറൂത്ത്, 1993, പേജ് 53*

ഒരു രിവായത്തുണ്ട് ഹദ്റത്ത് അബൂദർറ് വിവരിക്കുന്നു ഞാൻ നബി കരീം (സ)ന്റെ കൂടെ മദീനയിലെ മൈതാനത്തിലൂടെ കടന്നുപോവുകയായിരുന്നു, അപ്പോൾ ഉഹുദ് പർവതം കാണുമാറായി. അദ്ദേഹം പറഞ്ഞു, അബൂദർറ്, ഞാൻ ബോധിപ്പിച്ചു: ഹാജരുണ്ട് യാ റസൂലല്ലാഹ്. അദ്ദേഹം പറഞ്ഞു എനിക്ക് ഈ ഉഹുദ് പർവതത്തിന്റെയത്ര സ്വർണം എന്റെ പക്കൽ ഉണ്ടാകുകയും മൂന്നു രാത്രികൾ കടന്നുപോകുകയും അതിൽ നിന്ന് ഒരു ദീനാർ പോലും എന്റെ പക്കൽ ബാക്കിയുണ്ടാകുന്നതും സന്തോഷം നൽകുന്ന കാര്യമല്ല. കടം വീട്ടാനായി ഞാൻ സൂക്ഷിച്ചു വെച്ച കുറച്ചൊഴികെ. മറിച്ച് ഞാൻ തീർച്ചയായും അല്ലാഹുവിന്റെ ദാസന്മാർക്കിടയിൽ അതിനെ ഇന്നയിന്ന പ്രകാരം ചെലവു ചെയ്യുന്നതാണ്. അതായത് സ്വന്തം വലതുഭാഗത്തും സ്വന്തം ഇടതുഭാഗത്തും സ്വന്തം പിൻഭാഗത്തും അദ്ദേഹം നടന്നു. പിന്നീട് പറഞ്ഞു: കൂടുതൽ ധനവാന്മാരായവർ ആരോ അവർ തന്നെയാണ് ഖിയാമത്ത് നാളിൽ ദരിദ്രരായിരിക്കുക. ആർക്കാണോ ധനമുള്ളത് പണം കൂട്ടിവച്ചുകൊണ്ടിരിക്കുന്നത് ആവശ്യമുള്ളവർക്കും ദരിദ്രർക്കും വേണ്ടി ചെലവു ചെയ്യാത്തത് അവർ ഖിയാമത്ത് നാളിൽ ദരിദ്രരായിരിക്കും. എന്നാൽ ഇന്നയിന്ന പ്രകാരം ചെലവു ചെയ്യുന്നവൻ ഒഴികെ. ആരാണോ ചെലവു ചെയ്യുന്നത് അവൻ ഖിയാമത്ത് നാളിൽ ദരിദ്രനാകുകയില്ല. അതായത് സ്വന്തം വലതുഭാഗത്തും സ്വന്തം ഇടതുഭാഗത്തും സ്വന്തം പിൻഭാഗത്തും. അങ്ങനെയുള്ളവർ വളരെ കുറവാണ്. അങ്ങനെയുള്ള ആളുകൾ വളരെ കുറവാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. അതായത് ഈപ്രകാരം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവു ചെയ്യുന്നവർ. ധനവാന്മാരായവർ പിശുക്ക് കാണിക്കുകയല്ല ചെയ്യുന്നത് മറിച്ച് അല്ലാഹുവിന്റെ മാർഗത്തിൽ ഒരു സത്യവിശ്വാസിയായ ധനവാൻ യാതൊരു ഭയവുമില്ലാതെയാണ് ചെലവു ചെയ്യുന്നത്. പിന്നീട് അല്ലാഹു അവർക്ക് വീണ്ടും നല്കിക്കൊണ്ടേയിരിക്കുകയും ചെയ്യും.

*സഹീഹ് ബുഖാരി ഉറുദു പരിഭാഷ, വാള്യം 15, കിതാബുർ-രികാഖ്, ഹദീസ് 6444, നസാറത്ത് ഇശാഅത്ത്, പേജ് 211–212*

ഹദ്റത്ത് അനസിൽ നിന്ന് നിവേദനം, ഒരു മനുഷ്യൻ നബി തിരുമേനി(സ) യോട് രണ്ട് പർവതങ്ങൾക്കിടയിലുള്ള

അത്രയും ആടുകളെ ആവശ്യപ്പെട്ടു. അദ്ദേഹം അവ അയാൾക്ക് നല്കുകയും ചെയ്തു. പിന്നീട് അയാൾ തന്റെ സമുദായക്കാരുടെ അടുക്കൽ ചെന്ന് പറഞ്ഞു: എന്റെ സമുദായമേ, നിങ്ങൾ ഇസ്ലാം സ്വീകരിക്കൂ, ദൈവത്താണ! തിരുനബി(സ) എത്രയധികം നല്കുന്നുണ്ടെന്നാൽ ദാരിദ്ര്യത്തെ ഭയപ്പെടേണ്ടി വരികയേ ഇല്ല. ഹദ്റത്ത് അനസ് പറയുന്നു, ചില സമയങ്ങളിൽ ചിലർ ദുനിയാവിന് വേണ്ടി മാത്രം ഇസ്ലാം സ്വീകരിക്കുമായിരുന്നു, എന്നാൽ ഇസ്ലാം സ്വീകരിച്ച ശേഷം ഉടൻതന്നെ ഇസ്ലാം അയാൾക്ക് ദുനിയാവും അതിലുള്ളവയും എല്ലാറ്റിലേക്കാളും പ്രിയപ്പെട്ടതായിതീരുമായിരുന്നു.

*സഹീഹ് മുസ്ലിം (ഉറുദു പരിഭാഷ) വാള്യം12, കിതാബുൽ-ഫദാഇൽ, ഹദീസ് 4262, നൂർ ഫൗഷേൻ, പേജ് 223–224*

ഹദ്റത്ത് അനസ് ബിൻ മാലിക് പറയുന്നു: നബി കരീം (സ) നാളേക്ക് വേണ്ടി യാതൊരു വസ്തുവും സൂക്ഷിച്ചുവെക്കാറുണ്ടായിരുന്നില്ല.

*ശമാഇൽ-ഉൽ-നബി, ഹദീസ് 339, പേജ് 148*

ഹദ്റത്ത് ഉത്ബ ബിൻ ഹാരിസ് വിവരിക്കുന്നു നബി തിരുമേനി(സ) ഞങ്ങളെ അസർ നമസ്കരിപ്പിച്ചു, അതിനുശേഷം അദ്ദേഹം പെട്ടെന്ന് വീട്ടിലേക്ക് പോകുകയും കുറച്ചു സമയത്തിനുശേഷം പുറത്തേക്ക് വരുകയും ചെയ്തു എന്ന്. നിവേദകൻ പറയുന്നു ഞാൻ അല്ലെങ്കിൽ വേറെ ആരോ അദ്ദേഹത്തോട് കാര്യം തിരക്കി. അപ്പോൾ അദ്ദേഹം പറഞ്ഞു. ഞാൻ വീട്ടിൽ സദഖയുടെ ധനത്തിൽ നിന്ന് സ്വർണത്തിന്റെ ഒരു തുട്ട് ബാക്കിവച്ചുപോന്നിരുന്നു. അത് രാത്രി മുഴുവൻ എന്റെ പക്കൽ ഇരിക്കുന്നത് ഞാൻ ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് ഞാൻ അത് വിതരണം ചെയ്യാൻ പോയതാണ്.

*സഹീഹ് ബുഖാരി (ഉറുദു പരിഭാഷ), വാള്യം 3, കിതാബുസ്സകാത്ത്, ഹദീസ് 1430, നസാറത്ത് ഇശാഅത്ത്, പേജ 53–54*

ഹദ്റത്ത് ഉമ്മുസലമ പറയുന്നു: റസൂലുല്ലാഹ് (സ) എന്റെ അടുക്കൽ വന്നു. അദ്ദേഹത്തിന്റെ മുഖത്തിന്റെ നിറം മാറിയിട്ടുണ്ടായിരുന്നു. ഹദ്റത്ത് ഉമ്മുസലമ പറയുന്നു: വല്ല പ്രയാസമോ വേദനയോ കാരണമായിരിക്കും ഇപ്രകാരമുണ്ടായത് എന്ന് ഞാൻ വിചാരിച്ചു. അവർ പറയുന്നു: ഞാൻ ബോധിപ്പിച്ചു, യാ റസൂലല്ലാഹ്, ഞാൻ അങ്ങയുടെ മുഖത്തിന്റെ നിറം മാറിയിരിക്കുന്നത് കാണുന്നു. വല്ല പ്രയാസവും കാരണമാണോ ഇപ്രകാരം. അദ്ദേഹം പ്രതിവചിച്ചു: അല്ല, വൈകുന്നേരം നമ്മുടെ അടുക്കൽ വന്ന ആ ഏഴ് ദീനാറുകളാണ് അതിന് കാരണം. ഒരു രാത്രി കഴിഞ്ഞുപോയി അവ ചെലവു ചെയ്തതുമില്ല. ഞാൻ അവ കിടക്കയുടെ കോണിൽ മറന്നുപോയിരുന്നു, എനിക്ക് ഓർമ്മ വന്നപ്പോൾ എനിക്ക് അതിൽ കഠിനമായ ചിന്തയുണ്ടായി.

*മുസ്നദ് അഹ്മദ് ബിൻ ഹൻബൽ, വാള്യം 8, ഹദീസ് 207, മക്തബ അൽഇമുൽ-കുതുബ്, ബെയ്റൂത്, 1998, പേജ് 630–631*

ഹദ്റത്ത് ഉഖ്ബയിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു ഞാൻ നബി തിരുമേനി(സ)യുടെ പിന്നിൽ മദീനയിൽ അസർ നമസ്കാരം നിർവഹിച്ചു. അദ്ദേഹം സലാം വീട്ടുകയും പെട്ടെന്ന് എഴുന്നേറ്റ് നിൽക്കുകയും ആളുകളുടെ തോളുകൾ വകഞ്ഞു മാറ്റിക്കൊണ്ട് തന്റെ ഭാര്യമാരുടെ മുറികളിലേക്ക് പോകുകയും ചെയ്തു. ആളുകൾ അദ്ദേഹത്തിന്റെ ഈ തിടുക്കം കണ്ട് പരിഭ്രാന്തരായി. പിന്നീട് അദ്ദേഹം അവരുടെ അടുക്കൽ പുറത്തേക്ക് വരുകയും അവർ അദ്ദേഹത്തിന്റെ ഈ തിടുക്കത്തിൽ അത്ഭുതപ്പെട്ടിരിക്കുന്നത് കാണുകയും ചെയ്തു. അതിൽ നബി തിരുമേനി(സ) പറഞ്ഞു എന്റെ പക്കൽ കുറച്ച് സ്വർണം ഉണ്ടായിരുന്നു. അത് എനിക്ക് ഓർമ്മ വന്നു, അത് ദൈവസ്മരണയിൽ നിന്ന് എന്റെ ശ്രദ്ധയെ തിരിക്കുന്നത് ഞാൻ ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് ഞാൻ അത് വിതരണം ചെയ്യാൻ നിർദേശിച്ചിരിക്കുകയാണ്.

*സഹീഹ് ബുഖാരി (ഉറുദു പരിഭാഷ), വാള്യം 2, കിതാബുൽ-അദാൻ, ഹദീസ് 851, നസാറത്ത് ഇശാഅത്ത്, പേജ് 252–253*

ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രസ്താവിക്കുന്നു: **തിരുനബി(സ)യുടെ അവസ്ഥ എന്തായിരുന്നെന്നാൽ അങ്ങയുടെ പക്കൽ ഉള്ളത് ദാനം ചെയ്യുമായിരുന്നു. ഒരു തവണ അവിടുത്തെ വീട്ടിൽ ഒരു നാണയം ഉണ്ടായിരുന്നു അങ്ങ് അത് എടുത്ത് വിതരണം ചെയ്തു.**

*മൽഫൂസാത്ത്, 2022, വാള്യം 3, പേജ് 323*

ഇതേ സംഭവത്തെ പരമർശിച്ചുകൊണ്ട് ഒരിടത്ത് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഇപ്രകാരം എഴുതിയിട്ടുണ്ട്, ഒരു തവണ സദഖയുടെ കുറച്ച് പണം വന്നു. അത് വിതരണം ചെയ്യുന്നതിനിടയിൽ ഒരു ദീനാർ ഏതോ കോണിൽ വീണുപോയി. അത് എടുക്കാൻ അദ്ദേഹത്തിന് ഓർമ്മയുണ്ടായില്ല. നമസ്കാരത്തിന് ശേഷം ഓർമ്മ വന്നപ്പോൾ ആളുകളുടെ മുകളിലൂടെ ചാടിക്കടന്നുകൊണ്ട് അദ്ദേഹം പെട്ടെന്ന് തന്റെ വീട്ടിലേക്ക് പോയി സഹാബാക്കൾ യാ റസൂലല്ലാഹ്, എന്തായിരുന്നു കാര്യം എന്ന് തിരക്കി. അദ്ദേഹം പറഞ്ഞു: ഇന്നപ്രകാരം ഒരു ദീനാർ വിതരണം ചെയ്യാൻ ബാക്കിയുണ്ടായിരുന്നു. സാധ്യമായത്ര പെട്ടെന്ന് അതും വിതരണം ചെയ്യാൻ ഞാൻ ആഗ്രഹിച്ചു. ചുരുക്കത്തിൽ **ധനവും സമ്പത്തും ഉണ്ടായിരുന്നിട്ടും അദ്ദേഹം അങ്ങനെയുള്ള തൃപ്തിയും നിരാലംബത്വവും പ്രകടിപ്പിച്ചു. അത് കണ്ട് അത്ഭുതം തോന്നുന്നു. കിട്ടുന്നതെല്ലാം അദ്ദേഹം ദൈവമാർഗത്തിൽ വിതരണം ചെയ്യുമായിരുന്നു.**

*തഫ്സീർ കബീർ, 2023, വാള്യം 7, പേജ് 478–479*

ഹദ്റത്ത് അനസ് നിവേദനം ചെയ്യുന്നു നബി തിരുമേനി(സ)യുടെ പക്കൽ ബഹറൈനിൽ നിന്ന് ധനം കൊണ്ടുവരപ്പെട്ടു. അത് മസ്ജിദിൽ സൂക്ഷിക്കുക എന്ന് അദ്ദേഹം നിർദേശിച്ചു. ഇത് റസൂലുല്ലാഹ്(സ)യുടെ പക്കൽ വന്ന ഏറ്റവും വലിയ ധനമായിരുന്നു. റസൂലുല്ലാഹ് (സ) നമസ്കാരത്തിനായി പുറപ്പെട്ടു. അദ്ദേഹം അതിന്റെ ഭാഗത്തേക്ക് ശ്രദ്ധ തിരിച്ചില്ല. ആ ഭാഗത്തേക്ക് നോക്കിയില്ല. അദ്ദേഹം നമസ്കാരം പൂർത്തിയാക്കിയപ്പോൾ വന്ന് ആ ധനത്തിന്റെ അടുക്കൽ പോകുകയും കാണുന്നവർക്കൊക്കെ നല്കുകയും ചെയ്തു. അപ്പോഴേക്കും അദ്ദേഹത്തിന്റെ അടുക്കൽ ഹദ്റത്ത് അബ്ബാസ് വന്നിട്ട് പറഞ്ഞു: യാ റസൂലല്ലാഹ്, എനിക്കും നല്കിയാലും, കാരണം ഞാൻ ബദ്റിന്റെ ദിവസം എന്റെ ഫിദ്‌യ നല്കിയിരുന്നു. അഖീലിന്റെ ഫിദ്‌യയും ഉണ്ടായിരുന്നു. അഖീൽ ബിൻ അബൂത്വാലിബ് ഹദ്റത്ത് അബ്ബാസിന്റെ സഹോദരപുത്രനായിരുന്നു. അപ്പോൾ റസൂലുല്ലാഹ്(സ) അദ്ദേഹത്തോട് പറഞ്ഞു ഇതിൽ നിന്ന് എടുത്തുകൊള്ളുക. അപ്പോൾ അദ്ദേഹം രണ്ട് കൈകളും നിറച്ചെടുത്ത് തന്റെ വസ്ത്രത്തിൽ ഇട്ടു. പിന്നീട് അത് ഉയർത്താൻ നോക്കി. എന്നാൽ ഉയർത്താൻ സാധിച്ചില്ല. അപ്പോൾ യാ റസൂലല്ലാഹ്! ഇത് എനിക്ക് ഉയർത്തിത്തരാൻ ആർക്കെങ്കിലും നിർദേശം നല്കിയാലും എന്ന് പറഞ്ഞു. അദ്ദേഹം പ്രതിവചിച്ചു ഇല്ല, അത് സാധ്യമല്ല. അദ്ദേഹം പറഞ്ഞു എങ്കിൽ അങ്ങ് ഉയർത്തിത്തന്ന് എന്റെമേൽ വച്ചുതന്നാലും. അദ്ദേഹം പറഞ്ഞു: ഇല്ല, അതും സാധ്യമല്ല. അതിൽ അദ്ദേഹം അതിൽ നിന്ന് കുറച്ച് ഒഴിവാക്കി. പിന്നീട് ഉയർത്താൻ നോക്കി. അപ്പോഴും ഉയർത്താൻ സാധിച്ചില്ല, അപ്പോൾ അദ്ദേഹം പറഞ്ഞു: യാ റസൂലല്ലാഹ്! ഇത് എനിക്ക് ഉയർത്തിത്തരാൻ ആർക്കെങ്കിലും നിർദേശം നല്കിയാലും. അദ്ദേഹം പ്രതിവചിച്ചു: ഇല്ല, അത് സാധ്യമല്ല. അദ്ദേഹം പറഞ്ഞു: എങ്കിൽ അങ്ങ് ഉയർത്തിത്തന്ന് എന്റെ മേൽ വെച്ചുതന്നാലും. അദ്ദേഹം പറഞ്ഞു: ഇല്ല, അതും സാധ്യമല്ല. അതിൽ അദ്ദേഹം അതിൽ നിന്ന് കുറച്ച് ഒഴിവാക്കി. പിന്നീട് അത് ഉയർത്തി തന്റെ ചുമലിൽ വച്ചുകൊണ്ട് നടന്നുപോയി. നടന്നുപോയപ്പോൾ റസൂലുല്ലാഹ്(സ) അദ്ദേഹം കൺവെട്ടത്തിൽ നിന്ന് മറയുന്നതുവരെ അദ്ദേഹത്തെ തന്നെ നോക്കിക്കൊണ്ടിരുന്നു. എല്ലാ അവസരത്തിലും അദ്ദേഹം സ്വഹാബത്തിന് മിതത്വം ഉപദേശിച്ചിരുന്നു. ശരിയാണ്, ഞാൻ നല്കാം. എടുത്തുകൊള്ളുക, എന്നാൽ മിതത്വത്തോടെ. അത് അടുത്ത ബന്ധുവാണെങ്കിൽ പോലും മിതത്വം ഉണ്ടായിരിക്കണം. എത്രത്തോളം ആവശ്യമുണ്ടോ അത്രത്തോളം എടുക്കുക. കൂടുതൽ എടുക്കാൻ പാടില്ല. തിരുനബി(സ)ക്ക് അദ്ദേഹത്തിന്റെ ഈ ദുരാഗ്രഹം കണ്ട് അത്ഭുതപ്പെട്ടു എന്നും ഈ ഹദീസിന്റെ ഒടുവിൽ നിവേദകൻ ചേർത്തിട്ടുണ്ട്.

*സഹീഹ് ബുഖാരി ധഉറുദു പരിഭാഷപ, വാള്യം 1, കിതാബുസ്സലാത്ത്, ഹദീസ് 421, നസാറത്ത് ഇശാഅത്ത്, പേജ് 517–518*

ഇത് രാവിയുടെ സ്വന്തം അഭിപ്രായമാണ്. ഒരുപക്ഷേ അതുകൊണ്ടായിരിക്കില്ല തിരുനബി(സ) നോക്കിനിന്നത്. അദ്ദേഹത്തിന്റെ ദുരാഗ്രഹത്തിൽ അത്ഭുതമുണ്ടായതായിരിക്കില്ല. മറിച്ച് തിരുനബി(സ)ക്ക് ആ ദാരിദ്ര്യത്തിന്റെ കാലം ഓർമ്മ വന്നിട്ടുണ്ടാകാം. സ്വഹാബത്തിന്റെ പഴയ അവസ്ഥ ആലോചിച്ചുകൊണ്ട് ദൂരേക്ക് അദ്ദേഹത്തെ നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. അതായത് ഏതുവിധമാണ് അവർ ത്യാഗങ്ങൾ ചെയ്തുകൊണ്ടിരുന്നത്, ഏതുവിധമായിരുന്നു അവരുടെ മേൽ ദാരിദ്ര്യത്തിന്റെ കാലം ഉണ്ടായിരുന്നത്, എന്നാൽ ഇന്ന് അല്ലാഹു ഏതുവിധമാണ് നമുക്ക് നല്കിക്കൊണ്ടിരിക്കുന്നത് എന്നൊക്കെ ചിന്തിച്ചു കാണും. വിവിധ വ്യാഖ്യാതാക്കളും ഈ രാവിയുടെ അഭിപ്രായത്തെ രാവിയുടെ സ്വന്തം ചിന്തയായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. അല്ലാതെ എന്തുകൊണ്ടാണ് ദുരാഗ്രഹം കാണിക്കുന്നത് എന്ന് തിരുനബി(സ) അത്ഭുതപ്പെട്ടു എന്നല്ല. മറിച്ച് മറ്റ് ചിന്തകളെക്കുറിച്ചാണ് വ്യാഖ്യാതാക്കൾ എഴുതിയിട്ടുള്ളത്.

*അൽ-ഇഫ്സാഹ് അൻ മആനീ അൽ-സിഹാഹ്, വാള്യം5, ദാറുൽ-വതൻ, പേജ് 323*

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് നിവേദനം ചെയ്യുന്നു, റസൂലുല്ലാഹ് (സ) നോട് വല്ലതു ആവശ്യപ്പെടുകയും അദ്ദേഹം ഇല്ല എന്ന് പറയുകയും ചെയ്ത ഒരു സംഭവവും ഒരിക്കലും ഉണ്ടായിട്ടില്ല.

*സഹീഹ് മുസ്ലിം (ഉറുദു പരിഭാഷ), വാള്യം 12, കിതാബുൽ-ഫദാഇൽ, ഹദീസ് 4260, നൂർ ഫൗഷേൻ, പേജ് 222–223*

ഹദ്റത്ത് സഹൽ ബിൻ സഅ്ദ് പറയുന്നു: **റസൂലുല്ലാഹ്(സ) വളരെ ലജ്ജയുള്ളവനായിരുന്നു. റസൂലുല്ലാഹ് (സ) നോട് വല്ലതു ആവശ്യപ്പെടുമ്പോഴൊക്കെ തന്നെ അവിടുന്ന് നല്കുകതന്നെ ചെയ്യുമായിരുന്നു.**

*സുബുൽ ഹുദ വറിശാദ്, വാള്യം 7, ദാറുൽ-കുതുബുൽ-ഇൽമിയ്യ, ബെയ്റൂത്, 1993, പേജ് 50*

ഇബ്നു അബീ ഖൈഥമ ഹദ്റത്ത് അലിയിൽ നിന്ന് നിവേദനം ചെയ്യുന്നു: **ഹദ്റത്ത് അലി റസൂലുല്ലാഹ്(സ)യുടെ ഗുണങ്ങൾ വിവരിക്കുമ്പോഴൊക്കെ അവിടുന്ന് നല്കുന്ന കാര്യത്തിൽ എല്ലാ മനുഷ്യരേക്കാളും ഉദാരമതിയായിരുന്നു എന്ന് വിവരിക്കാറുണ്ടായിരുന്നു.**

*സുബുൽ ഹുദ വർറിശാദ്, വാള്യം 7, ദാറുൽ-കുതുബുൽ-ഇൽമിയ്യ, ബെയ്റൂത്, 1993, പേജ് 52*

ഹദ്റത്ത് സഹൽ ബിൻ സഅ്ദ് വിവരണം ചെയ്യുന്നു ഒരു സ്ത്രീ ബുർദ എന്ന ഒരുതരം ശീല(ഷാൾ) കൊണ്ടുവന്നിട്ട് പറഞ്ഞു: യാ റസൂലല്ലാഹ്, ഞാൻ ഇത് അങ്ങയെ ധരിപ്പിക്കാൻ ഞാൻ എന്റെ സ്വന്തം കൈകൊണ്ട് നെയ്തതാണ്. നബി തിരുമേനി(സ) അദ്ദേഹത്തിന് അതിന്റെ ആവശ്യമുണ്ടായിരുന്നതു പോലെ അത് വാങ്ങി. പിന്നീട് അദ്ദേഹം ഞങ്ങളുടെ അടുക്കൽ വന്നു. അതേ ശീല ലുങ്കി ആയിട്ടായിരുന്നു അദ്ദേഹം ധരിച്ചിരുന്നത്. അവിടെയുള്ളവരിൽ ഒരാൾ പറഞ്ഞു: യാ റസൂലല്ലാഹ്, ഈ ശീല എനിക്ക് ധരിക്കാനായി

നല്കിയാലും എന്ന്. അദ്ദേഹം ശരി എന്ന് പറഞ്ഞു. നബി തിരുമേനി(സ) കുറച്ചുനേരം മജ്ലിസിൽ ഇരുന്നു. പിന്നീട് ഉള്ളിൽ പോയി അത് മടക്കി അയാൾക്ക് കൊടുത്തയച്ചു. വസ്ത്രം മാറി വന്നു വേറെ തുണി ധരിച്ചു. ആളുകൾ അദ്ദേഹത്തോട് പറഞ്ഞു: തിരുനബിയോട് അത് ചോദിച്ചത് ശരിയായില്ല. അദ്ദേഹം ചോദിക്കുന്നവനെ മടക്കാറില്ല എന്ന് അറിവുള്ളതാണല്ലോ. അപ്പോൾ ആ മനുഷ്യൻ പറഞ്ഞു: ദൈവത്താണ! ഞാൻ ഇത് ചോദിച്ചത് ഞാൻ മരിച്ചു കഴിഞ്ഞാൽ ഇത് എനിക്ക് കഫൻ പുതക്കാൻ വേണ്ടിയിട്ടാണ്. ഹദ്റത്ത് സഹൽ പറഞ്ഞതായിട്ട് ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു, അതേ ശീല തന്നെ പിന്നീട് അദ്ദേഹത്തിന്റെ കഫനായി ഉപയോഗിക്കപ്പെട്ടു.

*സഹീഹ് ബുഖാരി ധഉറുദു പരിഭാഷപ, വാള്യം 4, കിതാബുൽ-ബുയൂഅ്, ഹദീസ് 2093, നസാറത്ത് ഇശാഅത്ത്, പേജ് 58-59*

ഹദ്റത്ത് മിസ്വർ ബിൻ മഖ്റമയിൽ നിന്ന് നിവേദനം, അദ്ദേഹം പറയുന്നു: റസൂലുല്ലാഹ്(സ) ചില ഖുബാഅ്(വസ്ത്രങ്ങൾ) വിതരണം ചെയ്തു, മഖ്റമയ്ക്ക് യാതൊരു ഖുബാഉം നല്കിയില്ല. മഖ്റമ പ സ്വന്തം മകനോട് പറഞ്ഞു വരൂ നമുക്ക് ഒരുമിച്ച് റസൂലുല്ലാഹ്(സ)യുടെ അടുക്കൽ പോകാം. ഞാൻ അദ്ദേഹത്തിന്റെ കൂടെപ്പോയി. അദ്ദേഹത്തിന്റെ മകൻ മിസ്വർ ആണ് നിവേദനം ചെയ്തത്. അദ്ദേഹം പറഞ്ഞു ഉള്ളിൽ പോകൂ, എന്നിട്ട് തിരുനബിയെ എന്റെ അടുക്കലേക്ക് വിളിക്കൂ. ഞാൻ കുട്ടിയായിരുന്നു. ഉള്ളിൽ പോയി തിരുനബിയോട് പറഞ്ഞു: എന്റെ പിതാവ് വന്നിട്ടുണ്ട്. അദ്ദേഹം അവരുടെ അടുക്കൽ വന്നു. ഒരു ഖുബാഅ് അദ്ദേഹത്തിന്റെ കൈയിൽ ഉണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു ഞാൻ നിനക്കായി ഇത് മാറ്റിവച്ചിരിക്കുകയായിരുന്നു. താങ്കൾ പരാതിയുമായി വന്നിരിക്കുകയായിരുന്നു അല്ലേ. പരാതി ഉന്നയിക്കുന്നതിന് മുൻപ് തന്നെ അദ്ദേഹം ആ വസ്ത്രം അവർക്ക് നല്കിയിട്ട് ഞാൻ താങ്കൾക്കായി ഇത് സൂക്ഷിച്ചുവച്ചിരിക്കുകയായിരുന്നു എന്ന് പറഞ്ഞു. നിവേദകൻ പറയുന്നു അദ്ദേഹം മഖ്റമയുടെ ഭാഗത്തേക്ക് നോക്കുകയും ഈ വസ്ത്രം അയാൾക്കുള്ളതാണ് എന്ന് അറിയിക്കുകയും ചെയ്തപ്പോൾ മഖ്റമ സന്തോഷവാനായി.

*സഹീഹ് മുസ്ലിം (ഉറുദു പരിഭാഷ), വാള്യം 4, കിതാബുസ്സകാത്ത്, ഹദീസ് 1736, നൂർ ഫൗഷേൻ, പേജ് 229; ഫത്ഹുൽ-ബാരി, വാള്യം 10, കിതാബുൽ-ലിബാസ്, ഹദീസ് 5800, മക്തബത്തുൽ മലിക ഫഹ്ദ്, റിയാദ്, 2001, പേജ് 281*

നബി തിരുമേനി(സ) ഹദ്റത്ത് മഖ്റമയുടെ ശബ്ദം തിരിച്ചറിയുകയും പുറത്തേക്ക് എഴുന്നള്ളുകയും ചെയ്തു എന്ന് മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. മകൻ ഉള്ളിൽ പോകുന്നതിന് പകരം നബി തിരുമേനി(സ) സ്വയം തന്നെ പുറത്തേക്ക് വരുകയുണ്ടായി. അദ്ദേഹത്തിന്റെ പക്കൽ ഒരു ഖുബാഅ് ഉണ്ടായിരുന്നു, അദ്ദേഹം അതിന്റെ ഗുണങ്ങൾ അവർക്ക് പറഞ്ഞുകൊടുക്കുകയായിരുന്നു. പറഞ്ഞു, ഞാൻ ഇത് താങ്കൾക്കായി സൂക്ഷിച്ചുവച്ചിരിക്കുകയായിരുന്നു.

*സഹീഹ് മുസ്ലിം (ഉറുദു പരിഭാഷ), വാള്യം 4, കിതാബുസ്സകാത്, ഹദീസ് 1737, നൂർ ഫൗഷേൻ, പേജ് 229*

ഹദ്റത്ത് അനസ് ബിൻ മാലികിൽ നിന്ന് നിവേദനം, ഞാൻ റസൂലുല്ലാഹ്(സ)യുടെ അടുത്തു കൂടെ കടന്നുപോകുകയായിരുന്നു, അദ്ദേഹം നജ്റാനി പുതപ്പ് ധരിച്ചിട്ടുണ്ടായിരുന്നു. അതിന്റെ അറ്റം പരുപരുത്തയതായിരുന്നു. അവിടെ ഒരു ബദവി(കാട്ടറബി) വന്നെത്തി. അയാൾ അദ്ദേഹത്തിന്റെ പുതപ്പ് വളരെ ശക്തിയായി വലിച്ചു, ഞാൻ റസൂലുല്ലാഹ് (സ)യുടെ കഴുത്തിന്റെ ഒരു ഭാഗത്തേക്ക് നോക്കി. അയാൾ ശക്തിയായി വലിച്ചതു കാരണം ആ പുതപ്പിന്റെ അറ്റംകാരണം അദ്ദേഹത്തിന്റെ കഴുത്തിൽ അടയാളം വീണിരുന്നു. പിന്നീട് അയാൾ പറഞ്ഞു: ഹേ മുഹമ്മദ്(സ), അല്ലാഹുവിന്റെ ഏത് ധനമാണോ അങ്ങയുടെ പക്കലുള്ളത് അതിൽ നിന്ന് എനിക്കും നൽകപ്പെടാൻ നിർദേശം നല്കൂ. റസൂലുല്ലാഹ്(സ) അദ്ദേഹത്തെ നോക്കി പുഞ്ചിരിതൂകുകയും അയാൾക്ക് നല്കാൻ കൽപന നല്കുകയും ചെയ്തു.

*സഹീഹ് മുസ്ലിം (ഉറുദു പരിഭാഷ), വാള്യം 4, പേജുകൾ 227-228, കിതാബുസ്സകാത്ത്, ഹദീസ് 1735, നൂർ ഫൗഷേൻ*

ഇതിന്റെ വിശദീകരണം ഒരിടത്ത് ഇപ്രകാരം വന്നിട്ടുണ്ട്, ഹദ്റത്ത് അബൂഹുറൈ നിവേദനം ചെയ്യുന്നു, നബി കരീം (സ) ഞങ്ങളുമായി മജ്ലിസിൽ ഇരുന്ന് സംസാരിക്കാറുണ്ടായിരുന്നു. പിന്നീട് അദ്ദേഹം എഴുന്നേൽക്കുമ്പോൾ ഞങ്ങളും എഴുന്നേൽക്കുമായിരുന്നു. ശേഷം അദ്ദേഹം തന്റെ വീട്ടിലേക്ക് പോകുമായിരുന്നു. ഏതെങ്കിലും ഭാര്യയുടെയും വീട്ടിലേക്ക്. ഒരു ദിവസം പറയുന്നു അദ്ദേഹം നമ്മളോട് സംഭാഷണത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. അദ്ദേഹം എഴുന്നേറ്റു നിന്നപ്പോൾ ഞങ്ങളും എഴുന്നേറ്റു നിന്നു. നമ്മൾ ഒരു ബദവിയെ കണ്ടു, അയാൾ അദ്ദേഹത്തിൽ പുതപ്പു പിടിച്ച് വലിച്ചു. അതുകാരണം അദ്ദേഹത്തിന്റെ കഴുത്ത് ചുവന്നുപോയി. ഹദ്റത്ത് അബൂഹുറൈറ വിവരിക്കുന്നു, നബി കരീം (സ)യുടെ ആ പുതപ്പ് വളരെ പരുത്തതായിരുന്നു. തിരുബനബി അയാളുടെ ഭാഗത്തേക്ക് തിരിഞ്ഞപ്പോൾ ആ ബദവി അദ്ദേഹത്തോട് പറഞ്ഞു: എന്റെ ഈ രണ്ട് ഒട്ടകങ്ങളുടെ മേൽ അങ്ങ് സമ്പത്ത് കയറ്റിത്തരൂ, കാരണം അങ്ങ് അങ്ങയുടെ സ്വന്തം ധനത്തിൽ നിന്നോ അങ്ങയുടെ പിതാവിന്റെ ധനത്തിൽ നിന്നോ അല്ല തരുന്നത്. വളരെ അപമര്യാദയായി സംസാരിച്ചു. നിവേദകൻ പറയുന്നു: അതുകേട്ട് നബി കരീം (സ) പറഞ്ഞു, പറ്റില്ല, ഞാൻ അല്ലാഹുവിനോട് മഗ്ഫിറത്ത് തേടുന്നു. പറ്റില്ല, ഞാൻ അല്ലാഹുവിനോട് മഗ്ഫിറത്ത് തേടുന്നു. പറ്റില്ല, ഞാൻ അല്ലാഹുവിനോട് മഗ്ഫിറത്ത് തേടുന്നു എന്ന്. നിഷേധിക്കുകയും അതോടൊപ്പം ഇസ്തിഗ്ഫാറും ചെയ്തു. ഞാൻ ആ സമയം വരെ നിനക്ക് നല്കുകയില്ല. തീരെ നല്കുകയില്ല എന്നായിരുന്നില്ല പറഞ്ഞത്. ഒരു നിബന്ധന വച്ചു. നിന്നിൽ നിന്ന് എന്നെ ഇപ്രകാരം വലിച്ചതിന് പകരം കിട്ടാത്തതുവരെ നിനക്ക് നല്കുകയില്ല എന്നാണ് പറഞ്ഞത്. നീ എന്റെ പുതപ്പ് വലിക്കുകയും എന്റെ കഴുത്തിന് പരിക്കേൽപ്പിക്കുകയും ചെയ്തല്ലോ അതിന്റെ പകരം നല്കൂ എന്ന്. ആ ബദവി ഓരോ തവണയും പറയുമായിരുന്നു ദൈവത്താണ! ഞാൻ അതിന് പകരം നല്കുകയില്ല. അയാൾ പറഞ്ഞു: ഇല്ല ഞാൻ യാതൊരു പകരവും നല്കുകയില്ല. അയാൾ പറഞ്ഞു: കാരണം അങ്ങ് തിന്മയ്ക്ക് പകരം തിന്മ ചെയ്യുകയില്ലല്ലോ. അയാൾ ഈ തന്ത്രം പ്രയോഗിച്ചു, ബുദ്ധിമാനായിരുന്നു ബദവിയും, അങ്ങ് തിന്മയ്ക്ക് പകരം തിന്മ ചെയ്യുകയില്ല. അതുകൊണ്ട് ഞാൻ പകരം നല്കുക എന്ന ചോദ്യമേ ഉദിക്കുന്നില്ല. ഞാൻ തിന്മയാണ് ചെയ്തത്. അങ്ങ് തിന്മ ചെയ്യുകയില്ലല്ലോ. അതുകേട്ട് നബി കരീം (സ) മന്ദഹസിച്ചു, എന്നിട്ട് ഹദ്റത്ത് ഉമറിനോട് അവന്റെ രണ്ട് ഒട്ടകങ്ങളിൽ ഒന്നിന്മേൽ ബാർലിയും(യവം) മറ്റേതിന്മേൽ ഈത്തപ്പഴവും കയറ്റി കൊടുക്കൂ എന്ന് കൽപിച്ചു. രണ്ടും നിറച്ചുകൊടുത്തു. അയാൾക്ക് സമ്പത്ത് നല്കുക മാത്രമല്ല ചെയ്തത് മറിച്ച് അയാളുടെ അതിക്രമം മാപ്പാക്കുകയും ചെയ്തു.

*സുനൻ അബി ദാവൂദ്, കിതാബുൽ-ആദാബ്, ഹദീസ് 4475*

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ) വിവരിക്കുന്നു, റസൂലുല്ലാഹ് (സ)പറഞ്ഞു: നമ്മുടെ പക്കൽ ബഹറൈനിലെ സമ്പത്ത് വരുകയാണെങ്കിൽ ഞാൻ നിനക്ക് ഇത്രയിത്ര നല്കും. അദ്ദേഹം രണ്ട് കൈകളും ഒരുമിച്ച് കൂട്ടിക്കാണിച്ചു. എന്നാൽ ബഹറൈനിലെ സമ്പത്ത് വന്നെത്തുന്നതിന് മുൻപ് നബി തിരുമേനി(സ)യുടെ വഫാത്ത് സംഭവിച്ചു. പിന്നീട് ആ സമ്പത്ത് അദ്ദേഹത്തിന് ശേഷം ഹദ്റത്ത് അബൂബക്കർ(റ)ന്റെ പക്കൽ വന്നു. അദ്ദേഹം ഒരു വിളംബരം ചെയ്യുന്നവനോട് നബി തിരുമേനി(സ)യുടെ വല്ല വാഗ്ദാനമോ കടമോ ഉള്ളവർ വരണമെന്ന് വിളംബരപ്പെടുത്താൻ നിർദേശിച്ചു. അങ്ങനെ ഞാൻ എഴുന്നേൽക്കുകയും നബി തിരുമേനി(സ) ബഹറൈനിലെ ധനം വരുകയാണെങ്കിൽ ഞാൻ നിനക്ക് ഇപ്രകാരം നൽകുമെന്ന് പറഞ്ഞിരുന്നുവെന്ന് ബോധിപ്പുകയും ചെയ്തു. അതിൽ ഹദ്റത്ത് അബൂബക്കർ രണ്ട് കൈകളും ചേർത്തുവച്ച് വാരിയെടുത്തു നല്കി. തുടർന്ന് എന്നോട് എണ്ണിനോക്കാൻ പറഞ്ഞു. അങ്ങനെ ഞാൻ എണ്ണിയപ്പോൾ അത് അഞ്ഞൂറ് ദീനാർ ഉണ്ടായിരുന്നു. പിന്നീട് അദ്ദേഹം പറഞ്ഞു: ഇതിന്റെ ഇരട്ടി കൂടിയെടുത്തുകൊള്ളുക. ഹദ്റത്ത് ത്വൽഹ ബിൻ ഹദ്റമി, അദ്ദേഹത്തെ ആയിരുന്നു റസൂലുല്ലാഹ്(സ) ബഹറൈനിൽ ഗവർണറായി നിശ്ചയിച്ചിരുന്നത്. അദ്ദേഹം ബഹറൈനിൽ നിന്ന് ഈ ധനം അയച്ചതായിരുന്നു, തിരുനബി(സ)യ്ക്ക് ശേഷവും ഹദ്റത്ത് ത്വൽഹ ഇതേ പദവിയിൽ തന്നെ തുടർന്നു.

*സഹീഹ് മുസ്ലിം (ഉറുദു പരിഭാഷ), വാള്യം 12, കിതാബുൽ-ഫദാഇൽ, ഹദീസ് 4264, നൂർ ഫൗഷേൻ, പേജുകൾ 224-225*

ഹാറൂൻ ബിൻ രീയാബ് വിവരണം ചെയ്യുന്നു, ഒരു തവണ നബി തിരുമേനി(സ)യുടെ പക്കൽ എഴുപതിനായിരം ദിർഹം വന്നു. ഇത് അവിടുത്തെ പക്കൽ വന്ന ഏറ്റവും വലിയ ധനാമായിരുന്നു. പിന്നീട് ഈ ധനം ഒരു പായയിൽ വയ്ക്കപ്പെട്ടു. പിന്നീട് നബി തിരുമേനി(സ) അത് വിതരണം ചെയ്യാനായി എഴുന്നേറ്റു നിന്നു. ചോദിച്ചുവന്ന യാതൊരു ആവശ്യക്കാരനെയും അദ്ദേഹം വെറുംകയ്യോടെ മടക്കിയില്ല. എത്രത്തോളമെന്നാൽ അദ്ദേഹം ആ ധനം മുഴുവനായും വിതരണം ചെയ്തുതീർത്തു.

*അഖ്ലാഖുന്നബി വ ആദാബിഹി, ഹദീസ് 97, മക്തബ ദാറുൽ-ലുഅ്ലുഅ്, പേജ് 103-104*

ഈ നിവേദനത്തിൽ ഇപ്രകാരമാണുള്ളത്. ഈ ധനത്തേക്കാൾ വലിയ ധനവും വന്നുകൊണ്ടിരുന്നിട്ടുണ്ട്. ഒരുപക്ഷേ നിവേദകന്റെ അറിവനുസരിച്ച് ഇത് ഏറ്റവും വലിയ ധനമായിരിക്കാം അല്ലെങ്കിൽ ഈ നിവേദനം വിവരണം ചെയ്യപ്പെടുന്ന സമയം വരെ ഇത് ഏറ്റവും വലിയ ധനമായിരിക്കാം കാരണം ഇതിന് മുമ്പുള്ള നിവേദനത്തിൽ ബഹറൈനിൽ നിന്ന് വന്ന ധനം ഇതിനേക്കാൾ വളരെ കൂടുതലായിരുന്നു.

ഹദ്റത്ത് അബൂഹുറൈറയിൽ നിന്ന് നിവേദനം, ഒരാൾ നബി തിരുമേനി(സ)യുടെ സന്നിധിയിൽ ഹാജരാകുകയും അവിടുത്തോട് ചോദിക്കുകയും ചെയ്തു. റസൂലുല്ലാഹ് (സ) അദ്ദേഹത്തിന് അർദ്ധ വസ്ഖ് ധാന്യം കടമായി വാങ്ങി നല്കി. ഒരു വസ്ഖ് എന്നാൽ ഏതാണ്ട് അറുപത് സ്വാഅ് വരും, ഒരു സ്വാഅ് എന്നാൽ രണ്ടര സേറിന് തുല്യമാണ്. പിന്നീട് കടം നല്കിയ മനുഷ്യൻ അത് ആവശ്യപ്പെട്ട് വന്നപ്പോൾ അദ്ദേഹം അയാൾക്ക് ഒരു വസ്ഖ് നല്കുകയും ഇപ്രകാരം പറയുകയും ചെയ്തു: പകുതി അവന്റെ കടം വീട്ടലായും പകുതി അവനുള്ള സമ്മാനമായും ആണ്.

*അശ്ശിഫാ ബി തഅ്രീഫ് ഹുഖൂഖുൽ-മുസ്തഫ, ഖാളി അയാള്, ദാറുൽ-കുതുബുൽ-ഇൽമിയ്യ, ബെയ്റൂത്, 2002, പേജ് 77-78; ലുഗത്-ഉൽ-ഹദീസ്, വാള്യം 2, പേജ് 648, വാള്യം 4, പേജ് 487*

ഇതാണ് കടം വീട്ടാനുള്ള ഏറ്റവും നല്ല രീതി. അദ്ദേഹത്തിൽ നിന്ന് അർദ്ധ വസ്ഖ് ധാന്യം വാങ്ങി കടം നല്കിയിരുന്നു. കടം നൽകിയവന് അദ്ദേഹം പൂർണ്ണമായ വസ്ഖ് നല്കി. യഥാർത്ഥ കടം ഏതൊന്നാണോ അത് വീട്ടുന്നതിലും മടി കാണിക്കുക എന്നതല്ല ശരിയായ രീതി.

ഹദ്റത്ത് സഹൽ ബിൻ സഅ്ദ് സാഇദിയിൽ നിന്ന് നിവേദനം, റസൂലുല്ലാഹ് (സ) അവിടുത്തേക്ക് വേണ്ടി

കറുത്ത നിറത്തിലുള്ള ഒരു കമ്പിളി ജുബ്ബ ഉണ്ടാക്കപ്പെട്ടു. ഒരു ദിവസം അദ്ദേഹം ആ ജുബ്ബ ധരിച്ചുകൊണ്ട് സ്വഹാബത്തിനിടയിൽ സന്നിഹിതനായി. അദ്ദേഹം പറഞ്ഞു: നിങ്ങൾ ഇത് കാണുന്നില്ലേ? ഇത് എത്ര മനോഹരമാണ്. ഒരു ഗ്രാമീണൻ ബോധിപ്പിച്ചു: യാ റസൂലല്ലാഹ്, എന്റെ മാതാപിതാക്കൾ അങ്ങേക്ക് തെണ്ടമാകട്ടെ. ഈ ജുബ്ബ എനിക്ക് ദാനം ചെയ്താലും. റസൂലുല്ലാഹ് (സ)നോട് വല്ലതും ചോദിക്കപ്പെടുകയും അദ്ദേഹം ഇല്ല എന്ന് പറയുകയും ചെയ്ത ഒരു സംഭവവും ഒരിക്കലും ഉണ്ടായിട്ടില്ല. റസൂലുല്ലാഹ് (സ) തന്റെ ജുബ്ബ അഴിച്ച് അയാൾക്ക് നല്കി.

*സുബുൽ-ഹുദ വർറിശാദ്, വാല്യം 7, ദാറുൽ-കുതുബുൽ-ഇൽമിയ്യ, ബെയ്റൂത്, 1993, പേജ് 53*

വളരെ മനോഹരമായ ഒരു നിവേദനം ഉണ്ട്; ഹദ്റത്ത് ഇബ്നു ഉമർ നിവേദനം ചെയ്യുന്നു: റസൂലുല്ലാഹ് (സ) ഒരു വസ്ത്രവ്യാപാരിയിൽ നിന്ന് നാല് ദിർഹമിന് ഒരു കുപ്പായം വാങ്ങി. ആ കുപ്പായം ധരിച്ചുകൊണ്ട് അദ്ദേഹം പുറത്തേക്ക് എഴുന്നള്ളിയപ്പോൾ അൻസാരികളിൽപെട്ട ഒരു മനുഷ്യൻ പറഞ്ഞു: ഹേ അല്ലാഹുവിന്റെ ദൂതരേ(സ), ഈ കുപ്പായം എന്നെ ധരിപ്പിച്ചാലും. അല്ലാഹു അങ്ങയെ സ്വർഗത്തിലെ വസ്ത്രം ധരിപ്പിക്കട്ടെ. അദ്ദേഹം ആ കുപ്പായം അഴിച്ച് അയാൾക്ക് നല്കി പിന്നീട് അദ്ദേഹം വ്യാപാരിയുടെ അടുക്കൽ പോകുകയും അതിൽ നിന്ന് നാല് ദിർഹമിന് മറ്റൊരു കുപ്പായം വാങ്ങുകയും ചെയ്തു. അദ്ദേഹത്തിന്റെ പക്കൽ രണ്ട് ദിർഹം ബാക്കിയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പക്കൽ ആ സമയത്ത് പത്ത് ദിർഹം ഉണ്ടായിരുന്നു നാല് ദിർഹമിന് ആദ്യത്തെ കുപ്പായം വാങ്ങി. പിന്നീട് നാല് ദിർഹമിന് രണ്ടാമത്തേത് വാങ്ങി. രണ്ട് ദിർഹം ബാക്കിയുണ്ടായി. അദ്ദേഹം വഴിയിൽ മടങ്ങിവരുന്ന സമയത്ത് ഒരു അടിമപ്പെൺകുട്ടി കരയുന്നത് കണ്ടു. അദ്ദേഹം അവളോട് കരയാനുള്ള കാരണം ചോദിച്ചറിഞ്ഞു. അവൾ പറഞ്ഞു ഹേ അല്ലാഹുവിന്റെ റസൂൽ, എന്റെ ഉടമസ്ഥൻ എനിക്ക് ആട്ട വാങ്ങാനായി രണ്ട് ദിർഹം നല്കിയിരുന്നു. എന്നാൽ അത് എന്റെ കയ്യിൽ നിന്ന് എവിടെയോ വീണു പോയി. നഷ്ടപ്പെട്ടുപോയി. നബി തിരുമേനി(സ) ബാക്കി വന്നിരുന്ന രണ്ട് ദിർഹം അവൾക്ക് നൽകി. അവൾ മടങ്ങാൻ തുടങ്ങിയപ്പോൾ വീണ്ടും കരയാൻ തുടങ്ങി. അദ്ദേഹം അവൾ എന്തുകൊണ്ടാണ് കരയുന്നത് എന്ന് അവളോട് ചോദിച്ചു. ഇപ്പോൾ രണ്ട് ദിർഹം അവളുടെ പക്കൽ ഉണ്ടല്ലോ. പോയി ആട്ട വാങ്ങിക്കൊള്ളാൻ പറഞ്ഞു. അവൾ പറഞ്ഞു: ഇത്രയും സമയമായിട്ട് എവിടെയായിരുന്നു എന്ന് ചോദിച്ച് അയാൾ എന്നെ ഉപദ്രവിക്കുമെന്ന് ഞാൻ ഭയക്കുന്നു. അദ്ദേഹം അവളോടൊപ്പം അവളുടെ വീട്ടുകാരുടെ ഭാഗത്തേക്ക് നടന്നു. അദ്ദേഹം അവർക്ക് സലാം ചൊല്ലി. അയാൾ അദ്ദേഹത്തിന്റെ ശബ്ദം തിരിച്ചറിഞ്ഞു എന്നാൽ മറുപടി നല്കുന്നതിന് പകരം നിശ്ശബ്ദത പാലിച്ചു. അദ്ദേഹം രണ്ടാമതും സലാം ചൊല്ലി. അയാൾ അപ്പോഴും നിശ്ശബ്ദത പാലിച്ചു. അദ്ദേഹം മൂന്നാമതും സലാം ചൊല്ലി. ആ സമയത്ത് അയാൾ അദ്ദേഹത്തിന്റെ സലാമിന് മറുപടി നല്കി. അദ്ദേഹം അയാളോട് ചോദിച്ചു: താങ്കൾ ആദ്യത്തെ സലാം കേട്ടിരുന്നില്ലേ? അയാൾ ബോധിപ്പിച്ചു: കേട്ടിരുന്നു. എന്നാൽ അങ്ങ് ഞങ്ങളുടെ മേൽ സലാം വർദ്ധിപ്പിച്ചുകൊണ്ടേയിരിക്കാനും ആവർത്തിച്ച് സലാം ചൊല്ലാനും ഞങ്ങൾ ആഗ്രഹിച്ചു. അങ്ങയുടെ മേൽ സമാധാനമുണ്ടാകട്ടെ. ഇതായിരുന്നു സ്വഹാബത്തിന്റെ ആഗ്രഹം. പിന്നീട് അയാൾ ബോധിപ്പിച്ചു: അല്ലാഹുവിന്റെ റസൂലേ, ഞങ്ങളുടെ മാതാപിതാക്കൾ അങ്ങേക്ക് തെണ്ടമാകട്ടെ. അങ്ങ് എന്താണ് എഴുന്നള്ളിയത്? അദ്ദേഹം പറഞ്ഞു: ഈ കുട്ടി നിങ്ങൾ അവളെ ഉപദ്രവിക്കുമെന്ന് ഭയപ്പെടുകയായിരുന്നു. ആ അടിമപ്പെൺകുട്ടിയുടെ യജമാനൻ പറഞ്ഞു അങ്ങ് ഇവളോടൊപ്പം എഴുന്നള്ളിയതു കാരണം ഞാൻ ഈ പെൺകുട്ടിയെ അല്ലാഹുവിന്റെ പ്രീതിക്കായി മോചിപ്പിച്ചിരിക്കുന്നു. നബി കരീം (സ) അവർക്ക് നന്മയുടെയും ജന്നത്തിന്റെയും സന്തോഷവാർത്ത നല്കിക്കൊണ്ട് പറഞ്ഞു: **അല്ലാഹു ഈ പത്ത് ദിർഹമിൽ വലിയ ബർക്കത്ത് നല്കിയിരിക്കുന്നു, അല്ലാഹു തന്റെ നബിയെയും അത് കൊണ്ട് കുപ്പായം ധരിപ്പിച്ചു ഒരു അൻസാരിയെയും കുപ്പായം ധരിപ്പിച്ചു ഒരു അടിമപ്പെൺകുട്ടിയെയും അത് കാരണം മോചിപ്പിക്കുകയും ചെയ്തു.**

*മുഅ്ജമുൽ-കബീർ, അൽ-ത്വബ്റാനി, വാല്യം 12, ഹദീസ് 13607, മക്തബ ഇബ്ൻ തൈമിയ്യ അൽ-ഖാഹിറ, പേജ് 441-442*


ഹദ്റത്ത് ഉസ്മാൻ(റ) നബി കരീം (സ)ന് മുന്തിരിയുടെ ഒരു കുല ഉപഹാരമായി സമർപ്പിച്ചു. ഈത്തപ്പഴത്തിന്റെ ഒരു കുലയായിരുന്നു എന്നും വിവരണമുണ്ട്. ആദ്യം ഒരിടത്ത് മുന്തിരി എന്നും ഒരിടത്ത് ഈത്തപ്പഴം എന്നും വന്നിട്ടുണ്ട്. ഏതായാലും പറയുന്നു: പിന്നീട് ഒരാൾ അത് ചോദിച്ചു വന്നപ്പോൾ നബി തിരുമേനി(സ) അത് അയാൾക്ക് നല്കി. പിന്നീട് ഹദ്റത്ത് ഉസ്മാൻ അത് ഒരു ദിർഹമിന് വാങ്ങി. അദ്ദേഹം സമ്മാനിച്ച ആ കുല വല്ല പ്രത്യേക ഇനവും ആയിരിക്കാം. മുന്തിയ ഇനം ഈത്തപ്പഴവുമാകാം. അദ്ദേഹം ഒരു ദിർഹമിന് അയാളിൽ നിന്ന് അത് വാങ്ങി വീണ്ടും നബി തിരുമേനി(സ)ന്റെ തിരു സന്നിധിയിൽ സമർപ്പിച്ചു. പിന്നീട് ആ വ്യക്തി വീണ്ടും വന്നു. അപ്പോൾ അദ്ദേഹത്തിന് അത് വീണ്ടും നല്കി. ഇപ്രകാരം ഇതുതന്നെ മൂന്ന് തവണ ആവർത്തിച്ചു. ഹദ്റത്ത് ഉസ്മാൻ വാങ്ങി നബി തിരുമേനി(സ)യ്ക്ക് സമർപ്പിക്കുമായിരുന്നു. അയാൾ വന്ന് വീണ്ടും ചോദിക്കുമായിരുന്നു അപ്പോൾ അദ്ദേഹം അയാൾക്ക് അത് വീണ്ടും നല്കുമായിരുന്നു. ഒടുവിൽ നബി കരീം (സ) സൗമ്യമായി ആ വ്യക്തിയോട് ചോദിച്ചു: ഹേ ഇന്ന വ്യക്തി, നീ യാചകനാണോ അതോ വ്യാപാരിയാണോ, നീ യാചിക്കാൻ വന്നിരിക്കുകയാണ്. യാചകൻ ഇപ്രകാരമല്ലല്ലോ ചെയ്യേണ്ടത്. നീ വീണ്ടും വീണ്ടും ദിർഹം സമ്പാദിച്ചു കൊണ്ടേയിരിക്കുന്നു. നീ ഇതൊരു വ്യാപാരമാക്കുകയാണല്ലോ.

*തഫ്സീർ റൂഹുൽ-മആനി, വാല്യം 15, ദാറുൽ-കുതുബുൽ ഇൽമിയ്യ, ബെയ്റൂത്, പേജ് 376*

അദ്ദേഹം അക്കാര്യം എതിർക്കുന്നതിനു പകരം വളരെ യുക്തിഭദ്രമായ രീതിയിൽ അയാളുടെ പ്രവൃത്തി അനുയോജ്യമല്ല എന്ന് ഉപദേശിച്ചു.

ഹദ്റത്ത് അബ്ദുല്ലാഹിബ്നു സലാം നിവേദനം ചെയ്യുന്നു അല്ലാഹു സൈദ് ബിൻ സഅ്നയ്ക്ക് ഹിദായത്ത് (നേർമാർഗം) നല്കാൻ ഉദ്ദേശിച്ചപ്പോൾ സൈദ് ബിൻ സഅ്ന പറഞ്ഞു, പ്രവാചകത്വത്തിന്റെ എത്രത്തോളം അടയാളങ്ങൾ ഉണ്ടായിരുന്നുവോ അവയെല്ലാം എനിക്ക് മുഹമ്മദ്(സ)ന്റെ പരിശുദ്ധ മുഖത്ത് കാണാൻ കഴിഞ്ഞു. രണ്ട് കാര്യങ്ങളൊഴികെ, അവ അങ്ങയിൽ ഉണ്ടോ ഇല്ലയോ എന്ന് എനിക്ക് മനസ്സിലായിരുന്നില്ല. അവയിലൊന്ന് നബിയുടെ സൗമ്യത അദ്ദേഹത്തിന്റെ ദേഷ്യത്തിന്മേൽ പ്രബലമായിരിക്കും എന്നതാണ്. രണ്ടാമത്തെ കാര്യം അദ്ദേഹത്തോട് എത്രത്തോളം വിവരക്കേടോടെ പെരുമാറിയാലും അദ്ദേഹം അത്രത്തോളം സൗമ്യതയിലും വിവേകത്തിലും വർദ്ധിച്ചുകൊണ്ടേയിരിക്കും എന്നതാണ്. എപ്പോഴെങ്കിലും അവസരം ലഭിച്ചാൽ ഈ അടയാളങ്ങളെയും പരീക്ഷിച്ചു നോക്കാൻ തക്കം പാർത്തിരിക്കുകയായിരുന്നു. ഏതായാലും പരീക്ഷിച്ചു നോക്കുക എന്നത് രണ്ടാമത്തേ കാര്യമായിരുന്നു എന്നാൽ സൈദ് ബിൻ സഅ്ന പറയുന്നു: അതിനുള്ള അവസരം ഇപ്രകാരം ഉണ്ടായി. ഒരു ദിവസം നബി തിരുമേനി(സ) വീട്ടിൽ നിന്ന് പുറത്തേക്ക് വന്നു. അദ്ദേഹത്തോടൊപ്പം അലി ബിൻ അബിത്വാലിബ് ഉണ്ടായിരുന്നു. ഈ സമയത്ത് ഒരു കുതിരക്കാരൻ വന്നു. അവൻ ബദവി അതായത് ഗ്രാമീണനാണെന്ന് തോന്നുമായിരുന്നു. അവൻ ബോധിപ്പിച്ചു യാ റസൂലല്ലാഹ്, ഇന്ന ഗോത്രത്തിന്റെ ഗ്രാമമായ ബുസ്രയിലെ ആളുകൾ മുസ്ലിമായിട്ടുണ്ട്. അവർ മുസ്ലിമാകുകയാണെങ്കിൽ അവർക്ക് ധാരാളം റിസ്ഖ്(ഭക്ഷ്യധാന്യങ്ങൾ) ലഭിക്കുമെന്ന് ഞാൻ അവരോട് പറഞ്ഞിരുന്നു. ഇപ്പോൾ അവർ മഴയുടെ ദൗർലഭ്യം കാരണം വരൾച്ചയും പ്രയാസവും നേരിട്ടുകൊണ്ടിരിക്കുകയാണ്. യാ റസൂലല്ലാഹ്, അവർ ദുരാഗ്രഹത്തിലും അത്യാർത്തിയിലും പെട്ട് ഏതുവിധമാണോ റിസ്ഖിന്റെ ആഗ്രഹത്താൽ അവർ മുസ്ലിമായത് അതേവിധത്തിൽ ഇസ്ലാമിൽ നിന്ന് പുറത്തുപോകുമോയെന്ന് എനിക്ക് ഭയമുണ്ട്. അങ്ങ് കൃപ കാണിച്ചുകൊണ്ട് അനുയോജ്യമെന്ന് കരുതുകയാണെങ്കിൽ അവർക്ക് വല്ലതും അയച്ച് കൊടുത്ത് അവരെ സഹായിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്താലും. അദ്ദേഹം ആ മനുഷ്യന്റെ ഭാഗത്തേക്ക് നോക്കി നബിയോടൊപ്പം ഹദ്റത്ത് അലി ഉണ്ടായിരുന്നു, അദ്ദേഹവും പറഞ്ഞു: ഈ സമയത്ത് സഹായത്തിനായി പെട്ടെന്ന് അയക്കാൻ തക്ക യാതൊരു വസ്തുവും ഇല്ല. സൈദ് ബിൻ സഅ്ന പറയുന്നു ഞാൻ അങ്ങയുടെ അടുത്ത് ചെന്ന. ഞാൻ നോക്കുകയായിരുന്നു. ഞാൻ അടുത്ത് നിൽക്കുകയായിരുന്നു. പറഞ്ഞു: അല്ലയോ മുഹമ്മദ്(സ), ഇന്ന ഗോത്രത്തിന്റെ തോട്ടത്തിലെ ഈത്തപ്പഴം നിശ്ചയിക്കപ്പെട്ട അളവിലും നിശ്ചയിക്കപ്പെട്ട അവധിയിലുമുള്ള നിബന്ധനയോടെ വിൽക്കാൻ സാധിക്കുമോ? നബി പറഞ്ഞു: അല്ലയോ ജൂതാ! സഅ്ന യഹൂദിയായിരുന്നു. നിശ്ചയിക്കപ്പെട്ട അളവിലും അവധിയിലുമുള്ള നിബന്ധനയോടെ ഈത്തപ്പഴം വിൽക്കാൻ

• ഹദീഥുന്നബ്‌വി ﷺ •



മരിച്ചവരെ ചീത്ത പറയരുത്,
എന്തുകൊണ്ടെന്നാൽ അവർ മുമ്പേ
അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.
(ബുഖാരി 23:77)

ത്വാലിബെ ദുആ
**SERA SPORTS**, P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

• ഹദീഥുന്നബ്‌വി ﷺ •

"ഊസ്വീക്കും ബിൽജാരി."
അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന്
ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.

ത്വാലിബെ ദുആ
**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

സാധിക്കും. എന്നാൽ ഈ ഈത്തപ്പഴം ഇന്ന ഗോത്രത്തിന്റെ തോട്ടത്തിലെ തന്നെ ആയിരിക്കും എന്ന നിബന്ധന അംഗീകരിക്കാൻ സാധ്യമല്ല. ഞാൻ പറഞ്ഞു ശരി. അങ്ങനെ അദ്ദേഹം എന്നോട് കച്ചവടം ഉറപ്പിച്ചു. ഇന്ന സമയത്ത് ഇത്രയും ഈത്തപ്പഴം അങ്ങ് എനിക്ക് നല്കണം എന്ന് പറഞ്ഞ് ഞാൻ എന്റെ സഞ്ചി തുറന്നു അങ്ങേക്ക് സ്വർണത്തിന്റെ എൺപത് മിസ്ഖാൽ മുൻകൂറായി നല്കി. ഒരു മിസ്ഖാൽ എന്നാൽ ഏതാണ്ട് നാലേകാൽ ഗ്രാം വരും. നബി തിരുമേനി(സ) ആ സ്വർണം സഹായം ചോദിച്ചു വന്നിരുന്ന ആ മനുഷ്യന് നല്കുകയും ഇപ്രകാരം നിർദേശിക്കുകയും ചെയ്തു: ഇത് ആ പ്രയാസത്തിലകപ്പെട്ട ആളുകൾക്കിടയിൽ തുല്യമായി വിതരണം ചെയ്യുക അത് വഴി അവരെ സഹായിക്കുക. സൈദ് ബിൻ സഅ്ന പറയുന്നു നിശ്ചയിക്കപ്പെട്ട അവധിക്ക് രണ്ട് മൂന്ന് ദിവസം ബാക്കിയുണ്ടായിരുന്നു. ഞാൻ അങ്ങയുടെ അടുക്കൽ വരുകയും അങ്ങയുടെ കുപ്പായത്തിന്റെ കോളറിൽ പിടിക്കുകയും മേലങ്കി വലിക്കുകയും വളരെ ദേഷ്യത്തോടെ ഇങ്ങനെ പറയുകയും ചെയ്തു: ഹേ മുഹമ്മദ്(സ), എന്റെ കടം നീ വീട്ടുകയില്ലേ? ദൈവത്താണ! ബനൂ അബ്ദിൽ മുത്വലിബിന്റെ ഈ സ്വഭാവം എനിക്ക് നന്നായി അറിയാം. അവർ കടം വീട്ടുന്ന കാര്യത്തിൽ വളരെ മോശക്കാരാണ്. നിങ്ങളുടെ ഈ മടി കാണിക്കുന്ന സ്വഭാവത്തെക്കുറിച്ചും എനിക്ക് അറിവുണ്ട്. അത് തികച്ചും അടിസ്ഥാന രഹിതമായ ആരോപണമായിരുന്നു. ഏതായാലും അയാൾ ശത്രുവായിരുന്നു. ആ സമയത്ത് ഹൃദയത്തിൽ ശത്രുത ഉണ്ടായിരുന്നു. അല്ലെങ്കിൽ പരീക്ഷിക്കാൻ ആഗ്രഹിച്ചിട്ടുണ്ടാകാം. ഏതായാലും അയാൾ അത് ചെയ്തു. മുൻപും എനിക്ക് ഇതേ അനുഭവമുണ്ട് എന്ന് അയാൾ പറയാൻ തുടങ്ങി. അദ്ദേഹം പറയുന്നു: ആ സമയത്ത് അടുത്ത് തന്നെ ഉണ്ടായിരുന്ന ഉമറിന്റെ ഭാഗത്തേക്ക് ഞാൻ നോക്കുകയായിരുന്നു. ദേഷ്യം കാരണം അദ്ദേഹത്തിന്റെ കണ്ണുകൾ പമ്പരം കറങ്ങുന്ന പോലെ കറങ്ങുകയായിരുന്നു. അദ്ദേഹം അതായത് ഹദ്റത്ത് ഉമർ വളരെ കഠിനമായ ദേഷ്യത്തോടെ മൂർച്ചയേറിയ നോട്ടത്തോടെ എന്നെ നോക്കി. എന്നിട്ട് പറഞ്ഞു: ഹേ അല്ലാഹുവിന്റെ ശത്രു, അല്ലാഹുവിന്റെ റസൂൽ (സ)നോട് നീ ഇപ്രകാരമാണോ പറയുന്നത്. ഞാൻ എന്താണിത് കേൾക്കുന്നത്. ഇപ്രകാരം മര്യാദകേടോടെയാണോ പെരുമാറുന്നത്. ഞാൻ ഈ കാണുന്നത് എന്താണ്? ഇദ്ദേഹത്തെ സത്യപൂർണമായി നിയോഗിച്ച് അയച്ച അല്ലാഹുവാണ! എനിക്ക് ഇദ്ദേഹത്തെ ഭയമില്ലായിരുന്നുവെങ്കിൽ ഞാൻ എന്റെ വാളുകൊണ്ട് നിന്റെ തലയറുക്കുമായിരുന്നു. അദ്ദേഹം പറയുന്നു റസൂലുല്ലാഹ് (സ) വളരെ ശാന്തതയോടും സമാധാനത്തോടും കൂടി ഉമറിന്റെ ഭാഗത്തേക്ക് നോക്കി പുഞ്ചിരിക്കുകയായിരുന്നു. എന്നിട്ട് പറഞ്ഞു: ഹേ ഉമർ, ഈ ദേഷ്യത്തിന് പകരം ഞാനും ഇവനും ഞങ്ങൾ രണ്ടുപേരും താങ്കളുടെ സത്പെരുമാറ്റത്തിനാണ് കൂടുതൽ അർഹർ. അതായത് താങ്കൾ എന്നോട് നല്ല നിലയിൽ കടം വീട്ടാനും ഇവനോട് നല്ലനിലയിൽ അത് ആവശ്യപ്പെടാനും പറയുകയാണ് വേണ്ടിയിരുന്നത്. അല്ലയോ ഉമർ, ഇവനെ കൊണ്ടുപോകൂ ഇവന്റെ കടം വീട്ടിക്കൊള്ളൂ. എന്നല്ല ഇരുപത് സ്വാഅ് കൂടുതൽ ഈത്തപ്പഴം നല്കിയേക്കൂ. ഞാൻ ചോദിച്ചു: ഹേ ഉമർ, കൂടുതൽ എന്തിനാണ് നല്കുന്നത്? അദ്ദേഹം മറുപടി നല്കി: ഞാൻ കാണിച്ച ആ കാർക്കശ്യത്തിന് പകരമായി ഞാൻ നിനക്ക് കൂടുതൽ നല്കണമെന്ന് നബി തിരുമേനി(സ) എന്നോട് നിർദേശിച്ചിട്ടുണ്ടായിരുന്നു. ഞാൻ ഉമറിനോട് പറഞ്ഞു: ഞാൻ ആരാണെന്ന് താങ്കൾക്ക് അറിയാമോ? ഉമർ പറഞ്ഞു: ഇല്ല, താങ്കൾ ആരാണ്? ഞാൻ പറഞ്ഞു: ഞാൻ സൈദ് ബിൻ സഅ്നയാണ്. ഉമർ ചോദിച്ചു ആ ഹബർ അതായത് യഹൂദരുടെ മഹാ പണ്ഡിതൻ? ഞാൻ മറുപടി നല്കി അതെ യഹൂദരുടെ ആലിം. ഉമർ പറഞ്ഞു: ഇത്രയും വലിയ ആലിമായിരുന്നിട്ടും റസൂലുല്ലാഹ് (സ)നോട് മര്യാദകേട് കാണിക്കുന്ന ഈ രീതി എന്തുകൊണ്ടാണ് സ്വീകരിച്ചത്? ഞാൻ മറുപടി നല്കി: ഹേ ഉമർ, പ്രവാചകത്വത്തിന്റെ എത്രത്തോളം അടയാളങ്ങൾ ഉണ്ടായിരുന്നുവോ ഞാൻ അവിടുത്തെ കണ്ടപ്പോൾ അവ എനിക്ക് കാണാൻ കഴിഞ്ഞു. രണ്ട് അടയാളങ്ങളൊഴികെ, അവ എനിക്ക് മനസ്സിലായിരുന്നില്ല. ഒന്ന് ഈ നബിയുടെ സൗമ്യത അദ്ദേഹത്തിന്റെ ദേഷ്യത്തിന്മേൽ പ്രബലമാണോ? രണ്ട് അദ്ദേഹത്തോട് എത്രത്തോളം കടുപ്പത്തിലും വിവരക്കേടിലും പെരുമാറിയാലും അത്രത്തോളം അദ്ദേഹം സൗമ്യതയിലും വിവേകത്തിലും പെരുമാറുമോ?. ഇപ്പോൾ ഞാൻ ഈ രണ്ട് കാര്യങ്ങളെയും പരീക്ഷിച്ചു നോക്കിയതാണ്. ഹേ ഉമർ, ഞാൻ താങ്കളെ സാക്ഷിയാക്കുന്നു. ഞാൻ അല്ലാഹുവിനെ എന്റെ നാഥനായും ഇസ്ലാമിനെ എന്റെ ദീനായും മുഹമ്മദ്(സ) നെ എന്റെ നബിയായും അംഗീകരിച്ചതിൽ സന്തോഷവാനാണ്. ഞാൻ അതിന് താങ്കളെ സാക്ഷിയാക്കുന്നു. ഞാൻ ഒരു ധനവാനായ മനുഷ്യനാണ്. എന്റെ പകുതി ധനം മുഹമ്മദിന്റെ മുഴുവൻ ഉമ്മത്തിനും വേണ്ടി സദഖയാണ്. ഉമർ പറഞ്ഞു മുഹമ്മദിയ്യാ ഉമ്മത്തിൽ പെട്ട ചിലർക്ക് എന്ന് പറയൂ. കാരണം, മുഴുവൻ ഉമ്മത്തിന്റെ എണ്ണത്തിന് പരിധിയില്ലല്ലോ. അവർക്ക് ധനം എങ്ങനെ തികയും? ഞാൻ പറഞ്ഞു: ശരി അവരിൽ ചിലർക്ക് വേണ്ടി സദഖയാണ്. പിന്നീട് സൈദ് തിരുനബിയുടെ തിരുസന്നിധിയിൽ വരുകയും ഇപ്രകാരം ബോധിപ്പിക്കുകയും ചെയ്തു: അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ലെന്നും മുഹമ്മദ്(സ) അല്ലാഹുവിന്റെ ദാസനും അവന്റെ റസൂലുമാണ് എന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. ഞാൻ ഇതിൽ ഈമാൻ കൊള്ളുന്നു. ഇപ്രകാരം സൈദ് നബിയെ സാക്ഷ്യപ്പെടുത്തുകയും ബൈഅത്ത് ചെയ്യുകയും വിവിധ യുദ്ധങ്ങളിൽ നബിയോടൊപ്പം പങ്കാളിയാകുകയും ചെയ്തു. എത്രത്തോളമെന്നാൽ തബൂക്ക് യുദ്ധത്തിൽ നിന്ന് മടങ്ങിവരുന്ന വഴിയിൽ വച്ചാണ് സൈദിന്റെ വഫാത്ത് സംഭവിച്ചത്.

*അൽ-മുസ്തദ്റക് അല അസ്സഹീഹൈൻ, ഹാകിം, വാള്യം 4, കിതാബ് മഅ്രിഫു സ്സഹാബ, ഹദീസ് 6665, ദാറുൽ-ഫിക്ർ, ബെയ്റൂത്, 2002, പേജ് 328-329*

അദ്ദേഹം ഒരു യഹൂദി പണ്ഡിതനായിരുന്നു. നല്ല സ്വഭാവമായിരുന്നു. തിരുനബിയുടെ എല്ലാ അടയാളങ്ങളും കണ്ട് ഇസ്ലാം സ്വീകരിച്ചു.

**ഇതാണ് അവിടുത്തെ ഉത്തമ സ്വഭാവം, കടം വാങ്ങി ഒരു ജനതയെ വിശപ്പിൽ നിന്ന് രക്ഷിക്കുക മാത്രമല്ല ചെയ്തത് മറിച്ച് സ്വന്തം കർമം കൊണ്ട് ഒരു യഹൂദി ആലിമിനെ മുസ്ലിമാക്കുകയും ചെയ്തു.**

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّعَلٰى آلِ مُحَمَّدٍ وَّبَارِكْ وَسَلِّمْ
اِنَّكَ حَمِيْدٌ مَّجِيْدٌ

(അംനാസ്. പി.കെ)

പേജ് 2 ൽ നിന്ന്

ഇപ്പോൾ വിശ്വസിച്ചവർ ഭാഗ്യവാന്മാർ.

എന്നെ പ്രാപിച്ചപ്പോൾ അവർ സഹാബികളിൽ ഉൾപ്പെട്ടിരിക്കുന്നു.

അതേ വീഞ്ഞ് പകർന്നുനല്കുന്നവൻ അവർക്കും നല്കിയിരിക്കുന്നു.

അതുകൊണ്ട്, ശത്രുക്കളെ പരാജയപ്പെടുത്തിയവൻ എത്ര പരിശുദ്ധൻ!

പേജ് 24 ൽ നിന്ന്

അതിന്റെതായ രീതിയിൽ പരിഭാഷപ്പെടുത്തും. പിന്നീട് അതിന് വീണ്ടും വായിച്ച് എഡിറ്റിംഗ് നടത്തേണ്ടി വരും. കാരണം AI ക്ക് നിങ്ങൾ അതിലേക്ക് നല്കിയിട്ടുള്ള (feed ) ശേഷി (capacity) മാത്രമേയുള്ളൂ, അല്ലെങ്കിൽ മനുഷ്യൻ അതിലേക്ക് എന്താണോ നല്കിയത് അത് മാത്രമേ അത് നല്കുകയുള്ളൂ. ഇതാണ് സംഭവിക്കുന്നത്.

ഹുസൂർ ഉദാഹരണമായി ഒരു തമാശ പറഞ്ഞു: ഒരാൾ ഗാലിബിന്റെ ഒരു കവിത ചൊല്ലി:

***ഹൈ ഖബർ ഗറം കെ ഗാലിബ് കെ ഉഡേംഗെ പുർസേ***

ഗാലിബ് അപമാനിതനാകാൻ പോകുകയാണ് (disgrace) എന്ന വാർത്ത ലോകത്ത് പടർന്നിരിക്കുന്നു എന്നാണ് ഇതിന്റെ അർഥം. ഒരാൾ ഇയാളോട് ഇത് പരിഭാഷപ്പെടുത്താൻ പറഞ്ഞു. അയാൾ പരിഭാഷപ്പെടുത്തിയത് ഇങ്ങനെയാണ്:

"It is a hot news that the parts of the Ghalib will fly."

നിങ്ങൾ AI ക്ക് ഈ കവിത നല്കിയാൽ അത് 'പുർസേ'(കഷണങ്ങൾ/ഭാഗങ്ങൾ) എന്നതിന് 'parts' എന്നും, 'ഉഡ്നാ' (പറക്കുക) എന്നതിന് 'fly' എന്നും നല്കും. ഈ രീതിയിൽ ചെയ്യുകയാണെങ്കിൽ എന്തായാലും നിങ്ങൾ വീണ്ടും നോക്കേണ്ടി വരും, എഡിറ്റിംഗ് നടത്തേണ്ടി വരും.

അതെ, ഇതിന് നല്ല ഉപയോഗവുമുണ്ട്. ചില ആളുകൾ ഇത് നല്ല രീതിയിൽ ഉപയോഗിക്കുന്നു, അതിൽ തെറ്റൊന്നുമില്ല. എന്നാൽ ഇതിനെ പൂർണമായി ആശ്രയിക്കുക, എന്നിട്ട് ഇതിലൂടെ ആർക്കെങ്കിലും തെറ്റായ വിവരങ്ങൾ നല്കി അവരുടെ അന്തസ്സ് കെടുത്തുക, അപമാനിക്കുക, അല്ലെങ്കിൽ തെറ്റായ വിവരങ്ങൾ നല്കുക എന്നത് തെറ്റാണ്. ഞാൻ പറഞ്ഞതുപോലെ കവിതയുടെ അർത്ഥം തെറ്റിപ്പോയതുപോലെ തെറ്റായ വിവരങ്ങൾ നല്കിയാൽ അത് തെറ്റാണ്.

അതെ, നിങ്ങളുടെ നിയന്ത്രണത്തിലുള്ള (control) കാര്യങ്ങൾക്കായി ഒരു പരിധിവരെ AI ഉപയോഗിക്കുക, അതിൽ തെറ്റൊന്നുമില്ല. എന്നാൽ പൂർണമായും അതിനെ ആശ്രയിക്കുകയും തെറ്റായ കാര്യങ്ങൾ ചെയ്യാൻ തുടങ്ങുകയും ചെയ്യുകയാണെങ്കിൽ ആളുകളെ അപമാനിക്കാൻ (defame/disgrace) തുടങ്ങുക, വ്യാജ (fake) വാർത്തകൾ ഉണ്ടാക്കാൻ തുടങ്ങുക എന്നിവ ചെയ്താൽ അത് തെറ്റായി മാറും.

ഇതിൽ നിന്ന് നല്ല കാര്യങ്ങൾ എടുക്കണമെങ്കിൽ എടുക്കാം. നമ്മളും ഇതിൽ ഗവേഷണം (research) നടത്തുന്നുണ്ട്. കേന്ദ്രവും ഗവേഷണം നടത്തുന്നുണ്ട് . ചെറിയ ചെറിയ ജോലികൾ ചിലപ്പോൾ നമ്മുടെ ആളുകളും ഇതിലൂടെ ചെയ്യാറുണ്ട് കൂടുതൽ ഗവേഷണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അഹ്മദികളും ഇതിൽ ഗവേഷണം നടത്തണം. ഇതിന്റെ നല്ല ഉപയോഗമാണ് ചെയ്യുന്നതെങ്കിൽ അത് നല്ലതു തന്നെ. മനുഷ്യരാശിക്ക് ഉപകാരപ്രദമാണെങ്കിൽ അത് ശരിയാണ്. മനുഷ്യരാശിക്ക് ഹാനികരമാണെങ്കിൽ, ശത്രുക്കൾ ഇതിലൂടെ നേട്ടം കൊയ്യുന്നുണ്ടെങ്കിൽ അത് തെറ്റാണ്. (തുടരും)

# തിരുനബി ചരിത്രം

## നബി തിരുമേനി(സ)യുടെ അധ്യാപനങ്ങളുടെയും ഉദാത്ത മാതൃകയുടെയും വെളിച്ചത്തിൽ മതസഹിഷ്ണുതയും ആവിഷ്കാര സ്വാതന്ത്ര്യവും

**2025 ഡിസംബറിൽ ഖാദിയാനിൽ നടന്ന ജൽസ സാലാനയിൽ മുഹമ്മദ് ഇനാം ഗൗരി സാഹിബ് (നാസിറെ ആലാ, ഖാദിയാൻ) നടത്തിയ പ്രഭാഷണം. (പരിഭാഷ: ആരിഫ് മുഹമ്മദ്)**

لَآ اِكْرَاهَ فِي الدِّيْنِ قَدْ تَّبَيَّنَ الرُّشْدُ مِنَ الْغَيِّ (البقره : 257)۔

അർഥം, മതത്തിൽ യാതൊരു സമ്മർദ്ദവുമില്ല. സന്മാർഗ്ഗം ദുർമാർഗ്ഗത്തിൽ നിന്ന് വ്യക്തമായി വേർതിരിഞ്ഞിരിക്കുന്നു.

وَقُلِ الْحَقُّ مِنْ رَّبِّكُمْ فَمَنْ شَآءَ فَلْيُؤْمِنْ وَّمَنْ شَآءَ فَلْيَكْفُرْ (الكهف:30)۔

അർഥം, (നബിയേ,) പറയുക: സത്യം നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാണ്. അതിനാൽ ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ, ഇഷ്ടമുള്ളവർ അവിശ്വസിക്കട്ടെ.

قُوْلُوْٓا اٰمَنَّا بِاللّٰهِ وَمَآ اُنْزِلَ اِلَيْنَا وَمَآ اُنْزِلَ اِلٰٓى اِبْرٰهِيْمَ وَاِسْمٰعِيْلَ وَاِسْحٰقَ وَيَعْقُوْبَ وَالْاَسْبَاطِ وَمَآ اُوْتِيَ مُوْسٰى وَعِيْسٰى وَمَآ اُوْتِيَ النَّبِيُّوْنَ مِنْ رَّبِّهِمْ لَا نُفَرِّقُ بَيْنَ اَحَدٍ مِّنْهُمْ وَنَحْنُ لَهٗ مُسْلِمُوْنَ

(البقرة:137)

അർഥം, (മുസ്ലീങ്ങളേ!) നിങ്ങൾ പറയുക: ഞങ്ങൾ അല്ലാഹുവിലും, ഞ ങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും, ഇബ്രാഹീമിനും ഇസ്മാഈലിനും ഇസ്ഹാഖിനും യഅ്ഖൂബിനും (അദ്ദേഹത്തിന്റെ മക്കൾക്കും അവതരിപ്പിക്കപ്പെട്ടതിലും, മൂസാക്കും ഈസാക്കും നല്കപ്പെട്ടതിലും, എല്ലാ പ്രവാചകന്മാർ ക്കും അവരുടെ രക്ഷിതാവിങ്കൽ നിന്ന് നല്കപ്പെട്ടതിലും വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ ഒരു വേർതിരിവും കാണിക്കുന്നില്ല. ഞങ്ങൾ അവന് കീഴ്പെട്ട് ജീവിക്കുന്നവരുമാണ്.

മാന്യശ്രോതാക്കളേ,

വിശുദ്ധ ഖുർആൻ നിരവധി സ്ഥലങ്ങളിൽ മതസഹിഷ്ണുതയും ആവിഷ്കാര സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട് അടിസ്ഥാനപരമായ തത്വങ്ങളും കല്പനകളും വിവരിച്ചിട്ടുണ്ട്. ഇവ പാലിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്ന പക്ഷം മതത്തിന്റെ പേരിൽ ഉണ്ടാകുന്ന പോരാട്ടങ്ങൾ, കലഹങ്ങൾ, കൊലപാതകങ്ങൾ, കൂട്ടക്കൊലകൾ എന്നിവയുടെ സംഭവങ്ങൾ പൂർണമായും ഇല്ലാതാക്കാൻ കഴിയും. അതേസമയം സമാധാനപ്രദവും ശാന്തിനിർഭരവുമായ ഈ അധ്യാപനങ്ങൾ രാഷ്ട്രീയ താത്പര്യങ്ങളിൽ നിന്ന് മുക്തവും മാറ്റി നിർത്തപ്പെട്ടതുമായിരിക്കണം എന്നൊരു നിബന്ധനയുണ്ട്. സമയ പരിമിതി കാരണം ഞാൻ മൂന്ന് സൂക്തങ്ങളും അവയുടെ പരിഭാഷയും മാത്രമാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഏതെങ്കിലും രാഷ്ട്രീയ സംഘടനയുടെയോ സമുദായത്തിന്റെയോ രാജ്യത്തിന്റെ പേരല്ല മതം എന്ന് ഇത്തരുണത്തിൽ അടിസ്ഥാനപരമായി നാം ഗ്രഹിക്കുകയും ഓർത്തിരിക്കുകയും ചെയ്യേണ്ടതാണ്. മതം എന്നത് വാസ്തവത്തിൽ മനുഷ്യന്റെ ഭൗതികവും ആധ്യാത്മികവും അവസ്ഥകൾ മെച്ചപ്പെടുത്തിക്കൊണ്ട് തന്റെ യഥാർഥ സ്രഷ്ടാവുമായി സത്യസന്ധവും സുദൃഢവുമായ ബന്ധം സ്ഥാപിക്കുന്നതിനുള്ള മാർഗമത്രേ. ഈ ലക്ഷ്യത്തിനുവേണ്ടി, ലോകരക്ഷിതാവായ അല്ലാഹു എല്ലാ രാജ്യങ്ങളിലും ജനതകളിലും തന്റെ മാർഗദർശകരെയും പ്രവാചകന്മാരെയും അയച്ചു കൊണ്ടിരുന്നു. അവൻ പറയുന്നു:

وَلِكُلِّ اُمَّةٍ رَّسُوْلٌ

-(سورۂ یونس :48)-

എല്ലാ സമുദായത്തിനും ഓരോ ദൂതനുണ്ട്. അതുപോലെ അരുളി:

وَّلِكُلِّ قَوْمٍ هَادٍ (سورۂ رعد :8)-

'എല്ലാ ജനതക്കും ഓരോ വഴികാട്ടിയുണ്ട്. അതുകൊണ്ട്, നിങ്ങൾ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ)ക്ക് അവതരിച്ച ദിവ്യസന്ദേശമായ വിശുദ്ധ ഖുർആനിൽ വിശ്വസിക്കുന്നതിനോടൊപ്പം തിരുനബി (സ)ക്ക് മുമ്പ് അല്ലാ ഹുവിന്റെ വഹ്‌യും (ദിവ്യസന്ദേശം) വചനവും അവതരിക്കുകയും, ആ വെളിപാടുകളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിൽ തങ്ങളുടെ ജനതയുടെ പരിഷ്കരണവും മാർഗനിർദേശവും നിർവഹിക്കുകയും ചെയ്ത എല്ലാ പ്രവാചകന്മാരിലും അവരുടെ ശരീഅത്തുകളിലും നിങ്ങൾ അടിസ്ഥാനപരമായി വിശ്വസിക്കുക വിശ്വാസപൂർത്തീകരണത്തിന് അനിവാര്യമാണെന്നും *ലാ നുഫർരിഖു ബൈന അഹദിൻ മിൻ റുസുൽ* അതായത് അല്ലാഹുവിന്റെ റസൂലുകളിൽ ആർക്കിടയിലും ഞങ്ങൾ ഒരു വേർതിരിവും കാണിക്കുന്നില്ല എന്ന് ഏറ്റു പറയണമെന്നുമുള്ള അധ്യാപനം മുസ്ലീങ്ങൾക്ക് നല്കി. പ്രവാചകന്മാർ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ, ചുമതലകൾ, പ്രവർത്തന മേഖലകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പദവികളിൽ വ്യത്യാസ മുള്ളവരാണെങ്കിലും പ്രവാചകത്വപദവിയുടെ കാര്യത്തിൽ എല്ലാവരും തുല്യരാണ്.

ഈ ഹ്രസ്വമായ ആമുഖത്തിന് ശേഷം, ഖുർആനിക അധ്യാപനങ്ങളുടെ വെളിച്ചത്തിൽ, മതസഹിഷ്ണുതയെക്കുറിച്ചും ആവിഷ്കാരസ്വാതന്ത്ര്യത്തെക്കുറിച്ചുമുള്ള തിരുനബി (സ)യുടെ ഉപദേശങ്ങളും ഉത്തമ മാതൃകകളും സമയ പരിമിതികൾ കണക്കിലെടുത്ത് ഇവിടെ അവതരിപ്പിക്കാം. നമുക്ക് വീട്ടിൽ നിന്ന് തുടങ്ങാം. സാധാരണയായി, ഒരു മകൻ മതം മാറിയാൽ, മാതാപിതാക്കൾ അവനെ ബഹിഷ്കരിക്കുന്നതും ബന്ധുക്കൾ സാമൂഹിക ബന്ധങ്ങൾ പോലും മുറിച്ചുമാറ്റുന്നതും കാണാം. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ഒരു മുസ്ലിമിന് നല്കിയിട്ടുള്ള അധ്യാപനമെന്ത്?

ഒരിക്കൽ ഒരാൾ തിരുനബി (സ)യോട് പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ! എനിക്ക് ചില ബന്ധുക്കളുണ്ട്. ഞാൻ അവരുമായി ബന്ധം സ്ഥാപിക്കാൻ ശ്രമിക്കുമ്പോൾ അവർ അത് മുറിച്ചുമാറ്റുന്നു; ഞാൻ അവർക്ക് നന്മ ചെയ്യുമ്പോൾ അവർ എന്നോട് മോശമായി പെരുമാറുന്നു. ഞാൻ വിനയത്തോടും നമഭാവത്തോടും പെരുമാറുമ്പോൾ അവർ അതിക്രമവും അജ്ഞതയും കൊണ്ട് മറുപടി നല്കുന്നു. ഹദ്റത്ത് നബികരീം(സ) പറഞ്ഞു: നീ പറഞ്ഞതുപോലെയാണ് അവർ ചെയ്യുന്നതെങ്കിൽ, നീ അവരുടെ വായിൽ ചാരം വാരിയിടുന്നതിന് തുല്യമാണ്. അതായത്, അവരോട് നന്മ ചെയ്തുകൊണ്ട് അവർക്ക് മുഖം കാണിക്കാൻ കഴിയാത്തവിധം നീ അവരെ ലജ്ജിതരാക്കിയിരിക്കുന്നു. നിങ്ങൾ ഈ നല്ല മാതൃകയിൽ നിലനിൽക്കുന്നിടത്തോളം കാലം, അല്ലാഹുവിന്റെ ഭാഗത്തുനിന്ന് നിങ്ങൾക്കുവേണ്ടി ഒരു സഹായദൂതൻ നിയോഗിക്കപ്പെടുന്നതാണ്. *(മുസ്നദ് അഹ്മദ്, വാള്യം 2, പേജ് 300)*

ഹദ്റത്ത് അസ്മമാ ബിൻത് അബൂബക്കർ (റ) പറയുന്നു: മുശ്രിക്ക് ആയ എന്റെ മാതാവ് എന്നെ കാണാൻ മദീനയിൽ വന്നു. ഞാൻ നബികരീം(സ)യോട് ചോദിച്ചു: അവർ മുശ്രിക്കായിട്ടും ഞാൻ അവരോട് നന്നായി പെരുമാറണോ? അവിടുന്ന് പറഞ്ഞു: തീർച്ചയായും! നിങ്ങളുടെ മാതാവായ അവരോട് തീർച്ചയായും നല്ലരീതിയിൽ പെരുമാറുക. *(ബുഖാരി, കിതാബുൽ അദബ്, ബാബ്: സ്വിലത്തുൽ വലദിൽ മുശ്രിക്)*

ഹദ്റത്ത് റസൂൽ കരീം(സ)യുടെ രക്തബന്ധത്തിലുള്ള പലരും അവിടുത്തെ പ്രവാചകത്വവാദത്തെ എതിർക്കുന്നതിൽ ഏറ്റവും ക്രൂരമായ സമീപനമാണ് സ്വീകരിച്ചത്. എന്നിട്ടും അവിടുന്ന് പറയുമായിരുന്നു: ഖുറൈശികളുടെ ഇന്ന ശാഖ എന്റെ ശത്രുക്കളായി മാറിയിട്ടുണ്ടെങ്കിലും, അവസാനം എനിക്ക് അവരുമായി രക്തബന്ധമുണ്ട്. ആ രക്തബന്ധത്തിന്റെ കടമകൾ ഞാൻ നിർവഹിക്കുക തന്നെ ചെയ്യും.

അവിടുത്തെ സ്വഹാബിയായ സുമാമ ബിൻ അസാൽ യമാമയിൽ താമസിക്കുന്ന ഒരാളായിരുന്നു, അദ്ദേഹത്തിൽനിന്ന് മക്കക്കാർക്ക് ഗോതമ്പ് എത്തിയിരുന്നു. അദ്ദേഹം ഇസ്ലാം സ്വീകരിച്ചതോടെ മക്കക്കാർ തിരുനബി(സ)യോട് ക്രൂരമായി പെരുമാറുന്നുണ്ടെന്ന് അറിഞ്ഞപ്പോൾ അദ്ദേഹം തീരുമാനിച്ചു: ഇന്നുമുതൽ ഗോതമ്പിന്റെ ഒരൊറ്റ ധാന്യം പോലും യമാമയിൽ നിന്ന് മക്കയിൽ എത്തില്ല. അദ്ദേഹം മക്കക്കാരോട് പറഞ്ഞു: എന്റെ പ്രിയപ്രവാചകൻ അനുവാദം നല്കുന്നതുവരെ യമാമയിൽ നിന്ന് ഒരു ധാന്യം പോലും വരില്ല. അപ്പോൾ മക്കക്കാർ തിരുനബി (സ)യുടെ അടുത്തുവന്ന് അപേക്ഷിച്ചു: അങ്ങ് രക്തബന്ധം ഊട്ടിയുറപ്പിക്കണമെന്ന് ഉപദേശിക്കുന്നുവല്ലോ. ഞങ്ങളുടെ ഗോതമ്പ് നിർത്തലാക്കിയിരിക്കുന്നു. ഞങ്ങൾ പട്ടിണി കിടന്ന് മരിക്കുകയാണ് ഞങ്ങളോട് കരുണ കാണിച്ചാലും! അങ്ങനെ, റഹ്മത്തുല്ലിൽ ആലമീന്റെ കാരുണ്യം കാരണം, മക്കക്കാർക്കുള്ള ഗോതമ്പ് വിതരണം വീണ്ടും തുടങ്ങി.

*(അൽ-സീറത്തുന്നബവിയ്യ*

*ലി ഇബ്നി ഹിശാം)*

അതുപോലെ, മദീനയിലേക്കുള്ള ഹിജ്റക്ക് ശേഷം മക്കയിൽ കഠിനമായ ക്ഷാമം പിടിപെട്ടു. അവർക്ക് അസ്ഥികളും ചത്ത മൃഗങ്ങളെയും ഭക്ഷിക്കേണ്ട അവസ്ഥയായി. അപ്പോൾ, അബൂസുഫ്യാൻ ഗത്യന്തരമില്ലാതെ തിരുനബി(സ) യുടെ അടുത്തെത്തി അപേക്ഷിച്ചു: അല്ലയോ മുഹമ്മദ്! (സ) രക്തബന്ധം ഊട്ടിയുറപ്പിക്കണമെന്നാണല്ലോ താങ്കൾ കൽപ്പിക്കുന്നത്. താങ്കളുടെ ജനത ഇപ്പോൾ നശിക്കുകയാണ്. മഴ വർഷിച്ച് ക്ഷാമം നീങ്ങാനായി ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിച്ചാലും.

ഇതേ മക്കക്കാർ തന്നെയാണ് മൂന്ന് വർഷം തുടർച്ചയായി തിരുമേനിയെയും കുടുംബത്തെയും ശുഅബ് അബീത്വാലിബിൽ ബഹിഷ്കരണം ഏർപ്പെടുത്തിക്കൊണ്ട് ഭക്ഷണമോ കുടിവെള്ളമോ പോലും അങ്ങോട്ട് എത്താൻ സമ്മതിക്കാതിരുന്നത്. ഇതൊന്നും പരിഗണിക്കാതെ, തിരുനബി (സ) ഉടൻതന്നെ പ്രാർത്ഥനയ്ക്കായി കൈകൾ ഉയർത്തി. ആ പ്രാർത്ഥന സ്വീകരിക്കപ്പെട്ടു, നന്നായി മഴ പെയ്യുകയും മക്കക്കാർക്ക് സന്തോഷത്തിന്റെയും സുഖത്തിന്റെയും നാളുകൾ തിരിച്ചുവരികയും ചെയ്തു. (ബുഖാരി, കിതാബുത്തഫ്സീർ, സൂറത്തുദ്ദുഖാൻ).

സ്വന്തം കുടുംബാംഗങ്ങൾ കഴിഞ്ഞാൽ അയൽക്കാരുടെ കാര്യം എടുക്കാം. തിരുനബി (സ) അയൽക്കാരോട് മുസ്‌ലിമെന്നോ അമുസ്‌ലിമെന്നോ ഭേദമന്യേ സഹിഷ്ണുതയോടും സത്പെരുമാറ്റത്തോടും കൂടി വർത്തിക്കാൻ എത്രമാത്രം നിഷ്കർഷിച്ചെന്നാൽ ഇത് പ്രാവർത്തികമാക്കിയാൽ, മത ഭിന്നതയുടെ പേരിൽ കലാപങ്ങൾ ഒരിക്കലും ഉണ്ടാകില്ല. ഹദ്റത്ത് അബൂഹുറൈറ (റ) പറയുന്നു: തിരുനബി (സ) പറഞ്ഞു: അല്ലാഹുവാണ! അവൻ മുഅ്മിനല്ല. അല്ലാഹുവാണ!, അവൻ മുഅ്മിനല്ല. അല്ലാഹുവാണ! അവൻ മുഅ്മിനല്ല. (മൂന്ന് തവണ ഇതേ വാക്കുകൾ ആവർത്തിച്ചു). അവിടുത്തോട് ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ! ആരാണ് മുഅ്മിനല്ലാത്തത്? അവിടുന്ന് പറഞ്ഞു: ഏതൊരുവന്റെ അയൽക്കാരൻ അവന്റെ ഉപദ്രവങ്ങളിൽ നിന്നും അവന്റെ പെട്ടെന്നുള്ള ആക്രമണങ്ങളിൽ നിന്നും സുരക്ഷിതനല്ലയോ അവൻ. *(ബുഖാരി)*

പെട്ടെന്നുള്ള ആക്രമണങ്ങൾ പല രൂപത്തിലുണ്ടാകാം. ചിലപ്പോൾ രാത്രിയിൽ റേഡിയോയിലോ ടി.വിയിലോ ഉച്ചത്തിൽ പരിപാടികൾ വയ്ക്കുന്നത് കാരണം അയൽക്കാരന് സമാധാനമായി ഉറങ്ങാൻ കഴിയാത്തതാവാം. ചിലപ്പോൾ വീടിന്റെ മാലിന്യം അയൽക്കാരന്റെ വാതിൽക്കൽ വയ്ക്കുന്നതാവാം. ഹദ്റത്ത് അബൂദർറ് (റ) പറയുന്നു: തിരുനബി (സ) അദ്ദേഹത്തോട് പറഞ്ഞു: ഓ അബൂദർറ്! നീ എപ്പോഴെങ്കിലും ഒരു നല്ല കറി ഉണ്ടാക്കുകയാണെങ്കിൽ, അതിലെ ചാറ് അല്പം കൂട്ടുക. നിന്റെ അയൽക്കാരനെക്കുറിച്ച് ഓർക്കുക. അതായത്, അയൽക്കാർക്കും ചിലപ്പോൾ കറി കൊടുത്തയക്കുക. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) പറയുന്നു: ഒരാൾ റസൂൽ കരീം (സ)യോട് ചോദിച്ചു: ഞാൻ നല്ലതാണോ ചീത്തയാണോ ചെയ്യുന്നതെന്ന് എനിക്ക് എങ്ങനെ അറിയാൻ കഴിയും? അവിടുന്ന് പറഞ്ഞു: നിന്റെ അയൽക്കാർ നിന്നെക്കുറിച്ച് 'നീ നല്ലവനാണ്' എന്ന് പറയുന്നത് കേൾക്കുമ്പോൾ, നിന്റെ പെരുമാറ്റം നല്ലതാണെന്ന് മനസ്സിലാക്കുക. നിന്റെ അയൽക്കാർ നിന്നെക്കുറിച്ച് 'നീ മോശമാണ്' എന്ന് പറയുന്നത് കേൾക്കുമ്പോൾ, നിന്റെ പെരുമാറ്റം മോശമാണെന്ന് മനസ്സിലാക്കുക.

(ابن ماجہ کتاب الزھد/حدیث:4223)

സ്വന്തം മതത്തെയും ആദർശത്തെയും പ്രചരിപ്പിക്കാൻ വേണ്ടി ബലപ്രയോഗം നടത്തുകയോ യുദ്ധം ചെയ്യുകയോ ചെയ്യുന്നത് ഒരിക്കലും അനുവദനീയമല്ല. വിശുദ്ധ ഖുർആന്റെ വ്യക്തമായ പ്രസ്താവന ഞാൻ ആദ്യം തന്നെ അവതരിപ്പിച്ചിരുന്നുവല്ലോ: ലാ ഇക്റാഹ ഫിദ്ദീൻ (ദീനിൽ യാതൊരു സമ്മർദ്ദവുമില്ല) എന്നത്. കൂടാതെ, സത്യം നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് വന്നെത്തിയിരിക്കുന്നു എന്ന പ്രഖ്യാപനത്തോടെ, ഏതെങ്കിലും തരത്തിലുള്ള ബലപ്രയോഗത്തിന്റെ ചോദ്യം തന്നെ അവശേഷിക്കുന്നില്ല. കാരണം, സത്യസന്ധതയും നന്മയും കൊണ്ട് ഹൃദയങ്ങളെ സ്വയം അംഗീകരിപ്പിക്കുന്നതിനെയാണ് ഹഖ് അഥവാ സത്യം എന്ന് പറയുന്നത്. അതിന് ബലപ്രയോഗവുമായോ അക്രമവുമായോ ഒരു ബന്ധവുമില്ല. ജനങ്ങൾക്ക് ഇഷ്ടമുണ്ടെങ്കിൽ വിശ്വസിക്കുകയോ നിഷേധിക്കുകയോ ചെയ്യാം. മറ്റൊരു സൂക്തത്തിൽ പറയുന്നു:

لَكُمْ دِيْنُكُمْ وَلِيَ دِيْن

(سورة الكافرون:7)

അതായത്: (അല്ലയോ അവിശ്വാസികളേ!) നിങ്ങൾക്ക് നിങ്ങളുടെ മതം സ്വീകരിക്കാൻ സ്വാതന്ത്ര്യമുണ്ട്, എനിക്ക് എന്റെ മതം സ്വീകരിക്കാനും സ്വാതന്ത്ര്യമുണ്ട്. ഉപര്യുക്ത സൂക്തങ്ങൾ മതസ്വാതന്ത്ര്യത്തിന്റെ നാല് അടിസ്ഥാന അവകാശങ്ങൾ നല്കുന്നു:

ഒന്ന്, ആരെയും നിർബന്ധിച്ച് സ്വന്തം മതത്തിൽ പ്രവേശിപ്പിക്കാൻ പാടില്ല. രണ്ട്, സ്വന്തം ഇഷ്ടപ്രകാരം ഒരു മതത്തിൽ പ്രവേശിക്കുന്ന വ്യക്തിയെ ബലാത്കാരേണ തടയരുത്.

മൂന്ന്, സ്വന്തം വിശ്വാസപ്രകാരമുള്ള ആരാധനാനുഷ്ഠാനങ്ങൾ നിർവഹിക്കുന്നതിനും അത് പ്രകടിപ്പിക്കുന്നതിനും യാതൊരു നിയന്ത്രണവും ബലപ്രയോഗവും അനുവദനീയമല്ല.

നാല്, ഒരാൾക്ക് മതത്തിൽ തുടരാൻ താത്പര്യമില്ലെങ്കിൽ, അവനെ നിർബന്ധിച്ച് മതത്തിൽ നിർത്തുകയും അരുത്. അതുപോലെ, ഒരാൾക്ക് മതത്തിൽ തുടരാൻ താത്പര്യമുണ്ടെങ്കിൽ, അവനെ നിർബന്ധിച്ച് പുറത്താക്കുന്നതും അനുവദനീയമല്ല.

ഇവിടെ ഒരു കാര്യം ഓർമ്മിക്കേണ്ടതാണ്. ഇസ്‌ലാമിക യുദ്ധങ്ങളെക്കുറിച്ച് അവ ഇസ്‌ലാം മതം പ്രചരിപ്പിക്കാൻ വേണ്ടിയായിരുന്നു എന്ന് ആരോപണം ഉന്നയിക്കപ്പെടുന്നു. അത് തീർത്തും തെറ്റായ ആരോപണമാണ്. ഇസ്‌ലാമിക യുദ്ധങ്ങൾ കേവലം പ്രതിരോധം എന്ന നിലയ്ക്കോ അല്ലെങ്കിൽ കുഴപ്പങ്ങളും നാശനഷ്ടങ്ങളും ഇല്ലാതാക്കി സമാധാനവും സുരക്ഷയും സ്ഥാപിക്കുന്നതിനോ വേണ്ടിയുള്ളതായിരുന്നു.

ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ)യുടെ സ്വന്തം മാതൃക തന്നെ എപ്രകാരമായിരുന്നുവെന്ന് നോക്കാം. നബിതിരുമേനിയെ അല്ലാഹു മുഴുലോകത്തിനും മാർഗദർശകനും റസൂലുമായാണ് അയച്ചത്. പദവിയുടെ കാര്യത്തിൽ അവിടുന്ന് ഖാതമുന്നബിയ്യീൻ (പ്രവാചകന്മാരുടെ മുദ്ര) ആണ്. എന്നിട്ടും ഏതെങ്കിലും മുസ്‌ലിം അവസരം നോക്കാതെ തിരുമേനിയെ മറ്റ് പ്രവാചകന്മാരെക്കാൾ ശ്രേഷ്ഠനാണെന്ന് പറഞ്ഞ് സമാധാന അന്തരീക്ഷം തകർക്കുന്നത് അവിടുന്ന് ഒരിക്കലും ഇഷ്ടപ്പെടുകയോ വക വച്ചുകൊടുക്കുകയോ ചെയ്തിരുന്നില്ല. സ്വഹീഹുൽ ബുഖാരിയിൽ ഒരു നിവേദനം കാണാം: ഒരിക്കൽ ഒരു യഹൂദി ചന്തയിൽ സാധനം വിൽക്കുകയായിരുന്നു. ഒരു സാധനത്തിന് ഒരു മുസൽമാൻ കുറഞ്ഞ വില പറഞ്ഞത് ആ യഹൂദിക്ക് ഇഷ്ടപ്പെട്ടില്ല. അപ്പോൾ അയാൾ പറഞ്ഞു: മൂസായെ എല്ലാ മനുഷ്യരെക്കാളും ശ്രേഷ്ഠനാക്കിയവനെക്കൊണ്ട് സത്യം! ഇത് കേട്ട് ദേഷ്യം വന്ന ആ മുസൽമാൻ യഹൂദിയെ അടിച്ചു. ആ യഹൂദി തിരുനബി(സ)യുടെ അടുത്തുവന്ന് അപേക്ഷിച്ചു: അങ്ങയുടെ ഉത്തരവാദിത്തത്തിലും സംരക്ഷണയിലുമുള്ള ഞങ്ങളെ ഈ മുസ്ലിം മുഖത്തടിച്ച് അതിക്രമം ചെയ്തിരിക്കുന്നു. നബി കരീം (സ) ആ മുസ്ലിമിനോട് കടുത്ത നീരസം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: നിങ്ങൾ എനിക്ക് പ്രവാചകന്മാർക്കിടയിൽ ശ്രേഷ്ഠത നല്കാതിരിക്കുക.

മതപരമായ ഭിന്നാഭിപ്രായങ്ങൾ നിലനിൽക്കേ തന്നെ പരസ്പരം യോജിക്കാൻ കഴിയുന്നതും വിദ്വേഷം നീക്കാൻ കഴിയുന്നതുമായ പൊതുബിന്ദു കണ്ടെത്താൻ ശ്രമിക്കേണ്ടത് മതസഹിഷ്ണുത വളർത്തുന്നതിന് അത്യാവശ്യമാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

قُلْ يَاأَهْلَ الْكِتٰبِ تَعَالَوْا إِلٰى كَلِمَةٍ سَوَاءٍ بَيْنَنَا وَبَيْنَكُمْ أَلَّا نَعْبُدَ إِلَّا اللّٰهَ وَلَا نُشْرِكَ بِهٖ شَيْئًا وَلَا يَتَّخِذَ بَعْضُنَا بَعْضًا أَرْبَابًا مِّنْ دُوْنِ اللّٰهِ فَإِنْ تَوَلَّوْا فَقُوْلُوا اشْهَدُوْا بِأَنَّا مُسْلِمُوْنَ

(آل عمران :65)۔

അതായത്: നീ പറയുക: ഗ്രന്ഥാനുസാരികളേ- ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ പൊതുവായിട്ടുള്ള ഈ വചനത്തിലേക്കു വരുവിൻ. അതായത് അല്ലാഹുവിനെയല്ലതെ മറ്റാരെയും ആരാധിക്കുകയോ അവരോട് ഒന്നിനെയും പങ്കുചേർക്കുകയോ നമ്മളിൽ ആരുംതന്നെ മറ്റാരെയും അല്ലാഹുവിനു പുറമേ രക്ഷാധികാരിയാക്കുകയോ ചെയ്യുന്നതല്ല. എന്നിട്ടും അവർ പിന്തിരിഞ്ഞുപോവുകയാണെങ്കിൽ നിങ്ങൾ പറയുക: തീർച്ചയായും ഞങ്ങൾ മുസ്‌ലീങ്ങൾ ആകുന്നു എന്നതിന് നിങ്ങൾ സാക്ഷ്യം വഹിക്കുക. ഇവിടെ, അംഗീകരിക്കപ്പെട്ടതും യോജിച്ചതുമായ ഒരു കാര്യത്തിലേക്ക് ഐക്യത്തിന് ക്ഷണിച്ചിരിക്കുകയാണ്. എന്നാൽ, ഈ തത്വം പോലും അംഗീകരിക്കാൻ ആരെങ്കിലും തയ്യാറല്ലെങ്കിൽ, അവരുമായി കലഹിക്കാനോ യുദ്ധം ചെയ്യാനോ അനുവാദമില്ല. നമ്മുടെ കാഴ്ചപ്പാട് ഇതാണെന്നും ഈ കാര്യത്തിലാണ് ഞങ്ങൾ വിശ്വസിക്കുന്നതെന്നും അവരെ അറിയിച്ചാൽ മാത്രം മതി. മുശ്രിക്കുകളായ മക്കക്കാരുടെ തുടർച്ചയായ എതിർപ്പും ക്രൂരമായ ഉപദ്രവങ്ങളും അതിലുപരി മുസ്‌ലീങ്ങളെ അവരുടെ വിശ്വാസങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതിൽ നിന്നും പ്രബോധനം ചെയ്യുന്നതിൽ നിന്നും ബലമായി തടഞ്ഞതും കാരണം, തിരുനബി (സ) ദൈവകല്പന പ്രകാരം മക്കയിൽ നിന്ന് മദീനയിലേക്ക് ഹിജ്റ പോയി. അവിടെ ഏതാനും നവ മുസ്ലിം കുടുംബങ്ങൾക്ക് പുറമെ, ബനൂഖൈനുഖാഅ്, ബനൂ നളീർ, ബനൂ ഖുറൈള എന്നീ മൂന്ന് യഹൂദ ഗോത്രങ്ങളും ഔസ്, ഖസ്റജ് എന്നീ രണ്ട് മുശ്രിക്ക് ഗോത്രങ്ങളും ഉണ്ടായിരുന്നു. ഈ അഞ്ച് ഗോത്രങ്ങൾക്കിടയിൽ ഒരുവിധ അച്ചടക്കമോ വ്യവസ്ഥിതിയോ ഉണ്ടായിരുന്നില്ല. പ്രത്യേകിച്ച്, മൂന്ന് യഹൂദ ഗോത്രങ്ങൾ സ്വതന്ത്രവും സ്വയംഭരണാധികാരത്തോടും കൂടി പ്രത്യേകം കോട്ടകളിൽ താമസിച്ചിരുന്നു. ഈ സാഹചര്യത്തിൽ, മദീനയിൽ മതസഹിഷ്ണുതയും സമാധാനവും സ്ഥാപിക്കാൻ ലക്ഷ്യമിട്ട തിരുനബി(സ) യഹൂദ ഗോത്രങ്ങളുമായി പ്രത്യേകം എഴുത്തുമുഖേന ഉടമ്പടി ഉണ്ടാക്കി. അതിലെ വ്യവസ്ഥകൾ ഇപ്രകാരമായിരുന്നു:

1) മുസ്‌ലിങ്ങളും യഹൂദികളും പരസ്പരം അനുകമ്പയോടും ആത്മാർത്ഥതയോടും കൂടി ജീവിക്കുന്നതാണ്. പരസ്പരം അതിക്രമം കാണിക്കുകയോ ദ്രോഹിക്കുകയോ ഇല്ല.

2) ഓരോ ജനതക്കും മത സ്വാതന്ത്ര്യം ഉണ്ടായിരിക്കും.

3)എല്ലാ തരത്തിലുമുള്ള അഭിപ്രായവ്യത്യാസങ്ങളും തർക്കങ്ങളും തിരുനബി (സ) യുടെ അടുക്കൽ കൊണ്ടുവരുന്നതാണ്. ഓരോരുത്തരുടെയും പ്രശ്നം അവരവരുടെ സമൂഹത്തിന്റെ ശരീഅത്ത് അനുസരിച്ച് തീർപ്പാക്കുന്നതായിരിക്കും.

4) എല്ലാ പൗരന്മാരുടെയും ജീവനും സ്വത്തും സംരക്ഷിക്കപ്പെടും.

5) യഹൂദികൾക്കോ മുസ്‌ലിങ്ങൾക്കോ എതിരെ ഏതെങ്കിലും ജനത യുദ്ധം ചെയ്യുകയാണെങ്കിൽ, യഹൂദരും മുസ്‌ലീങ്ങളും പരസ്പരം പിന്തുണയ്ക്കുകയും സഹായിക്കുകയും ചെയ്യും.

6) മദീന ആക്രമിക്കപ്പെട്ടാൽ, എല്ലാവരും ഒരുമിച്ച് അതിനെ പ്രതിരോധിക്കും.

7) ഒരു കക്ഷിയും തിരുനബി (സ)യുടെ അനുമതിയില്ലാതെ യുദ്ധത്തിന് പുറപ്പെടില്ല.

8)ഈ ഉടമ്പടി അനുസരിച്ച്, അക്രമിയോ കലാപകാരിയോ ആയ ഒരുവനും ശിക്ഷയിൽ നിന്ന് രക്ഷപ്പെടുകയില്ല.

യഹൂദ ഗോത്രങ്ങൾ ഈ ഉടമ്പടി തുടർച്ചയായി ലംഘി

ച്ചുകൊണ്ടിരുന്നുവെങ്കിലും, നബി കരീം (സ) എപ്പോഴും കരാർ പാലിച്ചുകൊണ്ട് അവരോട് നല്ല രീതിയിൽ പെരുമാറി. അങ്ങേയറ്റം പ്രതികൂലമായ സാഹചര്യങ്ങളിൽ, തിരു നബി (സ) വളരെ വിവേകപൂർണമായ രീതിയിൽ മദീനാ രാഷ്ട്രത്തിന്റെ ഭരണസംവിധാനം ഏറ്റെടുത്തു. പ്രത്യേകിച്ചും, വിവിധ മതങ്ങളെയും വിശ്വാസങ്ങളെയും പിൻപറ്റുന്നവരുള്ള ഒരു രാഷ്ട്രത്തിൽ, എല്ലാവർക്കും അവരുടെ വിശ്വാസങ്ങളെയും ആചാരങ്ങളെയും പ്രകടിപ്പിക്കുന്നതിനും സമാധാനപരമായി പ്രബോധനം ചെയ്യുന്നതിനും സ്വാതന്ത്ര്യം നല്കുകയും, അത് പ്രാവർത്തികമാക്കിക്കാണിക്കുകയും ചെയ്തത് മതസ്വാതന്ത്ര്യത്തിന്റെയും സഹിഷ്ണുതയുടെയും അതുല്യമായ മാതൃകയാണ്.

ഒരിക്കൽ, നജ്റാനിൽ നിന്നുള്ള ഒരു ക്രിസ്ത്യൻ പ്രതിനിധിസംഘം മതപരമായ ചർച്ചയ്ക്കായി മദീനയിൽ എത്തി. തിരുനബി (സ) അവർക്ക് വളരെയധികം ബഹുമാനവും ആദരവും നല്കിക്കൊണ്ട് മസ്ജിദുന്നബവിയിൽ താമസിപ്പിച്ചു. അവർ തങ്ങളുടെ ആരാധനയ്ക്കായി പുറത്ത് ഒരിടം അന്വേഷിച്ചപ്പോൾ, അവിടുന്ന് പറഞ്ഞു: പുറത്ത് പോകേണ്ട ആവശ്യമില്ല. ഈ പള്ളിയിൽ തന്നെ നിങ്ങളുടേതായ രീതിയിൽ ആരാധന നടത്താവുന്നതാണ്.

വിശുദ്ധ ഖുർആൻ നല്കുന്ന അധ്യാപനം ഇപ്രകാരമാണ്: അല്ലാഹുവിനെ വിട്ട് മറ്റുള്ളവരെയും വസ്തുക്കളെയും ആരാധിക്കുന്നവരെ നിങ്ങൾ ചീത്ത പറയരുത്, അല്ലാത്തപക്ഷം, ശത്രുതമൂലം അറിവില്ലായ്മയിൽ അവർ അല്ലാഹുവിനെയും ചീത്ത പറയും. *(സൂറത്തുൽ അൻആം: 109)*

മക്കയിലെ മുശ്രിക്കുകൾ ഉഹുദ് യുദ്ധത്തിൽ മുസ്‌ലിം ശുഹദാക്കളുടെ മൃതദേഹങ്ങളെ വികൃതമാക്കി (അവരുടെ മൂക്കും ചെവിയും മറ്റും മുറിച്ച്) അനാദരവ് കാണിച്ചിരുന്നു. എന്നിട്ടും തിരുനബി (സ) ഒരിക്കലും ഈ രീതിയിൽ അവരോട് പ്രതികാരം ചെയ്തില്ല. എന്നാൽ, ഇതിന് വിപരീതമായി അവിടുന്ന് കാണിച്ച മാതൃക, ഒരിക്കൽ ഒരു യഹൂദിയുടെ മൃതദേഹം വഹിച്ചു കൊണ്ടുവരുമ്പോൾ അവിടുന്ന് മൃതദേഹത്തോടുള്ള ആദരവെന്നോണം എഴുന്നേറ്റു നിന്നു. അന്നേരം ആരോ പറഞ്ഞു: ഹുസൂർ! ഇത് ഒരു യഹൂദിയുടെ ജനാസയാണ്. അവിടുന്ന് ചോദിച്ചു: അതിൽ ജീവനുണ്ടായിരുന്നില്ലേ? അത് ഒരു മനുഷ്യനായിരുന്നില്ലേ? (بخاری/کتاب الجنائز/حدیث: 1312)

ഹദ്റത്ത് യഅ്‌ലാ ബിൻ മുറ (റ) പറയുന്നു: ഞാൻ നബികരീം(സ)യോടൊപ്പം നിരവധി യാത്രകൾ ചെയ്തിട്ടുണ്ട്, അവിടുന്ന് ഒരു മനുഷ്യന്റെ മൃതദേഹം കിടക്കുന്നത് കാണുകയും അത് സംസ്കരിക്കാതിരിക്കുകയും ചെയ്ത ഒരൊറ്റ സംഭവം പോലും ഉണ്ടായിട്ടില്ല. അതൊ അയാൾ മുസ്‌ലിമായിരുന്നോ കാഫിറായിരുന്നോ എന്ന് അവിടുന്ന് ഒരിക്കലും ചോദിച്ചിരുന്നില്ല.

ബദർ യുദ്ധത്തിൽ കൊല്ലപ്പെട്ട മുശ്രിക്ക് നേതാക്കളുടെ മൃതദേഹങ്ങൾ മക്കയിലെ മുശ്രിക്കുകൾ മൈതാനത്ത് ഉപേക്ഷിച്ച് ഓടിപ്പോയപ്പോൾ തിരുനബി (സ) അവരെയെല്ലാം ഒരു കുഴിയിൽ മറവു ചെയ്യാൻ ചെയ്യാൻ കൽപ്പിക്കുകയായിരുന്നു. ആ കുഴി പിന്നീട് ഖലീബ് ബദർ (ബദറിലെ കിണർ) എന്നാണ് അറിയപ്പെടുന്നത്.
*(بخاری کتاب المغازی، حدیث: 3976)*

അഹ്സാബ് യുദ്ധത്തിൽ, മുശ്രിക്കുകളുടെ ഒരു നേതാവ് നൗഫൽ ബിൻ അബ്ദുല്ലാഹ് മഖ്സൂമി കൊല്ലപ്പെട്ടു. ഹദ്റത്ത് ഹംസയോട് (റ) ചെയ്ത ക്രൂരത കാരണം, തങ്ങളുടെ നേതാവിനോടും ഇതേപോലെ പെരുമാറുമോ എന്ന് മക്കയിലെ മുശ്രിക്കുകൾ സ്വാഭാവികമായും ഭയപ്പെട്ടിരുന്നു. അവർ റസൂലുല്ലാ ഹ്(സ)ക്ക് ഒരു സന്ദേശം അയച്ചു: പതിനായിരം ദിർഹം നല്കാം, നൗഫലിന്റെ മൃതദേഹം തിരികെ നല്കുക. റസൂൽ കരീം (സ) പറഞ്ഞു: ഞങ്ങൾ മരിച്ചവരുടെ വില വാങ്ങാറില്ല. നിങ്ങൾ നിങ്ങളുടെ മൃതദേഹം തിരിച്ചെടുക്കുക. (ദലാഇലുന്നബുവ്വ ബൈഹഖി, വാല്യം 3)

പരാജിതരായി കീഴടങ്ങിയ ജനതകളോട്, പ്രത്യേകിച്ച് ഏതൊരു കൂട്ടരിൽനിന്നാണോ വിവരിക്കാനാവാത്ത കഷ്ടപ്പാടുകളും ഉപദ്രവങ്ങളും വർഷങ്ങളോളം സഹിക്കേണ്ടിവന്നത് അവരോട് നല്ല രീതിയിൽ പെരുമാറുന്നത് ഇസ്ലാമിന്റെ സ്ഥാപകനായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ)യുടെ കാര്യത്തിലല്ലാതെ ലോകചരിത്രത്തിൽ മറ്റെവിടെയും കാണാൻ കഴിയില്ല. മക്കയിലെ മുശ്രിക്ക് നേതാവ് അബൂജഹ്‌ലിന്റെ മകൻ ഇക്‌രിമ തന്റെ പിതാവിനെപ്പോലെ ജീവിതകാലം മുഴുവൻ റസൂലുല്ലാഹ്(സ)യോട് യുദ്ധം ചെയ്തു. മക്കാവിജയ സമയത്ത് പോലും, റസൂൽ കരീം (സ) പൊതുമാപ്പ് പ്രഖ്യാപിച്ചിട്ടും, അദ്ദേഹം ഒരു സൈന്യത്തെ ആക്രമിച്ച് മക്കയിൽ രക്തച്ചൊരിച്ചിലിന് കാരണമായതിനാൽ തന്റെ യുദ്ധക്കുറ്റങ്ങൾ കാരണം അദ്ദേഹം വധ ശിക്ഷക്ക് അർഹനായിരുന്നു. ജീവരക്ഷാർഥം അദ്ദേഹം യമനിലേക്ക് ഓടിപ്പോയി. അപ്പോഴേക്കും മുസ്‌ലിമായിക്കഴിഞ്ഞിരുന്ന അദ്ദേഹത്തിന്റെ ഭാര്യ ഉമ്മു ഹകീം റസൂൽ കരീം (സ)യുടെ അടുത്തെത്തി അദ്ദേഹത്തിന് വേണ്ടി മാപ്പ് അപേക്ഷിച്ചു. അവിടുന്ന് വളരെ സ്നേഹത്തോടെ മാപ്പ് നല്കി. അവർ തന്റെ ഭർത്താവിനെ തിരികെ കൊണ്ടുവരാനായി ഓടിച്ചെന്നു. കപ്പലിൽ കയറാൻ തുടങ്ങിയ അദ്ദേഹത്തെ അവർ പിടിച്ചുവലിച്ച് പറഞ്ഞു: തിരിച്ചു വരൂ, റസൂലുല്ലാഹ്(സ) നിങ്ങൾക്ക് മാപ്പ് നല്കിയിരിക്കുന്നു. എന്നാൽ തനിക്ക് മാപ്പ് ലഭിച്ചുവെന്ന് ഇകരിമക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. എങ്കിലും ഭാര്യയുടെ വാക്ക് കേട്ട് ഭയന്നു വിറച്ച് അദ്ദേഹം മക്കയിലേക്ക് തിരിച്ചു വന്നു. തിരുനബി (സ)യോട് അദ്ദേഹം ചോദിച്ചു: താങ്കൾ എനിക്ക് ശരിക്കും മാപ്പ് നല്കിയോ? അവിടുന്ന് പറഞ്ഞു: അതേ, ഞാൻ നിങ്ങൾക്ക് മാപ്പ് നല്കിയിരിക്കുന്നു. അപ്പോൾ അദ്ദേഹം ചോദിച്ചു: ഞാൻ എന്റെ മതത്തിൽ നിലകൊള്ളുന്ന നിലയിലും നിങ്ങൾ എനിക്ക് മാപ്പ് നല്കിയോ? അവിടുന്ന് പറഞ്ഞു: അതെ. മുശ്രിക്ക് ആയ ഇക്‌രിമയുടെ ഹൃദയം ഇസ്‌ലാമിനുവേണ്ടി തുറക്കുകയായി. ഈ സഹിഷ്ണുതയും നസത്പെരുമാറ്റവും കണ്ട് അദ്ദേഹം സ്വയമറിയാതെ പറഞ്ഞുപോയി: അല്ലയോ മുഹമ്മദ്! (സ) താങ്കൾ വളരെയധികം ബന്ധുത്വം മാനിക്കുന്നവനും അങ്ങേയറ്റം സൗമ്യതയുള്ളവനും വളരെ ദയാലുവുമാണ്. അല്ലാഹുവല്ലാതെ വേറെ ആരാധ്യനില്ലെന്നും മുഹമ്മദ് (സ) അല്ലാഹുവിന്റെ റസൂലാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. *(അൽ-സീറത്തുൽ ഹലബിയ്യ, വാല്യം 3, പേജ് 92)*

അതുപോലെ, ഈ കുറ്റവാളികളിൽ അബൂസുഫ്‌യാന്റെ ഭാര്യ ഹിന്ദ് ബിൻത് ഉത്ബയും ഉണ്ടായിരുന്നു. ഉഹുദ് യുദ്ധത്തിൽ റസൂലുല്ലാഹ്(സ)യുടെ പിതൃവ്യൻ ഹസ്രത്ത് ഹംസയുടെ മൃതദേഹത്തോട് മനുഷ്യത്വരഹിതമായ പെരുമാറ്റമാണ് അവർ ചെയ്തത്. അദ്ദേഹത്തിന്റെ മൂക്കും ചെവിയും മറ്റ് അവയവങ്ങളും മുറിച്ച് മൃതദേഹം വികൃതമാക്കുകയും, അവരുടെ കരളെടുത്ത് ചവച്ച് പ്രതികാരത്തിന്റെ അഗ്നി ശമിപ്പിക്കുകയും ചെയ്തു. മക്കാവിജയത്തിനു ശേഷം റസൂലുല്ലാഹ്(സ) സ്ത്രീകളിൽ നിന്ന് ബൈഅത്ത് വാങ്ങുമ്പോൾ, ഹിന്ദ മുഖം മറച്ചാന് അവരോടൊപ്പം ഇരുന്നത്. എന്തെന്നാൽ അവരുടെ കുറ്റങ്ങൾ കാരണം അവർ വധശിക്ഷക്ക് വിധിക്കപ്പെട്ടിരുന്നു.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു:
'സ്ത്രീകൾ ബൈഅത്ത് ചെയ്യാനായി വന്നപ്പോൾ, ഹിന്ദയും ഒരു പുതപ്പ് ധരിച്ച് കൂടെ വന്നു. അവൾ ബൈഅത്ത് ചെയ്തു. ഞങ്ങൾ ശിർക്ക് ചെയ്യില്ല എന്ന വാചകത്തിൽ അവൾ എത്തിയപ്പോൾ, വളരെ വൈകാരിക പ്രകൃതം ഉണ്ടായിരുന്ന അവർ പറഞ്ഞു: യാ റസൂലല്ലാഹ്! ഞങ്ങൾ ഇനിയും ശിർക്ക് ചെയ്യുമോ? താങ്കൾ ഒറ്റയ്ക്കായിരുന്നു, ഞങ്ങൾ പൂർണ ശക്തിയോടെ താങ്കളെ എതിർത്തു. ഞങ്ങളുടെ ദൈവങ്ങൾ സത്യമായിരുന്നെങ്കിൽ, താങ്കൾ എങ്ങനെ വിജയിക്കുമായിരുന്നു? അവർ തികച്ചും അപ്രസക്തരാണെന്ന് തെളിയിക്കപ്പെട്ടു, ഞങ്ങൾ പരാജയപ്പെട്ടു. റസൂൽ കരീം (സ) ചോദിച്ചു: നീ ഹിന്ദയാണോ? തന്റെ ബന്ധുവായിരുന്ന അവളുടെ ശബ്ദം തിരുമേനി തിരിച്ചറിഞ്ഞു. ഹിന്ദ് പറഞ്ഞു: യാ റസൂലല്ലാഹ്! ഞാൻ ഇപ്പോൾ മുസ്‌ലിമായിരിക്കുന്നു. എന്നെ കൊല്ലാനുള്ള അധികാരം ഇപ്പോൾ താങ്കൾക്കില്ല. റസൂലുല്ലാഹ്(സ) ചിരിച്ചു. എന്നിട്ട് പറഞ്ഞു: അതെ, ഇപ്പോൾ നിന്നെ ശിക്ഷിക്കാൻ കഴിയില്ല. ചുരുക്കത്തിൽ, എല്ലാ ദൈവങ്ങളെയും ചേർത്ത് അവിടുന്ന് ഒരൊറ്റ ദൈവത്തെയാണ് ഉണ്ടാക്കിയിരിക്കുന്നത് എന്ന് കരുതിയിരുന്ന ഒരു ജനതയിൽ, ദൈവം ഒന്നല്ല എന്ന് ആർക്ക് പറയാനാകുമെന്ന് ഹിന്ദയെപ്പോലെയുള്ള ഒരു സ്ത്രീ പറയാൻ മാത്രം പരിവർത്തനമാണ് സംജാതമായത്.'
*(അൻവാറുൽ ഉലൂം, വോള്യം 20, പേജ് 14, 15)*

***അല്ലാഹുമ്മ സല്ലി അലാ മുഹമ്മദിൻ വ ബാരിക് വ സല്ലിം ഇന്നക ഹമീദും.***

പ്രിയ ശ്രോതാക്കളേ!
ഈ വിഷയവുമായി ബന്ധപ്പെട്ട് അവസാനം ഞാൻ ഒരു കാര്യം കൂടി പറയാൻ ആഗ്രഹിക്കുന്നു. മതസഹിഷ്ണുതയുടെയും ആവിഷ്കാര സ്വാതന്ത്ര്യ ത്തിന്റെയും കാര്യത്തിൽ ഖുർആനിക അധ്യാപനങ്ങളും ഹദ്റത്ത് റസൂൽ കരീം (സ)യുടെ പരിശുദ്ധ മാതൃകയും പുനരുജ്ജീവിപ്പിക്കാൻ വേണ്ടി, ഈ കാലഘട്ടത്തിൽ അല്ലാഹു തആലാ തിരുനബി (സ)യുടെ പ്രതിപുരുഷനായി അവതരിച്ച ഹദ്റത്ത് മിർസ ഗുലാം അഹ്മദ് ഖാദിയാനി(അ)യെ വാഗ്ദത്ത മസീഹും മഹ്ദിയും എന്ന പദവി നൽകി കൊണ്ട് ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ പ്രത്യേകം നിയോഗിച്ചു. വിവിധ ജനതകളുടെയും മതങ്ങളുടെയും ഈറ്റില്ലമാണ് ഇന്ത്യ എന്നുള്ളതാണ് ഇതിന് ഒരു പ്രധാന കാരണം. വിവിധ വർഗക്കാർ, വംശക്കാർ, ഭാഷക്കാർ, മതങ്ങൾ എന്നിവയുടെ അനുയായികളുടെ രാജ്യമാണ് ഇത്. അതുകൊണ്ട്, ഇസ്‌ലാമിന്റെ മനോഹരവും സമാധാനനിർഭരവുമായ അധ്യാപനങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി അല്ലാഹു ഈ രാജ്യത്തെ കേന്ദ്രമാക്കി. ഈ വെളിച്ചം ഇന്ന് ലോകത്തിലെ 220 രാജ്യങ്ങളിൽ വ്യാപിച്ചിരിക്കുന്നു. മറ്റ് മത വിശ്വാസികൾക്ക് പുറമെ, ഇന്ത്യയിൽ താമസിക്കുന്ന രണ്ട് വലിയ ജനതകളാണ് ഹിന്ദുക്കളും മുസ്‌ലിങ്ങളും. ഇവർക്ക് ഐക്യവും സൗഹൃദവും മതസഹിഷ്ണുതയും ഉദ്ബോധിപ്പിച്ചുകൊണ്ട്, അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർ ഹദ്റത്ത് മിർസ ഗുലാം അഹ്മദ് ഖാദിയാനി (അ) തന്റെ ജീവിതത്തിന്റെ അവസാന നാളുകളിൽ മൈത്രീസന്ദേശം എന്ന പേരിൽ ഒരു ഗ്രന്ഥം എഴുതി. അതിലെ ചില ഭാഗങ്ങൾ മാത്രം സമയ പരിമിതി കാരണം ഞാൻ ഇവിടെ അവതരിപ്പിക്കുകയാണ്. അവിടുന്ന് പറയുന്നു:.

പ്രിയ സുഹൃത്തുക്കളേ! ഹിന്ദുക്കളോ മുസ്‌ലിംകളോ ആയ നാമെല്ലാവരും നൂറ്റുക്കണക്കായ വിശ്വാസാഭിപ്രായ വൈപരീത്യങ്ങളോടു കൂടിയവരാണെങ്കിലും, ഈ പ്രപഞ്ചസകലത്തിന്റെയും സ്രഷ്ടാവും രക്ഷിതാവുമായ ദൈവത്തിൽ വിശ്വസിക്കുന്ന വിഷയത്തിൽ ഒന്നാകുന്നുവല്ലോ. അപ്രകാരംതന്നെ നാമെല്ലാം മനുഷ്യരെന്ന നിലയിൽ പൊതുതാല്പര്യത്തോടു കൂടിയവരുമാകുന്നു. അതെ, മനുഷ്യരെന്ന പേരിൽ നമ്മളെല്ലാ വരും പരസ്പരം ബന്ധിതരായിരിക്കുന്നു. അതുമല്ല, നാം ഒരേ രാജ്യത്തിൽ നിവസിക്കുന്നവരാകയാൽ അന്യോന്യം അയൽക്കാരെന്ന നിലയിലും ബന്ധപ്പെട്ടവരാകുന്നു. അതിനാൽ നമ്മൾ ആത്മാർത്ഥതയോടും നിഷ്ക്കപടതയോടും കൂടി പരസ്പരം മിത്രങ്ങളായി വർത്തിച്ചും മതപരവും ലൗകികവുമായ വൈഷമ്യഘട്ടങ്ങളിലെല്ലാം അന്യോന്യം സഹതാപം പ്രദർശിപ്പിച്ചും ഒരേ ശരീരത്തിലെ അവയവങ്ങളെന്നോണം തമ്മിൽ തമ്മിൽ സഹകരിക്കേണ്ടതു നമ്മുടെ കർത്തവ്യമാകുന്നു.

പ്രിയ നാട്ടുകാരേ! പൊതുവെ അനുകമ്പാഭാവത്തെ

പ്രബോധിക്കാത്ത ഒരു മതം യഥാർത്ഥത്തിൽ മതമല്ല. അതുപോലെത്തന്നെ അനുകമ്പാമനോഭാവത്തെ ഉൾക്കൊള്ളാത്ത ഒരു മനുഷ്യൻ, മനുഷ്യൻ എന്ന പേരിന്നർഹനുമല്ല. ദൈവം തന്റെ അനുഗ്രഹം യാതൊരു ജാതിക്കാർക്കും നല്കാതിരുന്നിട്ടില്ല. ആ സർവൈകദാതാവ് ആര്യാവർത്തത്തിലെ പുരാതന ജാതിക്കാർക്ക് ഏതെല്ലാം ശക്തികളും ബോധങ്ങളും നല്കിയോ ആവക ശക്തികളും ബോധങ്ങളുമെല്ലാം അവൻ അറബികൾക്കും പാർസികൾക്കും സിറിയക്കാർക്കും ചൈനാക്കാർക്കും ജപ്പാൻകാർക്കും യൂറോപ്യർക്കും അമേരിക്കക്കാർക്കും നല്കിയിട്ടുണ്ട്. ദൈവത്തിന്റെ ഭൂമി ഒരു വിരിപ്പെന്നപോലെ ഇവരെല്ലാവർക്കും ഉപകരിക്കുന്നു. ആ സർവൈകനാഥന്റെ സൃഷ്ടികളായ സൂര്യചന്ദ്രന്മാരും നക്ഷത്രങ്ങളും ദീപങ്ങൾ കണക്കെ അവർക്ക് വെളിച്ചം നല്കുകയും അതോടൊപ്പം അവയ്ക്ക് ദൈവം നിശ്ചയിച്ചിട്ടുള്ള മറ്റു കർമ്മങ്ങൾ അവ നിർവ്വഹിക്കുകയും ചെയ്യുന്നു. വായു, വെള്ളം, തീ, മണ്ണ് എന്നീ ഭൂവസ്തുക്കളിൽനിന്ന് എല്ലാ ജാതികളും ഫലം അനുഭവിക്കുന്നു. അതുപോലെതന്നെ ധാന്യങ്ങൾ ഫലമൂലാദികൾ തുടങ്ങിയ ഭൂമിയിലെ ഉല്പന്നങ്ങളെയും എല്ലാവരും തങ്ങളുടെ ഗുണത്തിന്നായി ഉപയോഗപ്പെടുത്തുന്നു. ദൈവത്തിന്റെ സർവ വ്യാപകമായ ഈ പരിപാലന സമ്പ്രദായങ്ങൾ നമ്മെ ഉദ്ബോധിപ്പിക്കുന്നത്, നാമും മനുഷ്യർക്കു പൊതുവെ നന്മ ചെയ്യുകയും കുടുസ്സായ മനോഭാവം കാണിക്കാതെ നമ്മുടെ അനുകമ്പയെ വിസ്തൃതമാക്കുകയും വേണമെന്നാണ്. *(പൈഗാമെ സുൽഹ്, റൂഹാനി ഖസായിൻ, വാല്യം 23, പേജ് 439-440)*

കൂടാതെ, പരസ്പര ഐക്യത്തിന്റെയും സൗഹൃദത്തിന്റെയും അനുഗ്രഹങ്ങളിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് അവിടുന്ന് പറയുന്നു:

'മറ്റു യാതൊരു മാർഗേണയും ദൂരീകരിക്കാൻ സാദ്ധ്യമല്ലാത്ത വിപത്തുകളെയും മറ്റേതുപായം മൂലവും പരിഹരിക്കാൻ കഴിയാത്ത വിഷമതകളെയും ഐക്യം മുഖേന ജയിക്കുവാൻ സാധിക്കുമെന്നുള്ളതു ആർക്കും ഗോപ്യമായതല്ല. അതുകൊണ്ട്, ഐക്യത്തിന്റെ അനുഗൃഹീതഫലങ്ങളിൽനിന്നു നാം നമ്മെ അകറ്റിക്കളയുന്നത് ഒരിക്കലും ബുദ്ധിപൂർവകമായിരിക്കയില്ല. ഈ രാഷ്ട്രത്തിലെ അവിഭാജ്യഘടകങ്ങളായ രണ്ടു സമുദായങ്ങളാകുന്നു ഹിന്ദുക്കളും മുസ്ലിംകളും. ഇവരിൽ ഏതെങ്കിലും ഒരു കൂട്ടർ എപ്പോഴെങ്കിലും ഒരുമിച്ചുകൂടി മറ്റവരെ ഹിന്ദുക്കൾ ഒന്നുചേർന്നു മുസ്ലിംകളെയോ മുസ്ലിംകൾ ഒന്നുചേർന്ന് ഹിന്ദുക്കളെയോ-രാജ്യത്തിൽനിന്നു പുറത്താക്കിക്കളയാമെന്നു വിചാരിക്കുന്നതു ഒരു മിഥ്യാവിചാരമാകുന്നു. മറിച്ചു, ഈ രണ്ടു കൂട്ടരെയും തമ്മിൽ ഇണക്കി നിറുത്തുന്ന ബന്ധം അപരിഛേദ്യമാംവിധം ശക്തിയേറിയതാണു താനും. ഇവരിൽ ഒരുകൂട്ടർക്കു പൊതുനിലയിലുള്ള ഒരു ആപത്തു സംഭവിക്കുന്നപക്ഷം മറ്റവർക്കു അതിന്റെ ബാധയേല്ക്കാതെ അകന്നിരിക്കാൻ സാധിക്കയില്ല; അതിനാലുണ്ടാകുന്ന കഷ്ടപ്പാടിൽ അവരും പങ്ക് അനുഭവിക്കേണ്ടിവരും. ഒരു കൂട്ടർ അഹംഭാവപൂർവം മറ്റവരെ നിന്ദിക്കുകയും അവഹേളിക്കുകയും ചെയ്യാൻ ശ്രമിക്കുന്നപക്ഷം അവരും അതേവിധത്തിൽ നിന്ദനത്തിനു ലക്ഷീഭവിക്കും. ഒരുകൂട്ടർ മറ്റവരുടെ നേരെ അനുകമ്പ ഭാവിക്കുന്നില്ലെങ്കിൽ അവർക്ക് ഇവരുടെയും അനുകമ്പ ലഭിക്കുന്നതല്ല. ഇരു സമുദായങ്ങളിൽ ഏതെങ്കിലുമൊന്നിലെ ഒരു വ്യക്തി മറ്റെ സമുദായത്തിനു നാശം വരുത്തുവാൻ നോക്കുന്നപക്ഷം, അവൻ താനിരിക്കുന്ന വൃക്ഷശാഖകൈകൊണ്ടു വെട്ടിമുറിക്കുന്ന ഒരുവനെപ്പോലെയാകുന്നു. മിത്രങ്ങളേ! ദൈവാനുഗ്രഹത്താൽ നിങ്ങൾ ഇപ്പോൾ വിദ്യാസമ്പന്നരാണല്ലോ. ഈ ഘട്ടത്തിൽ നിങ്ങൾ എല്ലാതരം പകയും വിരോധവും നിങ്ങളുടെ ഹൃദയങ്ങളിൽനിന്നു അകറ്റിക്കളകയും നിങ്ങൾ പരസ്പരം മൈത്രിയിലും ക്ഷേമകാംക്ഷയിലും മുന്നോട്ട് ഗമിക്കുയും ചെയ്യേണ്ടത് അതാവശ്യമാകുന്നു.'

ശ്രോതാക്കളേ! വിവിധ മതങ്ങൾക്ക് വിവിധ വിശ്വാസങ്ങളും സിദ്ധാന്തങ്ങളും ഉണ്ടാകാം. അതിനെ ഓരോ അനുയായിയും വിവേകത്തിന്റെയും കാഴ്ചപ്പാടിന്റെയും അടിസ്ഥാനത്തിൽ അംഗീകരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. യുക്തിയുടെയും നീതിയുടെയും തെളിവുകൾ മുഖേന മറ്റുള്ളവരെ ബോധ്യപ്പെടുത്താനും കഴിയും. ഇതാണ് മതസ്വാതന്ത്ര്യത്തിന്റെ അർത്ഥവും ഉദ്ദേശ്യവും. എന്നാൽ, ഇതിന് വിപരീതമായി, മറ്റേതെങ്കിലും മതനേതാവിനെയോ അവരുടെ അംഗീകരിക്കപ്പെട്ട ഗ്രന്ഥങ്ങളെയോ അപമാനിക്കാനും കളവാക്കാനും ശ്രമിക്കുന്നതാണ് കുഴപ്പങ്ങൾക്കും കലഹങ്ങൾക്കും കാരണ മാകുന്നത്. അല്ലാതെ, ചെറിയ വ്യത്യാസങ്ങൾ പരസ്പര സമാധാനത്തിനും ഐക്യത്തിനും തടസ്സമാകില്ല. ഈ വിഷയം കൂടുതൽ വ്യക്തമാക്കിക്കൊണ്ട് ഹസ്രത്ത് അലൈഹിസ്സലാം പറയുന്നു:

'പ്രിയപ്പെട്ടവരേ! പഴയ അനുഭവങ്ങളും ആവർത്തിച്ചുള്ള പരീക്ഷണങ്ങളും ഈ കാര്യം തെളിയിച്ചിരിക്കുന്നു: വിവിധ ജനതകളുടെ നബിമാരെയും റസൂലുമാരെയും നിന്ദന്ദിക്കുകയും ചീത്ത പറയുകയും ചെയ്യുന്നത് ശരീരത്തെ മാത്രമല്ല ആത്മാവിനെ കൂടി നശിപ്പിച്ച് ദീനും ദുനിയാവും തകർക്കുന്ന മാരക വിഷമത്രേ. തന്റെ രാജ്യത്തെ നിവാസികൾ പരസ്പരം മതനേതാക്കളെ കുറ്റപ്പെടുത്തുന്നതിലും വ്യക്തിഹത്യ ചെയ്യുന്നതിലും മുഴുകിയിരിക്കുന്നിടത്തോളം കാലം, ആ രാജ്യത്തിന് സമാധാനത്തോടെ ജീവിക്കാൻ കഴിയില്ല... ഒരു ജനതയോ രണ്ട് ജനതകളോ പരസ്പരം നബിയെ, ഋഷിയെ അല്ലെങ്കിൽ അവതാരത്തെ തിന്മയോടോ അവഹേളനത്തോടു കൂടിയോ ഓർക്കുന്നിടത്തോളം ആ ജനതകൾക്കിടയിൽ യഥാർത്ഥ സൗഹൃദം ഉണ്ടാകുകയില്ല. ഞങ്ങൾ, മറ്റ് ജനതകളുടെ നബിമാരെക്കുറിച്ച് ഒരിക്കലും മോശമായി സംസാരിക്കുന്നില്ല. മറിച്ച്, ലോകത്തിൽ വിവിധ ജനതകൾക്കായി അവതരിച്ച പ്രവാചകന്മാരെ കോടിക്കണക്കിന് ആളുകൾ വിശ്വസിക്കുകയും ലോകത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്ത് അവരുടെ സ്നേഹവും മഹത്വവും വേരൂന്നിക്കഴിയുകയും ആ സ്നേഹത്തിലും വിശ്വാസത്തിലും വളരെക്കാലം നീണ്ടു നിൽക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അത് തന്നെ അവരുടെ സത്യതയ്ക്കുള്ള മതിയായ തെളിവാണ് എന്നതാണ് ഞങ്ങളുടെ വിശ്വാസം. കാരണം, അവർ ദൈവത്തിൽ നിന്നുള്ളവരല്ലെങ്കിൽ, കോടിക്കണക്കിന് ആളുകളുടെ ഹൃദയങ്ങളിൽ ഈ സ്വീകാര്യത വ്യാപിക്കില്ലായിരുന്നു.' *(പൈഗാമെ സുൽഹ്, റൂഹാനി ഖസായിൻ, വാല്യം 23, പേജ് 440)*

അതുകൊണ്ട്, ഇസ്ലാം മതസ്ഥാപകർ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) അഭിപ്രായസ്വാതന്ത്ര്യത്തെക്കുറിച്ചും മതസഹിഷ്ണുതയെക്കുറിച്ചും നല്കിയ അധ്യാപനങ്ങളിലേക്കും തന്റെ ഉദാത്ത മാതൃകയിയിലൂടെ നല്കിയ പ്രായോഗിക തെളിവുകളിലേക്കും തുടർന്ന് ഈ കാലഘട്ടത്തിൽ അവിടുത്തെ വിശ്വസ്ത ദാസൻ പ്രസ്തുത അധ്യാപനങ്ങളെയും മാതൃകയെയും പുനരുജ്ജീവിപ്പിച്ച് ലോകത്തിന് മുന്നിൽ അവതരിപ്പിച്ച കാര്യങ്ങളിലേക്കും ഞങ്ങൾ മുഴു ലോകത്തെയും ക്ഷണിക്കുന്നു. ഇന്ന് മനുഷ്യരാശ്ശി നേരിടുന്ന അപകടം കേവലം ജാതിവ്യത്യാസത്തിന്റെയും വർഗ്ഗവിവേചനത്തിന്റെയും, അതിലുപരി അതിരുകടന്ന മതപരമായ വ്യത്യാസങ്ങളുടെയും ഫലമാണ്. ഇത് മനുഷ്യനെ മനുഷ്യത്വത്തിൽ നിന്ന് എത്രത്തോളം തരംതാഴ്ത്തിയിരിക്കുന്നുവെന്നാൽ കൊലപാതകത്തിലേക്കും കൂട്ടക്കൊലയിലേക്കും വരെ അവനെ കൊണ്ടെത്തിച്ചിരിക്കുന്നു. ഭീകരവാദവും ചാവേർ ആക്ര മണങ്ങൾക്കും പുറമെ, അത്യന്തം മാരകമായ ആയുധങ്ങളും ഡ്രോൺ ആക്രമണങ്ങളും കാരണം കുട്ടികളും വൃദ്ധരും സ്ത്രീകളും നിരപരാധികളായ ജീവനുകളും കൊല്ലപ്പെടുന്ന സംഭവങ്ങൾ നാം ദിനംപ്രതി കേൾക്കുകയും കാണുകയും ചെയ്യുന്നു.

സയ്യിദുനാ ഹദ്റത്ത് മിർസ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് അൽ-ഖാമിസ് (അയദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ്) അഭിപ്രായസ്വാതന്ത്ര്യത്തെയും മതസഹിഷ്ണുതയെയും കുറിച്ചുള്ള ഇസ്ലാമിക അധ്യാപനങ്ങളെയും ഹദ്റത്ത് അഖ്ദസ് മുഹമ്മദ് മുസ്തഫാ (സ) യുടെ ഉന്നതമായ മാതൃകയെയും കുറിച്ച് വെളിച്ചം വീശിക്കൊണ്ട് പറയുന്നു:

'വിശുദ്ധ ഖുർആനിൽ നിരവധി സ്ഥലങ്ങളിൽ ഇസ്ലാമിന്റെ ഈ മനോഹരമായ ഉപദേശം പരാമർശിക്കപ്പെടുന്നുണ്ട്. അതിൽ അമുസ്ലിങ്ങളോട് നല്ല രീതിയിൽ പെരുമാറുക, അവരുടെ അവകാശങ്ങൾ ശ്രദ്ധിക്കുക, അവരോട് നീതി കാണിക്കുക, അവരുടെ മതത്തിൽ ഒരുതരത്തിലുള്ള ബലപ്രയോഗവും നടത്താതിരിക്കുക, മതപരമായ കാര്യത്തിൽ ഒരു കാർക്കശ്യവും കാണിക്കാതിരിക്കുക തുടങ്ങിയ നിരവധി കൽപ്പനകൾ സ്വന്തക്കാർക്ക് മാത്രമല്ല, അമുസ്ലിങ്ങൾക്കും വേണ്ടി നല്കിയിട്ടുണ്ട്...ഈ കാരുണ്യത്തിന്റെ മൂർത്തീഭാവവും മനുഷ്യന്റെ ഉപകാരിയും മനുഷ്യന്റെ അവകാശങ്ങളുടെ മഹത്തായ സംരക്ഷകനുമായ അവിടുത്തെ അവസ്ഥ ഇപ്രകാരമായിരുന്നു: യുദ്ധത്തിന്റെ അവസ്ഥയിൽ പോലും ശത്രുക്കൾക്ക് സൗകര്യം നൽകാത്ത ഒരൊറ്റ അവസരവും അവിടുന്ന് പാഴാക്കിയിരുന്നില്ല. അവിടുത്തെ ജീവിതത്തിലെ ഓരോ പ്രവൃത്തിയും ഓരോ പ്രവർത്തനവും, അവിടുത്തെ ജീവിതത്തിലെ ഓരോ നിമിഷവും ഓരോ പകുതി നിമിഷവും ഈ കാര്യത്തിന് സാക്ഷിയാണ്: അവിടുന്ന് കാരുണ്യത്തിന്റെ മൂർത്തീഭാവമായിരുന്നു, അവിടുത്തെ നെഞ്ചിൽ തുടിച്ച ആ ഹൃദയം, അവിടുന്ന് നിറവേറ്റിയ കാരുണ്യത്തിന്റെ ഉയർന്ന മാനദണ്ഡങ്ങളും ആവശ്യകതകളും മറ്റാർക്കും നിറവേറ്റാൻ കഴിഞ്ഞിട്ടില്ല. സമാധാനത്തിലും യുദ്ധത്തിലും, വീട്ടിലും പുറത്തും, ദൈനം ദിന കാര്യങ്ങളിലും മറ്റ് മതക്കാരുമായുള്ള ഇടപെടലുകളിലും മറ്റ് മതക്കാരുമായുള്ള ഉടമ്പടികളിലും. അവിടുന്ന് മനസ്സാക്ഷി സ്വാതന്ത്ര്യത്തിന്റെയും മതസഹിഷ്ണുതയുടെയും മാനദണ്ഡങ്ങൾ സ്ഥാപിച്ചു. പിന്നീട്, മഹത്തായ വിജയി എന്ന നിലയിൽ മക്കയിൽ പ്രവേശിച്ചപ്പോൾ, കീഴടങ്ങിയ ജനതയോട് മാപ്പും കരുണയും കാണിച്ചതോടൊപ്പം, മതസ്വാതന്ത്യത്തിന്റെ പൂർണമായ അവകാശം നല്കുകയും, ***ലാ ഇക് റാഹ ഫിദ്ദീൻ*** (സൂറത്തുൽ ബഖറ: 257) എന്ന ഖുർആനിക കൽപ്പനയുടെ ഏറ്റവും ഉയർന്ന മാതൃക സ്ഥാപിക്കുകയും ചെയ്തു- അതായത്: മതം നിങ്ങളുടെ ഹൃദയത്തിന്റെ കാര്യമാണ്. നി ങ്ങൾ സത്യമതം സ്വീകരിച്ച് നിങ്ങളുടെ ദുനിയാവും പരലോകവും നന്നാക്കണം, നിങ്ങളുടെ പാപമോചനത്തിനുള്ള വഴികൾ ഒരുക്കണം എന്നതാണ് എന്റെ ആഗ്രഹം, എന്നാൽ യാതൊരു നിർബന്ധവുമില്ല. അവിടുത്തെ ജീവിതം സഹിഷ്ണുതയുടെയും മത-മനസ്സാക്ഷി സ്വാതന്ത്ര്യത്തിന്റെയും അത്തരം അനവധി തിളക്കമുള്ള മാതൃകകൾ കൊണ്ട് നിറഞ്ഞിരിക്കുന്നു.' *(ഖുത്ബ ജുമുഅ: 2006 ഫെബ്രുവരി 24)*

ഈ ഇസ്ലാമിക ഉപദേശങ്ങൾക്കും ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ)യു ടെ ഉന്നതമായ മാതൃകകൾക്കും അനുസൃതമായി ലോകത്തിലെ എല്ലാ ഗവൺമെന്റുകൾക്കും, പ്രത്യേകിച്ചും മുസ്ലിം ഗവൺമെന്റുകൾക്കും സംഘടനകൾക്കും, മനസ്സാക്ഷി സ്വാതന്ത്ര്യവും മതസഹിഷ്ണുതയും വളർത്താൻ അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ എന്ന് അല്ലാഹു തആലയോട് ഞങ്ങൾ പ്രാർഥിക്കുന്നു. ആമീൻ..

وآخر دعوانا ان الحمد لله ربّ العالمين

(ഞങ്ങളുടെ അപേക്ഷയുടെ അവസാനം, സർവ്വലോക രക്ഷിതാവായ അല്ലാഹുവിനാണ് സർവ്വ സ്തുതിയും.)

# നബി തിരുമേനി (സ) യുടെ ജീവിതം

## വ്യക്തിയിൽ നിന്ന് സമൂഹത്തിലേക്കുള്ള സമഗ്രമായ പരിഷ്കരണ സംവിധാനം

മുഹമ്മദ് ഉമർ തിമാപുരി (മൈസൂർ, കർണാടക)

നബി തിരുമേനി (സ) ജനിച്ചത് ശിർക്കും വിഗ്രഹാരാധനയും വ്യാപകമായിരുന്ന, കുഫ്റും വഴികേടും കൊടികുത്തിവാണ ഒരു കാലഘട്ടത്തിലാണ്. ലൗകിക പൂജയും അല്ലാഹുവിന്റെ നിയമങ്ങളോടുള്ള ധിക്കാരവും ജനങ്ങളുടെ പ്രകൃതമായി മാറിയിരുന്നു. വഴികേടിനെ നേർവഴിയായി കണക്കാക്കപ്പെട്ടിരുന്നു. മാനവികതയ്ക്ക് വിരുദ്ധമായ എല്ലാ തിന്മകളും അക്കാലത്ത് സമൂഹത്തിൽ ഉണ്ടായിരുന്നു. എന്നാൽ ഈ സാഹചര്യങ്ങളിലും ഈ ചുറ്റുപാടിലും നബി തിരുമേനി (സ) നാൽപ്പത് വർഷക്കാലം അതീവ പരിശുദ്ധിയോടും മാന്യമായും ജീവിതം നയിച്ചു. അവിടുത്തെ വ്യക്തിത്വവും സ്വഭാവവും ജനശ്രദ്ധാകേന്ദ്രമായി. ഇടപാടുകളിൽ നബി തിരുമേനി (സ) സാദിഖും (സത്യസന്ധൻ) അമീനും (വിശ്വസ്തൻ) ആയിരുന്നു. സാധാരണക്കാർ അവിടുത്തെ വാക്കുകൾ ശ്രദ്ധയോടെ കേൾക്കുകയും ഉപദേശങ്ങൾ തേടുകയും തങ്ങളുടെ അമാനത്തുകൾ (സൂക്ഷിപ്പുമുതലുകൾ) അവിടുത്തെ അടുക്കൽ ഏൽപ്പിക്കുകയും ചെയ്തിരുന്നു. ചുരുക്കത്തിൽ, ഉൽകൃഷ്ട സ്വഭാവത്തിന്റെ എല്ലാ മാതൃകകളും അവിടുത്തെ പരിശുദ്ധ ജീവിതത്തിൽ ഉണ്ടായിരുന്നു. മാതാവിന്റെ മടിത്തട്ടിൽ തുടങ്ങി വിയോഗം വരെ അറബ് സമൂഹത്തിന്റെയും ചുറ്റുപാടുമുള്ള പരിസ്ഥിതിയുടെയും ചെറിയൊരു സ്വാധീനം പോലും നബി തിരുമേനി (സ) സ്വീകരിച്ചില്ലെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. ഇതിനു വിപരീതമായി, നബി തിരുമേനി (സ) തുടർച്ചയായി നാൽപ്പത് വർഷം സമൂഹത്തിലെ തിന്മകൾ കണ്ടുകൊണ്ടിരുന്നു. ഈ തിന്മകളെയും അഴിമതികളെയും എങ്ങനെ അവസാനിപ്പിക്കാം എന്ന് മനസ്സിൽ വേദനിച്ചുകൊണ്ട് അവിടുന്ന് ചിന്തിച്ചുകൊണ്ടിരുന്നു.

സ്വാഭാവികമായും, മെച്ചപ്പെട്ടതും ഉപകാരപ്രദവുമായ ജീവിതം നയിക്കുന്നതിനും പരിശുദ്ധമായ ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിനും ഒരു വിപ്ലവം ആവശ്യമായിരുന്നു, അവിടുന്ന് അത് സൃഷ്ടിച്ചു. അങ്ങനെ നബി തിരുമേനി (സ) സമാനതകളില്ലാത്ത സമഗ്രവും പൂർണ്ണവുമായ ഒരു പരിഷ്കരണ വ്യവസ്ഥയ്ക്ക് അടിത്തറ പാകി. ലോകം മുഴുവൻ സ്വീകാര്യവും പ്രാവർത്തികവുമായ, മനുഷ്യപ്രകൃതിക്ക് അനുയോജ്യമായ, എല്ലാവർക്കും പിന്തുടരാൻ എളുപ്പമുള്ള ഒരു വ്യവസ്ഥയായിരുന്നു അത്. അത് നടപ്പിലാക്കുന്നതിലൂടെ തിന്മകൾ ദൂരീകരിക്കപ്പെടുക മാത്രമല്ല, മാനവരാശിക്ക് സമാധാനപരമായ ജീവിതം നയിക്കാനുള്ള അവസരങ്ങൾ ലഭിക്കുകയും ചെയ്യും.

നബി തിരുമേനി (സ)യുടെ ആഗമനത്തിന് മുൻപ് ലോകത്ത് അടിമയും യജമാനനും തമ്മിൽ വലിയ വേർതിരിവുകൾ ഉണ്ടായിരുന്നു. രാജാക്കന്മാരും ഭരണാധികാരികളും തങ്ങളെ ദൈവത്തിന്റെ നിഴലായി (ളില്ലെ സുബ്ഹാനി/ഇലാഹി) വിളിച്ചിരുന്നു. ദൈവീകമായ അധികാരങ്ങൾ അവർ സ്വന്തം കൈകളിൽ വച്ചിരുന്നു. എല്ലാ കാര്യങ്ങളുടെയും ഉടമസ്ഥർ അവരായിരുന്നു. അവരുടെ നാവിലൂടെ വരുന്ന ഓരോ വാക്കും നിയമമായിരുന്നു. അവരുടെ ഓരോ കൽപ്പനയും അനുസരിക്കൽ നിർബന്ധമായിരുന്നു. ജനങ്ങൾ വിവിധ തട്ടുകളായി തിരിക്കപ്പെട്ടിരുന്നു. ഉന്നതരും ഉയർന്ന നിലയിലുള്ളവരുമായ ആളുകൾ എല്ലാ നിയമങ്ങൾക്കും അതീതരായിരുന്നു. ദുർബലരും ദരിദ്രരും അനാഥരുമായ ആളുകൾ ദാരിദ്ര്യത്തിന്റെ ജീവിതം നയിക്കാൻ നിർബന്ധിതരായിരുന്നു. മാനവികത മരിച്ചുകൊണ്ടിരുന്നു. ജാതിയുടെ പേരിൽ സ്വയം നിർമ്മിതമായ വേർതിരിവുകളും ഉയർന്നവർ എന്നും താഴ്ന്നവർ എന്നും ഉള്ള കൃത്രിമമായ വ്യത്യാസങ്ങളുടെ ചങ്ങലകളാൽ ബന്ധിക്കപ്പെട്ടിരുന്നു. മാനവരാശിയുടെ ഉപകാരിയായ നബി തിരുമേനി (സ) ഈ അതിരുകളെല്ലാം അവസാനിപ്പിക്കുകയും അവരുടെ വിനഷ്ട പ്രതാപവും അന്തസ്സും തിരിച്ചുനൽകുകയും ചെയ്തു. മാനവികത ഉയർന്നുനിന്നു. മനുഷ്യസമത്വം വളരുകയും പരസ്യമായി ഇങ്ങനെ പ്രഖ്യാപിക്കുകയും ചെയ്തു:

‘ജനങ്ങളേ, ശ്രദ്ധിക്കുക. നിങ്ങളുടെ റബ്ബ് ഒന്നാണ്. നിങ്ങളുടെ പിതാമഹനായ ഹദ്റത്ത് ആദം (അ) ഒന്നാണ്. ചെവി തുറന്നു കേൾക്കുക, ഒരു അറബിക്ക് അജമിയേക്കാളും (അറബിയല്ലാത്തവർ) അജമിക്ക് അറബിയേക്കാളും, വെള്ളക്കാരന് കറുത്തവർഗക്കാരനേക്കാളും, കറുത്തവർഗക്കാരന് വെള്ളക്കാരനേക്കാളും യാതൊരു ശ്രേഷ്ഠതയുമില്ല.

إِنَّ أَكْرَمَكُمْ عِنْدَ اللهِ أَتْقَاكُمْ

തഖ്വയുടെയും സൂക്ഷ്മതയുടെയും അടിസ്ഥാനത്തിൽ മാത്രമാണ് ശ്രേഷ്ഠത ലഭിക്കുന്നത്. വംശമോ നിറമോ ഭാഷയോ മാതൃഭൂമിയോ സമ്പത്തോ ദാരിദ്ര്യമോ അതിന് മാനദണ്ഡമല്ല. അല്ലാഹുവിങ്കൽ സദുദ്ദേശ്യം, സൽപ്രവർത്തി, ഉൽകൃഷ്ട സ്വഭാവം എന്നിവയാണ് മഹത്വത്തിന്റെയും ശ്രേഷ്ഠതയുടെയും അടയാളവും അടിസ്ഥാനവും. നബി തിരുമേനി (സ) അരുളുന്നു: നിയമത്തിനു മുന്നിൽ ചെറിയവനായാലും വലിയവനായാലും, ജോലിക്കാരനായാലും ഉടമസ്ഥനായാലും, അടിമയായാലും യജമാനനായാലും, പാവപ്പെട്ടവനായാലും സമ്പന്നനായാലും, പ്രജയായാലും ഭരണാധികാരിയായാലും എല്ലാവരും തുല്യരാണ്. അല്ലാഹുവിനോടുള്ള അടിമത്തവും അനുസരണയും എല്ലാവർക്കും ഒരുപോലെ നിർബന്ധമാണ്. ഏതെങ്കിലും സൈന്യാധിപനോ ഭരണാധികാരിക്കോ മതനേതാവിനോ ജനങ്ങളെ അല്ലാഹുവിന് പകരം തങ്ങളെ അനുസരിക്കാൻ നിർബന്ധിക്കാൻ അവകാശമില്ല.എല്ലാ മനുഷ്യരും തുല്യരാണ്.

كلّكم ابناء آدم و آدمُ من تُراب

നിങ്ങൾ എല്ലാവരും ആദമിന്റെ സന്തതികളാണ്, ആദമിനെ സൃഷ്ടിച്ചത് മണ്ണിൽ നിന്നാണ്.

സത്യത്തിന്റെ മാർഗദർശിയായ നബി തിരുമേനി (സ) കടുത്ത ശത്രുക്കളെ പോലും സാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും ചരടിൽ കോർത്തു. ഇസ്ലാമിൽ പ്രവേശിച്ചവരെ പരസ്പരം സഹോദരങ്ങളാക്കി. പക, വിദ്വേഷം, ശത്രുത, അസൂയ എന്നിവയെല്ലാം അവിടുന്ന് അവസാനിപ്പിച്ചു. മനുഷ്യരോട് കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും സമീപനം സ്വീകരിക്കാൻ സന്ദേശം നല്കി. മനുഷ്യന്റെ ജീവന്റെയും സമ്പത്തിന്റെയും അഭിമാനത്തിന്റെയും പവിത്രതയെക്കുറിച്ച് പാഠം പഠിപ്പിച്ചു. യുദ്ധക്കളത്തിൽ അതിക്രമങ്ങളിൽ നിന്ന് വിട്ടുനിൽക്കാൻ മുസ്‌ലീങ്ങളോട് നബി തിരുമേനി (സ) കൽപ്പിച്ചു. അവശരെയും നിരപരാധികളെയും കൊല്ലുന്നതിൽ നിന്നും തടവുകാരെ പീഡിപ്പിക്കുന്നതിൽ നിന്നും അവിടുന്ന് വിലക്കി. നബി തിരുമേനി (സ)യുടെ ആഗമനത്തിന് മുമ്പ് സ്ത്രീകൾക്ക് സമൂഹത്തിൽ യാതൊരു സ്ഥാനവും പദവിയും ഉണ്ടായിരുന്നില്ല. എല്ലായിടത്തും സ്ത്രീകളെ നിസ്സാരമായാണ് കണ്ടിരുന്നത്. അവർക്ക് വെറും അടിമയുടെ പദവി മാത്രമായിരുന്നു ഉണ്ടായിരുന്നത്. സ്ത്രീ വെറുമൊരു കച്ചവടച്ചരക്കും ആകർഷകമായ വസ്തുവുമായിരുന്നു. നബി തിരുമേനി (സ)സ്ത്രീയെ അപമാനത്തിന്റെയും താഴ്മയുടെയും പടുകുഴിയിൽ നിന്ന് പുറത്തുകൊണ്ടുവരുകയും പുരുഷന് തുല്യമായ പദവി നല്കുകയും ചെയ്തു. സ്ത്രീയെ മാനവരാശിയുടെ പകുതിയായി അവിടുന്ന് പ്രഖ്യാപിച്ചു. സ്വന്തം സമ്പാദ്യത്തിന്റെ ഉടമയായും സ്വത്തിൽ അവകാശിയായും അവരെ മാറ്റി. മാതാവ്, ഭാര്യ, മകൾ, സഹോദരി എന്നീ നിലകളിൽ സ്ത്രീയുടെ പദവി നബി തിരുമേനി (സ) ഉയർത്തി. പുരുഷനെയും സ്ത്രീയെയും പരസ്പരം ആവശ്യമുള്ളവരും ആശ്വാസം നല്കുന്നവരുമായി അവിടുന്ന് പ്രഖ്യാപിച്ചു. സ്ത്രീയുടെ പവിത്രതയെയും ചാരിത്ര്യത്തെയും മാനിക്കാൻ അവിടുന്ന് പഠിപ്പിച്ചു. മതപരവും ഭൗതികവുമായ വിജ്ഞാനം നേടുന്നതിൽ സ്ത്രീക്ക് പുരുഷന് തുല്യമായ അവകാശം നല്കി. നന്മയുടെയും ഗുണത്തിന്റെയും കാര്യത്തിൽ സ്ത്രീയും പുരുഷനും തമ്മിലുള്ള വേർതിരിവ് നബി തിരുമേനി (സ) മായ്ച്ചുകളഞ്ഞു. അല്ലാഹു തഖ്വയെയും സൂക്ഷ്മതയെയും മാത്രമാണ് നോക്കുന്നത്. ആരാണ് പുരുഷൻ, ആരാണ് സ്ത്രീ എന്ന് അവൻ നോക്കുന്നില്ല എന്ന് അവിടുന്ന് അരുളി. ഹജ്ജത്തുൽ വദാഇൽ നബി തിരുമേനി (സ) പറഞ്ഞു: സ്ത്രീകളുടെ കാര്യത്തിൽ അല്ലാഹുവിനെ ഭയപ്പെടുക. സ്ത്രീകൾക്ക് നിങ്ങളുടെ മേൽ അവകാശമുണ്ട്, നിങ്ങൾക്ക് സ്ത്രീകളുടെ മേലും അവകാശമുണ്ട്. ഇതേപോലെ, അടിമകളെ സ്വതന്ത്രരാക്കാനും അവരോട് നല്ല നിലയിൽ പെരുമാറാനും നബി തിരുമേനി (സ) കൽപ്പിച്ചു. നൂറ്റാണ്ടുകളായി നിലനിന്നിരുന്ന പഴയ ആചാരങ്ങളെ അവിടുന്ന് അവസാനിപ്പിച്ചു. നബി തിരുമേനി (സ) തന്റെ കാലഘട്ടത്തിൽ തന്നെ ഹിജാബ് (പർദ) സമ്പ്രദായത്തെ പ്രോത്സാഹിപ്പിച്ചു. അന്യരായ പുരുഷന്മാരും സ്ത്രീകളും ഇടകലരുന്നതിനെ ഇഷ്ടപ്പെട്ടിരുന്നില്ലെങ്കിലും, പർദ പാലിച്ചുകൊണ്ട് സ്ത്രീകൾ സാമൂഹിക പ്രവർത്തനങ്ങളിൽ

ശേഷം പേജ് 22 ൽ

# നബി തിരുമേനി(സ): മാനുഷിക പുരോഗതിയുടെ സുസ്ഥിര മാതൃക

(ശെയ്ഖ് മുഹമ്മദ് സക്കറിയ,
മുറബ്ബി സിൽസില നസാറത്ത് നശ്റോ ഇശാഅത്ത് ഖാദിയാൻ)

لَقَدْ كَانَ لَكُمْ فِيْ رَسُوْلِ اللّٰهِ أُسْوَةٌ حَسَنَةٌ لِّمَنْ كَانَ يَرْجُوا اللّٰهَ وَالْيَوْمَ الْآخِرَ وَ ذَكَرَ اللّٰهَ كَثِيْرًا

الاحزاب:22

തീർച്ചയായും അല്ലാഹുവിനെയും അന്ത്യദിനത്തെയും പ്രതീക്ഷിക്കുകയും അല്ലാഹുവിനെ ധാരാളമായി സ്മരിക്കുകയും ചെയ്യുന്നവർക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമ മാതൃകയുണ്ട്.

മാനുഷിക ജീവിതത്തിന്റെ സമസ്തമേഖലകളിലും പുരോഗതി പ്രാപിക്കുന്നതിന് ലോകാവസാനം വരെ മനുഷ്യരാശിക്കുള്ള ഏകമാർഗദർശനം നബി തിരുമേനി(സ)യുടെ മാതൃകയാണ് എന്ന് ഉപര്യുക്ത ഖുർആൻ വചനത്തിൽ നിന്ന് വ്യക്തമാണ്, അദ്ദേഹം എല്ലാ സ്വഭാവഗുണങ്ങളിലും ഏറ്റവും ഉന്നതനും ഏറ്റവും ശ്രേഷ്ഠനും പൂർണനുമായിരുന്നു. അദ്ദേഹം സ്വയം പറയുന്നു: നഷ്ടപ്പെട്ട സ്വഭാവഗുണങ്ങളെ വീണ്ടും പൂർണമായി സ്ഥാപിക്കാനാണ് ഞാൻ നിയോഗിക്കപ്പെട്ടത്. അദ്ദേഹം തന്റെ ഈ ജോലി ഭംഗിയായി നിർവഹിച്ചു. നബി തിരുമേനി(സ)യുടെ ജീവിതം ആത്മീയവും ധാർമ്മികവും സാമ്പത്തികവും സാമൂഹികവുമായ പുരോഗതിയുടെ ഒരു സന്തുലിതവും സുസ്ഥിരവുമായ മാതൃകയാണ്. അത് വ്യക്തിഗത നന്മ മുതൽ ആഗോള ക്ഷേമം വരെയുള്ള എല്ലാ മാനുഷിക ആവശ്യങ്ങളെയും നിറവേറ്റുന്നു. അത് നീതി, സമത്വം, മിതത്വം എന്നിവയിൽ അധിഷ്ഠിതമായ ഒരു മാതൃകാ ജീവിത വ്യവസ്ഥ മുന്നോട്ട് വയ്ക്കുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ, നബി തിരുമേനി(സ)യുടെ മാതൃക മാനുഷിക പുരോഗതിക്ക് ഒരു സമഗ്രവും സാർവത്രികവും സുസ്ഥിരവുമായ മാതൃകയാണ്. അത് ഭൗതികതയെയും ആത്മീയതയെയും ഒന്നിപ്പിച്ച് സന്തുലിതാവസ്ഥ സ്ഥാപിക്കുന്നു. ഈ മാതൃക വ്യക്തിയുടെ ആന്തരിക നന്മ മുതൽ സാമൂഹികവും സാമ്പത്തികവുമായ പുരോഗതി വരെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും വഴികാട്ടിയാകുന്നു.

മാനുഷിക പുരോഗതി ആരംഭിക്കുന്നത് ആന്തരികമായ ശുദ്ധീകരണത്തിൽ നിന്നാണ്. നബി തിരുമേനി(സ) ഉന്നത സ്വഭാവഗുണങ്ങൾ, സത്യസന്ധത, നേരായ വഴി എന്നിവയെ സമൂഹത്തിന്റെ അടിസ്ഥാനമാക്കി മാറ്റി, അതിൽ നിന്ന് സമാധാന പരവും സുസ്ഥിരവുമായ ഒരു സമൂഹം രൂപപ്പെടുന്നു. അതായത്, സ്വഭാവ രൂപീകരണവും ധാർമിക മൂല്യങ്ങളും അനിവാര്യമാണ്. മാനുഷിക പുരോഗതിയുടെ അടിത്തറ നല്ല സ്വഭാവത്തിലും പെരുമാറ്റത്തിലും വച്ചിരിക്കുന്നു. സത്യം പറയുക, വിശ്വസ്തത, മാപ്പ് കൊടുക്കൽ, വാഗ്ദാനം പാലിക്കൽ എന്നിവയില്ലാതെ ഒരു സമൂഹത്തിനും സുസ്ഥിരമായിരിക്കാൻ കഴിയില്ലെന്ന് ഈ മാതൃക പഠിപ്പിക്കുന്നു. ധാർമിക മൂല്യങ്ങളുടെ ഈ സുസ്ഥിരമായ വശം എല്ലാ കാലഘട്ടങ്ങൾക്കും എല്ലാ സമൂഹങ്ങൾക്കും തുല്യമായി പ്രായോഗികമാണ്.

ഇസ്ലാമിക സാമ്പത്തിക വ്യവസ്ഥയിൽ സമ്പത്തിന്റെ നീതിയുക്തമായ വിതരണം, സകാത്ത്, വ്യാപാരത്തിലെ സുതാര്യത എന്നിവയ്ക്ക് ഊന്നൽ നല്കിയിട്ടുണ്ട്. ഇത് പാവപ്പെട്ടവരുടെയും നിരാലംബരുടെയും അവകാശങ്ങളെ സംരക്ഷിക്കുകയും സാമ്പത്തിക സ്ഥിരത നല്കുകയും ചെയ്യുന്നു. അതായത്, നീതിയുക്തമായ സാമ്പത്തിക വ്യവസ്ഥയും പൊതുക്ഷേമവും നബി തിരുമേനി(സ)യുടെ മാതൃകയിലെ സമ്പദ്വ്യവസ്ഥയുടെ കേന്ദ്രമാണ്, അത് സമ്പത്തിന്റെ നീതിയുക്തമായ വിതരണം, വ്യാപാരത്തിലെ സുതാര്യത, പലിശ രഹിത സമൂഹം, അധ്വാനിക്കുന്നവരുടെ അവകാശങ്ങളുടെ സംരക്ഷണം എന്നിവയാണ്. അദ്ദേഹം മദീനയിലെ ഭരണകൂടത്തിൽ സകാത്ത്, സ്വദഖകൾ, വഖ്ഫ് എന്നീ സംവിധാനങ്ങളിലൂടെ അങ്ങനെയൊരു ക്ഷേമ സമൂഹം സ്ഥാപിച്ചു, അത് ഇന്നത്തെ ആധുനിക സാമ്പത്തിക വ്യവസ്ഥകൾക്ക് ഒരു മികച്ച മാതൃകയാണ്.

ഹജ്ജത്തുൽ വദാഅ് പ്രസംഗം മാനുഷിക സമത്വത്തിന്റെ സാർവത്രിക പ്രഖ്യാപനമാണ്. അതിൽ വംശം, നിറം, പദവി എന്നിവയുടെ വ്യത്യാസമില്ലാതെ എല്ലാ മനുഷ്യർക്കും തുല്യമായ സ്ഥാനം നല്കിയിരിക്കുന്നു. അതായത്, ഇന്നത്തെ ലോകം മുന്നോട്ട് വയ്ക്കുന്ന നീതി, ന്യായവാദം, മനുഷ്യാവകാശങ്ങളുടെ സമത്വം എന്നിവയുടെ പ്രായോഗികവും പൂർണവുമായ മാതൃക നബി തിരുമേനി(സ) നൂറ്റാണ്ടുകൾക്ക് മുമ്പേ നല്കിക്കഴിഞ്ഞു.

ശക്തമായ കുടുംബങ്ങളാണ് സാമൂഹിക പുരോഗതിയുടെ അടിസ്ഥാന ഘടകം. നബി തിരുമേനി(സ)യുടെ അധ്യാപനങ്ങൾ കുടുംബബന്ധങ്ങൾ, മാതാപിതാക്കളുടെ അവകാശങ്ങൾ, പരസ്പര ബഹുമാനം എന്നിവയെ പ്രോത്സാഹിപ്പിക്കുന്നു. അദ്ദേഹം വെള്ളം അനാവശ്യമായി ഉപയോഗിക്കുന്നതിനെ വിലക്കി, മരങ്ങൾ നട്ടുപിടിപ്പിക്കാൻ പ്രേരിപ്പിച്ചു, ജീവിതത്തിന്റെ എല്ലാ മേഖലകളിലും മിതത്വവും സന്തുലിതാവസ്ഥയും പഠിപ്പിച്ചു, ഇത് ആധുനിക സുസ്ഥിര പുരോഗതിയുടെയും അടിസ്ഥാന ആശയമാണ്. പരിസ്ഥിതി സംരക്ഷണത്തിൽ വിഭവങ്ങളുടെ അമിതമായ ഉപയോഗം തടയപ്പെടുകയും വെള്ളത്തിന്റെ ഉപയോഗം, മരങ്ങൾ നട്ടുപിടിപ്പിക്കൽ, മൃഗങ്ങളുടെ അവകാശങ്ങൾ എന്നിവയെക്കുറിച്ച് സമഗ്രമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. ഇന്നത്തെ സുസ്ഥിര വികസന മാതൃകയും പരിസ്ഥിതി സൗഹൃദത്തിനും വിഭവങ്ങളുടെ മിതവ്യയത്തിനും ഊന്നൽ നല്കുന്നു, ഇതിന് ഏറ്റവും വ്യക്തമായ ഉദാഹരണം നബി തിരുമേനി(സ)യുടെ ജീവിതചര്യയിലുണ്ട്.

ഹദ്റത്ത് മസീഹ് മൌഊദ് (അ) നബി തിരുമേനി(സ)യുടെ എല്ലാ സ്വഭാവ ഗുണങ്ങളും പൂർണമാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഇപ്രകാരം എഴുതുന്നു:

ബുദ്ധിശക്തി, വേഗത്തിൽ മനസ്സിലാക്കാനുള്ള കഴിവ്, മനസ്സിന്റെ തെളിമ, ഓർമശക്തി, നല്ല രീതിയിൽ ഓർമപ്പെടുത്തൽ, പവിത്രത, ലജ്ജ, ക്ഷമ, സംതൃപ്തി, വിരക്തി, സൂക്ഷ്മത, ധീരത, ദൃഢനിശ്ചയം, നീതി, വിശ്വസ്തത, സത്യസന്ധമായ സംസാരം, ഉചിതമായ ഔദാര്യം, ഉചിതമായ ദയ, ഉചിതമായ മര്യാദ, ഉചിതമായ ധൈര്യം, ഉചിതമായ ഉന്നത ലക്ഷ്യം, ഉചിതമായ ക്ഷമ, ഉചിതമായ സഹനം, ഉചിതമായ അഭിമാനം, ഉചിതമായ വിനയം, ഉചിതമായ മര്യാദ, ഉചിതമായ സ്നേഹം, ഉചിതമായ വാത്സല്യം, ഉചിതമായ കരുണ, അല്ലാഹുവിനെ കുറിച്ചുള്ള ഭയം, അല്ലാഹുവിനോടുള്ള സ്നേഹം, അല്ലാഹുവിനോടുള്ള അടുപ്പം, അല്ലാഹുവിലേക്ക് മാത്രമുള്ള സമർപ്പണം തുടങ്ങി ഈ പരിശുദ്ധനായ നബി തിരുമേനി(സ)യുടെ എല്ലാ ഉൽകൃഷ്ട സ്വഭാവങ്ങളും അത്രമേൽ തികവും ലാവണ്യവും പ്രകാശവും നിറഞ്ഞതായിരുന്നു, അവ പ്രകാശം ലഭിക്കുന്നതിന് മുൻപേ തന്നെ സ്വാഭാവികമായി പ്രകാശിക്കാൻ സജ്ജമായിരുന്നു. ഈ പ്രകാശങ്ങൾക്ക് മീതെ മറ്റൊരു വാനലോക പ്രകാശമായ അല്ലാഹുവിന്റെ വഹ്യ് (ദിവ്യസന്ദേശം) വന്നു ചേർന്നു. ആ പ്രകാശത്തിന്റെ ആഗമനത്തോടെ ഖാത്തമുന്നബിയ്യീൻ ആയ അദ്ദേഹം പ്രകാശങ്ങളുടെ സംഗമസ്ഥാനമായി മാറി.

*(ബറാഹീനെ അഹ്മദിയ്യ, റൂഹാനി ഖസാഇൻ, വാല്യം ഒന്ന്, പേജ് 195, അടിക്കുറിപ്പ് 11)*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹു തആലാ ബി നസ്രിഹിൽ അസീസ്) പറയുന്നു:

നബി തിരുമേനി(സ)യുടെ ജീവിതചര്യയുടെയും മാതൃകയുടെയും വിഷയം ഒരിക്കലും അവസാനിക്കാത്തതാണ്. എല്ലാ സ്വഭാവത്തിലും അദ്ദേഹത്തിന്റെ ഉദാത്ത മാതൃകയുണ്ട്, അത് അങ്ങനെ തന്നെയായിരിക്കണം. അദ്ദേഹം ഒരു മഹാനായ അധ്യാപകനാണ്, സ്വഭാവഗുണങ്ങളുടെ അധ്യാപകനുമാണ്. ഒരാൾ മോശക്കാരനാണെങ്കിൽ പോലും അദ്ദേഹം തന്റെ അടുത്തേക്ക് വരുമ്പോൾ അവരോടും അദ്ദേഹം സത്സ്വഭാവത്തോടുകൂടിയാണ് പെരുമാറിയത്. അതുകൊണ്ട് ഹദ്റത്ത് ആയിശ (റ) റിപ്പോർട്ട് ചെയ്യുന്നു, ഒരാൾ നബി തിരുമേനി(സ)യുടെ അടുത്തേക്ക് വരാൻ അനുവാദം ചോദിച്ചു. നബി തിരുമേനി(സ) അവനെ കണ്ടപ്പോൾ പറഞ്ഞു: ഇവൻ തന്റെ കുടുംബത്തിൽ വളരെ മോശപ്പെട്ട സഹോദരനാണ്. അതായത്, ഒരു സഹോദരൻ എന്ന നിലയിൽ നല്ല പെരുമാറ്റമല്ല അവനുള്ളത്. തന്റെ കുടുംബത്തിൽ വളരെ മോശപ്പെട്ട മകനുമാണ്. അവൻ വന്ന് ഇരുന്നപ്പോൾ നബി തിരുമേനി(സ) വളരെ ഉദാരത കാണിച്ച് അവനോട് വളരെ നല്ല സ്വഭാവത്തോടെ സംസാരിച്ചു. അവൻ മോശപ്പെട്ട സഹോദരനും മോശപ്പെട്ട മകനുമായിരുന്നുവെന്നും അവനിൽ ദുസ്സ്വഭാവങ്ങൾ ഉണ്ടായിരുന്നുവെന്നും അറിഞ്ഞിട്ടും അദ്ദേഹം അവനോട് വളരെ നല്ല രീതിയിൽ സംസാരിച്ചു. അവൻ പോയിക്കഴിഞ്ഞപ്പോൾ ഹദ്റത്ത് ആയിശ (റ) ചോദിച്ചു, അല്ലാഹുവിന്റെ റസൂലേ! അങ്ങ് അവനെ കണ്ടപ്പോൾ അവനെക്കുറിച്ച് ഇന്ന ഇന്ന കാര്യങ്ങൾ പറഞ്ഞിരുന്നു, എന്നിട്ടും അവനോടു സംസാരിച്ചത് വളരെ പ്രസന്നതയോടെയാണ്. നബി തിരുമേനി(സ) പറഞ്ഞു, ആയിശേ! ഞാൻ ചീത്ത വാക്കുകൾ പറയുന്നതായി നീ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? അദ്ദേഹം പറയുന്നു, തീർച്ചയായും ഏതൊരുവനെയാണോ അവന്റെ ദുഷ്പ്രവൃത്തി കാരണം ആളുകൾ കാണുന്നത് ഒഴിവാക്കുന്നത് അല്ലാഹുവിന്റെ അടുത്ത് അന്ത്യദിനത്തിൽ ഏറ്റവും മോശപ്പെട്ട മനുഷ്യൻ അവനായിരിക്കും.

*(സ്വഹീഹുൽ ബുഖാരി, കിതാബുൽ അദബ്, ബാബു ലം യകുനിന്നബിയ്യു ഫാഹിഷൻ വലാ മുതഫഹ്ഹിഷൻ, ഹദീസ് 6032) (ഖുത്ബ ജുമുഅ, ഡിസംബർ 1, 2017)*

കൂടാതെ അദ്ദേഹം പറഞ്ഞു: ഒരുകൂട്ടം മഹത്തായ സ്വഭാവങ്ങളിൽ ഒന്നാണ് വിനയം. വിനയത്തിന്റെ കാര്യത്തിലും നബി തിരുമേനി(സ)യുടെ സ്വഭാവം അതിന്റെ ഉച്ചകോടിയിൽ എത്തിനിൽക്കുകയായിരുന്നു എന്ന് നമുക്ക് പറയാം. നബി തിരുമേനി(സ)യുടെ വിനയത്തെക്കുറിച്ച് പരാമർശിച്ചുകൊണ്ട് ഹദ്റത്ത് ആയിശ (റ) വിവരിക്കുന്നു: സ്വഹാബികളിൽ നിന്നോ അഹ്ലുബൈത്തിൽ നിന്നോ വീട്ടുകാരിൽ നിന്നോ ആരെങ്കിലും നബി തിരുമേനി(സ)യെ വിളിച്ചാൽ, ലബ്ബൈക്ക് (ഞാനിതാ ഹാജർ) എന്ന് മറുപടി നല്കാതിരുന്നിട്ടില്ല. ഹദ്റത്ത് ആയിശ (റ) പറയുന്നു, ഇക്കാരണത്താലാണ് ഖുർആനിൽ അല്ലാഹു പറയുന്നത്:

اِنَّكَ لَعَلٰى خُلُقٍ عَظِيْمٍ (القلم:05)۔

അതായത്, താങ്കൾ ഏറ്റവും മഹത്തായ സ്വഭാവത്തിന് ഉടമയായി നിയോഗിക്കപ്പെട്ടിരിക്കുന്നു.

*(തഫ്സീർ ദുർറുമൻസൂർ, വാല്യം 8, പേജ് 226, സൂറത്തുൽ ഖലം, ഇന്നക ലഅലാ ഖുലുഖിൻ അളീം എന്ന വചനത്തിന്റെ വ്യാഖ്യാനത്തിൽ) (ഖുത്ബ ജുമുഅ, ഡിസംബർ 1, 2017)*

നബി തിരുമേനി(സ)യെ പിൻതുടരാനും അനുസരിക്കാനും കൽപ്പിച്ചു കൊണ്ട് അല്ലാഹു പറയുന്നു:

قُلْ اِنْ كُنْتُمْ تُحِبُّوْنَ اللّٰهَ فَاتَّبِعُوْنِيْ يُحْبِبْكُمُ اللّٰهُ وَيَغْفِرْ لَكُمْ ذُنُوْبَكُمْ ؕ وَاللّٰهُ غَفُوْرٌ رَّحِيْمٌ (آل عمران:۳۱)۔

അതായത്, റസൂലേ (ഇങ്ങനെ)പറയുക, ജനങ്ങളേ! നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ പിൻതുടരുക, അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരുകയും ചെയ്യും. അല്ലാഹു പൊറുക്കുന്നവനും കരുണാനിധിയുമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

ഒരു മനുഷ്യൻ നബി തിരുമേനി(സ)യുടെ പൂർണമായ അനുയായി ആകുന്നതുവരെ അവന് അല്ലാഹുവിൽ നിന്ന് അനുഗ്രഹങ്ങളും ബർക്കത്തുകളും ലഭിക്കാൻ കഴിയില്ല എന്നാണ് ഈ വചനത്തിൽ നിന്ന് വ്യക്തമായി തെളിയുന്നത്. അവന്റെ പാപഭരിതമായ ജീവിതത്തെയും വികാരങ്ങളുടെ അഗ്നിയെയും തണുപ്പിക്കുന്ന തിരിച്ചറിവും ഉൾക്കാഴ്ചയും അവന് ലഭിക്കുന്നില്ല. ഇത്തരം ആളുകളാണ് 'ഉലമാഉ ഉമ്മത്തി' (എന്റെ സമുദായത്തിലെ പണ്ഡിതന്മാർ) എന്ന അർത്ഥത്തിൽ ഉൾപ്പെടുന്നത്.

*(മൽഫൂസാത്ത്, വാല്യം 8, പേജ് 96-97, പതിപ്പ് 1985, ഇംഗ്ലണ്ടിൽ പ്രസിദ്ധീകരിച്ചത്)*

യഥാർഥത്തിൽ വിജയകരമായ ജീവിതവും ഉന്നതമായ പുരോഗതിയിലേക്ക് നയിക്കുന്നതുമായ ജീവിതം നബി തിരുമേനി(സ)യുടെ ചുവടുകളെ പിൻതുടരുന്ന ജീവിതമാണെന്ന് മനസ്സിലാക്കാം. നമ്മുടെ ജീവിതവും മരണവും, ഉറക്കവും ഉണരലും നബി തിരുമേനി(സ)യുടെ ചുവടുകളെ പിൻതുടർന്നാണെങ്കിൽ നമ്മുടെ എല്ലാ കർമ്മങ്ങളും ആരാധനയായി മാറും. പുരോഗതിയുടെ സുസ്ഥിരമായ മാതൃകയായ നബി തിരുമേനി(സ)യുടെ മാതൃക സ്വീകരിച്ചുകൊണ്ട് നമുക്ക് പുരോഗതിയുടെ പാതയിൽ അനുദിനം വളർച്ച പ്രാപിക്കാൻ കഴിയും. മുസ്ലീങ്ങളിൽ നബി തിരുമേനി(സ)യോടുള്ള ഈ പിൻതുടർച്ചയുടെ കുറവ് കാരണമാണ് അവർ അല്ലാഹുവിൽ നിന്ന് അകന്ന് ഉപേക്ഷിക്കപ്പെട്ടവരായി മാറിയത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇതിന്റെ ചിത്രം വരച്ചുകാട്ടിക്കൊണ്ട് പറയുന്നു:

മുസ്ലീങ്ങളിലെ ആഭ്യന്തര ഭിന്നതയ്ക്ക് കാരണം ഈ ലോകസ്നേഹം തന്നെയാണ്. കാരണം, അല്ലാഹുവിന്റെ പ്രീതി മാത്രം മുൻഗണന നല്കിയിരുന്നെങ്കിൽ, ഏത് വിഭാഗത്തിന്റെ തത്ത്വങ്ങളാണ് കൂടുതൽ വ്യക്തമെന്ന് എളുപ്പത്തിൽ മനസ്സിലാക്കാനും അവ അംഗീകരിച്ച് ഒന്നാകാനും കഴിയുമായിരുന്നു. ഇപ്പോൾ ലോകസ്നേഹം കാരണം ഈ ദോഷം ഉടലെടുക്കുമ്പോൾ, അവരുടെ കാൽപാടുകൾ നബി തിരുമേനി(സ)യുടെ കാൽപാടുകളിൽ അല്ലാത്തപ്പോൾ അങ്ങനെയുള്ളവരെ എങ്ങനെ മുസ്ലീങ്ങൾ എന്ന് വിളിക്കാൻ കഴിയും? അല്ലാഹു പറഞ്ഞിട്ടുണ്ടല്ലോ:

قُلْ إِنْ كُنْتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي يُحْبِبْكُمُ اللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ وَاللَّهُ غَفُورٌ رَحِيمٌ (آل عمران:٣١)-

അതായത്, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ പിൻതുടരുക, അല്ലാഹു നിങ്ങളെ സ്നേഹിക്കും. അദ്ദേഹം പറയുന്നു: ഇപ്പോൾ ഈ അല്ലാഹുവിനോടുള്ള സ്നേഹത്തിന് പകരവും നബി തിരുമേനി(സ)യോടുള്ള പിൻതുടർച്ചയ്ക്ക് പകരവും ലോകസ്നേഹത്തിന് മുൻഗണന നല്കിയിരിക്കുന്നു. ഇതാണോ നബി തിരുമേനി(സ)യെ പിൻതുടരുന്നത്? നബി തിരുമേനി(സ) ലൗകികവാദിയായിരുന്നോ? അദ്ദേഹം (നഊദു ബില്ലാഹ്) പലിശ വാങ്ങിയിരുന്നോ? അതോ അല്ലാഹുവിന്റെ നിയമങ്ങളും കൽപ്പനകളും നിറവേറ്റുന്നതിൽ അശ്രദ്ധ കാണിച്ചിരുന്നോ? നബി തിരുമേനി(സ)യിൽ (നഊദു ബില്ലാഹ്) കാപട്യമുണ്ടായിരുന്നോ? മതത്തേക്കാൾ ലോകത്തിന് മുൻഗണന നല്കിയിരുന്നോ? ചിന്തിക്കുക! പിൻതുടർച്ച എന്നാൽ അദ്ദേഹം കാണിച്ചുതന്ന ചുവടുകളിലൂടെ നടക്കുക എന്നതാണ്, എന്നിട്ട് നോക്കുക, അല്ലാഹു എങ്ങനെയൊക്കെയാണ് അനുഗ്രഹങ്ങൾ ചൊരിയുന്നതെന്ന്.

*(മൽഫൂസാത്ത്, വാല്യം 8, പേജ് 348-349, പതിപ്പ് 1985, ഇംഗ്ലണ്ടിൽ പ്രസിദ്ധീകരിച്ചത്)*

നബി തിരുമേനി(സ)യുടെ സ്വഹാബികൾ അദ്ദേഹത്തിന്റെ മാതൃക സ്വീകരിക്കുകയും എല്ലാവിധ പുരോഗതികളും കൈവരിക്കുകയും ചെയ്തു. നബി തിരുമേനി(സ)യുടെ ഈ മാനദണ്ഡങ്ങൾ സ്വഹാബികളിൽ വരുത്തിയ വിപ്ലവത്തെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു:

ഞാൻ വളരെ ശക്തമായി പറയുന്നു, എത്ര വലിയ ശത്രുവാണെങ്കിലും, അത് ക്രിസ്ത്യാനിയായാലും ആര്യനായാലും, നബി തിരുമേനി(സ)യ്ക്ക് മുമ്പ് അറബ് നാട്ടിലുണ്ടായിരുന്ന സാഹചര്യങ്ങൾ കാണുകയും, അദ്ദേഹത്തിന്റെ അധ്യാപനവും സ്വാധീനവും കാരണം ഉണ്ടായ മാറ്റത്തിലേക്ക് ശ്രദ്ധിക്കുകയും ചെയ്താൽ, അവർക്ക് അവിടുത്തെ സത്യതയ്ക്ക് സാക്ഷ്യം വഹിക്കാതിരിക്കാൻ കഴിയില്ല. ഖുർആൻ അവരുടെ ആദ്യകാല അവസ്ഥയെ വരച്ചുകാട്ടുന്നത് ഇപ്രകാരമാണ്,

يَأْكُلُونَ كَمَا تَأْكُلُ الْأَنْعَامُ (محمد:13)-

അതായത്, മൃഗങ്ങൾ തിന്നുന്നതുപോലെ അവർ തിന്നുന്നു. മൃഗങ്ങളെപ്പോലെയുള്ള അവസ്ഥയാണത്. ഇത് അവരുടെ അവിശ്വാസത്തിന്റെ അവസ്ഥയായിരുന്നു. പിന്നീട് നബി തിരുമേനി(സ)യുടെ പരിശുദ്ധമായ സ്വാധീനം അവരിൽ മാറ്റം വരുത്തിയപ്പോൾ അവരുടെ അവസ്ഥ ഇതായിത്തീർന്നു:

يَبِيتُونَ لِرَبِّهِمْ سُجَّدًا وَقِيَامًا (الفرقان:65)-

അതായത്, അവർ തങ്ങളുടെ രക്ഷിതാവിന് വേണ്ടി സുജൂദ് ചെയ്തും നിന്നു പ്രാർഥിച്ചും രാത്രികൾ കഴിച്ചുകൂട്ടുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: നബി തിരുമേനി(സ) അറബികളിലെ കാടർക്കിടയിൽ വരുത്തിയ മാറ്റവും, ഏത് കുഴിയിൽ നിന്നാണോ അവരെ പുറത്തുകൊണ്ടുവന്നത്, ഏത് ഔന്നത്യത്തിലേക്കും സ്ഥാനത്തേക്കുമാണോ അവരെ എത്തിച്ചത്, ആ അവസ്ഥയുടെ ചിത്രം കാണുമ്പോൾ മനുഷ്യൻ അറിയാതെ തന്നെ കരഞ്ഞുപോവുകയാണ്. അവിടുന്ന് നടത്തിയ വിപ്ലവം എത്രയോ മഹത്തരമാണ്! ലോകത്തെ ഏതെങ്കിലും ചരിത്രത്തിലോ ഏതെങ്കിലും ജനതയിലോ ഇതിന് സമാനമായ ഒന്ന് കണ്ടെത്താൻ കഴിയില്ല. ഇത വെറും കഥയല്ല. ഒരു കാലഘട്ടം മുഴുവൻ ഇതിന്റെ സത്യത സമ്മതിക്കാൻ നിർബന്ധിതമായ സംഭവങ്ങളാണ്.

*(മൽഫൂസാത്ത്, വാല്യം 9, പേജ് 144-145, പതിപ്പ് 1985, ഇംഗ്ലണ്ടിൽ പ്രസിദ്ധീകരിച്ചത്)*

ഇന്ന് ഒരു അഹ്മദി മാത്രമാണ് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹു) കാണിച്ചുതന്ന നബി തിരുമേനി(സ)യുടെ സുവർണതത്ത്വങ്ങളും ഉത്തമ മാതൃകയും സ്വീകരിച്ചുകൊണ്ട് പുരോഗതിയുടെ പുതിയ പുതിയ ഉന്നത പദവികൾ നേടിയെടുക്കുന്നത്. ഇനിയും നേടിയെടുക്കേണ്ടതും അതാണ്. ഹുസൂർ അൻവർ പറയുന്നു:

അതുകൊണ്ട് എല്ലാ സാഹചര്യങ്ങളിലും സ്വഭാവഗുണങ്ങൾ നന്നായി നിലനിർത്തേണ്ടത് ആവശ്യമാണ്, ഇന്നൊരു അഹ്മദിയുടെ ശൈലി ഇതായിരിക്കണം. ഇന്ന് മുസ്ലിംകൾക്കിടയിലുള്ള കുഴപ്പങ്ങളുടെയും വഴക്കുകളുടെയും അടിസ്ഥാന കാരണം സ്വഭാവത്തിന്റെ നിലവാരം താഴ്ന്നുപോയി എന്നതാണ്. നബി തിരുമേനി(സ)യുടെ മാതൃക ആളുകൾ മറന്നുപോയി. വെറും വാചികമായ അവകാശവാദങ്ങൾ മാത്രമാണുള്ളത്. അതുകൊണ്ട് ഇന്ന് യഥാർഥ സന്തോഷം ആഘോഷിക്കണമെങ്കിൽ, ആരാധനകളുടെ നിലവാരവും ഉയർന്നതായിരിക്കണം, ഏകദൈവ വിശ്വാസത്തിൽ പൂർണമായ ഉറപ്പും ഉന്നതമായ സ്വഭാവത്തിന്റെ നിലവാരവും ഉയർന്നതായിരിക്കണം എന്നുള്ള ആ മാതൃകയിൽ പ്രവർത്തിച്ചുകൊണ്ട് മാത്രമേ അത് ആഘോഷിക്കാൻ കഴിയൂ. ഇതില്ലെങ്കിൽ നമ്മളും മറ്റുള്ളവരും തമ്മിൽ ഒരു വ്യത്യാസവുമില്ല. നമ്മൾ പ്രവർത്തിക്കുന്നില്ലെങ്കിൽ, ചിതറിക്കിടക്കുന്നവരും താൽക്കാലിക നേതാക്കളെയും നാമമാത്ര പണ്ഡിതന്മാരെയും പിന്തുടർന്ന് ആളുകൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നവരുമായ ആളുകളും നമ്മളും തമ്മിൽ യാതൊരു വ്യത്യാസവുമുണ്ടാകില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ബൈഅത്തിന്റെ ഉദ്ദേശ്യം എല്ലാ കാര്യത്തിലും നബി തിരുമേനി(സ)യുടെ മാതൃക മുന്നിൽ വയ്ക്കുക എന്നതാണ്. അല്ലാഹു നമ്മൾക്കെല്ലാവർക്കും അതിനുള്ള തൗഫീഖ് നല്കട്ടെ.

*(ഖുത്ബ ജുമുഅ, ഡിസംബർ 1, 2017)*

നബി തിരുമേനി(സ)യുടെ മേൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ചൊല്ലിയ സ്വലാത്തോടുകൂടി ഈ ലേഖനം ഞാൻ ഉപസംഹരിക്കുന്നു. അദ്ദേഹം പറയുന്നു:

ഏറ്റവും പൂർണനും മനുഷ്യരിൽ പരിപൂർണനും സമ്പൂർണ പ്രവാചകനും ആയ മനുഷ്യൻ, ആരാണോ പൂർണമായ അനുഗ്രഹങ്ങളോടുകൂടി വന്നത്, അദ്ദേഹത്തിന്റെ ആത്മീയ ഉയിർത്തെഴുന്നേൽപ്പിന്റെയും വിചാരണയുടെയും കാരണത്താൽ ലോകത്തെ ആദ്യത്തെ അന്ത്യനാൾ വെളിപ്പെട്ടതും, അദ്ദേഹത്തിന്റെ വരവോടെ മരിച്ചുകഴിഞ്ഞിരുന്ന ഒരു ലോകം മുഴുവൻ ജീവൻ പ്രാപിച്ചതും, ആ അനുഗൃഹീത നബി ഹദ്റത്ത് ഖാത്തമുൽ അമ്പിയാ, ഇമാമുൽ അസ്ഫിയാ, ഖത്തുമുൽ മുർസലീൻ, ഫഖ്റുൽ നബിയീൻ, ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) ആണ്. എന്റെ പ്രിയപ്പെട്ട അല്ലാഹുവേ, ഈ പ്രി
യ െ പ്പ

ശേഷം പേജ് 23 ൽ

പേജ് 20 ൽ നിന്ന്

പങ്കാളികളായിരുന്നു. അവർ പള്ളികളിൽ പ്രസംഗങ്ങൾ കേൾക്കുക മാത്രമല്ല, ആവശ്യമെങ്കിൽ യുദ്ധങ്ങളിലും പങ്കാളികളാകുമായിരുന്നു. നബി തിരുമേനി (സ)യുടെ ആഗമനത്തിന് മുൻപ് അറബ് സമൂഹത്തിന്റെ മതപരമായ അവസ്ഥയും അതീവ മോശമായിരുന്നു. 360 വിഗ്രഹങ്ങളെ ആരാധിച്ചിരുന്നു. ഏറ്റവും വലിയതും മഹത്തായതുമായ പരിഷ്കരണ പ്രവർത്തനം നബി തിരുമേനി (സ) ചെയ്തത് തൗഹീദ് (ഏകദൈവ വിശ്വാസം) എന്ന ആശയം ഹൃദയങ്ങളിൽ ഉറപ്പിച്ചു എന്നതാണ്. പരലോകത്തുള്ള വിചാരണയെക്കുറിച്ചുള്ള വിശ്വാസം അവിടുന്ന് പ്രചരിപ്പിച്ചു. ഹൃദയങ്ങളെയും ആത്മാക്കളെയും സംസ്കരിച്ചു. അല്ലാഹുവിനെ അനുസരിക്കുക എന്ന നിയമത്തിലേക്ക് ജനങ്ങളെ കൊണ്ടുവന്നു. ഹൃദയങ്ങളെ നന്മയിലേക്കും ഗുണത്തിലേക്കും ചായ്ച്ചു. ഏകനായ അല്ലാഹുവിനെ ആരാധിക്കാനും സൃഷ്ടികളോട് സേവനം ചെയ്യാനുമുള്ള താത്പര്യം അവിടുന്ന് വളർത്തി. വെറുക്കപ്പെട്ട കാര്യങ്ങളോട് വിദ്വേഷം തോന്നാൻ പഠിപ്പിച്ചു. ലജ്ജ, മാന്യത, ചാരിത്ര്യം എന്നിവയെ വിശ്വാസത്തിന്റെ അവിഭാജ്യ ഘടകമായി പ്രഖ്യാപിച്ചു. ഇപ്രകാരം ഒരു പരിശുദ്ധ സമൂഹത്തിന്റെ നിർമ്മിതിയിൽ അവിടുന്ന് ശ്രദ്ധേയമായ വിജയം കൈവരിച്ചു. വ്യക്തിയുടെ അവകാശങ്ങൾക്കും കടമകൾക്കും പുറമെ കുടുംബജീവിതം മെച്ചപ്പെടുത്തുന്നതിനുള്ള തത്ത്വങ്ങളും അവിടുന്ന് ചൂണ്ടിക്കാട്ടി. ഒരു കുടുംബത്തെ കെട്ടിപ്പടുക്കുന്നതിൽ പുരുഷന്റെയും സ്ത്രീയുടെയും ചുമതലകളും മാതാപിതാക്കൾ, മകൻ, മകൾ, സഹോദരൻ, സഹോദരി എന്നിവർക്കിടയിലുള്ള ബന്ധങ്ങളും അവിടുന്ന് നിശ്ചയിച്ചു നൽകി. വിവാഹത്തെ ഒരു പുണ്യകർമ്മമായി അവിടുന്ന് പ്രഖ്യാപിച്ചു. ഈ നടപടികൾ സമൂഹത്തിന്റെ പൊതു അന്തരീക്ഷത്തിൽ സന്തോഷകരമായ സ്വാധീനം ചെലുത്തി. ഈ സമാനതകളില്ലാത്തതും ലോകപ്രശസ്തവുമായ വിജയത്തിന് ശേഷവും നബി തിരുമേനി (സ) സ്വയം ഒരു സ്വതന്ത്ര ചക്രവർത്തിയായി മാറിയില്ല. അവിടുത്തെ അനശ്വരമായ മഹത്വത്തിന്റെ നിഷേധിക്കാനാവാത്ത തെളിവാണിത്. ഒരു പ്രവാചകൻ എന്ന നിലയിൽ അവിടുന്ന് അവതരിപ്പിച്ച ഭരണമാതൃക ക്ഷേമരാഷ്ട്രത്തിന്റെ ഏറ്റവും മികച്ച ഭരണഘടനയായിരുന്നു. ഇസ്ലാമിക സമൂഹത്തെ ഒരു സംഘടിത രാഷ്ട്രമായി മാറ്റുന്നതിനും അതിന്റെ നിർമ്മാണത്തിനും വികസനത്തിനുമായി കൈക്കൊണ്ട നടപടികൾ അന്ത്യനാൾ വരെ വരാനിരിക്കുന്ന ഭരണാധികാരികൾക്ക് വെളിച്ചം പകരുന്ന ഒന്നാണ്. അറബികളുടെ ഗോത്രവർഗപരമായ വേർതിരിവുകളെ മായ്ച്ചുകളഞ്ഞുകൊണ്ട് അവരെ ഉറപ്പുള്ള ഒരു മതിലായി അവിടുന്ന് മാറ്റി. അവർക്ക് മുന്നിൽ ജീവിതത്തിന്റെ ഉന്നതമായ ലക്ഷ്യം വയ്ക്കുക മാത്രമല്ല, അത് നേടിയെടുക്കാൻ അവരെ കർമനിരതരാക്കുകയും ചെയ്തു.

اللهم صل على محمد و على آل محمد و
بارک وسلم

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ(റ)

## സീറത്തുൽ മഹ്ദി(അ)

വിവ: എ.നാസിർ

### എളാപ്പ

ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ), മിയാൻ ശരീഫ് അഹ്മദിന്റെ വീടിനോട് ചേർന്നുള്ള എന്റെ ഈ മുറിയിൽ നിൽക്കുകയായിരുന്നു. അമ്മാജാൻ സാഹിബയും അടുത്തുണ്ടായിരുന്നു എന്ന് തോന്നുന്നു. ഞാൻ എന്തോ സംസാരിക്കുന്നതിനിടയിൽ മിർസാ നിസാമുദ്ദീന്റെ പേര് പരാമർശിച്ചപ്പോൾ 'നിസാമുദ്ദീൻ' എന്ന് മാത്രം പറഞ്ഞു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, 'മിയാൻ, അദ്ദേഹം നിന്റെ എളാപ്പ (പിതൃസഹോദരൻ) അല്ലേ, അങ്ങനെ പേര് മാത്രം വിളിക്കരുത്.

മിർസാ ഇമാമുദ്ദീനും മിർസാ നിസാമുദ്ദീനും മിർസാ കമാലുദ്ദീനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വന്തം പിതൃസഹോദരനായ മിർസാ ഗുലാം മുഹ്‌യുദ്ദീൻ സാഹിബിൻറെ മക്കളായിരുന്നു. ഞങ്ങളുടെ തായി (മൂത്തുമ്മ) അതായത് മൂത്താപ്പ മിർസാ ഗുലാം ഖാദിർ സാഹിബിൻറെ പത്നി, ഇവരുടെ സ്വന്തം സഹോദരിയായിരുന്നു. അത്രയും അടുത്ത കുടുംബബന്ധം ഉണ്ടായിരുന്നിട്ടും, ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അവർക്ക് കടുത്ത വിരോധമുണ്ടായിരുന്നു. അതിൻറെ അടിസ്ഥാനം പ്രധാനമായും മതപരമായ കാര്യങ്ങളായിരുന്നു. അവർ അങ്ങേയറ്റം ലൗകികരും മതവിരുദ്ധരുമായിരുന്നു. മറിച്ച്, എതിർപ്പുകൾക്ക് നേതൃത്വം നല്കിയിരുന്ന മിർസാ ഇമാമുദ്ദീൻ ഇസ്‌ലാമിനെ പരിഹസിക്കാറുമുണ്ടായിരുന്നു. ഈ കാരണത്താൽ അവരുമായി ഞങ്ങൾക്ക് ഒരിക്കലും സൗഹൃദമുണ്ടായിരുന്നില്ല. ആ അകൽച്ചയുടെ സ്വാധീനത്താലാണ് ഞാൻ നിസാമുദ്ദീൻ എന്ന് മാത്രം പറഞ്ഞത്. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ൻറെ ഉന്നതമായ സ്വഭാവത്തിന് അത് അംഗീകരിക്കാൻ കഴിഞ്ഞില്ല.

### ഇമാമുദ്ദീന്റെ മകൾ അഹ്മദിയായി!

ഹദ്റത്ത് അമ്മാജാൻ സാഹിബ വിവരിക്കുന്നു, ഒരിക്കൽ മിർസാ ഇമാമുദ്ദീൻ തന്റെ വീട്ടിൽ വച്ച് ആരോടെന്നില്ലാതെ ഇങ്ങനെ ഉറക്കെ പറയുന്നത് ഞാൻ കേട്ടു: 'സഹോദരങ്ങളേ, ആളുകൾ (ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഉദ്ദേശിച്ചാണ് പറഞ്ഞത്) കടകൾ നടത്തി ലാഭമുണ്ടാക്കുന്നു, നമുക്കും എന്തെങ്കിലും ഒരു കട തുടങ്ങാം.

അമ്മാജാൻ പറയുന്നു, പിന്നീട് അയാൾ താഴ്ന്ന ജാതിക്കാരുടെ പീരി (മതപരമായ നേതൃത്വം) എന്ന ഒരു രീതി ആരംഭിച്ചു. യഥാർത്ഥത്തിൽ വലിയ എതിരാളി മിർസാ ഇമാമുദ്ദീൻ തന്നെയായിരുന്നു. അയാളുടെ മരണശേഷം മിർസാ നിസാമുദ്ദീൻ തുടങ്ങിയവരിൽ നിന്ന് അത്തരത്തിലുള്ള എതിർപ്പുകൾ ഉണ്ടായിട്ടില്ല.

(ലേഖകൻ പറയുന്നു) മിർസാ സുൽത്താൻ അഹ്മദ് സാഹിബിൻറെ പത്നിയായ മിർസാ ഇമാമുദ്ദീൻറെ മകൾ ഇപ്പോൾ നീണ്ടകാലമായി അഹ്മദിയാണ്.

### യഥാർഥ സ്നേഹാദരങ്ങൾ

ഖാസി അമീർ ഹുസൈൻ സാഹിബ് വിവരിക്കുന്നു, ഒരിക്കൽ ഖാജ കമാലുദ്ദീൻ സാഹിബുമായുണ്ടായ ഒരു തർക്കത്തിനിടയിൽ അദ്ദേഹം എന്നോട് ചോദിച്ചു: ഖാസി സാഹിബ്, ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്നെ എത്രമാത്രം ബഹുമാനിക്കുന്നുണ്ടെന്ന് താങ്കൾക്ക് അറിയില്ലേ? ഞാൻ പറഞ്ഞു: അതെ, അദ്ദേഹം താങ്കളെ വളരെയധികം ബഹുമാനിക്കുന്നുണ്ടെന്ന് എനിക്കറിയാം. എങ്കിലും ഞാൻ താങ്കളോട് ഒരു കാര്യം പറയാം. ഒരിക്കൽ ഞാൻ അമൃതസറിൽ നിന്ന് ഖാദിയാനിൽ വരുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിവരമറിയിച്ച് സന്ദർശിക്കുകയും ചെയ്തു. ഖാസി സാഹിബ് പറയുന്നു, അക്കാലത്ത് ഞങ്ങൾക്ക് അദബുകൾ (മര്യാദകൾ) വലിയ രീതിയിൽ വശമുണ്ടായിരുന്നില്ല. സന്ദർശിക്കേണ്ടി വരുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അറിയിച്ച് അകത്തുനിന്ന് വിളിക്കുമായിരുന്നു, അല്ലെങ്കിൽ അദ്ദേഹം സ്വയം പുറത്തേക്ക് വരുമായിരുന്നു. പിന്നീട് ഈ അവസ്ഥ മാറി. പ്രവാചകനെ ഇത്തരത്തിൽ വിളിക്കാൻ പാടില്ലെന്ന് ഞങ്ങൾ മനസ്സിലാക്കി. എന്തായാലും ഞാൻ അദ്ദേഹത്തെ കണ്ടു. അദ്ദേഹം ശൈഖ് ഹാമിദ് അലിയെ വിളിച്ച് ഖാസി സാഹിബിന് ചായയുണ്ടാക്കി കൊണ്ടുവരാൻ കൽപിച്ചു. എന്നാൽ ആ സമയത്ത് ഞാൻ വളരെ ഭയന്നുപോയി; കപടവിശ്വാസികളോടും ബലഹീനമായ വിശ്വാസമുള്ളവരോടും പെരുമാറുന്നതുപോലെയുള്ള ഒരു ആദരവാകുമോ ഇതെന്നോർത്ത് ഞാൻ വളരെയധികം ഇസ്തിഗ്ഫാർ ചൊല്ലി. ഈ സംഭവം വിവരിച്ചുകൊണ്ട് ഞാൻ ഖാജ സാഹിബിനോട് പറഞ്ഞു, ഖാജ സാഹിബ്, താങ്കൾക്ക് ലഭിക്കുന്ന ബഹുമാനവും ഇതേപോലെയുള്ളതാണോ എന്ന് സംശയമുണ്ട്.

ഞാൻ താങ്കൾക്ക് പറഞ്ഞുതരാം, തിരുനബി(സ)യെ സംബന്ധിച്ചും (ഹദീസിൽ) പ്രവാചകൻ(സ) ബലഹീനരായ വിശ്വാസികളോടും കപടവിശ്വാസികളോടും വളരെയധികം ആദരവോടെ പെരുമാറാറുണ്ടായിരുന്നു. ഹദീസിൽ വന്നിട്ടുള്ളത് ഇപ്രകാരമാണ്: ഒരിക്കൽ നബി(സ) കുറച്ചു ധനം വീതിച്ചു, എന്നാൽ ഒരു വ്യക്തിയെ മാത്രം ഒഴിവാക്കി. സഅദ് ബിൻ അബീ വഖാസ്(റ)നെ സംബന്ധിച്ചിടത്തോളം ആ വ്യക്തി വിശ്വാസിയാണെന്നും ധനം ലഭിച്ച മറ്റുള്ളവരേക്കാൾ അർഹനാണെന്നും തോന്നി. സഅദ്(റ) തിരുനബി(സ)യുടെ ശ്രദ്ധ അതിലേക്ക് തിരിച്ചെങ്കിലും നബി(സ) മൗനം പാലിച്ചു. വീണ്ടും ശ്രദ്ധ തിരിച്ചപ്പോഴും നബി(സ) മൗനം പാലിച്ചു. മൂന്നാം തവണ സഅദ്(റ) ശ്രദ്ധ തിരിച്ചപ്പോൾ നബി(സ) പറഞ്ഞു, 'സഅദ്, നീ നമ്മോട് തർക്കിക്കുകയാണോ? അല്ലാഹുവാണെ സത്യം, ചിലപ്പോൾ ഞാൻ ഒരാൾക്ക് എന്തെങ്കിലും നൽകുന്നത്, മറ്റൊരാളാണ് എനിക്ക് കൂടുതൽ പ്രിയപ്പെട്ടവൻ എങ്കിലും, അയാളെ നൽകുന്നത് അയാൾ കമിഴ്ന്നു വീണ് നരകത്തിൽ പോകുമോ എന്ന് ഭയന്നാണ്. അതായത്, അയാളുടെ വിശ്വാസം തകർന്നുപോകരുതെന്ന് കരുതി ഹൃദയങ്ങളെ അടുപ്പിക്കാൻ വേണ്ടി (താലീഫെ ഖൽബ്) നൽകുന്നതാണ്.' ഖാസി സാഹിബ് വിവരിക്കുന്നു, ആരുടെ വിശ്വാസമാണോ സംതൃപ്തമായ അവസ്ഥയിലുള്ളത്, അവർക്ക് ഇത്തരത്തിലുള്ള ബാഹ്യമായ ബഹുമാനമോ സൽക്കാരമോ ആവശ്യമില്ല. അവരോട് മറ്റേതൊരു രീതിയിലാണ് പെരുമാറേണ്ടത്.

പേജ് 22 ൽ നിന്ന്

ട്ട നബിക്ക് മേൽ ലോകത്തിന്റെ തുടക്കം മുതൽ നീ ആർക്കും നല്കാത്ത അത്രയും റഹ്മത്തും സ്വലാത്തും ചൊരിയേണമേ.

اَللّٰهُمَّ صَلِّ وَسَلِّمْ وَبَارِكْ عَلَيْهِ وَاٰلِهٖ وَاَصْحَابِهٖ اَجْمَعِيْنَ وَاٰخِرُ دَعْوَانَا اَنِ الْحَمْدُ لِلّٰهِ رَبِّ الْعَالَمِيْنَ۔

*(ഇത്മാമുൽ ഹുജ്ജത്ത്, റൂഹാനി ഖസാഇൻ, വാള്യം 8, പേജ് 308)*

يا رَبِّ صَلِّ على نبيّك دائمًا
في هذه الدنيا وبعثٍ ثانِ

آمين وآخر دعوانا ان الحمد لله رب العالمين

• ഹദീഥുന്നബ്‌വി(സ) •
"അൽഅഅ്മാലു ബിൽ ഖവാതീമി"
കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.
ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്‌വി(സ) •
"അദ്ദുആഉ ഹുവൽ ഇബാദത്തു."
ദുആ തന്നെയാണ് യഥാർഥ ആരാധന
ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA`ATH KARULAI, MALAPPURAM,KERALA.

• ഹദീഥുന്നബ്‌വി(സ) •
"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.
tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

EDITOR
H.SHAMSUDDIN
Mobile : +91 99460 21252
e-mail : akhbaarbadarmalayalamqdn@gmail.com
badarmalayalam@gmail.com
Layout: HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
Vol-11 Issue:30-31
POSTAL REG NO GDP-44/2026-28 **Thursday 23-30 July 2026**

ACT. MANAGER
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ

## സീറത്തുന്നബി(സ)

വിവ: അബൂസ്വബാഹ്

### ഹദീഥും സുന്നത്തും തമ്മിലുള്ള വ്യത്യാസം

ഹദീഥിനെക്കുറിച്ചുള്ള ചർച്ച അവസാനിപ്പിക്കുന്നതിന് മുമ്പ്, സുന്നത്തിനെക്കുറിച്ച് ഒരു ചെറിയ കുറിപ്പ് നല്കുന്നത് അനുചിതമായിരിക്കില്ല. ഹദീഥും സുന്നത്തും ഒന്നാണെന്ന വിശ്വാസം തീർത്തും തെറ്റാണെന്ന് മനസ്സിലാക്കേണ്ടതുണ്ട്. വാസ്തവത്തിൽ, ഹദീഥും സുന്നത്തും രണ്ടും രണ്ട് വ്യത്യസ്ത കാര്യങ്ങളാണ്. തിരുനബി(സ)യുടെ വാക്കുകളോ പ്രവൃത്തികളോ അടങ്ങിയ വചനപരമായ വിവരണങ്ങളെയാണ് ഹദീഥ് എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. ഇവ സ്വഹാബികളിൽ നിന്ന് താബിഈങ്ങളിലേക്കും, താബിഈങ്ങളിൽ നിന്ന് തബഅ താബിഈങ്ങളിലേക്കും, തുടർന്ന് വരുംതലമുറകളിലേക്കും കൈമാറ്റം ചെയ്യപ്പെടുകയും, ഹദീഥ് പണ്ഡിതന്മാർ ആഴത്തിലുള്ള അന്വേഷണങ്ങൾക്കും ഗഹനമായ ചിന്തകൾക്കും ശേഷം കൃത്യമായ പുസ്തകരൂപത്തിൽ ക്രോഡീകരിക്കുകയും ചെയ്തു.

മറുവശത്ത്, തിരുനബി(സ)യുടെ പ്രവൃത്തികളെ അഥവാ ഭകർമ്മങ്ങളെഭയാണ് സുന്നത്ത് എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. ഇവ വചനപരമായ വിവരണങ്ങളിലൂടെയല്ല, മറിച്ച് തലമുറകളായി മുസ്‌ലിംകളുടെ ഏകീകൃതമായ കർമ്മങ്ങളിലൂടെയാണ് കൈമാറ്റം ചെയ്യപ്പെട്ടത്. ഈ ആശയത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പ്രക്രിയ തുടർന്നുപോന്നത്. ഉദാഹരണത്തിന്, നമസ്കാരം നിർവഹിക്കാനുള്ള കൽപന വിശുദ്ധ ഖുർആനിലുണ്ട്. ഇതുമായി ബന്ധപ്പെട്ട് തിരുനബി(സ) വചനപരമായ വിശദീകരണമോ നിർദേശമോ നല്കിയോ ഇല്ലയോ എന്നത് പരിഗണിക്കാതെ തന്നെ, ഈ കൽപനയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ തിരുനബി(സ) തന്റെ സ്വഹാബികൾക്ക് മുമ്പാകെ പ്രവൃത്തിയിലൂടെ കാണിച്ചുകൊടുത്തു. തന്റെ ജീവിതത്തിലുടനീളം തിരുനബി(സ) ആവർത്തിച്ച് ഈ കർമ്മം നിർവഹിക്കുകയും, അങ്ങനെ അത് തന്റെ സ്വഹാബികളിൽ ഉറപ്പിക്കുകയും ചെയ്തു. കൂടാതെ, സ്വന്തം മേൽനോട്ടത്തിൽ, നമസ്കാരത്തിന്റെ ശരിയായ രീതികളും കർമ്മങ്ങളും സ്വഹാബികളെ അദ്ദേഹം കൃത്യമായി പഠിപ്പിച്ചു. തൽഫലമായി, തിരുനബി(സ)യുടെ സ്വഹാബികളിലൂടെ ഈ കർമ്മം താബിഈങ്ങളിലേക്ക് എത്തി. അവർ അതിന്റെ ശരിയായ രീതി പഠിച്ചത് വചനപരമായ വിശദീകരണത്തിലൂടെയല്ല, മറിച്ച് അതിന്റെ പ്രായോഗികമായ നിർവഹണത്തിലൂടെയാണ്. ഈ തുടർച്ചയായ സമ്പ്രദായം തലമുറകളിലൂടെ മുന്നോട്ട് പോയി. മറ്റ് കാര്യങ്ങളിലും ഇതാണ് സ്ഥിതി.

ഇതിൽ നിന്ന് വ്യക്തമാകുന്നത്, ഇസ്‌ലാമിന്റെ യഥാർത്ഥ അടിത്തറ വിശുദ്ധ ഖുർആനിലും സുന്നത്തിലുമാണ് നിലനിൽക്കുന്നത് എന്നാണ്. ഇവ രണ്ടും തുടക്കം മുതൽക്കേ സമാന്തരമായി സഞ്ചരിക്കുന്നവയാണ്. ഹദീഥ് എന്നത് അക്കാദമിക പുരോഗതിക്കോ സഹായത്തിനോ വേണ്ടി ഉപയോഗിക്കാവുന്ന ഒരു അനുബന്ധ ഘടകം മാത്രമാണ്. വാസ്തവത്തിൽ, ഇസ്‌ലാമിന്റെ യഥാർത്ഥ അടിത്തറ അതിന്മേൽ സ്ഥാപിക്കപ്പെട്ടിട്ടില്ല. എന്നിരുന്നാലും, ഹദീഥും സുന്നത്തും ഒന്നാണെന്ന തെറ്റായ ധാരണ പലർക്കും ഉണ്ടായിട്ടുണ്ട്. ഈ ചർച്ച പ്രസക്തമായ വിഷയത്തിൽ നിന്ന് അകന്നുപോകുന്നതാണെങ്കിലും, ഹദീഥിനെ സംബന്ധിച്ച പൊതുവായ തെറ്റിദ്ധാരണ തിരുത്തേണ്ടത് ഉചിതമാണെന്ന് തോന്നി. തിരുനബി(സ)ക്ക് ശേഷം 150 വർഷം കഴിഞ്ഞാണ് ഇസ്‌ലാമിന്റെ അടിത്തറ നിലവിൽ വന്നതെന്ന ആശയം അവിവേകികളായവരുടെ ഹൃദയങ്ങളിൽ ഉടലെടുക്കാതിരിക്കാൻ ഇത് അനിവാര്യമാണ്. (തുടരും)

## ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ പര്യടന റിപ്പോർട്ടും കൂടിക്കാഴ്ചയും

(വിവ: കെ താഹിർ അഹ്മദ്)

2024 ഒക്ടോബർ 6-ന്, മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യ നോർവേയിലെ 36 കുട്ടികളടങ്ങുന്ന ഒരു പ്രതിനിധി സംഘത്തിന് ഇസ്‌ലാമാബാദിൽ (ടിൽഫോർഡ്) സ്ഥിതി ചെയ്യുന്ന എം.ടി.എ സ്റ്റുഡിയോയിൽ വച്ച് അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് ഖലീഫ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ-ഖാമിസ് അയ്യദഹുല്ലാഹു തആലയുമായി നേരിട്ട് കൂടിക്കാഴ്ച നടത്താനുള്ള ഭാഗ്യം ലഭിച്ചു. (ഭാഗം 1)

കൂടിക്കാഴ്ചയുടെ തുടക്കം വിശുദ്ധ ഖുർആൻ പാരായണത്തോടെയായിരുന്നു, തുടർന്ന് അതിന്റെ ഇംഗ്ലീഷ് പരിഭാഷയും അവതരിപ്പിച്ചു. ഇത് കേട്ട ശേഷം, പരിഭാഷ ഇംഗ്ലീഷിലല്ല, മറിച്ച് നോർവീജിയൻ ഭാഷയിലോ ഉർദുവിലോ ആയിരിക്കണമായിരുന്നു എന്ന് ഹുസൂർ ഓർമ്മിപ്പിച്ചു. അതിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അറബി ഖസീദയും ഉർദു കവിതയും പരിഭാഷ സഹിതം അവതരിപ്പിക്കപ്പെട്ടു.

തുടർന്ന് ഹുസൂർ മജ്‌ലിസ് സദ്ർ ഖുദ്ദാമുൽ അഹ്മദിയ്യ നോർവേയോട് കാര്യങ്ങൾ അന്വേഷിച്ചു. നോർവേയിൽ നിന്ന് 36 കുട്ടികൾ വന്നിട്ടുണ്ടെന്ന് അറിയിച്ചു, ബൈത്തുൽ ഫുതൂഹ് മസ്ജിദിലെ താമസത്തെക്കുറിച്ചും ലണ്ടൻ കാഴ്ചകൾ കാണുന്നതിനിടയിൽ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ചും വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

അതിനുശേഷം കുട്ടികൾക്ക് സമകാലിക സംഭവങ്ങളെക്കുറിച്ചും ഇസ്‌ലാമിനെക്കുറിച്ചുമുള്ള വിവിധ വിഷയങ്ങളിൽ ചോദ്യങ്ങൾ ചോദിക്കാനുള്ള അവസരം ലഭിച്ചു.

**ഹുസൂറിന്റെ തിരുസന്നിധിയിൽ ആദ്യത്തെ ചോദ്യം ചോദിക്കാനുള്ള ഭാഗ്യം ലഭിച്ച കുട്ടി കൃത്രിമബുദ്ധിയെക്കുറിച്ചാണ് (Artificial Intelligence AI) ചോദിച്ചത്; അതായത് AI ഉപയോഗിക്കാമോ എന്ന്?**

അതിന് മറുപടിയായി ഹുസൂർ അരുളി:

വാസ്തവത്തിൽ, ഒരു വസ്തുവും സ്വയം നല്ലതോ ചീത്തയോ അല്ല. മനുഷ്യനാണ് അതിനെ നല്ലതോ ചീത്തയോ ആക്കി മാറ്റുന്നത്. മനുഷ്യൻ ജനിക്കുമ്പോൾ അവൻ നല്ലവനോ ചീത്തയോ അല്ല. പ്രവാചകൻ തിരുമേനി(സ) പറഞ്ഞത് അവന്റെ ചുറ്റുപാടും, മാതാപിതാക്കളും, ചുറ്റുമുള്ള ആളുകളുമാണ് അവനെ നല്ലവനോ ചീത്തയോ ആക്കി മാറ്റുന്നത്. അവന് നല്ല ശിക്ഷണം ലഭിച്ചാൽ അവൻ നല്ലവനാകും, മോശം ശിക്ഷണം ലഭിച്ചാൽ അവൻ ചീത്തയായി മാറും.

നിങ്ങൾക്ക് നല്ല കൂട്ടുകാരെ ലഭിച്ചാൽ നിങ്ങൾ നല്ലവരാകും. മോശം കൂട്ടുകാരാണെങ്കിൽ, അലഞ്ഞുതിരിയുന്നവരാണെങ്കിൽ, സിനിമ കാണുന്നവരാണെങ്കിൽ, എപ്പോഴും സോഷ്യൽ മീഡിയയിൽ സമയം കളയുന്നവരാണെങ്കിൽ, പഠിക്കാത്തവരാണെങ്കിൽ, നിങ്ങൾ അവരെപ്പോലെയാകും അതുകൊണ്ടാണ് ഒരിക്കൽ ഒരാൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് ചോദിച്ചത്: 'എന്റെ ഉള്ളിൽ പണ്ട് ദൈവത്തോട് അടുക്കാനുള്ള ചിന്തയും വിശ്വാസവും കൂടുതലായിരുന്നു, ഇപ്പോൾ പതുക്കെ പതുക്കെ ആ വിശ്വാസം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്.' അപ്പോൾ ഹുസൂർ (അ) പറഞ്ഞു: 'സ്കൂളിലോ കോളേജിലോ ഉള്ള നിന്റെ അടുത്തിരിക്കുന്നയാൾ (seat fellow) ഒരു ദൈവനിഷേധിയാണെന്ന് (Atheist) തോന്നുന്നു, അവന് ദൈവത്തിൽ വിശ്വാസമില്ല. സീറ്റ് മാറിയിരിക്കൂ, നല്ല ഭക്തിയും ദീനുമുള്ള ആരുടെയെങ്കിലും അടുത്ത് പോയിരിക്കൂ, അപ്പോൾ ശരിയാകും.'

ഹുസൂർ തുടർന്നു പറഞ്ഞു: അതുപോലെ തന്നെയാണ് ഇന്നത്തെ ഈ സിസ്റ്റങ്ങളെല്ലാം, അതായത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI). ഇതിൽ നല്ല വശങ്ങളുമുണ്ട്. ഇതുകൊണ്ട് നല്ല കാര്യങ്ങൾ ചെയ്യാം, പരിഭാഷയുടെ നല്ല ജോലികൾ ചെയ്യാം.

നമ്മുടെ ചില ആളുകൾ ഇതുകൊണ്ട് പ്രയോജനം നേടുകയും ജോലി ചെയ്യുകയും ചെയ്യുന്നുണ്ട്. എന്നാൽ പൂർണ്ണമായും ഇതിനെ മാത്രം ആശ്രയിക്കുന്നത് ശരിയല്ല. കാരണം പിന്നീട് അത് പരിശോധിക്കേണ്ടി വരും. ഉദാഹരണത്തിന് നമ്മുടെ മതഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തുകയാണെങ്കിൽ AI

ശേഷം പേജ് 15 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin